2020 ഓഗസ്റ്റ്
24
തിങ്കൾ
1196 ചിങ്ങം 08

മെട്രോ വാർത്ത

Scan me
www.metrovaartha.com

കൊച്ചി | തിരുവനന്തപുരം | കോഴിക്കോട് | തൃശൂർ | ആലപ്പുഴ | ഭോപ്പാൽ | ഇൻഡോർ | www.metrovaartha.com 14 പേജ് ₹ 7.00 KOZHIKODE

ലോക് കല്യാൺ മാർഗിലെ ഔദ്യോഗിക വസതിയിലെത്തിയ 'അതിഥി'ക്കു തീറ്റ കൊടുക്കുന്ന പ്രധാനമന്ത്രി നരേന്ദ്ര മോദി. സമൂഹമാധ്യമത്തിൽ ഇന്നലെ പ്രധാനമന്ത്രി തന്നെ പങ്കുവച്ച വിഡിയൊ ദൃശ്യത്തിൽ നിന്നുള്ളതാണു ചിത്രം. ഔദ്യോഗിക വസതിയിൽ പ്രധാനമന്ത്രിയുടെ പ്രഭാത നടത്തത്തിനിടെ പീലിവിരിച്ചാടുന്ന മയിലിന്റെയും വീടിനുള്ളിൽ മോദിയുടെ കൈയിലെ തളികയിൽ നിന്നു ധാന്യങ്ങൾ കൊത്തിയെടുക്കുന്ന മയിലിന്റെയും ദൃശ്യങ്ങളുണ്ട് 1.47 മിനിറ്റ് ദൈർഘ്യമുള്ള വിഡിയൊയിൽ. രാജ്യത്തിന്റെ ദേശീയ പക്ഷി കൂടിയായ മയിലുകളെക്കുറിച്ചുള്ള ഹിന്ദി പദ്യത്തിനൊപ്പം പങ്കുവച്ച ദൃശ്യം നിമിഷങ്ങൾ കൊണ്ട് വൈറലായി.

നേതൃത്വം: കോൺഗ്രസ് രണ്ട് തട്ടിൽ

പ്രത്യേക ലേഖകൻ

ന്യൂഡൽഹി: കോൺഗ്രസ് പ്രവർത്തക സമിതി യോഗം ഇന്നു ചേരാനിരിക്കെ ദേശീയ നേതൃത്വം എങ്ങനെയാവണമെന്നതു സംബന്ധിച്ച് പാർട്ടിയിൽ ഭിന്നാഭിപ്രായം. ദേശീയതലത്തിൽ കൂട്ടുനേതൃത്വമാണ് പാർട്ടിക്കു നല്ലതെന്ന അഭിപ്രായം ചില സിറ്റിങ് എംപിമാരും മുൻ മന്ത്രിമാരും ഉയർത്തിയിട്ടുണ്ട്. എന്നാൽ, മറ്റൊരു വിഭാഗം രാഹുൽ ഗാന്ധി അധ്യക്ഷസ്ഥാനത്തു തിരിച്ചുവരണമെന്നും അദ്ദേഹം പൂർണ നിയന്ത്രണം ഏറ്റെടുക്കണമെന്നും ആവശ്യപ്പെടുന്നവരാണ്. ഇടക്കാല അധ്യക്ഷ പദവി ഇന്ന് സോണിയ ഗാന്ധി ഒഴിയുമെന്നാണ് സൂചന.

പാർട്ടി സംഘടനാ സംവിധാനത്തിലും നേതൃത്വത്തിലും മാറ്റം വരുത്തണമെന്നാവശ്യപ്പെട്ട് മുൻ മന്ത്രിമാരടക്കം രണ്ടു ഡസനോളം നേതാക്കൾ സോണിയ ഗാന്ധിക്ക് കത്തയച്ചിട്ടുണ്ട് എന്നാണു റിപ്പോർട്ടുകൾ. രാഹുലിനെ തിരിച്ചുകൊണ്ടുവരണമെന്നാവശ്യപ്പെട്ട് അദ്ദേഹത്തോടടുത്ത നേതാക്കളും സോണിയയ്ക്കു കത്തു നൽകിയിട്ടുണ്ട്. അധികാര വികേന്ദ്രീകരണം വേണം, സംസ്ഥാന ഘടകങ്ങളെ ശക്തിപ്പെടുത്തണം തുടങ്ങിയ ആവശ്യങ്ങളാണ് സംഘടനാ സംവിധാനത്തിൽ മാറ്റം ആവശ്യപ്പെടുന്നവർ ആഗ്രഹിക്കുന്നത്.

എഴുപതുകളിൽ പാർട്ടിയിൽ നിലവിലുണ്ടായിരുന്ന കേന്ദ്ര പാർലമെന്ററി ബോർഡ് പുനഃസ്ഥാപിക്കണമെന്നും അവർ ആവശ്യപ്പെടുന്നു. ഗാന്ധി കുടുംബം അവിഭാജ്യ ഘടകമായിക്കൊണ്ടുള്ള കൂട്ടുനേതൃത്വം എന്നാണവർ പറയുന്നത്. പ്രവർത്തകർക്കും നേതാക്കൾക്കും ഏതു സമയവും ബന്ധപ്പെടാൻ കഴിയുന്ന സ്ഥിരം നേതൃത്വം വേണം. അതിന് ബ്ലോക്ക് തലം മുതൽ പ്രവർത്തക സമിതി തലം വരെ സംഘടനാ തെരഞ്ഞെടുപ്പു നടത്തണം- പരിഷ്കാരവാദികൾ നിർദേശിക്കുന്നു.

രാജ്യസഭയിലെ പ്രതിപക്ഷ നേതാവ് ഗുലാം നബി ആസാദ്, സീനിയർ നേതാക്കളായ ആനന്ദ് ശർമ, കപിൽ സിബൽ, മനീഷ് തിവാരി, ശശി തരൂർ, ഭൂപീന്ദർ സിങ് ഹൂഡ, വീരപ്പ മൊയ് ലി, പൃഥ്വിരാജ് ചൗഹാൻ, പി.ജെ. കുര്യൻ, അജയ് സിങ്, രേണുക ചൗധരി, മിലിന്ദ് ദേവ്റ, മുകുൾ വാസ്നിക്, ജിതിൻ പ്രസാദ, രാജ് ബബാർ, അരവിന്ദ് സിങ് ലൗവ് ലി, സന്ദീപ് ദീക്ഷിത് തുടങ്ങിയവർ കത്തിൽ ഒപ്പുവച്ചിട്ടുള്ള നേതാക്കളിൽ ഉൾപ്പെടുന്നുവെന്നാണു റിപ്പോർട്ടുകൾ.

അതേസമയം, എത്രയും വേഗം രാഹുൽ ഗാന്ധി പാർട്ടി അധ്യക്ഷസ്ഥാനത്തു തിരിച്ചെത്തുന്നതാണ് ഇപ്പോൾ അത്യാവശ്യമെന്ന് യുവനേതാവിനൊപ്പമുള്ള ഒരു വിഭാഗം ചൂണ്ടിക്കാട്ടുന്നു. ഈ ആവശ്യത്തിലാണ് നേതാക്കൾ സമ്മർദം ചെലുത്തേണ്ടത്. രാഹുൽ അധ്യക്ഷസ്ഥാനത്തു വന്നശേഷം പാർട്ടിയിൽ വരുത്തേണ്ട മാറ്റങ്ങളെക്കുറിച്ചു ചിന്തിക്കാം. സീനിയർ നേതാക്കളെയും യുവ നേതാക്കളെയും ഒന്നിച്ചു കൊണ്ടുപോകാൻ കഴിയുന്നത് രാഹുലിനു മാത്രമാണ്- ഇവർ ചൂണ്ടിക്കാട്ടുന്നു. ഈ യുവനേതാക്കൾ രാഹുലിനെ അധ്യക്ഷസ്ഥാനത്തു തിരിച്ചുകൊണ്ടുവരാനുള്ള സ്ട്രാറ്റജികൾ ആവിഷ്കരിക്കുകയാണെന്നും സൂചനകളുണ്ട്.

ഇന്ന് നിയമസഭ, അഗ്നിപരീക്ഷ ജോസഫിന്

പി.ബി. ബാലു

കൊച്ചി: കടുത്ത രാഷ്ട്രീയ വിവാദങ്ങൾക്കിടെ ഇന്ന് നിയമസഭ സമ്മേളനം നടക്കുമ്പോൾ മുഖ്യമന്ത്രി പിണറായി വിജയനെതിരേ പ്രതിപക്ഷം അവിശ്വാസ പ്രമേയം അവതരിപ്പിക്കുമെങ്കിലും ഈ ദിവസം അഗ്നിപരീക്ഷ നേരിടുന്നത് കേരള കോൺഗ്രസ് നേതാവ് പി.ജെ. ജോസഫാണ്. കൊവിഡ് പ്രോട്ടോക്കോളിൽ കർശന നിബന്ധനകളോടെ സഭ ചേരുന്നത് ധനകാര്യബിൽ പാസാക്കുന്നതിനു വേണ്ടിയാണ്. അവിടെ പ്രശ്മാകുന്നത് ജോസഫും ജോസും തമ്മിലുള്ള സാമൂഹ്യ അകലവും.

കേരള കോൺഗ്രസ് ഗ്രൂപ്പ് പോരിൽ ജോസഫിനെയും സഹപ്രവർത്തകരെയും വെട്ടിലാക്കിയിരിക്കുയാണ് ജോസ് കെ. മാണി പക്ഷം. ഇന്ന് നടക്കുന്ന അവിശ്വാസപ്രമേയ ചർച്ചയിൽ പി.ജെ. ജോസഫ്, മോൻസ് ജോസഫ്, സി.എഫ്. തോമസ് എന്നീ എംഎൽഎമാർ യുഡിഎഫിനെ അനുകൂലിച്ചാലും രാജ്യസഭാ തെരഞ്ഞെടുപ്പിൽ വോട്ടുചെയ്താലും അവർക്ക് നിയമസഭാ അംഗത്വം വരെ നഷ്ടമായേക്കും എനനതാണ് കെണി.

നിയമസഭയിൽ ഇന്നു നടക്കുന്ന രാജ്യസഭാ ഉപതെരഞ്ഞെടുപ്പിലും സർക്കാരിനെതിരായ യുഡിഎഫിന്റെ അവിശ്വാസപ്രമേയ ചർച്ചയിലും വോട്ടെടുപ്പിലും നിന്ന് വിട്ടു നിൽക്കണമെന്നാണ് കേരളകോൺഗ്രസ് (എം) പി.ജെ. ജോസഫ് വിഭാഗത്തിലെ മൂന്ന് എംഎൽഎമാർക്ക് ജോസ് വിഭാഗം ചീഫ് വിപ്പ് റോഷി അഗസ്റ്റിൻ നൽകിയിട്ടുള്ള വിപ്പ്. ഇതിന് മറുപടിയായി രാജ്യസഭാ ഉപതെരഞ്ഞെടുപ്പിലും അവിശ്വാസപ്രമേയ ചർച്ചയിലും യുഡിഎഫിന് അനുകൂലമായി വോട്ട് ചെയ്യണമെന്നും വിട്ടു നിൽക്കുന്നത് കൂറുമാറ്റ നിരോധന നിയമപ്രകാരം കുറ്റമാണെന്നും കാണിച്ച് ജോസ് വിഭാഗത്തിലെ രണ്ട് എംഎൽഎമാർക്ക് മോൻസ് ജോസഫും വിപ്പ് നൽകിയിരുന്നു.

നിലവിൽ കേരളനിയമസഭാ സ്പീക്കർ അംഗീകരിച്ചിരിക്കുന്ന കേരള കോൺഗ്രസിന്റെ ചീഫ് വിപ്പ് റോഷി അഗസ്റ്റിനാണ്. അതിനുശേഷം വിപ്പായി മോൻസ് ജോസഫിനെ തെരെഞ്ഞെടുത്തു എന്ന് പി.ജെ. ജോസഫ് കത്തു നൽകിയെങ്കിലും അത് അംഗീകരിക്കപ്പെട്ടിട്ടില്ല. അതുകൊണ്ട് റോഷിയുടെ വിപ്പിനെ മറികടന്നാൽ നടപടി ആവശ്യപ്പെടാൻ ജോസ് കെ. മാണി വിഭാഗത്തിന് സാധിക്കും. യുഡിഎഫിന്റെ വിപ്പ് അനുസരിച്ചാണ് ഞങ്ങൾ നിലപാട് എടുത്തതെന്ന് വാദിക്കാമെങ്കിലും മുന്നണിയുടെ വിപ്പ് നിയമപരമായി അംഗീകരിക്കപ്പെടില്ല. അതു മാത്രമല്ല ഇക്കാര്യത്തിൽ സ്പീക്കറുടെ വിവേചനാധികാരമാണ് പ്രധാനം. നിലവിൽ പ്രതിപക്ഷത്തുനിന്ന് കടുത്ത എതിർപ്പ് നേരിടുന്ന സ്പീക്കർ ജോസ് കെ. മാണി വിഭാഗം നടപടി ആവശ്യപ്പെട്ടാൽ അതിനൊപ്പം നിൽക്കാനാണ് സാധ്യത.

കേരള നിയമസഭയിൽ ഒരിക്കൽ മാത്രമാണ് മുന്നണിയുടെ വിപ്പ് ലംഘിച്ചതിന്റെ പേരിൽ നടപടി വന്നിട്ടുള്ളൂ. വർക്കല രാധാകൃഷ്ണൻ സ്പീക്കറായിരുന്ന സമയത്ത് ആർ. ബാലകൃഷ്ണപിള്ളയ്ക്കെതിരേ നടപടി എടുത്തപ്പോഴായിരുന്നു അത്. അതിനു ശേഷം ഒരിക്കൽ പോലും മുന്നണി വിപ്പിന് സാധുത ലഭിച്ചിട്ടില്ല. കഴിഞ്ഞ യുഡിഎഫ് മന്ത്രിസഭയിൽ ക്യാബിനറ്റ് പദവിയുള്ള ചീഫ് വിപ്പ് ഉണ്ടായിരുന്നിട്ടും പലപ്പോഴും പാർട്ടികൾ തിരഞ്ഞെടുത്ത ചീഫ് വിപ്പുമാരാണ് വിപ്പുകൾ നൽകിയിരുന്നത്.

അറിഞ്ഞില്ല, അദാനിബന്ധം: മന്ത്രി ജയരാജൻ

സ്വന്തം ലേഖകൻ

തിരുവനന്തപുരം: സിറിൽ അമർചന്ദ് മംഗൾദാസ് ഗ്രൂപ്പിന് അദാനിയുമായുള്ള ബന്ധം സംസ്ഥാന സർക്കാർ അറിഞ്ഞിരുന്നില്ലെന്ന് വ്യവസായ മന്ത്രി ഇ.പി. ജയരാജൻ. മംഗൾദാസ് ഗ്രൂപ്പ് ഇക്കാര്യം സർക്കാരിൽ നിന്നു മറച്ചുവച്ചു. കെഎസ്ഐഡിസി കൺസൾട്ടൻസി സേവനം തേടിയ വിഷയത്തിൽ സർക്കാർ പ്രതിക്കൂട്ടിൽ അല്ലെന്നും മന്ത്രി പറഞ്ഞു. വിമാനത്താവളം അദാനിക്കു നൽകിയതിനെ എതിർക്കാൻ അദാനി ബന്ധമുള്ള കമ്പനിയുടെ തന്നെ സഹായം തേടിയതു വിവാദമായ സാഹചര്യത്തിലാണു മന്ത്രി ജയരാജന്റെ വിശദീകരണം.

അദാനിയുടെ മകന്റെ ഭാര്യയുടെ പിതാവാണ് ഈ കൺസൾട്ടൻസിയുടെ പ്രധാനിയെന്ന കാര്യം സർക്കാരിന് അറിയില്ലായിരുന്നു. ഒരു ജെന്റിൽമാൻ ലീഗൽ കൺസൾട്ടൻസി എന്ന നിലയിലാണ് സംസ്ഥാന സർക്കാർ കൺസൾട്ടൻസി ഏൽപ്പിച്ചത്. എന്നാൽ അദാനിയാണ് മറുപക്ഷത്ത് എന്നറിഞ്ഞപ്പോൾ കേസിന്റെ കാര്യങ്ങൾ കൺസൾട്ടൻസി സർക്കാരിന്റെയോ കെഎസ്ഐഡിസിയുടെയോ ശ്രദ്ധയിൽപ്പെടുത്തേണ്ടിയിരുന്നു. ഇക്കാര്യങ്ങളെല്ലാം തന്നെ സിറിൽ അമർചന്ദ് മംഗൾദാസ് ഗ്രൂപ്പ് മറച്ചുവച്ചെന്നാണ് ഇപ്പോൾ സർക്കാരിന് മനസിലാക്കാൻ സാധിക്കുന്നത്. വിഷയം വിവാദമായപ്പോളാണ് അമർചന്ദ് മംഗൾദാസ് ഗ്രൂപ്പിന് അദാനിയുമായി ബന്ധുത്വം ഉണ്ടെന്ന് മനസിലാക്കുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.

ഇതോടൊപ്പം മസാല ബോണ്ട് വിറ്റഴിക്കലിനായി സംസ്ഥാന സർക്കാർ നിയമോപദേശകരായി നിയോഗിച്ചത് അദാനിയുമായി ബന്ധമുള്ള കമ്പനിയെയാണെന്ന ആരോപണത്തിൽ മറുപടിയുമായി കിഫ്ബിയും രംഗത്തെത്തി. കൃത്യമായ ടെൻഡർ നടപടിക്രമങ്ങളിലൂടെയാണ് സിറിൽ അമർചന്ദ് മംഗൽദാസ് എന്ന കമ്പനിയെ നിയമോപദേശകരായി തെരഞ്ഞെടുത്തതെന്നും ഇത് രാജ്യത്തെ തന്നെ ഏറ്റവും പ്രമുഖമായ നിയമ സേവന സ്ഥാപനങ്ങളിലൊന്നാണെന്നുമാണ് കിഫ്ബിയുടെ മറുപടി. കാര്യങ്ങൾ ശരിയായി മനസിലാക്കാതെയോ അല്ലെങ്കിൽ മനസിലായിട്ടും അങ്ങനെയല്ലെന്ന് വരുത്തിത്തീർക്കുന്നതി

നോ വേണ്ടിയാണ് തിരുവനന്തപുരം വിമാനത്താവളത്തിന്റെ നടത്തിപ്പുമായി ബന്ധപ്പെട്ടുയർന്ന വിവാദത്തിലേക്ക് കിഫ്ബിയെ കൂടി വലിച്ചിഴക്കുന്നത്. ഈ സ്ഥാപനത്തിന്റെ സേവനം ഉപയോഗപ്പെടുത്തുന്നവരിൽ ദേശീയ,അന്തർ ദേശീയ തലത്തിലെ പ്രമുഖ കമ്പനികളും സർക്കാർ അർധ സർക്കാർ സ്ഥാപനങ്ങളുമുണ്ട്. മസാല ബോണ്ട് വിറ്റഴിക്കുന്നതിൽ ഇന്ത്യയിലെ പൊതുമേഖ സ്ഥാപനങ്ങൾക്കും മുൻനിര സ്വകാര്യ മേഖലാ സ്ഥാപനങ്ങൾക്കും സേവനം നൽകിയതിന്റെ മികച്ച ട്രാക്ക് റെക്കോർഡും ഈ സ്ഥാപനത്തിനുണ്ട്. മസാല ബോണ്ട് സംബന്ധമായി ഭാവിയിൽ എന്തെങ്കിലും നിയമപരമായ സേവനം ആവശ്യമായി വന്നാലും കിഫ്ബിക്ക് ഇതേ സ്ഥാപനത്തെയാണ് സമീപിക്കേണ്ടി വരുന്നതെന്നും അവരുടെ സേവനം ഭാവിയിൽ ലഭ്യമല്ലാതായി തീരാനേ ഇത്തരം വാർത്തകൾ ഉപകരിക്കൂവെന്നും കിഫ്ബി വിശദീകരിക്കുന്നു.

നൂറ്റാണ്ടിന്റെ പന്ത്: പട്ടികയിൽ ശ്രീശാന്തും

▶ കായികം

1908 പേർക്ക് കൊവിഡ്
5 മരണം

1110 പേർ രോഗമുക്തി നേടി

തിരുവനന്തപുരം: വിദേശ രാജ്യങ്ങളിൽ നിന്നെത്തിയ 35 പേർക്കും മറ്റു സംസ്ഥാനങ്ങളിൽ നിന്നു വന്ന 105 പേർക്കും ഉൾപ്പെടെ ഇന്നലെ സംസ്ഥാനത്ത് 1908 പേർക്ക് കൊവിഡ്-19 സ്ഥിരീകരിച്ചു. 1718 പേർക്ക് സമ്പർക്കത്തിലൂടെയാണ് രോഗം ബാധിച്ചത്. അതിൽ 160 പേരുടെ സമ്പർക്ക ഉറവിടം വ്യക്തമല്ല.

അഞ്ച് മരണങ്ങളാണ് ഇന്നലെ കൊവിഡ്19 മൂലമാണെന്ന് സ്ഥിരീകരിച്ചത്. ഈ മാസം 19ന് മരണമടഞ്ഞ തിരുവനന്തപുരം ഗാന്ധിപുരം സ്വദേശി ശിശുപാലൻ (80), തിരുവനന്തപുരം പൂജപ്പുര സ്വദേശി ഷാനവാസ് (49), 20ന് മരണമടഞ്ഞ കോഴിക്കോട് എടവറാട് സ്വദേശി ദാമോദരൻ (80), കൊല്ലം അഞ്ചൽ സ്വദേശി ദിനമണി (75), 14ന് മരണമടഞ്ഞ ആലപ്പുഴ ചെട്ടികാട് സ്വദേശി റോബർട്ട് (75) എന്നിവരുടെ പരിശോധനാഫലം പോസിറ്റീവായി. ഇതോടെ ആകെ മരണം 223 ആയി.

തിരുവനന്തപുരം- 397, ആലപ്പുഴ - 241, എറണാകുളം -200 , മലപ്പുറം -186, കണ്ണൂർ -143, കൊല്ലം - 133, കോഴിക്കോട് -119, തൃശൂർ -116, കോട്ടയം - 106, പത്തനംതിട്ട -104, കാസർഗോഡ് -85 , പാലക്കാട് -39, ഇടുക്കി -29, വയനാട് -10 എന്നിങ്ങനെയാണ് ഇന്നലെ രോഗബാധ സ്ഥിരീകരിച്ചത്.

തിരുവനന്തപുരം - 367, ആലപ്പുഴ - 223, എറണാകുളം - 178, മലപ്പുറം -171, കൊല്ലം -122 , കണ്ണൂർ - 120, തൃശൂർ - 107, കോഴിക്കോട് -104, കോട്ടയം -103, പത്തനംതിട്ട -95, കാസർഗോഡ് - 83 , പാലക്കാട് -31, ഇടുക്കി -11, വയനാട് -3. അൻപത് ആരോഗ്യ പ്രവർത്തകർക്കും രോഗം ബാധിച്ചു.

രോഗം സ്ഥിരീകരിച്ച് ചികിത്സയിലായിരുന്ന 1110 പേരുടെ പരിശോധനാഫലം നെഗറ്റീവ് ആയി. തിരുവനന്തപുരം - 125, കൊല്ലം - 22, പത്തനംതിട്ട - 45, ആലപ്പുഴ - 53, കോട്ടയം - 72, ഇടുക്കി - 19, എറണാകുളം - 171, തൃശൂർ - 70, പലക്കാട് - 250, മലപ്പുറം - 100, കോഴിക്കോട് - 12, വയനാട് - 39, കണ്ണൂർ - 88, കാസർഗോഡ് - 44. ഇതോടെ 20,330 പേരാണ് രോഗം സ്ഥിരീകരിച്ച് ഇനി ചികിത്സയിലുള്ളത്. 37,649 പേർ ഇതുവരെ മുക്തി നേടി.

സംസ്ഥാനത്തെ വിവിധ ജില്ലകളിലായി 1,82,525 പേരാണ് നിരീക്ഷണത്തിലുള്ളത്. 2066 പേരെയാണ് ഇന്നലെ ആശുപത്രിയിൽ പ്രവേശിപ്പിച്ചത്. കഴിഞ്ഞ 24 മണിക്കൂറിനിടെ 36,353 സാമ്പിളുകളാണ് പരിശോധിച്ചത്.

സ്വർണം

ഗ്രാം	- 4,860
പവൻ	- 38,880

മെട്രൊ മാഡം

ഒട്ടേറെ 'ഇലപൊഴിയും കാലം' കണ്ട പാർട്ടിയാണു കോൺഗ്രസ്: മുല്ലപ്പള്ളി.

ഇല കൊഴിയും ശിശിരത്തിൽ ചെറു കിളികൾ വരവായി...!

ഫിംഗർ നാല്
പുതിയ വാദവുമായി ചൈന; അംഗീകരിക്കില്ലെന്ന് ഇന്ത്യ

ന്യൂഡൽഹി: പാംഗോങ് ത്സോ തടാകത്തിലെ ഫിംഗർ നാലിൽ നിന്ന് ഇരുരാജ്യങ്ങളും തുല്യ ദൂരം പിന്മാറണമെന്ന പുതിയ ആവശ്യവുമായി ചൈന. യഥാർഥ നിയന്ത്രണ രേഖയിലെ (എൽഎസി) സംഘർഷം മൂന്നര മാസം പിന്നിടുമ്പോഴാണ് അതിർത്തി മാറ്റിവരയ്ക്കാൻ ചൈന പുതിയ നിർദേശം മുന്നോട്ടുവച്ചത്. എന്നാൽ, ഇത് ഒരു വിധത്തിലും അംഗീകരിക്കാനാവില്ലെന്ന് ഇന്ത്യ വ്യക്തമാക്കി. ഏപ്രിൽ ആദ്യവാരമുണ്ടായിരുന്ന സ്ഥിതി പുനഃസ്ഥാപിക്കണമെന്നും ഇന്ത്യ അറിയിച്ചു.

പാംഗോങ് തടാകത്തിലെ ഫിംഗർ നാലിൽ നിന്ന് ഇരുപക്ഷവും തുല്യമായി പിന്മാറണമെന്നാണ് ചൈനയുടെ പുതിയ നിർദേശം

ചൈന ഫിംഗർ നാലിൽ വരെ സൈനികരെ വിന്യസിച്ചിരുന്നു. നയതന്ത്ര- സൈനിക തലങ്ങളിൽ നടത്തിയ ചർച്ചയിൽ സേനാ പിന്മാറ്റത്തിനു ധാരണയായെങ്കിലും പാംഗോങ് തടാകത്തിലും ഗോഗ്ര പോസ്റ്റിലും ഇനിയും പിന്മാറിയിട്ടില്ല ചൈനീസ് സേന. പാംഗോങ് തടാകത്തിൽ ഫിംഗർ നാലിൽ നിന്ന് അഞ്ചിലേക്കു മാത്രമാണ് ഇവരുടെ പിന്മാറ്റമുണ്ടായത്. അഞ്ചു കിലോമീറ്റർ കൂടി അകലെയാണ് ഫിംഗർ 8.

പാംഗോങ് തടാകത്തിലെ ഫിംഗർ എട്ടിനപ്പുറമാണ് എൽഎസി എന്നതാണ് ഇന്ത്യയുടെ നിലപാട്. എന്നാൽ, ഫിംഗർ നാലിലാണ് എൽഎസിയെന്നു ചൈനയുടെ വാദം. മേയ് മാസത്തിന്റെ തുടക്കത്തിൽ കടന്നുകയറ്റം നടത്തിയ എൽഎസിയിൽ ഏതു സാഹചര്യവും നേരിടാൻ സൈന്യം സജ്ജമെന്നു മുതിർന്ന സൈനിക കമാൻഡർമാർ. 1993- 96 കാലത്ത് ഒപ്പുവച്ച ഉടമ്പടികളുടെ ലംഘനമാണു ചൈനയുടെ നടപടിയെന്ന് ഇന്ത്യ വ്യക്തമാക്കിയിട്ടുണ്ട്.

കേന്ദ്ര സർക്കാരിന്റെ ജനവിരുദ്ധ നയങ്ങൾക്കെതിരേ സിപിഎം നടത്തുന്ന സമരത്തിൽ സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ കുടുംബസമേതം തിരുവനന്തപുരം മരുതംകുഴിയിലെ വീട്ടിൽ സത്യഗ്രഹമിരിക്കുന്നു.

www.facebook.com/
metrovaarthaofficial

എസ്എംഎ മലപ്പുറം ഈസ്റ്റ് ജില്ലക്ക് പുതിയ ഭാരവാഹികൾ

മലപ്പുറം: സുന്നി മാനേജ്മെന്റ് അസോസിയേഷൻ (എസ്എംഎ) മലപ്പുറം ഈസ്റ്റ് ജില്ലാ കമ്മിറ്റി പുനസംഘടിപ്പിച്ചു. സയ്യിദ് ഹബീബ് കോയ തങ്ങൾ ചെരക്കാപറമ്പ് (പ്രസിഡന്റ്), കെടി അബ്ദുറഹ്മാൻ ഹാജി തെന്നല (ജനറൽ സെക്രട്ടറി), സയ്യിദ് ശിഹാബുദ്ധീൻ അൽ അഹ്ദൽ മുത്തനൂർ (ട്രഷറർ) പത്തപ്പിരിയം അബ്ദുറശീദ് സഖാഫി, എം എ അബ്ദുലത്തീഫ് മഖ്ദൂമി, അബ്ദുറസാഖ് സഖാഫി താഴെക്കോട്, ടി അബ്ദുൽ അസീസ് ഹാജി പുളിക്കൽ (വൈസ് പ്രസിഡന്റുമാർ), ശിഹാബുദ്ധീൻ നഈമി ചീക്കോട്, അബ്ദുൽ വഹാബ് സഖാഫി, എൻ വി ഹൈദർ പാങ്ങിക്കോട്, കെസി അബ്ദുസ്സലാം (സെക്രട്ടറിമാർ).

കോഴിക്കോട് 119 പേർക്ക് കോവിഡ്

കോഴിക്കോട് : ജില്ലയിൽ ഇന്ന് 119 പേർക്ക് കൂടി കോവിഡ് സ്ഥിരീകരിച്ചതായി ജില്ലാ മെഡിക്കൽ ഓഫീസർ അറിയിച്ചു. വിദേശത്ത് നിന്ന് എത്തിയവരിൽ ഒരാൾക്കും ഇതരസംസ്ഥാനങ്ങളിൽ നിന്ന് എത്തിയവരിൽ ആറ് പേർക്കുമാണ് പോസിറ്റീവ് ആയത്. 12 പേരുടെ ഉറവിടം വ്യക്തമല്ല. സമ്പർക്കം വഴി 93 പേർക്ക് രോഗം ബാധിച്ചു. കോഴിക്കോട് കോർപ്പറേഷൻ പരിധിയിൽ സമ്പർക്കം വഴി 41 പേർക്കും നടുവണ്ണൂരിൽ 9 പേർക്കും രോഗം ബാധിച്ചു. 13 ആരോഗ്യപ്രവർത്തകർക്കും പോസിറ്റീവായി. ഇതോടെ ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികളുടെ എണ്ണം 1462 ആയി. 13 പേർ രോഗമുക്തി നേടി. രോഗം സ്ഥിരീകരിച്ച് ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികൾ - 1462 കോഴിക്കോട് മെഡിക്കൽ കോളേജ് - 247, ഗവ. ജനറൽ ആശുപത്രി - 163, ലക്ഷദ്വീപ് ഗസ്റ്റ്ഹൗസ് എഫ്.എൽ.ടി. സി - 132, കോഴിക്കോട് എൻ.ഐ.ടി എഫ്.എൽ.ടി. സി - 182, ഫറോക്ക് എഫ്.എൽ.ടി. സി - 135, എൻ.ഐ.ടി മെഗാ എഫ്.എൽ.ടി. സി - 165, എ.ഡബ്ലിയു.എച്ച് എഫ്.എൽ.ടി. സി - 113, മണിയൂർ നവോദയ എഫ്.എൽ.ടി. സി - 169. എൻ.ഐ.ടി - നൈലിററ് എഫ്.എൽ.ടി. സി - 18, മിംസ് എഫ്.എൽ.ടി.സി കൾ - 27, മററു സ്വകാര്യ ആശുപത്രികൾ - 93, മററു ജില്ലകളിൽ ചികിത്സയിലുള്ള കോഴിക്കോട് സ്വദേശികൾ - 18(മലപ്പുറം - 9, കണ്ണൂർ - 2, പാലക്കാട് - 1, ആലപ്പുഴ - 2, തിരുവനന്തപുരം- 1, തൃശ്ശൂർ - 1, കോട്ടയം - 1, എറണാകുളം - 1), കോഴിക്കോട് ജില്ലയിൽ ചികിത്സയിലുള്ള മറ്റു ജില്ലക്കാർ - 84.

ധനസഹായ വിതരണവും ഡ്രീം പദ്ധതിയും നടപ്പിലാക്കണം പ്രവാസി ലീഗ് പ്രതിഷേധം 26 ന്

തേഞ്ഞിപ്പലം: കോവിഡ് കാലത്ത് നാട്ടിലെത്തിയ പ്രവാസികൾക്ക് സർക്കാർ പ്രഖ്യാപിച്ച ധനസഹായം വിതരണം ചെയ്യാത്തതിലും അപേക്ഷകരെ വിവിധ കാരണങ്ങൾ പറഞ്ഞ് നോർക്ക പ്രയാസപ്പെടുത്തുന്നതിലും പ്രതിഷേധിച്ചും പ്രവാസി ഡ്രീം പദ്ധതി നടപ്പിലാക്കണമെന്നാവശ്യപ്പെട്ടും പ്രവാസി ലീഗ് സംസ്ഥാന കമ്മറ്റി 26 ന് ബുധനാഴ്ച 4 മണിക്ക് സംസ്ഥാന വ്യാപകമായി പ്രതിഷേധം സംഘടിപ്പിക്കും. സർക്കാർ പ്രഖ്യാപിച്ച അയ്യായിരം രൂപ എനിക്ക് കിട്ടിയില്ല എന്നതാണ് സമര പ്രമേയം. പ്രവാസി ഭവനങ്ങളിലും പാർട്ടി സംഘടന ഓഫീസ് പരിസരങ്ങളിലുമായി അരലക്ഷം പേർ സമരത്തിൽ പങ്കാളികളാകും. സംസ്ഥാന കമ്മറ്റി യോഗത്തിൽ പ്രസിഡണ്ട് ഹനീഫ മുന്നിയൂർ അധ്യക്ഷത വഹിച്ചു. ജനറൽ സെക്രട്ടറി കെ.പി.ഇബ്രാഹിം മമ്മു ഹാജി സ്വാഗതം പറഞ്ഞു. കാപ്പിൽ മുഹമ്മദ് പാഷ, കെ-സി അഹമ്മദ്, ജലീൽ വലിയകത്ത്, പി എം കെ കാഞ്ഞിയൂർ കെ.വി.മുസ്തഫ, എൻ എം ഷരീഫ്, കലാപ്രേമി ബഷീർ ബാബു, കെ.കെ അലി, ഉമയനല്ലൂർ ശിഹാബുദ്ധീൻ, എൻ പി ഷംസുദ്ധീൻ, എ.പി ഉമ്മർ, കെ സി കുഞ്ഞബ്ദുള്ള ഹാജി, കെ. നൂറുദ്ധീൻ, അഹമ്മദ് കുട്ടി കോട്ടൂർ, ടി.എച്ച് കുഞ്ഞാലി ഹാജി, കെ - മുഹമ്മദ് ഹനീഫ, സി കെ അഷ്റഫലി, സി.കെ. ബീരാൻ, ടി എസ് ഷാജി, ഷുഐബ് അബ്ദുള്ള കോയ, ഇസ്മായിൽ കഞ്ഞിരപ്പള്ളി, നിസാർ നൂർ മഹൽ, മുഹ്സിൻ എം ബ്രൈറ്റ്, നല്ലനാട് ഷാജഹാൻ കാദർ ഹാജി ചെങ്കള, ടി. പി.മഹ്മൂദ്, ബാദർ മടക്കി മല, സൈനുദ്ധീൻ വലിയ കത്ത്, ബഷീർ തെക്കൻ സി മുഹമ്മലി, ഇ കെ മുസ്സ, അഷ്റഫ് കൊച്ചാലും വിള, മുഹമ്മദ് സക്കീർ, കെ.എച്ച് എം അഷ്റഫ്, വി.എസ് അഫ്സൽ പങ്കെടുത്തു

ശോചനീയവസ്ഥ പരിഹരിക്കണം:പിഡിപി

തിരൂരങ്ങാടി:തിരൂരങ്ങാടി ഗവ താലൂക്ക് ആശുപത്രിയിൽ കൊവിഡ് പിടിപെട്ടു ചികിത്സയിൽ കഴിയുന്ന രോഗികളെ താമസിപ്പിക്കുന്ന താലൂക്ക് ആശുപത്രിയിലെ ബാത്ത് റൂമുകളുടെ അവസ്ഥ വളരെ മോശവും കോവിഡ് രോഗം സുഖമായി പുറത്ത് ഇറങ്ങിയാൽ ഞങ്ങൾ മറ്റു രോഗങ്ങൾക്ക് അടിമപ്പെടേണ്ട അവസ്ഥയാണെന്നും അവിടെ കഴിയുന്ന രോഗികൾ വെളിപ്പെടുത്തുമ്പോൾ ഈ വിഷയം ഗൗരവത്തിൽ എടുത്ത് ആധികൃതർ മൗനം വെടിയണമെന്നും രോഗി എന്ന പരിഗണന വച്ച് അവർക്ക് ആവശ്യമായ ഭക്ഷണം നൽകാനോ വൃത്തിഹീനമായി കിടക്കുന്ന വാർഡും മറ്റ് പരിസരവും വേണ്ട രീതിയിൽ ശുജികാരിക്കാനോ അധികൃതർ തയ്യാർ ആവാത്തത് തികച്ചും മനുഷ്യവകാശ ലങ്കനമാണ് എന്നും ഈ വിഷയത്തിൽ ജില്ല കലക്റ്റർ അടിയന്തിര മായി ഇടപെടണം പിഡിപി തിരുരങ്ങാടി നഗര സഭ പ്രസിഡന്റ്. യാസിൻ തിരുരങ്ങാടി. ചെമ്മാട് ടൗൺ സെക്രറി അബ്ദു കുട്ടശെരി എന്നിവർ സംയുക്ത വാർത്ത കുറിപ്പിൽ അറിയിച്ചു.

മലപ്പുറത്ത് 186 പേർക്ക്കൂടി കോവിഡ്

മലപ്പുറം : ജില്ലയിൽ രോഗബാധ സ്ഥിരീകരിച്ചത് 186 പേർക്ക്.സമ്പർക്കത്തിലൂടെ 178 പേർക്ക് വൈറസ്ബാധ ഉറവിടമറിയാതെ രോഗബാധിതരായവർ 21 പേർസമ്പർക്കത്തിലൂടെ രോഗബാധ സ്ഥികരിച്ചവർ ആതവനാട് സ്വദേശികളായ ഏഴു പേർ,ആലങ്കോട് സ്വദേശികളായ ആറുപേർ, അമരമ്പലം സ്വദേശികളായ രണ്ടുപേർ ,അമ്പലപ്പുഴ സ്വദേശി , ആനക്കയം സ്വദേശി ,അരിപ്ര സ്വദേശി,

ചാലിയാർ സ്വദേശികളായ രണ്ടുപേർ, ചേലേമ്പ്ര സ്വദേശി, എടക്കര 2 പേര്, എടപ്പാൾ 7 പേര്, കാലടി 2 പേര്, കല്പകഞ്ചേരി 3 പേര്, കണ്ണമംഗലം, കപ്പൂര്‍ ഓരോരുത്തർ കാരത്തൂര് 2 പേര്,കരുളായി 8 പേര്, കൊല്ലം ഒരാൾ, കൊണ്ടോട്ടി 2 പേര്, കൂടിലങ്ങാടി 2 പേര്, കോട്ടക്കൽ 7 പേര് കുറ്റിപ്പുറം 2 പേര്, കുഴിമണ്ണ ,മലപ്പുറം, മമ്പാട് ഓരോരുത്തർ, മംഗലം 2 പേര്, മങ്കട 2 പേർ,മാറക്കാര ഒരാൾ, മോങ്ങം 2 , മോറയൂർ 1, മുന്നിയൂർ 3,നന്നമ്പറ 1, നിലമ്പൂർ 5,നിറമരുതൂർ 1,ഊരകം 1, പൈൻകണ്ണൂർ1,പാണ്ടിക്കാട് 1,പരപ്പനങ്ങാടി 9,പെരിന്തൽമണ്ണ 2,പെരുവള്ളൂർ 1പോത്തുകൽ1, പുളിക്കൽ 1, പുല്പറ്റ 1, തനാളൂർ 3, താനൂർ 11 ,തവനൂർ 2, താഴെക്കോട് 1, തേഞ്ഞിപ്പലം 3, തൂത 1, തിരുനാവായ 1, തിരൂർ 4,തിരൂരങ്ങാടി 2,തൃപ്രങ്ങോട് 3,ഉള്ളണം 1, വളാഞ്ചേരി 3,വളവന്നൂർ 4, വാണിയമ്പലം 4, വാഴയൂർ 1, വഴിക്കടവ് 2, വെട്ടം 1, വെട്ടത്തൂർ 1, വണ്ടൂർ 1, കോവൂർ 1, കൊണ്ടോട്ടി 1, പരപ്പനങ്ങാടി 1, പുതിയ കടപ്പുറം2 സ്ഥലം ലഭ്യമല്ലാത്തത് 1

ഉറവിടം അറിയാത്ത രോഗബാധ സ്ഥിരീകരിച്ചത്എആർ നഗർ സ്വദേശി, എടക്കര സ്വദേശി ,കരുളായി സ്വദേശി ,കീഴാറ്റൂർ സ്വദേശി ,മഞ്ചേരി സ്വദേശി, നന്നമ്പറ സ്വദേശി, പെരുവള്ളൂർ സ്വദേശി ,താനൂർ സ്വദേശി, തിരൂരങ്ങാടി സ്വദേശി, തിരൂരങ്ങാടി സ്വദേശി ,ഊരകം സ്വദേശി ,

വഴിക്കടവ് സ്വദേശികളായ രണ്ടുപേർ വണ്ടൂർരോഗ സ്ഥിരീകരിച്ച ആരോഗ്യപ്രവർത്തകർ പെരിന്തൽമണ്ണ സ്വദേശി 35 വയസ്സ്, വണ്ടൂർ സ്വദേശി 22 വയസ്സ് ,വേങ്ങര സ്വദേശി 26 വയസ്സ്,പുഴക്കട്ടിരി സ്വദേശി 33 വയസ്സ് ,പൊന്നാനി സ്വദേശി 50 വയസ്സ്, പോതുകൽ സ്വദേശി 24 വയസ്സ് ,മമ്പാട് സ്വദേശി 25 വയസ്,കൊവിഡ് സ്ഥിരീകരിച്ചവരിൽ ഇതര രാജ്യങ്ങളിൽ നിന്നു വന്നവർ താനൂർ സ്വദേശി 57 വയസ്സ് , ചുങ്കത്തറ സ്വദേശി 60 വയസ്സ്, മഞ്ചേരി സ്വദേശി 36 വയസ്സ്ഇതര സംസ്ഥാനത്ത് നിന്ന് വന്നവർ നിലമ്പൂർ സ്വദേശി 38 വയസ്സ്,താനൂർ സ്വദേശി 50 വയസ്സ്, കൂട്ടിലങ്ങാടി സ്വദേശി 29 വയസ്സ്, നന്നംബ്ര സ്വദേശി 28 വയസ്സ്,പുറത്തൂർ സ്വദേശി 32 വയസ്

വെള്ളയിൽ വാർഡ് 66ൽ കർശന നിയന്ത്രണം

കോഴിക്കോട്: കോർപ്പറേഷനിലെ വെള്ളയിൽ വാർഡ് 66 അടിയന്തരമായി കൂടുതൽ കോവിഡ് ടെസ്റ്റ് നടത്താൻ ജില്ലാ കലക്റ്റർ എസ് സാംബശിവറാവുവിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗത്തിൽ തീരുമാനം. കൂടുതൽ സമ്പർക്ക വ്യാപനമുണ്ടാകാതെ നിയന്ത്രിക്കുകയാണ് ലക്ഷ്യം.ഈ പ്രദേശം ക്രിട്ടിക്കൽ കണ്ടെയ്ൻമെന്റ് സോണായി പ്രഖ്യാപിച്ച സാഹചര്യത്തിലാണ് ജില്ലാ കലക്റ്ററുടെ നേതൃത്വത്തിൽ യോഗം ചേർന്നത്. വാർഡിലെ ഇൻസിഡന്റ് കമാൻഡറായി ഡെപ്യൂട്ടി കലക്റ്റർ ഇ. അനിത കുമാരിയെ നിയോഗിച്ചു.കോവിഡ് രൂക്ഷമായതിനെ തുടർന്ന് വെള്ളയിൽ ഫിഷിംഗ് ഹാർബറും തീരദേശ പ്രദേശത്തെക്കുള്ള റോഡുകളും അടച്ചു. തീരദേശ റോഡുകളിൽ നിന്നും വരുന്നവർ ഗാന്ധി റോഡിൽ നിന്നും ഭട്ട് റോഡിൽ നിന്നും തിരിഞ്ഞ് പോവേണ്ടതാണ്. കോവിഡ് ബാധിത പ്രദേശമായ വാർഡ് 66ൽ നിന്നും യാതൊരു കാരണവശാലും പുറത്തേക്ക് പോവാനോ വാർഡിലേക്ക് പ്രവേശിക്കാനോ പാടില്ല.പൊലീസ്, ഫയർ ഫോഴ്സ്, ആരോഗ്യ വകുപ്പ് തുടങ്ങി അവശ്യ സർവീസുകളെ ഈ നിയന്ത്രണത്തിൽ നിന്നും ഒഴിവാക്കിയിട്ടുണ്ട്. വാർഡിനെ 10 സോണുകളായി തിരിച്ചു. അവശ്യ വസ്തുക്കൾ എത്തിച്ചു നൽകാൻ ഓരോ സോണിനും നാല് പേരടങ്ങുന്ന ആർആർടി ടീമിന്റെ സേവനം ലഭ്യമാണ്.വെള്ളയിൽ കണ്ടെയ്ൻമെന്റ് സ്ട്രാറ്റജിയുടെ ഭാഗമായി മുഴുവൻ വാർഡും പൂർണ്ണവും കർശനവുമായ ലോക്ക് ഡൗണിലാണ്.പലചരക്ക് കടകളും അടിസ്ഥാന അവശ്യവസ്തുക്കൾ വിൽക്കുന്ന കടകളും തുറക്കും. അവശ്യവസ്തുക്കൾ ആർആർടി അല്ലെങ്കിൽ സന്നദ്ധപ്രവർത്തകർ വീട്ടിൽ എത്തിച്ച് നൽകും. കർശനമായ നിയന്ത്രണങ്ങൾ പാലിക്കുന്നുവെന്ന് പൊലീസ് ഉറപ്പാക്കും.

മികച്ച കൗൺസിലർക്കുള്ള പുരസ്കാരം ജോജിക്ക്

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട വെസ്റ്റ് ലയൺസ് ക്ലബിന്റെ ജില്ലയിലെ ബെസ്റ്റ് കൗൺസിലർ അവാർഡിന് ചാലക്കുടി നഗരസഭ 20-ാം വാർഡ് (ഹൗസിങ് ബോർഡ്)കൗൺസിലർ വി.ജെ ജോജി അർഹനായി. പൊതുരംഗത്തും ചാലക്കുടി നഗരസഭയിലും പ്രത്യേകിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ മുൻനിറുത്തിയാണ് ജില്ലയിലെ ബെസ്റ്റ് കൗൺസിലർ അവാർഡിന് അർഹനായത്. ശിൽപവും പതിനായിരം രൂപയും അടങ്ങുന്നതാണ് അവാർഡ്. അഞ്ച് വർഷം കൊണ്ട് 21 കോടി രൂപയുടെ വികസനപ്രവർത്തികൾ സ്വന്തം വാർഡിൽ നടത്തി ശ്രദ്ധേയനായ ജോജി,മാലിന്യസംസ്ക്കരണം,വിവിധ റോഡുകളുടെ വികസനം, സ്കൂൾ കെട്ടിടങ്ങളുടെ നിർമാണം, കനാൽ പുറമ്പോക്കിലുള്ളവരെ പുനരധിവസിപ്പിക്കൽ, അർഹരായ മുഴുവൻ പേർക്കും സർക്കാർആനുകൂല്യങ്ങൾ നേടികൊടുത്തും നഗരസഭയിൽ മാതൃകയായി. ചാലക്കുടി ഗവ.ഹോസ്പിറ്റലിലെ ഡെന്റൽസർജൻ ഡോ.സിബിയ ജോജിയാണ് ഭാര്യ. എം.ബി.ബി.എസ്.വിദ്യാർഥി ജെസ്വിൻ ജോജി,പ്ലസ്സ്-വൺ വിദ്യാർഥിനി ജെസ്റ്റീന ജോജി എന്നിവർ മക്കളാണ്.ചാലക്കുടി ഹൗസിംഗ് ബോർഡ് കോളനിയിലാണ് ജോജിയും കുടുംബവും താമസം.

മലപ്പുറം ജില്ലയിലെ പോളിടെക്നിക്കുകളിലെ എൻഎസ്എസ് വോളണ്ടിയേഴ്സ് താനൂർ സിഎഫ്എൽടിസിയിലേക്കുള്ള താൽക്കാലിക ടോയ്‌ലറ്റുകളുടെ നിർമ്മാണത്തിൽ

എംഎൽഎ തെറ്റിദ്ധാരണ പരത്തുന്നതായി ആക്ഷേപം

തേഞ്ഞിപ്പലം: വള്ളിക്കുന്ന് നിയോജക മണ്ഡലം എംഎൽഎ ജനങ്ങളിൽ തെറ്റിദ്ധാരണ പരത്തുന്നതായ് ജനതാദൾ (എസ്) വള്ളിക്കുന്ന് നിയോജക മണ്ഡലം പ്രസിഡണ്ട് എൻജിനിയർ ടി മൊയ്തീൻ കൂട്ടി ആക്ഷേപിച്ചു. തേഞ്ഞിപ്പലത്ത് ഫയർ സ്റ്റേഷനും പൊലീസ് സ്റ്റേഷനും നിർമിക്കുന്നതിന് വേണ്ടി സ്ഥലം വിട്ടു നൽകാൻ കോഴിക്കോട് സർവകലാശാലാ സിൻഡിക്കേറ്റ്മാസങ്ങൾക്ക് മുമ്പേ തീരുമാനിച്ചതാണെന്നും ഇതിന്റെ പേരിൽ എംഎൽഎ തെറ്റിദ്ധാരണ പരത്തുന്നതായും ആരോപണം. കാലിക്കറ്റ് സർവ്വകലാശാലയിൽ സുവർണ്ണ ജൂബിലി ആഘോഷ ഉദ്ഘാടനത്തിന് മുഖ്യമന്ത്രി കാമ്പസിൽ എത്തിയപ്പോൾ സർവകലാശാലാ അധികാരികൾ നടത്തിയ ചർച്ചയിലാണ് ആദ്യമായി ഈ ആവശ്യം സർക്കാറിന്റെ പരിഗണ നയിൽ വരുന്നത്.
മുൻ കാലങ്ങളിൽ നിരവധി തവണ ഈ ആവശ്യം പൊതു സമൂഹം ആവശ്യപ്പെട്ടെങ്കിലും യുഡിഎഫ് ഭരണ കാലത്ത് ഈ പദ്ധതികൾക്കു വേണ്ടി ചെറുവിരൽ പോലും അനക്കാത്തവരാണ് ഇപ്പോൾ പോരാട്ട പ്രഹസനവുമായി രംഗത്തു വന്നിരിക്കുന്നത്.
ഭരണ മാറ്റത്തിന് ശേഷം നിരവധി അനാവശ്യ സമരങ്ങൾ സർവകലാശാലയിൽ നടത്താനും സമൂഹത്തിൽ ഈ ഉന്നത വിദ്യാഭ്യാസ സ്ഥാപനത്തിനെതിരെ അനുയായികളെ കൊണ്ട് കുപ്രചരണം സംഘടിപ്പിക്കാനും കഴിഞ്ഞ കുറേ കാലമായി ഇവർ ശ്രമിച്ച് കൊണ്ടിരിക്കുകയാണ്.
വളരെ നിലവാരം കുറഞ്ഞ ആക്ഷേപങ്ങൾ ഉന്നയിക്കൽ ഇവർ തുടരുകയാണ്.ഫയർ സ്റ്റേഷനും പൊലീസ് സ്റ്റേഷനും നിർമിക്കുന്നതിനുള്ള സ്ഥലം സർവകലാശാല ഉടനെ കൈമാറും എന്നതാണ് വസ്തുത . ഇക്കാര്യം വിവാദമാക്കുന്നവർ സർക്കാറും സിൻഡിക്കേറ്റും യുഡിഎഫ് അധീനത്തിലായിരുന്ന കാലത്ത് സ്ഥലം കണ്ടെത്തി ഒരു ബസ് സ്റ്റോപ്പ് പോലും കൊണ്ടു വരാത്തവരാണിപ്പോൾആക്ഷേപവുമായിറങ്ങിയിരിക്കുന്നതെന്നും അദ്ദേഹം വാർത്താ കുറിപ്പിലൂടെ വ്യക്തമാക്കി.

സിപിഎം വീട്ടുമുറ്റ സത്യാഗ്രഹം സംഘടിപ്പിച്ചു

തിരൂരങ്ങാടി: മണ്ണും വിണ്ണും വിൽക്കരുത്, മിനിമം വേതനം 21000 രൂപയാക്കുക, 60 കഴിഞ്ഞവർക്ക് 10000 രൂപ പെൻഷൻ അനുവദിക്കുക, തൊഴിൽ നിയമങ്ങൾ അട്ടിമറിക്കരുത് തുടങ്ങി വിവിധ ആവശ്യങ്ങൾ ഉന്നയിച്ചാണ് സത്യാഗ്രഹം സംഘടിപ്പിച്ചത്.
പാർട്ടി നേതാക്കളടക്കമുള്ള അംഗങ്ങളും അനുഭാവികളും കോവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കുടുബാംഗങ്ങളോടപ്പം വീടുകളിൽ ആണ് സത്യാഗ്രഹമിരുന്നത്. സി പി ഐ എം ജില്ലാ സെക്രട്ടറിയേറ്റംഗം വേലായുധൻ വള്ളിക്കുന്ന് വള്ളിക്കുന്നിലെ വീട്ടിലും ജില്ലാ കമ്മിറ്റിയംഗം വി പി സോമസുന്ദരൻ അരിയല്ലൂരിലെ വീട്ടിലും സമരത്തിൽ പങ്കാളിയായി. ഏരിയ സെക്രട്ടറി പ്രഭാകരൻ കൊടക്കാടുള്ള വീട്ടിൽ സത്യഗ്രഹമിരുന്നപ്പോൾ തിരൂരങ്ങാടി ലോക്കൽ കമ്മിറ്റി സെക്രട്ടറി അഡ്വ. സി ഇബ്രാഹീം കുട്ടിയും മുൻ സെക്രട്ടറിമാരായ പ്രൊഫ പി മമ്മദും, എം പി ഇസ്മയിലും കെ രാമദാസും വീടുകളിൽ അണി നിരന്നു. കർഷക സംഘം തിരൂരങ്ങാടി വില്ലേജ് ട്രഷർ കെ എം അബ്ദുൽ ഗഫൂർ, കവി ശ്രീജിത്ത് അരിയല്ലൂരും കുടുംബവും സത്യാഗ്രഹത്തിൽ പങ്കാളിയായി.

മന്ത്രി ജലീൽ രാജിവയ്ക്കണം യുവജന പക്ഷം

കോഴിക്കോട്: മന്ത്രി ജലീലിനെതിരെ കേന്ദ്ര അന്വേഷണം പ്രഖ്യാപിച്ച സാഹചര്യത്തിലും എല്ലാ മേഖലകളിലും അഴിമതിയുടെ കറ പുരണ്ടതിനാൽ മന്ത്രി ജലീൽ രാജി വയ്ക്കുകയാണ് ധാർമ്മികത എന്ന് യുവജന പക്ഷം സംസ്ഥാന പ്രസിഡന്റ് അഡ്വ.ഷൈജോ ഹസ്സനും സംസ്ഥാന ജനറൽ സെക്രട്ടറി അഡ്വ ഷോൺ ജോർജ്ജും സംയുക്തമായി ആവശ്യപ്പെട്ടു . സത്യപ്രതിജ്ഞ ലംഘനവും ,വിദേശ വിനിമയ ചട്ടലംഘനവും അതു പോലെ നിയമങ്ങൾ കാറ്റിൽ പറത്തിയ മന്ത്രി തൽസ്ഥാനത്തു തുടരുന്നത് കേരള ത്തിലെ പൊതു സമൂഹത്തെ വിഡ ഢികളാക്കുന്നതിന് തുല്യമാണ് എന്ന് അവർ കൂട്ടി ചേർത്തു . സ്വജനപക്ഷപാതവും, അഴിമതിയും, രാജ്യദ്രോഹ നടപടികളും ,വ്യക്തിഹത്യയും, അവസരോചിതവുമായി മുന്നോട്ടു പോകുന്ന മന്ത്രി കേരള നിയസഭയ്ക്കു തന്നെ അപമാനമാണെന്നും അതിനാൽ ഒരു നിമിഷം പോലും തുടരാൻ അർഹതയില്ലെന്നും അവർ കുറ്റപ്പെടുത്തി.കോൺസുലേറ്റ് ജനറലുമായി നേരിട്ട് ഇടപാട് നടത്തുന്നതിന് കേന്ദ്രാനുമതി വേണമെന്നിരിക്കെ അത് ലംഘിച്ചത് ക്രിമിനൽ നടപടിയാണ്. നിയമനിർമാണ സഭാംഗങ്ങൾ വിദേശസഹായം സ്വീകരിക്കുന്നതിൽ കേന്ദ്രത്തിന്റെ മുൻകൂർ അനുമതി ആവശ്യമുണ്ടെന്ന് നിയമം നിലവിലിരിക്കെ അത് ലംഘിച്ചത് ഒരു മന്ത്രിക്ക് യോജിച്ചതല്ല എന്നും പറഞ്ഞു

ഓണച്ചന്ത 25മുതൽ

തേഞ്ഞിപ്പലം: :സർവ്വീസ് സഹകരണ ബാങ്കിന്റെയും കൺസ്യൂമർ ഫെഡിന്റെയും ആഭിമുഖ്യത്തിൽ ഉള്ള സഹകരണ ഓണച്ചന്ത 25ന് രാവിലെ 9 മുതൽ ബാങ്കിന്റെ പള്ളിക്കൽ ഹെഡോഫീസിനു സമീപം ആരംഭിക്കും. കോവിഡ് പ്രോട്ടോകോൾ പാലിച്ചു റേഷൻ കാർഡുമായി വന്നു വിലക്കുറവിൽ സാധനങ്ങൾ വാങ്ങണമെന്ന് പള്ളിക്കൽ സർവ്വീസ് സഹകരണ ബാങ്ക് സെക്രട്ടറി ടി.പി മുഹമ്മദ് അബ്ദുൽ റഹിമാൻ അറിയിച്ചു.

കുടുംബ ബന്ധങ്ങളുടെ ശാക്തീകരണംസ്ത്രീകൾക്ക് വലിയ പങ്ക് വഹിക്കാനാകും:വിസ്ഡം വനിതാ സമ്മേളനം

കോഴിക്കോട് : കുടുംബ ബന്ധങ്ങളുടെ ശാക്തീകരണവും നവോത്ഥാനവും സാധ്യമാക്കുന്നതിൽ സ്ത്രീകൾക്ക് വലിയ പങ്ക് വഹിക്കാൻ സാധിക്കുമെന്ന് വിസ്ഡം വനിതാ വിഭാഗം സംഘടിപ്പിച്ച വിജ്ഞാന വേദി അഭിപ്രായപ്പെട്ടു.ആധുനിക കാലഘട്ടങ്ങളിലെ വെല്ലുവിളികളെ നേരിടുന്നതിൽ കുടുംബ ബന്ധങ്ങളുടെ ശാക്തീകരണം വഴിയാണ് വലിയ സാധ്യതെയുന്നും വിജ്ഞാന വേദി അഭിപ്രായപ്പെട്ടു.വിജ്ഞാനവേദി വിസ്ഡം ഇസ്ലാമിക് ഓർഗനൈസേഷൻ സംസ്ഥാന ജന: സെക്രട്ടറി ടി.കെ അശ്റഫ് ഉദ്ഘാടനം ചെയ്തു. ലജ്നത്തുൽ ബുഹൂഥിൽ ഇസ്ലാമിയ്യ പ്രസിഡണ്ട് ഹുസൈൻ സലഫി ഷാർജ പ്രഭാഷണം നടത്തി. വിസ്ഡം ഇസ്ലാമിക് വുമൺസ് ഓർഗനൈസേഷൻ സംസ്ഥാന പ്രസിഡണ്ട് സഹ്റ സുല്ലമിയ്യ, ജന: സെക്രട്ടറി ഡോ. റസീല എന്നിവർ പങ്കെടുത്തു.

മമ്പുറം ആണ്ടുനേർച്ച: നേർച്ചകൾ സ്വീകരിക്കാൻ സംവിധാനം

തിരൂരങ്ങാടി: മമ്പുറം തങ്ങളുടെ ആണ്ടുനേർച്ചയുടെ ഭാഗമായി നേർച്ചകൾ സ്വീകരിക്കാൻ വിശ്വാസികളുടെ അഭ്യർ ത്ഥന മാനിച്ച് ഓൺലൈൻ സൗകര്യം ഏർപ്പെടുത്തി. നേർച്ചകൾ അയയ്ക്കാൻ ഗൂഗിൾ പേ, ബാങ്ക് അക്കൗണ്ട് സൗകര്യങ്ങൾ ഉപയോഗപ്പെടുത്തണമെന്ന് മമ്പുറം മഖാം നടത്തിപ്പിന് നേതൃത്വം നൽകുന്ന ദാറുൽ ഹുദാ മാനേജിങ് കമ്മിറ്റി ഭാരവാഹികൾ അറിയിച്ചു. നേർച്ചകൾ അയക്കേണ്ട വിധം: ഗൂഗിൾ പേ (+91 9996 313 786), കനറാ ബാങ്ക് തിരൂരങ്ങാടി ശാഖ അക്കൗണ്ട് നമ്പർ: 0825201000445, ഐഎഫ്എസ് സി: CNRB0000825). വിവരങ്ങൾക്ക്: +91 9656 310 300, 9996 313 786 (മഖാം), 0494 2463 155, 2464 502 (ദാറുൽഹുദാ)

കലക്റ്റർ കുരിയാടിയിൽ സന്ദർശനം നടത്തി

കോഴിക്കോട്: കോവിഡ് 19 വ്യാപനം രൂക്ഷമായ ചോറോട് പഞ്ചായത്തിലെ കുരിയാടിയിൽ കലക്റ്റർ എസ്.സാംബശിവറാവു സന്ദർശനം നടത്തി. ചോറോട് പഞ്ചായത്ത് ഓഫീസിൽ പ്രത്യേക യോഗം ചേർന്നു.കുരിയാടി മേഖലയിൽ പഴുതടച്ച പ്രതിരോധ പ്രവർത്തനം നടത്താൻ കലക്റ്റർ നിർദേശിച്ചു. 17 ,18 വാർഡുകളിലുള്ളവർക്ക് സൗജന്യ റേഷൻ നൽകാൻ ഇടപെടൽ നടത്തി കഴിഞ്ഞിട്ടുണ്ട്.ഇവിടങ്ങളിലുള്ളവർക്ക് നിലവിലെ ഓണക്കിറ്റിന് പുറമെ പഞ്ചായത്തും ഓണക്കിറ്റ്
നൽകും . മാസ്ക് ,സാനിറ്റൈസർ എന്നിവ എല്ലാ വീടുകളിലും നൽകാൻ തീരുമാനിച്ചു ഈ വാർഡുകളിൽ ഹെൽപ് ഡെസ്ക് സംവിധാനം തുടങ്ങിയിട്ടുണ്ട് .കോവിഡ് 19 ബോധവൽക്കരണ നോട്ടീസ് എല്ലാ വീടുകളിലും തിങ്കളാഴ്ച മുതൽ വിതരണം ചെയ്യും .ഈ വാർഡുകളിൽ ആവശ്യമായ പോലീസ് സംവിധാനവും ഒരുക്കും. യാതൊരു കാരണവശാലും അനാവശ്യമായി ഒരാളും വീട്ടിൽ നിന്നു പുറത്ത് പോകാൻ പാടില്ല. സാമൂഹ്യ അകലം കൃത്യമായി പാലിക്കണം. ആവശ്യത്തിനനുസരിച്ച് പ്രാഥമിക ആരോഗ്യ കേന്ദ്രത്തിൽ ആംബുലൻസ് സൗകര്യം ഒരുക്കും . 60 വയസു കഴിഞ്ഞവരെ പ്രത്യേകം ശ്രദ്ധ ചെലുത്തണം. വീടുകളിൽ മാസ്കും സാനിറ്റൈസറും നിർബന്ധമായും ഉപയോഗിക്കേണ്ടതാണെന്നും കലക്റ്റർ നിർദേശിച്ചു.യോഗത്തിനു ശേഷമാണ് കലക്റ്റർ കുരിയാടിയിൽ സന്ദർശനം നടത്തിയത് .തീരദേശ മേഖലയായ കുരിയാടിയിൽ നൂറിലേറെ പേർക്കാണ് കോവിഡ് ബാധിച്ചത്. പഞ്ചായത്തിലെ 17, 18 വാർഡുകൾക്കു പുറമെ മുനിസിപ്പൽ ഒന്നാം വാർഡിലും പത്തിലേറെ പേർക്ക് രോഗം പിടിപെട്ടിട്ടുണ്ട്.

ഈ വർഷത്തെ പുലിക്കളി ആഘോഷം ഒഴിവാക്കി

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട വെസ്റ്റ് ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിലുള്ള പുലിക്കളി ആഘോഷംഈ വർഷം വേണ്ടെന്ന് വച്ചു. സർക്കാരിന്റെ കൊവിഡ്-19നോടനുബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പുലിക്കളി ആഘോഷം വിപുലമായി സംഘടിപ്പിക്കുവാൻ കഴിയാത്തതിനാലാണ് ആഘോഷം വേണ്ടെന്ന് വച്ചത്. ഇരിങ്ങാലക്കുട വെസ്റ്റ് ലയൺസ് ക്ലബ് പ്രസിഡന്റ് ഷാജു കണ്ടംകുളത്തി, ലയൺസ് ക്ലബ് 318 ഡി അഡീഷണൽ കാബിനറ്റ് സെക്രട്ടറി അഡ്വ. കെ.ജി അജയ്കുമാർ, ചെയർമാൻ ഷാജൻ ചക്കാലക്കൽ, ക്ലബ് സെക്രട്ടറി സതീശൻ നീലങ്കാട്ടിൽ, ട്രഷറർ പോൾസൻ കല്ലൂക്കാരൻ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

കുന്ദമംഗലത്ത് റോഡ് പ്രവൃത്തികളുടെ ഉദ്ഘാടനം പി.ടി.എ. റഹീം എംഎൽഎ ഉദ്ഘാടനം ചെയ്യുന്നു

കുന്ദ മംഗലത്ത് രണ്ട് റോഡുകളുടെ പ്രവൃത്തിക്ക് തുടക്കമായി

കുന്ദമംഗലം: ഗ്രാമപഞ്ചായത്തിലെ രണ്ട് റോഡുകളുടെ പ്രവൃത്തി ഉദ്ഘാടനം പി.ടി.എ. റഹീം എംഎൽഎ നിർവ്വഹിച്ചു. എം.എൽ.എയുടെ മണ്ഡലം ആസ്തി വികസന ഫണ്ടിൽ നിന്ന് 13.61 ലക്ഷം രൂപ അനുവദിച്ച മാതാംപറമ്പ പുൽപറമ്പ് റോഡിന്റെയും 10 ലക്ഷം രൂപ ചെലവിൽ നടത്തുന്ന മാട്ടുമ്മൽമീത്തൽ റോഡിന്റെയും പ്രവൃത്തികൾക്കാണ് എം.എൽ.എ തുടക്കം കുറിച്ചത്.
എടക്കുനിത്താഴം ഓവുങ്ങര റോഡിൽ നിന്നാണ് മാതാംപറമ്പ് പുൽപറമ്പ് റോഡ് ആരംഭിക്കുന്നത്.
വാർഡ് 21 ൽ ഉൾപ്പെട്ട ഈറോഡ് കാമ്പ്രത്ത് ഭാഗത്തുകൂടി മർകസ് ഇംഗ്ലീഷ് മീഡിയം സ്കൂളിന് സമീപത്തേക്ക് എത്താനുള്ള എളുപ്പമാർഗമാണ്. കുന്ദമംഗലം ഗ്രാമ പഞ്ചായത്തിലെ വാർഡ് 15 ലുള്ള മാട്ടുമ്മൽമീത്തൽ റോഡ് ചേരിഞ്ചാൽ കോട്ടാംപറമ്പ് റോഡിൽ നിന്ന് ആരംഭിച്ച് മനത്താനത്ത് അമ്പലത്തിന് സമീപത്ത് കൂടെയാണ് കടന്നുപോവുന്നത്.
ഗ്രാമീണ പശ്ചാതലത്തിൽ ജീവിക്കുന്ന സാധാരണക്കാർക്ക് കൂടുതൽ സൗകര്യങ്ങൾ ഒരുക്കുന്നതിന് ഈ രണ്ട് റോഡുകളുടെയും നവീകരണം സഹായകമാവും.
കുന്ദ മംഗലം ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് ലീന വാസുദേവൻ അധ്യക്ഷത വഹിച്ചു. ഗ്രാമപഞ്ചായത്ത് മെമ്പർമാരായ പി. പവിത്രൻ, ഷൈജ വളപ്പിൽ, ബഷീർ പടാളിയിൽ, പ്രദേശവാസികളായ കാമ്പ്രത്ത് മനോജ്, സി. സോമൻ, പി. ബാബു സംസാരിച്ചു.

ഭൂമി ഇടപാട് റദ്ദാക്കി അന്വേഷണം നടത്തണം:കൃഷ്ണൻ കോട്ടുമല

മലപ്പുറം:മലയാളം സർവ്വകലാശാലയക്കു വേണ്ടി കമ്പോള വിലയേക്കാൾ ഇരട്ടിയിലധികം നൽകി വാങ്ങിയ ഇടപാട് ഉടൻ റദ്ദാക്കി ഇക്കാര്യത്ത കുറിച്ച് അടിയന്തിര അന്വേഷണം നടത്തണമെന്ന് സിഎംപി സംസ്ഥാന സെക്രട്ടറി കൃഷ്ണൻ കോട്ടുമല പ്രസ്താവനയിൽ സർക്കാരിനോടാവശ്യപ്പെട്ടു.
ഭൂമിയിൽകണ്ടൽക്കാടുകൾ തിങ്ങിനിറഞ്ഞതും ഭൂമി സി. ആർ. ഇസെഡിന്റെ പരിധിയിൽ വരുന്നതും ഭൂമി നിർമ്മാണ യോഗ്യമല്ലന്ന് ഹരിത ട്രൈബ്യൂണലിന്റെ വിധി വന്നിട്ടും വില്പനയുടെ രണ്ടാംഗഡു അനുവദിച്ചതിൽ ദുരൂഹതയുണ്ട്. ആയതിനാൽ ഇടപാട് റദ്ദാക്കി അന്വേഷണത്തിലൂടെ ഇടപാടിലെ ദുരൂഹത പുറത്തുകൊണ്ടുവരണമെന്ന് അദ്ദേഹം സർക്കാരിനോടാവശ്യപ്പെട്ടു. ഇല്ലാത്തപക്ഷം ഹൈക്കോടതിയെ സമീപിക്കുമെന്നും കൃഷ്ണൻ കോട്ടുമല പ്രസ്താവനയിൽ വ്യക്തമാക്കി.

ഹിയറിങിൽ മാറ്റം

ഗുരുവായൂർ: നഗരസഭയിലെ 33, 34 വാർഡുകൾ കണ്ടെയ്ൻമെന്റ് സോണായ സാഹചര്യത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഹിയറിങിന് അപേക്ഷകർ ഹാജരാകണ്ട. പകരം അപേക്ഷകർ അവർക്ക് ലഭിച്ചിട്ടുള്ള ഹിയറിങ് നോട്ടീസിനു താഴെ ഒപ്പ് വച്ച് ആവശ്യമായ രേഖകൾ, പാസ്പോർട്ട് ഫോട്ടോ എന്നിവ സഹിതം നഗരസഭാ ഓഫീസിൽ എത്തിക്കണം. ജ

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No. 227 RNI No. KERMAL/ 2009/ 31365 Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Room No .17/825- B21,22, Muallim Complex, Arayidathupalam, Kozhikode - 673004, Ph: 0495 2729088. Email: info@metrovaartha.com

തൃശൂർ116 പേർക്ക് കൊവിഡ്; 70 പേർക്ക് രോഗമുക്തി

തൃശൂർ: ജില്ലയിൽ ഇന്നലെ 116 പേർക്ക് കൂടി കൊവിഡ് സ്ഥിരീകരിച്ചു. 70. പേർ രോഗമുക്തരായി. ജില്ലയിൽ രോഗബാധിതരായി ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 955 ആണ്. തൃശൂർ സ്വദേശികളായ 41 പേർ മറ്റു ജില്ലകളിലെ ആശുപത്രികളിൽ ചികിത്സയിൽ കഴിയുന്നുണ്ട്. ഇതുവരെ രോഗം സ്ഥിരീകരിച്ചവരുടെ എണ്ണം 3177 ആണ്. ഇതുവരെ രോഗമുക്തരായത് .2193പേർ. രോഗം സ്ഥിരീകരിച്ചവരിൽ 89 പേരും സമ്പർക്കം വഴി കൊവിഡ് പോസിറ്റീവ് ആയവരാണ്. ഇതിൽ18 പേരുടെ രോഗഉറവിടമറിയില്ല. ആരോഗ്യപ്രവർത്തകർ 03, മറ്റ് സംസ്ഥാനങ്ങളിൽ നിന്ന് എത്തിയവർ 03, വിദേശത്ത് നിന്ന് തിരിച്ചെത്തിയവർ 03 എന്നിങ്ങനെയാണ് രോഗസ്ഥിരീകരണത്തിന്റെ കണക്ക്.രോഗം സ്ഥിരീകരിച്ച് തൃശൂർ ഗവ. മെഡിക്കൽ കോളജിലും മറ്റ് ആശുപത്രികളിലും കൊവിഡ് ഫസ്റ്റ് ലൈൻ ട്രീറ്റ്മെൻറ് സെൻററുകളിലുമായി കഴിയുന്നവർ. ഞായറാഴ്ചത്തെ കണക്ക്:ഗവ. മെഡിക്കൽ കോളെജ് തൃശൂർ - 70, സി.എഫ്.എൽ.ടി.സി ഇ.എസ്.ഐ- സിടി എം ജി കാവ്-43, എം. സി. സി. എച്ച്. മുളങ്കുന്നത്തുകാവ് -39, ജി.എച്ച് തൃശൂർ-15, കൊടുങ്ങല്ലൂർ താലൂക്ക് ആശുപത്രി - 30, കില ബ്ലോക്ക് 1 തൃശൂർ-78, കില ബ്ലോക്ക് 2 തൃശൂർ- 72, വിദ്യ സി.എഫ്.എൽ.ടി.സി ബ്ലോക്ക് 1 വേലൂർ-140, വിദ്യ സി.എഫ്.എൽ.ടി.സി ബ്ലോക്ക് 2 വേലൂർ-87, ചാവക്കാട് താലൂക്ക് ആശുപത്രി -15, ചാലക്കുടി താലൂക്ക് ആശുപത്രി -12, സി.എഫ്.എൽ.ടി.സി കൊരട്ടി - 56, കുന്നംകുളം താലൂക്ക് ആശുപത്രി -12, ജി.എച്ച്. ഇരിങ്ങാലക്കുട - 10, ഡി.എച്ച്. വടക്കാഞ്ചേരി - 07, ജൂബിലി മിഷൻ മെഡിക്കൽ കോളെജ് തൃശൂർ -11, അമല ഹോസ്പിറ്റൽ തൃശൂർ - 93, ഹോം ഐസോലേഷൻ - 19.ആകെ നിരീക്ഷണത്തിൽ കഴിയുന്ന 9225 പേരിൽ 8208 പേർ വീടുകളിലും 1017 പേർ ആശുപത്രികളിലുമായാണ് കഴിയുന്നത്. 142 പേരേയാണ് ഇന്ന് ആശുപത്രിയിൽ പുതിയതായി പ്രവേശിപ്പിച്ചിട്ടുള്ളത്.അസുഖബാധിതരായ 2193 പേരേയാണ് ആകെ രോഗമുക്തരായി ആശുപത്രിയിൽ നിന്നും ഡിസ്ചാർജ്ജ് ചെയ്തിട്ടുള്ളത്. 610 പേരെ ഇന്നലെ നിരീക്ഷണത്തിൽ പുതിയതായി ചേർത്തു. 981പേരെ നിരീക്ഷണ കാലഘട്ടം അവസാനിച്ചതിനെ തുടർന്ന് നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി . ഇന്നലെ 2795 സാംപിളുകളാണ് പരിശോധനയ്ക്ക് അയച്ചത്. ഇതുവരെ ആകെ 70779 സാംപിളുകളാണ് പരിശോധനയ്ക്ക് അയച്ചിട്ടുള്ളത് . ഇതിൽ 70075 സാംപിളുകളുടെ പരിശോധന ഫലം ലഭിച്ചു . ഇനി 704 സാംപിളുകളുടെ പരിശോധന ഫലം ലഭിക്കാനുണ്ട്. സെന്റിനൽ സർവ്വൈലൻസിന്റെ ഭാഗമായി നിരീക്ഷണത്തിൽ ഉള്ളവരുടെ സാംപിളുകൾ പരിശോധിക്കുന്നത് കൂടാതെ സമൂഹത്തിന്റെ വിവിധ മേഖലകളിലുള്ള ആളുകളുടെ സാംപിൾ പരിശോധിക്കുന്നതോടനുബന്ധിച്ച് 11437 ആളുകളുടെ സാംപിളുകൾ ഇതുവരെ കൂടുതലായി പരിശോധനയ്ക്ക് അയച്ചു.

കൊടുങ്ങല്ലൂരിലെ ഫ്രൂട്ട്സ് ഗോഡൗണിലുണ്ടായ തീപിടുത്തം

ഫ്രൂട്ട്സ് ഗോഡൗണിൽ തീപിടുത്തം

കൊടുങ്ങല്ലൂർ: ഫ്രൂട്സ് ഗോഡൗണിലെ തീപിടുത്തം രണ്ട് ബൈക്കുകളും ബൊ ലോറ ജീപ്പും കത്തിനശിച്ചു. മോഡേൺ ഹോസ്പിറ്റലിന് സമീപം പ്രവർത്തിക്കുന്ന പഴൂപ്പറമ്പിൽ മുഹമ്മദ് ഷാജഹാന്റെ ഉടമസ്ഥതയിലുള്ള പി.എം. എസ്.ഫ്രൂട്ട്സ് ഗോഡൗണിലാണ് അഗ്നിബാധയുണ്ടായത്.ഇന്നലെ രാവിലെ പത്തരയോടെയാണ് സംഭവം. വെൽഡിംഗ് ജോലി നടക്കുന്നുണ്ടായിരുന്നു. തൊഴിലാളികൾ പുറത്തുപോയ സമയത്തായിരുന്നു അഗ്നിബാധയുണ്ടായത്. ഷോർട്ട് സർക്യൂട്ടാണ് തീ പിടുത്തത്തിന് കാരണമെന്നാണ് പ്രാഥമിക നിഗമനം. ഫ്രൂട്ട്സ് സൂക്ഷിക്കുന്ന ട്രേയിലേക്ക് തീപിടിച്ചു.തീ ആളിക്കത്തിയതോടെ ഗോഡൗണിൽ പാർക്ക് ചെയ്തിരുന്ന ബൈക്കുകളുംബൊലോറ ജീപ്പും കത്തുകയായിരുന്നു. ഫയർഫോഴ്സെത്തിയാണ് ത അണച്ചത്.അര മണിക്കൂറോളം നേരം തീ കത്തിയിരുന്നു. ഏകദേശം പത്ത് ലക്ഷം രൂപയുടെ നാശനഷ്ടം ഉണ്ടായതായാണ് വിവരം. കൊടുങ്ങല്ലൂർ പോലീസ് സ്ഥലത്തെത്തിയിരുന്നു.

പ്രത്യേക പൂജ

കൊടുങ്ങല്ലൂർ: അഖില കേരള വിശ്വകർമ്മ മഹാസഭ ഋഷി പഞ്ചമി മഹോത്സവത്തോടനുബന്ധിച്ച് നടത്തിയ വിശ്വകർമ്മ ദേവന് പ്രത്യേക പൂജയും പ്രാർത്ഥനയും മധുര പലഹാര വിതരണവും നടത്തി.1756ാം നമ്പർ ശാഖയാണ് പരിപാടിക്ക് വേദിയായത്. ഓണാ ഘോഷത്തോടനുബന്ധിച്ച് അംഗങ്ങൾക്ക് ഓണക്കിറ്റ് വിതരണവും ഋഷി പഞ്ചമിയോടനുബന്ധിച്ച് നടത്തി.മേത്തല ശാഖ വൈസ് പ്രസിഡന്റ് ടി.ബി. സുധി അദ്ധ്യക്ഷത വഹിച്ചു. താലൂക്ക് സെക്രട്ടറി ടി.ബി.സുരേഷ് ബാബു, സംസ്ഥാന സെക്രട്ടറി ടി.കെ.കലശിവൻ, ടി.സി.കണ്ണൻ, ടി.പി. രത്നമണി, ടി.കെ.മിനി, പി.സി. രാജി മോൾ, ടി.കെ. രാജു, ടി. ആർ. ശിവൻ, വി.എസ്.അഖിൽ ബാബു എന്നിവർ പ്രസംഗിച്ചു.

അരി വിതരണവും നോട്ടുബുക്ക് വിതരണവും

കൊടുങ്ങല്ലൂർ: ഓണത്തോടനുബന്ധിച്ച് ലോകമലേശ്വരം 2173-ാം നമ്പർ ശാഖയിലെ മരണാനന്തര സംഘത്തിന്റെ അംഗങ്ങൾക്കുള്ള സൗജന്യ അരി വിതരണവും ശാഖയിലെ വിദ്യാർഥികൾക്കുള്ള സൗജന്യ നോട്ടുബുക്ക് വിതരണവും നടത്തി. കൊവിഡ് 19 ന്റെ പ്രോട്ടോക്കോൾ ചട്ടം പാലിച്ച് വളരെ ലളിതമായിട്ടാണ് ച്ചടങ്ങുകൾ സംഘടിപ്പിച്ചത്.ശാഖ ഓഫിസിൽ നടന്ന ചടങ്ങിന്റെ ഉദ്ഘാടനം മരണാന്തര സഹായസംഘത്തിന്റെ പ്രസിഡൻറും ശാഖ യൂണിയൻ കമ്മറ്റിയംഗവുമായ പി.കെ. സത്യശീലൻ നിർവഹിച്ചു.ശാഖ പ്രസിഡന്റ് ആ. എം. പവിത്രൻ അദ്ധ്യക്ഷത വഹിച്ചു. ശാഖ സെക്രട്ടി വത്സല രവി, സംഘം സെക്രടറി ടി.ജി.പ്രദീപ്, നഗരസഭ കൗൺസിലർ ശാലിനി വെങ്കിടേഷ് ,വി. എസ് സജീവൻ, കെ.എം സുരേന്ദ്രൻ, സോണി അ നിൽ, മുരളി മാത്തേലി, കെ.പി.മനോജ്, ആർ.വി രവി, കെ.പി.സജിത്ത്, എന്നീവർ പ്രസംഗിച്ചു.

അനുസ്മരണ യോഗം

ചാലക്കുടി: അകാലത്തിൽ വിട്ട് പിരിഞ്ഞ് സഹ പ്രവർത്തകൻ മധു സാമ്പാളൂരിന് ആദരാഞ്ജലി. ചാലക്കുടി പ്രസ് ഫോറം ഓഫീസിൽ നടന്ന അനുസ്മരണ യോഗം കാടുകുറ്റി പഞ്ചായത്ത് പ്രസിഡന്റ് തോമാസ് ഐ കണ്ണത്ത് ഉദ്ഘാടനം ചെയ്തു. പ്രസ് ഫോറം പ്രസിഡന്റ് മധു ചിറക്കൽ അധ്യക്ഷത വഹിച്ചു.വൈസ് പ്രസിഡന്റ് കെ. എൻ.വേണു,കേരള പ്രാദേശിക പത്ര പ്രവർത്തക അസോസിയേഷൻ മേഖല പ്രസിഡന്റ് ദിലീപ് നാരായണൻ, ബിജെപി മണ്ഡലം പ്രസിഡന്റ് സജീവ് പള്ളത്ത്, കൊരട്ടി പഞ്ചായത്ത് മുൻ പ്രസിഡന്റ് മനേഷ് സെബാസ്റ്റ്യൻ, ലാലുമോൻ ചാലക്കുടി,കെ. എ. സജീവ്, പഞ്ചായത്തംഗം സന്ദീപ് അരിയാമ്പുറം, പ്രസ് ഫോറം സെക്രട്ടറി കെ. കെ. ഷാലി, സുനിൽ കുമാർ സി. കെ തുടങ്ങിയവർ സംസാരിച്ചു.

ഓണകിറ്റ് വിതരണം

ചാലക്കുടി: ചേനത്തുനാട് എൻഎൻഎസ് കരയോഗം കുടുംബങ്ങൾക്ക് ഓണകിറ്റ് വിതരണം നടത്തി. ആദ്യകിറ്റ് വിതരണം, കരയോഗം പ്രസിഡന്റ് ടി. അച്യുതമേനോൻ, കരയോഗം അംഗം ബാലസുബ്രമണ്യന് നൽകി ഉത്ഘാടനം ചെയ്തു. യോഗത്തിൽ സെക്രട്ടറി ശശി പയ്യപ്പിള്ളി, കരയോഗം ഭാരവാഹികളും പങ്കെടുത്തു.

അവരെ തേടിയും ടിവി എത്തി

പുത്തൂർ: മരോട്ടിച്ചാൽ 9,10 വാർഡുകളിലെ ടിവി ഇല്ലാത്ത വിദ്യർത്ഥികളെ തേടി അവസാനം ടിവി എത്തി. ഓൺ ലൈൻ ക്ലാസുകൾ തുടങ്ങി കുറച്ച് നാളുകൾ ആയെങ്കിലും മലയോര മേഖലയായ മരോട്ടിച്ചാലിലെ വിദ്യർത്ഥികൾക്ക് ടിവി ഇലാത്തത് മുലം പഠനം അവതാളത്തിലായിരുന്നു. സംഭവം അറിഞ്ഞ് മുൻ എം.എൽ.എ എം.പി. വിൻസന്റിന്റെ നേതൃത്വത്തിൽ ഇവരുടെ വിടുകളിലെക്കും ടിവി എത്തിച്ച് നൽകുകയായിരുന്നു. ടി.കെ.ശ്രിനിവാസൻ, ജോസി ബേബി, പ്രീതി ജോസ്, എഎൽ ജോൺ, വിനിഷ് പ്ലാച്ചേരി തുടങ്ങിയവർ നേതൃത്വം നൽകി.

ഫാറം നം. 5 ചട്ടം 14 (1) കാണുക
No.21/SIA/CGEH/2020
നോട്ടീസ്

ഇതോടൊപ്പമുള്ള പട്ടികയിൽ വിവരിച്ചിട്ടുള്ളതുമായ ഭൂമി ഒരു പൊതുആവശ്യത്തിന് അതായത് സെൻട്രൽ ഗവൺമെന്റ് എംപ്ലോയീസിനുള്ള ഹോളിഡേ ഹോം, നിർമ്മാണത്തിനു വേണ്ടി ഭൂമി ആവശ്യമുണ്ടെന്നോ, ആവശ്യമുണ്ടായേക്കാമെന്നോ ജില്ലാ കളക്ടർക്ക് ബോധ്യമാകുന്നതിനായി താഴെ പട്ടികയിൽപറയുന്ന സ്ഥലത്ത് സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ നടത്തുന്നതിന്, ഭൂമി ഏറ്റെടുക്കലിൽ ന്യായമായ നഷ്ടപരിഹാരത്തിനും സുതാര്യതക്കും പുനരധിവാസത്തിനും പുനസ്ഥാപനത്തിനുമുള്ള അവകാശ നിയമം (2013 ലെ കേന്ദ്ര ആക്ട്, 30) 4-ാം വകുപ്പ് 1-ാം ഉപവകുപ്പ് പ്രകാരമുള്ള കേരള ഗസറ്റ് നമ്പർ DCTSR/2513/2018-E2, തീയതി 13/08/2020 ൽ പ്രസിദ്ധീകരിച്ചിട്ടുള്ളതാണ്. സാമൂഹ്യ പ്രത്യാഘാത വിലയിരുത്തൽ റിപ്പോർട്ട് തയ്യാറാക്കുന്നതുമായി ബന്ധപ്പെട്ട് ഗുരുവായൂർ വില്ലേജിൽ ഉൾപ്പെടുന്ന ഭൂമിയിൽ താല്പര്യമുള്ള എല്ലാ വ്യക്തികളും 2020 സെപ്റ്റംബർ 7-ാം തീയതി രാവിലെ 11 മണിക്ക് ദേവാങ്കണം റെസിഡൻസി ഹാൾ, കിഴക്കേ നട, ഗുരുവായൂരിൽ വച്ച് നടത്തപ്പെടുന്ന പബ്ലിക് ഹിയറിംഗിന് ഹാജരാകണമെന്ന് ഇതിനാൽ അറിയിച്ചുകൊള്ളുന്നു.

പട്ടിക
താലൂക്ക് : ചാവക്കാട് ജില്ല : തൃശ്ശൂർ
വില്ലേജ് : ഗുരുവായൂർ
(ഏകദേശ വിസ്തീർണ്ണം തന്നിരിക്കുന്നു)

വില്ലേജ്	സർവ്വേ നമ്പർ	വിസ്തീർണ്ണം
ഗുരുവായൂർ	119/10	0.2104 ഹെക്ടർ

കോതമംഗലം,
22/08/2020.
(ഒപ്പ്), ചെയർപേഴ്സൺ
സാമൂഹ്യ പ്രത്യാഘാത
നിർണ്ണയ യൂണിറ്റ്

ഗുരുവായൂർ നഗരസഭയിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കാനുള്ള ഹിയറിങ്ങിൽ മാറ്റം

ഗുരുവായൂർ: നഗരസഭയിലെ 33, 34 വാർഡുകൾ കണ്ടെയ്ൻമെന്റ് സോണായ സാഹചര്യത്തിൽ വോട്ടർ പട്ടികയിൽ പേര് ചേർക്കുന്നതുമായി ബന്ധപ്പെട്ടുള്ള ഹിയറിങ്ങിന് അപേക്ഷകർ ഹാജരാകണ്ട. പകരം അപേക്ഷകർ അവർക്ക് ലഭിച്ചിട്ടുള്ള ഹിയറിങ്ങ് നോട്ടീസിനു താഴെ ഒപ്പ് വച്ച് ആവശ്യമായ രേഖകൾ, പാസ്പോർട്ട് ഫോട്ടോ എന്നിവ സഹിതം നഗരസഭാ ഓഫീസിൽ എത്തിക്കണം. ജനന തീയതി, നിലവിലെ മേൽവിലാസം എന്നിവ തെളിയിക്കുന്ന രേഖകളും റേഷൻ കാർഡിന്റെ പകർപ്പും ഹാജരാക്കേണ്ടതാണ്.പൂക്കോട് സോണൽ ഓഫീസ് പ്രവർത്തിക്കുന്ന വാർഡ് കണ്ടെയ്ൻമെന്റ് സോൺ ആയതിനാൽ പൂക്കോട് ഓഫീസിന്റെ പരിധിയിലുള്ള വാർഡുകളിലെ അപേക്ഷകർ രേഖകൾ ഗുരുവായൂർ നഗരസഭയുടെ മെയിൻ ഓഫീസിൽ എത്തിക്കണം. തൈക്കാട് സോണൽ ഓഫീസ് പരിധിയിലെ അപേക്ഷകർക്ക് രേഖകൾ തൈക്കാട് സോണൽ ഓഫീസിൽ തന്നെ എത്തിക്കാവുന്നതാണ്. രേഖകൾക്കൊപ്പം അപേക്ഷകന്റെ മൊബൈൽ നമ്പർ നിർബന്ധമായും രേഖപ്പെടുത്തണം. രേഖകൾ ഹിയറിങ്ങ് തീയതിയിലോ അതിനു മുമ്പോ എത്തിക്കേണ്ടതാണ്. ഒഴിവാക്കാനാവാത്ത സാഹചര്യത്തിൽ മുൻകൂർ അനുമതിയോടെ അപേക്ഷകൾ സമർപ്പിക്കാം. അനുമതിയില്ലാതെ വൈകി സമർപ്പിക്കുന്ന അപേക്ഷകൾ പരിഗണിക്കുന്നതല്ല.

ജില്ലയിലെ മികച്ച കൗൺസിലർക്കുള്ള പുരസ്കാരം ജോജിക്ക്

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട വെസ്റ്റ് ലയൺസ് ക്ലബിന്റെ ജില്ലയിലെ ബെസ്റ്റ് കൗൺസിലർ അവാർഡിന് ചാലക്കുടി നഗരസഭ 20-ാം വാർഡ് (ഹൗസിങ് ബോർഡ്)കൗൺസിലർ വി.ജെ ജോജി അർഹനായി. പൊതുരംഗത്തും ചാലക്കുടി നഗരസഭയിലും പ്രത്യേകിച്ച് നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ മുൻനിറുത്തിയാണ് ജില്ലയിലെ ബെസ്റ്റ് കൗൺസിലർ അവാർഡിന് അർഹനായത്. ശിൽപവും പതിനായിരം രൂപയും അടങ്ങുന്നതാണ് അവാർഡ്. അഞ്ച് വർഷം കൊണ്ട് 21 കോടി രൂപയുടെ വികസനപ്രവർത്തികൾ സ്വന്തം വാർഡിൽ നടത്തി ശ്രദ്ധേയനായ ജോജി,മാലിന്യസംസ്ക്കരണം,വിവിധ റോഡുകളുടെ വികസനം, സ്കൂൾ കെട്ടിടങ്ങളുടെ നിർമാണം, കനാൽ പുറമ്പോക്കിലുള്ളവരെ പുനരധിവസിപ്പിക്കൽ, അർഹരായ മുഴുവൻ പേർക്കും സർക്കാർആനുകൂല്യങ്ങൾ നേടികൊടുത്തും നഗരസഭയിൽ മാതൃകയായി. ചാലക്കുടി ഗവ.ഹോസ്പിറ്റലിലെ ഡെന്റൽസർജൻ ഡോ.സിബിയ ജോജിയാണ് ഭാര്യ. എം.ബി.ബി.എസ്.വിദ്യാർഥി ജെസ്വിൻ ജോജി,പ്ലസ്സ്-വൺ വിദ്യാർഥിനി ജെസ്റ്റീന ജോജി എന്നിവർ മക്കളാണ്.ചാലക്കുടി ഹൗസിംഗ് ബോർഡ് കോളനിയിലാണ് ജോജിയും കുടുംബവും താമസം.

ഇരിങ്ങാലക്കുട ബെസ്റ്റ് കൗൺസിലർ പുരസ്കാരം ഷിബിന്

ഇരിങ്ങാലക്കുട : വെസ്റ്റ് ലയൺസ് ക്ലബ് ബെസ്റ്റ് കൗൺസിലർ അവാർഡിന് ഇരിങ്ങാലക്കുട നഗരസഭയിലെ 41 കൗൺസിലർമാരിൽ നിന്നും 38-ാം വാർഡ് കൗൺസിലർ സി.സി ഷിബിൻ അർഹനായി. നഗരസഭയിലും പ്രത്യേകിച്ച് വാർഡിലും നടത്തിയിട്ടുള്ള പ്രവർത്തനങ്ങളെ മുൻനിറുത്തിയാണ് ബെസ്റ്റ് കൗൺസിലർ അവാർഡിന് ഇദ്ദേഹം അർഹനായത്.മാലിന്യ സംസ്ക്കരണം, വിവിധ റോഡുകളുടെ വികസനം, വാർഡിൽ അർഹരായ മുഴുവൻ പേർക്കും പെൻഷനും മറ്റ് സർക്കാർ ആനുകൂല്യങ്ങളും ലഭ്യമാക്കി തുടങ്ങി നിരവധി വികസന പ്രവർത്തികൾ സ്വന്തം വാർഡിൽ നടത്തി ഷിബിൻ ശ്രദ്ധനേടി. തളിയക്കോണം ചോളിപറമ്പിൽ വീട്ടിൽ പരേതനായ സി.കെ.ചന്ദ്രന്റെ മകനാണ് സി.സി.ഷിബിൻ.അമ്മ സി.ജി.സരോജിനി. ഭാര്യ സജില ഷിബിൻ. വിദ്യാർഥികളായ ആദിത്ത് ഷിബിൻ,അദ്വൈത് ഷിബിൻ എന്നിവർ മക്കളാണ്. മികച്ച പ്രവർത്തനങ്ങൾ നടത്തിയിട്ടുള്ള 4-ാം വാർഡ് കൗൺസിലർ അൽഫോൺസ തോമസ്, 9-ാം വാർഡ് കൗൺസിലർ രമേഷ് വാരിയർ, 17-ാം വാർഡ് കൗൺസിലർ ബിജു ലാസർ, 32-ാം വാർഡ് കൗൺസിലർ എം.ആർ ഷാജു എന്നിവരെ വെസ്റ്റ് ലയൺസ് ക്ലബ് പ്രത്യേക പുരസ്കാരങ്ങൾ നൽകി ആദരിക്കും.

ഈ വർഷത്തെ പുലിക്കളി ആഘോഷം ഒഴിവാക്കി

ഇരിങ്ങാലക്കുട : ഇരിങ്ങാലക്കുട വെസ്റ്റ് ലയൺസ് ക്ലബിന്റെ ആഭിമുഖ്യത്തിലുള്ള പുലിക്കളി ആഘോഷംഈ വർഷം വേണ്ടെന്ന് വച്ചു. സർക്കാരിന്റെ കൊവിഡ്-19നോടനുബന്ധിച്ചുള്ള നിർദ്ദേശങ്ങൾ അനുസരിച്ച് പുലിക്കളി ആഘോഷം വിപുലമായി സംഘടിപ്പിക്കുവാൻ കഴിയാത്തതിനാലാണ് ആഘോഷം വേണ്ടെന്ന് വച്ചത്. ഇരിങ്ങാലക്കുട വെസ്റ്റ് ലയൺസ് ക്ലബ് പ്രസിഡന്റ് ഷാജു കണ്ടംകുളത്തി, ലയൺസ് ക്ലബ് 318 ഡി അഡീഷണൽ കാബിനറ്റ് സെക്രട്ടറി അഡ്വ. കെ.ജി അജയ്കുമാർ, ചെയർമാൻ ഷാജൻ ചക്കാലക്കൽ, ക്ലബ് സെക്രട്ടറി സതീശൻ നീലങ്കാട്ടിൽ, ട്രഷറർ പോൾസൻ കല്ലൂക്കാരൻ എന്നിവർ വാർത്താസമ്മേളനത്തിൽ പങ്കെടുത്തു.

ചാലക്കുടി പ്രസ് ഫോറം ഓഫീസിൽ മധു സാമ്പാളൂരിന്റെ മൃതദേഹം പൊതുദർശനത്തിന് വച്ചപ്പോൾ

മധു സാമ്പാളൂരിന് നാടിന്റെ അന്ത്യാഞ്ജലി

ചാലക്കുടി: അകാലത്തിൽ പൊലിഞ്ഞ യുവ മാധ്യമ പ്രവർത്തകൻ മധു സാമ്പാളൂരിന് നാടിന്റെ അന്ത്യാഞ്ജലി. ചാലക്കുടി പ്രസ് ഫോറം ജോയിന്റ് സെക്രട്ടറിയും സാമ്പാളൂർ പുഞ്ചപ്പാടത്ത് കണ്ണൻ മാസ്റ്ററുടെ മകനുമായ മധു സാമ്പാളൂർ കഴിഞ്ഞ ദിവസം വീട്ടിൽ കുഴഞ്ഞ് വീണ് മരിക്കുകയായിരുന്നു.പോസ്റ്റ്മോർട്ടത്തിന് ശേഷം ചാലക്കുടി പ്രസ് ഫോറം ഓഫീസിലെത്തിച്ച മൃതദേഹത്തിൽ പ്രസ് ഫോറം പ്രസിഡന്റ് മധു ചിറക്കൽ, സെക്രട്ടറി കെ. കെ. ഷാലി എന്നിവർ ചേർന്ന് പുഷ്പ ചക്രം അർപ്പിച്ചു.മധു സാമ്പാളൂരിന്റെ നിര്യാണത്തിൽ ബി. ഡി. ദേവസി എംഎൽഎ അനുശോചിച്ചു. നഗരസഭ ചെയർപേഴ്സൺ ജയന്തി പ്രവീൺ കുമാർ, നഗരസഭ സ്ഥിരം സമിതിയധ്യക്ഷൻമാരായ ബിജി സദാനന്ദൻ,പി. എം. ശ്രീധരൻ, ഗീത സാബു, പ്രതിപക്ഷ നേതാവ് വി. ഒ. പൈലപ്പൻ, കൗൺസിലർമാരായ ബിന്ദു ശശികുമാർ, ബീന ഡേവീസ്, ജില്ലാ പഞ്ചായത്തംഗം അഡ്വ. കെ.ആർ.സുമേഷ്, പഞ്ചായത്ത് പ്രസിഡന്റുമാരായ തോമാസ് ഐ കണ്ണത്ത്, പി. ആർ. പ്രസാദൻ, കൊരട്ടി എസ്. എച്ച്. ഒ. ബി. കെ. അരുൺ,ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് കെ. കെ. ഷീജു,കേരള് പ്രാദേശിക പത്ര പ്രവർത്തക അസോസിയേഷൻ സംസ്ഥാന രക്ഷാധികാരി അജിത ജെയ്ഷോർ,മർച്ചന്റസ് അസോസിയേഷൻ ജില്ലാ വൈസ് പ്രസിഡന്റ് ജോയ് മൂത്തേടൻ, പ്രസിഡന്റ് ജോബി മേലേടത്ത്, ഹാപ്പി ചാലക്കുടി പ്രസിഡന്റ് അഡ്വ. അരുൺ സി. ബി. മർച്ചന്റ്സ് അസോസിയേഷൻ ഭാരവാഹികളായ റെയ്സൻ ആലുക്ക, ജോബി എം. ജെ. മുൻ പഞ്ചായത്ത് പ്രസിഡന്റ് മനേഷ് സെബാസ്റ്റ്യൻ തുടങ്ങിയ പ്രമുഖർ പ്രസ് ഫോറം ഓഫീസിലും. വീട്ടിലുമെത്തി അന്ത്യോപചാരമർപ്പിച്ചു.മാധ്യമ പ്രവർത്തകർ, ജനപ്രതിനിധികൾ, സാമുഹ്യ സാംസ്കാരിക രംഗത്തെ നിരവധി പ്രമുഖർ തുടങ്ങിയവർ മധുവിന് ആദരാഞ്ജലികൾ അർപ്പിച്ചു.ചടങ്ങുകൾക്ക് ശേഷം ചാലക്കുടി നഗരസഭ ക്രിമിറ്റോറിയത്തിൽ സംസ്ക്കാരം നടത്തി.

വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാൻ അനുവദിക്കണമെന്ന്

മംഗലംഡാം : വ്യാപാര സ്ഥാപനങ്ങൾ തുറന്ന് പ്രവർത്തിക്കാനുള്ള അനുമതി നൽകണമെന്ന് വ്യാപാരികൾ ആവശ്യപ്പെട്ടു. കിഴക്കഞ്ചേരി പഞ്ചായത്ത് ആറാം വാർഡിൽപ്പെട്ട പറശേരി സ്വദേശിക്ക് കൊവിഡ് സ്ഥിരീകരിക്കുകയും ഇദ്ദേഹത്തിന്റെ പ്രാഥമിക സമ്പർക്ക പട്ടികയിൽ മംഗലംഡാം ടൗണിലെ ടാക്സി ഡ്രൈവർമാർ ഉൾപ്പെടെയുള്ള ചിലർ ഉൾപ്പെട്ടതിനെ തുടർന്നാണ് വണ്ടാഴി പഞ്ചായത്തിലെ മംഗലംഡാം ടൗൺ ഉൾപ്പെടുന്ന 12,13 വാർഡുകൾ കണ്ടെയ്മെന്റ് സോണായി പ്രഖ്യാപിച്ചത്. സമ്പർക്ക പട്ടികയിലുള്ളവരുടെ പരിശോധനാ ഫലം വരാൻ വൈകുന്നതും ഓണ സീസൺ കണക്കിലെടുത്തും കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ച് കൊണ്ട് തങ്ങളുടെ സ്ഥാപനങ്ങൾ തുറക്കാൻ അനുമതി നൽകണമെന്നാണ് വ്യാപാരികൾ ആവശ്യപെടുന്നത്. പെട്ടെന്നുള്ള അടച്ച് പൂട്ടൽ ബേക്കറി , ഹോട്ടൽ പോലുള്ള സ്ഥാപനങ്ങൾക്ക് വലിയ നഷ്ടമാണ് ഉണ്ടായിരിക്കുന്നത്.പട്ടികജാതി - പട്ടിക വർഗ്ഗക്കാരുടെ കോളനികളടക്കം സാധാരണക്കാരായ കർഷക തൊഴിലാളികളും മറ്റും ധാരാളമായുള്ള മേഖലയാണ് മംഗലംഡാം . വാഹന സൗകര്യങ്ങളും മറ്റും ഇല്ലാത്തത് കൊണ്ട് ഓണ സീസണിൽ വ്യാപാര സ്ഥാപനങ്ങൾ അടഞ്ഞ് കിടക്കുന്നത് ഇത്തരക്കാർക്കും വലിയ ബുദ്ധിമുട്ടാണ്.വ്യാപാരികളുടെ വിഷമങ്ങൾ ബന്ധപ്പെട്ട അധികാരികളെ ബോധ്യപ്പെടുത്തിയിട്ടുണ്ടെന്നും കടകൾ തുറക്കാനുള്ള അനുമതി ലഭിക്കുമെന്ന പ്രതീക്ഷയിലാണെന്നും കേരളാ വ്യാപാരി വ്യവസായി ഏകോപന സമിതി മംഗലംഡാം യൂണിറ്റ് പ്രസിഡന്റ് ഷാജി വർക്കി, ജനറൽ സെക്രട്ടറി വി.അബ്ബാസ് എന്നിവർ അറിയിച്ചു.

മേലൂരിൽ നിന്നു എക്സൈസ് പിടികൂടിയത് 1300 ലിറ്റർ വാഷും ഉപകരണങ്ങളും

ചാലക്കുടി: മേലൂരിൽ നിന്നും വീണ്ടും വ്യാജൻ. എക്സൈസ് പിടികൂടിയത് 1300 ലിറ്റർ വാഷും ഉപകരണങ്ങളും.മേലൂർ കുന്നപ്പിള്ളിയിൽ പുഴയോരത്ത് നിന്നുമാണ് ചാലക്കുടി എക്സൈസ് റെയ്ഞ്ച് ഇൻസ്പെക്റ്റർ അശ്വിൻ കുമാറിന് ലഭിച്ച രഹസ്യവിവരത്തിന്റെ അടിസ്ഥാനത്തിൽ നടത്തിയ പരിശോധനയിലാണ് ചാരായം ഉൽപ്പാദിപ്പിക്കുന്നതിനായി തയ്യാറാക്കി സൂക്ഷിച്ചിരുന്ന 1300 ലിറ്റർ വാഷും വാറ്റുവാൻ ഉപയോഗിച്ച ഉപകരണങ്ങളും ചാലക്കുടി റേഞ്ച് ഇൻസ്പെക്റ്ററുടെയും സംഘ ത്തിന്റെയും നേതൃത്വത്തിൽ കണ്ടെടുത്ത് നശിപ്പിച്ചത്.കുന്നപ്പിള്ളിയിലെ പുഴയോരത്ത് നിന്നുമാണ് വ്യാജനെ പിടികൂടിയത്.ഓണവിപണി ലക്ഷ്യമാക്കി ചാരായം വിൽപ്പന നടത്തുന്നതിനു വേണ്ടിയാണ് വാഷ് സൂക്ഷിച്ചിരുന്നതെന്നും പ്രതിയെക്കുറിച്ച് സൂചന ലഭിച്ചിട്ടുണ്ടെന്ന് എക്സൈസ് ഉദ്യോഗസ്ഥർ പറഞ്ഞു.ഓണം മുൻ നിർത്തി ചാലക്കുടി എക്സൈസ് പരിശോധനകൾ ശക്തമാക്കിയിട്ടുണ്ട്.കഴിഞ്ഞ ദിവസവും കുന്നപ്പിള്ളി പ്രദേശത്ത് നിന്നും 440 ലിറ്റർ വാഷ് എക്സൈസ് പിടികൂടിയിരുന്നു.സംഘത്തിൽ പ്രിവന്റീവ് ഓഫീസർമാരായ പി.കെ.വിജയൻ, കെ.വി.ജീസ്മോൻ,ഗ്രേഡ് പ്രിവന്റീവ് ഓഫീസർമാരായ കെ.വി. എൽദോ, പി.പി.ഷാജു,സിവിൽ എക്സൈസ് ഓഫീസർ എ.ടി.ഷാജു,എക്സൈസ് ഡ്രൈവർ സി.ജി. ഷാജു എന്നിവർ പങ്കെടുത്തു. എക്സൈസ് ഇൻസ്പെക്റ്ററുടെ 9400069594 എന്ന നമ്പറിൽ വിളിച്ച് പൊതുജനങ്ങൾക്ക് പരാതികൾ അറിയിക്കാവുന്നതാണ്.

മാണിയം കാവിലെ കട കത്തി നശിച്ച നിലയിൽ

കട കത്തി നശിച്ചു

മാള: മാണിയം കാവിൽ ഫ്രിഡ്ജ്, എ.സി. റിപ്പയറിംഗ് കട കത്തി നശിച്ചു. മാണിയംകാവിൽ പ്രവർത്തിച്ചുകൊണ്ടിരുന്ന ചോമാട്ടിൽ സജീവന്റെ ഉടമസ്ഥതയിലുള്ള ഫ്രിഡ്ജ്, എയർകണ്ടീഷൻ റിപ്പയറിങ് കട ഞായറാഴ്ച പുലർച്ചെ കത്തി നശിച്ചു.കടയിൽ ഉണ്ടായിരുന്നതും, റിപ്പയറിംഗിന് കൊണ്ടുവന്നതുമായ മുഴുവൻ സാധനങ്ങളും കത്തി ചാമ്പലായി. കണ്ടയിൻമെന്റ് സോണിലായിരുന്നതിനാൽ 2 ആഴ്ച്ചയായി കട മുടക്കിയിരിക്കുകയായിരുന്നു. ഏകദേശം 5 ലക്ഷം രൂപയുടെ നാശനഷ്ടം ഈ കടയ്ക്ക് ഉണ്ടായിട്ടുള്ളതായി കണക്കാക്കുന്നു. സമീപത്തുള്ള ജനസേവന കേന്ദ്രമുൾപ്പെടെ മറ്റ് 4 കടകൾക്കും തീപ്പിടുത്തത്തിൽ സാരമായ നാശനഷ്ടം സംഭവിച്ചിട്ടുണ്ട്.പുലർച്ചെ ഇത് വഴി കടന്നുപോയ വഴിയാത്രക്കാരുടെ സന്ദർഭോചിതമായ ഇടപെടൽ മൂലം പോലീസിൽ അറിയിക്കുകയും മാളയിൽ നിന്നും കൊടുങ്ങല്ലൂർ നിന്നും ഫയർഫോഴ്സ് എത്തിചേർന്ന് തീ അണച്ചതിനാൽ വൻ നാശനഷ്ടം ഒഴിവാക്കാനായി. നാശനഷ്ടം സംഭവിച്ച കടയുടമകൾക്കും, കെട്ടിടമുടമയ്ക്കും മതിയായ നഷ്ടപരിഹാരം ലഭ്യമാക്കണമെന്ന് പുത്തൻചിറ മർച്ചന്റ്സ് അസോസിയേഷൻ പ്രസിഡന്റ് എം.ബി സെയ്തു ആവശ്യപ്പെടുകയും സന്ദർഭോചിതമായി ഇടപ്പെട്ട് വൻ ദുരന്തം ഒഴിവാക്കിയ പൊതുപ്രവർത്തകനായ സൈനുദ്ദീൻ കുന്നത്തേരിയെ അഭിനന്ദിക്കുകയും ചെയ്തു.

തൃശൂരിലെ ഇന്റീരിയർ ഡിസൈനേഴ്സായ സ്പ്രിങ് ഇന്റീരിയേഴ്സും സിസിടിവി ഓട്ടോമേഷൻ രംഗത്തെ പ്രമുഖരായ ഫോക്കസ് ഓണും ചേർന്ന് തൃശൂർ ടൗൺ പൊലീസ് കൺട്രോൾ റൂമിലേക്ക് ഓട്ടോമാറ്റിക് ടച്ച് ഫ്രീ ഹാന്റ് സാനിറ്റൈസർ ഡിസ്പെൻസർ നൽകുന്നു

കൗമാരക്കാരന്റെ രക്ഷകനായ സതീഷിന് നാട്ടുകാരുടെ അഭിനന്ദന പ്രവാഹം

ലിന്റീഷ് ആന്റോ

മാള: വെള്ളത്തിൽ മുങ്ങി താണ കൗമാരക്കാരന്റെ രക്ഷകനായി സതീഷ്.ശനിയാഴ്ച വൈകീട്ട് നാലരയോടെയാണ് സംഭവം. പുപ്പത്തി സ്വദേശികളായ മൂന്ന് വിദ്യാർഥികൾ താണിക്കാട് പാംകുളത്തിന് സമീപം എത്തുകയായിരുന്നു.ഇവർ കുളത്തിന് കരയിൽ വെള്ളം നിറഞ്ഞ് കിടക്കുന്ന കുളത്തിന്റെ ഭംഗി ആസ്വദിച്ച് നിന്നപ്പോൾ ഒരു കുട്ടി കാൽ വഴുതി കുളത്തിലേക്ക് വീഴുകയായിരുന്നു. കുളത്തിന്റെ ആഴമുള്ള ഭാഗത്തേക്ക് വീണതിനാൽ കുട്ടുകാർക്ക് അവനെ രക്ഷിക്കാനും കഴിയാത്ത സ്ഥിതിയായി. കരയ്ക്ക് നില്ക്കുന്ന കുട്ടികൾ ഭയചകിതരായതിനാൽ ഉറക്കെ നിലവിളിക്കാനും സാധിക്കാത്ത അവസ്ഥയിലായി. എന്തോ ശബ്ദം കേട്ട് അടുത്ത പാടത്തിലെ തോട്ടിൽ കരിങ്കൽ ഭിത്തി കെട്ടുകയായിരുന്ന സതീശനും കൂട്ടുകാരും കുളത്തിനടുത്തേക്ക് ഓടി എത്തുകയായിരുന്നു. കുട്ടി കുളത്തിൽ മുങ്ങി താഴുന്നത് കണ്ട സതീശൻ തന്റെ ജീവൻ പോലും നോക്കാതെ വെള്ളം നിറഞ്ഞ് കിടക്കുന്ന കുളത്തിലേക്ക് എടുത്ത് ചാടി കുട്ടിയെ എടുത്ത് കരയ്ക്ക് എത്തിക്കുകയായിരുന്നെന്ന് ദൃക്സാക്ഷി

കൾ പറയുന്നു.സതീശന്റെ വീടിന് സമീപത്തെ കുളമായതിനാൽ കുളത്തിന്റെ വിസ്തൃതിയെ കുറിച്ചും, ആഴത്തെ കുറിച്ചും സതീശന് നല്ല ധാരണ ഉണ്ടായതും കുട്ടിയുടെ ജീവൻ രക്ഷിക്കാൻ തുണയായി. കരയിൽ ഓടികൂടിയവർ ഉടൻ ഓട്ടോറിക്ഷയിൽ കുട്ടിയേയും കൊണ്ട് മാളയിലെ ആശുപത്രിയിൽ എത്തിയതിനാൽ ഒരു ആപത്തിൽ നിന്നും കുട്ടി രക്ഷപ്പെടുകയായിന്നു .സതീശന്റെ ധീരോജിതമായ ഇടപെടൽ ഒരു കൗമാരജീവിതം രക്ഷപ്പെടുത്തിയ വിവരം നവ മാധ്യമങ്ങളിലൂടെ അറിഞ്ഞ നാട്ടുകാരുടേയും സുഹൃത്തുക്കളുടേയും അഭിനന്ദന പ്രവാഹമാണ് സതീശന് ഇപ്പോൾ.

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.227 RNI No. KERMAL/2009/31362, Printed at ORUMA PRINTERS & PUBLISHERS Ltd, Door No. X/536, Sreesankara Industrial Estate, Chiyyaram, Thrissur-680026 and published from Vaartha News Network Pvt.Ltd, Suncity, IInd Floor, RoomNo. 14/488/30, P.O. Koorkanchery, Thrissur- 680007, Ph: 0487 2444489. Email: tcrbureau@metrovaartha.com

മെട്രോ വാർത്ത
ലോകാഃ സമസ്താഃ സുഖിനോ ഭവന്തു
1195 ചിങ്ങം 08 മുഹറം 04
2020 ഓഗസ്റ്റ് 24 തിങ്കൾ

കൊവിഡ് കാലത്തെ തെരഞ്ഞെടുപ്പുകൾ

കൊവിഡ് വ്യാപനം രാജ്യത്തെ ജനാധിപത്യ പ്രക്രിയയെ തടസപ്പെടുത്താതിരിക്കുന്നതിന് തെരഞ്ഞെടുപ്പ് കമ്മിഷൻ ഇലക്ഷൻ നടത്തിപ്പ് സംബന്ധിച്ച വിശാലാടിസ്ഥാനത്തിലുള്ള മാർഗ നിർദേശങ്ങൾ പുറപ്പെടുവിച്ചിരിക്കുകയാണ്. കൊവിഡ് പ്രോട്ടോകോൾ പാലിച്ചുകൊണ്ട് വോട്ടർമാരും സ്ഥാനാർഥികളും തെരഞ്ഞെടുപ്പ് ഉദ്യോഗസ്ഥരും കൈകോർത്തു നീങ്ങിയാൽ കാര്യങ്ങൾ സുഗമമാകുമെന്നാണ് കമ്മിഷൻ പ്രതീക്ഷിക്കുന്നത്. രാജ്യസഭാ സീറ്റുകളിലേക്കുള്ള തെരഞ്ഞെടുപ്പും ചില ഉപതെരഞ്ഞെടുപ്പുകളും വിജയകരമായി നടത്തിയിട്ടുണ്ടെങ്കിലും നവംബറിൽ ബിഹാറിലെ നിയമസഭാ തെരഞ്ഞെടുപ്പ് നടത്താനായാലേ കാര്യക്ഷമതയുടെ വിജയം ഉറപ്പാക്കാനാകൂ. പ്രചാരണവും മറ്റും ഡിജിറ്റലാക്കുമ്പോൾ രാഷ്ട്രീയ കക്ഷികൾക്കും സ്ഥാനാർഥികൾക്കും മാത്രമല്ല, വോട്ടർമാർക്കും തുല്യാവസരം ലഭിക്കുമോ എന്ന ശങ്കയുമുണ്ട്.

മാസ്കും സാമൂഹ്യ അകലവും സുരക്ഷാ മാനദണ്ഡങ്ങളും പാലിച്ചേ വോട്ടർമാർക്ക് സമ്മതിദാനം നിർവഹിക്കാനാകൂ. അവർ കൈകളിൽ ഗ്ലൗസും ധരിച്ചിരിക്കണം. തിരിച്ചറിയലിനായി ആവശ്യപ്പെടുമ്പോൾ മാത്രമേ മാസ്ക് മാറ്റേണ്ടതുള്ളൂ. രോഗലക്ഷണമുള്ളവർക്കും പനിയുള്ളവർക്കും ടോക്കൺ നൽകി പ്രത്യേക സമയം അനുവദിക്കുമെന്ന നിർദേശം മറ്റുള്ളവരുടെ സുരക്ഷയെ കരുതിയാകാം, പക്ഷേ പ്രായോഗികമല്ല. അങ്ങനെയുള്ളവരോട് കാത്തിരിക്കാനോ, വീണ്ടും വരാനോ പറയുന്നത് കൂടുതൽ ബുദ്ധിമുട്ട് സൃഷ്ടിക്കുകയേയുള്ളൂ. എൺപത് വയസിന് മേൽ പ്രായമുള്ളവർക്കും ക്വാറന്റൈനിലോ, ഏകാന്തവാസത്തിലോ ഉള്ളവർക്കും അവശ്യ സർവീസിൽ ഉള്ളവർക്കും തപാൽ വോട്ട് സൗകര്യം നൽകാനാണ് തീരുമാനം. ഇത് പോളിങ് ശതമാനം ഉയർത്താൻ സഹായിക്കും. എന്നാൽകുറ്റമറ്റതാക്കിയില്ലെങ്കിൽ ഇത് ദുരുപയോഗം ചെയ്യാനും സാധ്യതയുണ്ട്.

പോളിങ് ഉദ്യോഗസ്ഥരുടെ ജോലിയിലും മാറ്റം വരുന്നുണ്ട്. പോളിങ് ബൂത്തുകളിൽ സാനിറ്റൈസറും സോപ്പും വെള്ളവും നേരത്തേ തന്നെ ഒരുക്കിവയ്ക്കേണ്ടി വരും. ബൂത്തിലെ ക്യൂ നിശ്ചയിക്കുമ്പോൾ പാലിക്കേണ്ട അകലം വ്യക്തമാക്കി വൃത്തം വരച്ചോ മറ്റോ അടയാളപ്പെടുത്തേണ്ടതുണ്ട്. സ്ത്രീകൾക്കും പുരുഷന്മാർക്കും ഭിന്നശേഷിക്കാർക്കും വേണ്ടി പ്രത്യേക ക്യൂ തയാറാക്കുകയും ശാരീരിക അകലം പാലിക്കേണ്ടതിനാൽ മറ്റുള്ളവർക്ക് കാത്തിരിക്കാനുള്ള കസേരകളും സൗകര്യങ്ങളും ഒരുക്കുകയും ചെയ്യേണ്ടി വരുന്നത് ഇതാദ്യമായാണ്. പോളിങ്, കൗണ്ടിങ് വേളയിലുള്ള നിയന്ത്രണങ്ങൾ നിഷ്കർഷയോടെ പാലിക്കേണ്ടിവരും. വിശാലമായ പോളിങ് ബൂത്തുകൾ കണ്ടെത്തുകയെന്നതാണ് മറ്റൊരു വെല്ലുവിളി. സാമൂഹ്യ അകലം നിർബന്ധമായതിനാൽ കൂടുതൽ ബൂത്തുകളും ക്രമീകരിക്കേണ്ടതുണ്ട്. ഒരു ബൂത്തിലെ വോട്ടർമാരുടെയെണ്ണം ആയിരത്തിനുള്ളിൽ നിർത്തേണ്ടിവരും.

സ്ഥാനാർഥികൾക്ക് വോട്ടർമാരെ നേരിൽ കണ്ട് വോട്ട് തേടാൻ അവസരം നൽകുന്ന, വീടുകൾ കയറിയിറങ്ങിയുള്ള പ്രചാരണത്തിന് വിലക്കില്ലെങ്കിലും സ്ഥാനാർഥിക്ക് സ്വന്തം പടയുടെ അംഗസംഖ്യ കൂട്ടാനാവില്ല. പരമാവധി നാലു പേരെ മാത്രമേ ഒപ്പം അനുവദിക്കൂ. റോഡ് ഷോകൾക്ക് പത്തു വാഹനങ്ങൾ എന്നത് അഞ്ചു വീതം അര മണിക്കൂർ ഇടവിട്ട് എന്നു പറയുന്നുണ്ട്. ജില്ലാ ഭരണകൂടത്തിന്റെ അനുമതിക്ക് അനുസൃതമായി റാലിക്കും അനുവാദം നൽകുന്നു. തെരഞ്ഞെടുപ്പ് കമ്മിഷൻ മുന്നിൽ കാണുന്ന സാഹചര്യങ്ങളെല്ലാം രാഷ്ട്രീയ കക്ഷികൾ ഇതിനകം ഉൾക്കൊണ്ടിട്ടുണ്ട് എന്നു വ്യക്തമാക്കുന്നതാണ് അവരുടെ തയാറെടുപ്പുകൾ. പല പാർട്ടികളും വെർച്വൽ റാലികൾ സംഘടിപ്പിച്ച് ഗുണദോഷങ്ങൾ മനസിലാക്കിക്കഴിഞ്ഞു. വിഡിയോ കോൺഫറൻസുകളും പതിവാണ്. യാത്രാ ചെലവും സംഘാടനത്തിലെ ക്ലേശങ്ങളും ഗണ്യമായി കുറയുന്നതിനാൽ ദേശീയ കക്ഷികൾക്ക് ഡിജിറ്റൽ, വെർച്വൽ സാങ്കേതിക വിദ്യയോടാണ് താത്പര്യം.

ഈ കൊവിഡ് കാല നിയന്ത്രണങ്ങൾക്കിടയിൽ ലോകത്ത് ഏതാണ്ട് മൂന്നു ഡസൻ രാജ്യങ്ങൾ ദേശീയ തെരഞ്ഞെടുപ്പ് നടത്തിയിട്ടുണ്ട്. എന്നാൽ ലോകത്തിലെ ഏറ്റവും വലിയ ജനാധിപത്യ രാജ്യത്ത് അത് നടക്കുമ്പോൾ പല ഘടകങ്ങളും നിർണായകമാണ്. ഡിജിറ്റൽ പ്രചാരണവും സാമൂഹ്യ മാധ്യമങ്ങളും അരങ്ങ് കൈയടക്കുമ്പോൾ കണക്റ്റിവിറ്റി എന്നത് വളരെ പ്രധാനം. ബിഹാർ പോലുള്ള ഒരു സംസ്ഥാനത്തെ ഗ്രാമീണ ജനതയെ തെരഞ്ഞെടുപ്പിന് സജ്ജരാക്കുകയെന്നത് ചെറിയ കാര്യമല്ല. ശേഷിയും ശേമുഷിയുമുള്ള ദേശീയ പാർട്ടികളുടെ പ്രചാരണ ശക്തിക്കു മുന്നിൽ പ്രാദേശിക പാർട്ടികളും ചെറുകക്ഷികളും ലില്ലിപ്പുട്ടുകാരെ പോലെയാകും. സാമൂഹ്യ മാധ്യമങ്ങളിലൂടെയുള്ള വ്യാജവാർത്തകളും വിദ്വേഷ പ്രസംഗങ്ങളും നടത്തുന്നവരെ നിശബ്ദരാക്കാൻ തെരഞ്ഞെടുപ്പ് കമ്മിഷൻ എന്തുചെയ്യും എന്നതിനും ഉത്തരമുണ്ടാകണം. നീതിയുക്തമായ ജനവിധിയുണ്ടാകുമെന്ന് ഉറപ്പു വരുത്തേണ്ടത് ഈ കൊവിഡ് കാലത്ത് അനിവാര്യമാണ്. ബിഹാർ അതിന്റെ ഉരകല്ലാകുന്നു.

മാർകേസും ആ മൂവർസംഘവും

അക്ഷരജാലകം
എം.കെ. ഹരികുമാർ
9995312097
Email : mkharikumar797@gmail.com

വിഖ്യാത കൊളംബിയൻ നോവലിസ്റ്റ് ഗബ്രിയേൽ ഗാർസിയ മാർകേസിന്റെ (1927-2014) ഭാര്യ മെഴ്സിഡസ് ബാർച്ച പരോദ കഴിഞ്ഞ 15 ന് അന്തരിച്ച പശ്ചാത്തലത്തിൽ, അദ്ദേഹത്തിന്റെ മഹാവിജയത്തിന്റെ പിന്നിലെ ശക്തികളെ പരിശോധിക്കാം.

മാർകേസ് ലോകത്തിലെ സീരിയസ് നോവൽ വായനക്കാരുടെ ബന്ധുവാണ്. 1967 മുതൽ ലോകം എപ്പോഴും കേൾക്കാൻ ആഗ്രഹിക്കുന്ന സാഹിത്യ നാമമാണത്. അത് കേവലം ഒരു വ്യക്തിയുടെ പേരല്ല. അത് ലാറ്റിനമേരിക്കയുടെ ചരിത്രത്തിന്റെ പൂട്ടാണ്. അത് ഒരു പ്രത്യേക റിയലിസത്തിന്റെ മാനസികാവസ്ഥയാണ്. അതിനെ മാജിക്കൽ റിയലിസം എന്നാണ് വിളിക്കുന്നത്. മാർകേസ് എന്നത് സ്പാനീഷ് സാഹിത്യത്തിന്റെ ആകെ പേരാണെന്ന് പറയുന്നതാണ് ശരി. അത് ലാറ്റിനമേരിക്കയുടെ ചരിത്രത്തിലേക്കുള്ള ഒരു കുറുക്കുവഴിയാണ്. അദ്ദേഹത്തിന്റെ 'വൺ ഹൺഡ്രഡ് ഇയേഴ്സ് ഓഫ് സോളിറ്റ്യൂഡ് ' (ഏകാന്തതയുടെ ഒരു നൂറ് വർഷങ്ങൾ) എന്ന നോവലാണ് എല്ലാറ്റിനും കാരണം! ഇതിനെ മുൻനിറുത്തിയാണല്ലോ മാർകേസിനു നോബൽ പ്രൈസ് (1982) ലഭിച്ചത്. അത് സ്പാനിഷ് ഭാഷയിൽ പുറത്തിറങ്ങിയതു മുതൽ ഒരു കുതിപ്പായിരുന്നു. പകർച്ചവ്യാധിയുടെ വേഗത്തിൽ വിറ്റഴിഞ്ഞു. ഈ ഭാഷയിൽ ഇതിനേക്കാൾ വിറ്റഴിഞ്ഞ ഒരു പുസ്തകമേയുള്ളൂ. അത് ബൈബിളാണ്. അമ്പത് ദശലക്ഷം കോപ്പി വിറ്റഴിക്കപ്പെട്ട നോവൽ നാല്പത്തിയാറ് ഭാഷകളിൽ പുറത്തിറങ്ങി. ഇത് നോവലിന്റെ മഹാ ആഘോഷമാണ്; അല്ല നോവലിസ്റ്റിന്റെ ആഘോഷമാണ്.

ഗബ്രിയേൽ ഗാർസിയ മാർകേസും ഭാര്യ മെഴ്സിഡസ് ബാർച്ച പരോദയും

മെഴ്സിഡസ് ബാർച്ച

എന്നാൽ മാർകേസിന്റെ വിജയം എങ്ങനെയാണ് ഉണ്ടായത് ? അതിൽ മൂന്ന് വ്യക്തികൾ നിർണായകമാണ്. ആദ്യത്തെയാൾ മാർകേസിന്റെ ഭാര്യ മെഴ്സിഡസ് ബാർച്ചയാണ്. അവരെ അദ്ദേഹം ചെറുപ്പത്തിലേ തന്നെ കണ്ടെത്തിയതാണ്. പതിമൂന്നാം വയസിൽ തന്നെ വിവാഹാഭ്യർഥന നടത്തി. വർഷങ്ങൾ കത്തിരുന്ന് വിവാഹിതരായി. എൺപത്തിയേഴാം വയസിലാണ് മെക്സിക്കോയിൽ മെഴ്സിഡസ് വിടവാങ്ങിയത്.

1958ലായിരുന്നു വിവാഹം. ആ കാലത്ത് അവർ സാമ്പത്തിക ദുരിതത്തിലായിരുന്നു. 1961 ൽ മെക്സിക്കോയിൽ വന്ന് താമസം തുടങ്ങിയ ശേഷമാണ്, നേരത്തേ തുടങ്ങിവച്ച 'ഏകാന്തതയുടെ ഒരു നൂറ് വർഷങ്ങളു'ടെ എഴുത്ത് പുനരാരംഭിച്ചത്. ജോലിയില്ലാത്ത കാലം മാർകേസിനെ വേട്ടയാടി. സിഗരറ്റ് വാങ്ങാൻ പോലും പണമില്ലായിരുന്നു. വീട്ടുസാധനങ്ങൾ വിറ്റും പണയം വച്ചും കടം വാങ്ങിയുമാണ് കഴിഞ്ഞത്. എല്ലാം മെഴ്സിഡസ് ഒറ്റയ്ക്കാണ് നോക്കിയത്. നോവൽ പൂർത്തിയായ ശേഷം 490 പേജുള്ള കോപ്പി ബ്യൂനസ് അയേഴ്സിലെ (അർജന്റീന) ഒരു പ്രസാധകനു അയച്ചുകൊടുക്കണമായിരുന്നു. മാർകേസും ഭാര്യയും പോസ്റ്റ് ഓഫീസിൽ ചെന്നപ്പോൾ തപാൽ ചാർജായി എൺപത്തിമൂന്ന് പെസോസ് (കറൻസി) ആവശ്യപ്പെട്ടു. അത്രയും പണം ഇല്ലാത്തതുകൊണ്ട് നോവൽ രണ്ടായി പകുത്ത് ആദ്യഭാഗം അയച്ചു. ബാക്കി പിന്നീടാണ് അയച്ചത്. എന്നാൽ നോവൽ പുറത്തു വന്നതോടെ ദമ്പതികളുടെ ജീവിതം അതിവേഗം മുന്നേറി.

കാർമെൻ ബാൽസെൽസ്

മാർകേസിന്റെ സാഹിത്യജീവിതത്തെ മാറ്റിമറിച്ച രണ്ടാമത്തെ വ്യക്തി ലോകം കണ്ട ഏറ്റവും വലിയ ലിറ്റററി ഏജന്റായ കാർമെൻ ബാൽസെൽസ് എന്ന വനിതയാണ്. അവരായിരുന്നു മാർകേസിന്റെ ഏജന്റ് . 1960 മുതൽ 1980 വരെ ലാറ്റിനമേരിക്കൻ സാഹിത്യത്തിന്റെ വസന്തകാലമായിരുന്നു. ലോകത്തിന്റെ ശ്രദ്ധ ആ കാലത്ത് ലാറ്റിനമേരിക്കയിലേക്ക് തിരിഞ്ഞു. ഇതിനു കാരണക്കാരി കാർമെനായിരുന്നു. അവർക്ക് മുന്നൂറോളം എഴുത്തുകാരുടെ ഇടുപാടുകൾ നടത്താനുണ്ടായിരുന്നു.

പാരീസിൽ കാർമെൻ നടത്തിയ കാർമെൻ ബാൽസെൽസ് ലിറ്റററി ഏജൻസി (1956) എഴുത്തുകാർക്ക് വേണ്ടി നിയമങ്ങൾ പൊളിച്ചെഴുതി. അവർ വിദേശ സ്ഥാപനങ്ങളുമായി പരിഭാഷയ്ക്കും പ്രസാധനത്തിനുമായി കരാറുകളുണ്ടാക്കി. അവരുടെ കരാറുകളിലൂടെയാണ് മാർകേസ് ഉൾപ്പെടെ ലാറ്റിനമേരിക്കൻ എഴുത്തുകാർ ധനികരായത്. കാർമെൻ എഴുത്തുകാർക്ക് പ്രയോജനകരമായാണ് കരാർ ഉണ്ടാക്കിയത്. പരിഭാഷയ്ക്ക് കുറഞ്ഞ കാലാവധിയാണ് നല്കുക. പകർപ്പവകാശം രചയിതാവിനു തന്നെ നല്കി.

പലർക്കും മുഴുവൻ സമയ എഴുത്തുകാരായി തുടരാൻ കാർമെന്റെ ഇടപെടലുകൾ സഹായിച്ചു. മാർകേസിനു കാർമെനുമായി അത്മബന്ധമായിരുന്നു. അദ്ദേഹം അവർക്ക് പുസ്തകങ്ങൾ സമർപ്പിച്ചിട്ടുണ്ട്. നാല്പത്തഞ്ച് ലോകഭാഷകളിൽ 'ഏകാന്തതയുടെ ഒരു നൂറ് വർഷങ്ങൾ 'എത്തിച്ച അത്ഭുത വനിതയാണ് കാർമെൻ .

ഗ്രിഗറി റബാസ

മാർകേസിന്റെ സർവവ്യാപനത്തിനു കാരണമായ മൂന്നാമത്തെയാൾ പരിഭാഷകനായ ഗ്രിഗറി റബാസയാണ്.

അദ്ദേഹം കൊളംബിയ യൂണിവേഴ്സിറ്റിയിലെ പ്രൊഫസറായിരുന്നു. അദ്ദേഹവും ഒരു മഹാത്ഭുതമാണ്. അദ്ദേഹം സ്പാനിഷ് ഭാഷയിലെ നവതരംഗത്തിൽപ്പെട്ട മിക്ക കൃതികളും ഇംഗ്ലീഷിലെത്തിച്ചു. റബാസ പരിഭാഷപ്പെടുത്തിയതെല്ലാം നന്നായി സ്വീകരിക്കപ്പെട്ടു. ഒറിജിനലിനെ വെല്ലുന്ന പരിഭാഷയാണ് റബാസയുടേത്. അതുകൊണ്ടാണ് മാർകേസ് പറഞ്ഞത് തന്റെ സ്പാനിഷ് ഭാഷയിലുള്ള നോവലിനേക്കാൾ മികച്ചതാണ് റബാസയുടെ പരിഭാഷയെന്ന്.

നോവലിസ്റ്റ് വലേജോ കോർത്തസാർ പറഞ്ഞതനുസരിച്ചാണ് ഏകാന്തതയുടെ ഒരു നൂറ് വർഷങ്ങൾ റബാസ ഏറ്റെടുത്തത്. എന്നാൽ മാർകേസ് ഇതിനായി വർഷങ്ങൾ തന്നെ കാത്തിരിക്കേണ്ടി വന്നു. റബാസ ഇല്ലായിരുന്നെങ്കിൽ ഒരു ലാറ്റിനമേരിക്കൻ സാഹിത്യവസന്തം ഉണ്ടാകില്ലായിരുന്നു.

മാർകേസ് വിടവാങ്ങിയതിനു പിന്നാലെ ആ മൂവർ സംഘവും ഇതാ കളിസ്ഥലം ഒഴിച്ചിട്ട് പിൻവാങ്ങിയിരിക്കുന്നു. ഇവർ ലോകത്തെ മാറ്റി. പുതിയൊരു സാഹിത്യസാരസ്വതം ഇവർ സംഭാവന ചെയ്തു. ഈഫൽ ടവർ പോലെ ഒരു പുതിയ അനുഭവം സാഹിത്യത്തിൽ സൃഷ്ടിക്കാൻ, ലോകത്തെ മുഴുവൻ നൂറു വർഷങ്ങളുടെ ഏകാന്തത അനുഭവിപ്പിക്കാൻ അവർക്ക് കഴിഞ്ഞു. ശരിക്കും അതൊരു വിപ്ലവമായിരുന്നു. എഴുത്തുകാരുടെ അസ്തിത്വത്തെ തന്നെ പുനർ നിർവചിച്ച കാലമാണ് കടന്നു പോയത്.

ഏകാന്തതയുടെ ഒരു നൂറ് വർഷങ്ങൾ സ്പാനിഷിലും ഇംഗ്ലീഷിലും വന്നതുകൊണ്ടാണ് തിരിച്ചറിയപ്പെട്ടത്. ആ നോവൽ ആദ്യം മലയാളത്തിലാണ് വന്നതെങ്കിൽ വായിക്കാൻ കൊള്ളാത്തത് എന്ന് വിലയിരുത്തപ്പെടുമായിരുന്നു.

നോവലിൽ, വെളിപാടെന്ന പോലെ മാർകേസ് എഴുതിയ ഒരു വാക്യമുണ്ട്: 'വസ്തുക്കൾക്ക് അവയുടേതായ ഒരു ജീവിതമുണ്ട്. അവയുടെ ആത്മാവിനെ ഒന്നുണർത്തുകയേ വേണ്ടൂ.' ഈ താക്കോൽ ഉപയോഗിച്ചാണ് അദ്ദേഹം എഴുതിയത്. ഒരു സാങ്കല്പിക ഗ്രാമത്തിലെ തലമുറകളുടെ കഥയാണ് പറയുന്നത്. മുഷിപ്പുണ്ടാക്കാവുന്ന വിഷയമാണ്. എന്നാൽ നോവലിസ്റ്റ് ആ മുഷിപ്പല്ല, അതിശയങ്ങളാണ് ബാക്കിവച്ചത്. ജീവിതം അതിശയകരമായ യാഥാർഥ്യമാണ്. രക്തം മുറിയിൽ നിന്നിറങ്ങി, ജീവനുള്ള വസ്തുവിനെപ്പോലെ, തെരുവിലൂടെ സഞ്ചരിച്ച്, കയറ്റം കയറി വീട്ടിലേക്ക് ചെന്ന് അടുക്കളയിലെത്തുന്നത് ദൈനംദിന യാഥാർഥ്യമല്ല; അത് നമ്മുടെ ഭാവനയുടെ യാഥാർഥ്യമാണ്. അവിശ്വസിനീയമായ യാഥാർഥ്യമാണ്. എന്തും സംഭവിക്കാവുന്ന ജീവിതത്തിൽ, ഏത് തരം ആലോചനയും ഭ്രാന്തമായിത്തീരും.

കാലമുദ്രകൾ



മമ്മൂട്ടി

സിനിമയോടുള്ള തന്റെ അഭിനിവേശം സഫലമാക്കുന്നതിൽ എം.ടി.യുടെ രചനകൾക്ക് പങ്കുണ്ടെന്ന് മമ്മൂട്ടി പറയുന്നതിൽ സൗന്ദര്യമുണ്ട്. നാലുകെട്ട് വായിച്ചപ്പോൾ അതിലെ കഥാപാത്രമായി, സംഭാഷണങ്ങൾ ഉരുവിട്ടുകൊണ്ടാണ് അഭിനയം പരിശീലിച്ചതെന്ന് വിനയത്തോടെ അദ്ദേഹം വെളിപ്പെടുത്തുന്നു .

കെ.എം. തരകൻ

'താൻ നോവലിൽ ഒരു സ്പെഷ്യലിസ്റ്റ് ആണെന്ന് സാഹിത്യവിമർശകനായ കെ.എം.തരകൻ പറയുമായിരുന്നു.

റോസി തോമസ്

സി.ജെ.തോമസിന്റെ ഭാര്യ എന്നതിലുപരി വിമർശകനായ എം.പി.പോളിന്റെ മകൾ എന്ന നിലയിലാണ് റോസി തോമസ് എന്തും ഏത് സമയത്തും വെട്ടിത്തുറന്ന് പറഞ്ഞത്. എം.പി.പോളിന്റെ മുൻപിൽ സി.ജെ.ആരുമല്ല എന്ന് അവർ പറഞ്ഞിട്ടുണ്ട്.

ജോസഫ് മുണ്ടശ്ശേരി

മഹാവിമർശകനായിരുന്ന ജോസഫ് മുണ്ടശ്ശേരി ഒരു നോവൽ എഴുതിയിട്ടുണ്ട് - കൊഴിഞ്ഞ ഇലകൾ. അദ്ദേഹത്തിന് ഒരു നോവലിസ്റ്റായി അറിയപ്പെടണമെന്നായിരുന്നു ആഗ്രഹമെന്ന് പ്രമുഖ പത്രപ്രവർത്തകനായിരുന്ന പി.ശ്രീധരൻ പറഞ്ഞതോർക്കുന്നു.

വി.ടി.ഭട്ടതിരിപ്പാട്

ഒരു ഉല്പതിഷ്ണുവാകുന്നത് എങ്ങനെയാണെന്ന് പഠിക്കാൻ വി.ടി.ഭട്ടതിരിപ്പാട് ഒരു ഇൻസ്റ്റിറ്റ്യൂട്ടിലും പോയിട്ടില്ല. ഔപചാരിക വിദ്യാഭ്യാസമില്ലാതിരുന്ന അദ്ദേഹം ഒരു തീപ്പൊരിയായിരുന്നു. 'അടുക്കളയിൽ നിന്ന് അരങ്ങത്തേക്ക്' എന്ന നാടകമെഴുതിയ വി.ടി. മറ്റുള്ളവർക്ക് ഒരു പാഠ്യവിഷയമായിത്തീർന്നു.



വാക്കുകൾ

1) എനിക്ക് അസാധ്യമായ ചിത്രങ്ങളാണ് ഞാൻ വരച്ചിട്ടുള്ളത്; അതെങ്ങനെ സാധ്യമാക്കാമെന്ന് എനിക്ക് പഠിക്കേണ്ടതുണ്ടായിരുന്നു.
-പാബ്ലോ പിക്കാസോ
(സ്പാനിഷ് ചിത്രകാരൻ)

2) ശരത്കാലത്ത് ഞാനൊരു സത്യം തിരിച്ചറിഞ്ഞു; എന്റെയുള്ളിൽ അപ്പോൾ അദൃശ്യമായ വേനലായിരുന്നു.
- ആൽബേർ കമ്യൂ
(ഫ്രഞ്ച് നോവലിസ്റ്റ്)

3) ചില പുസ്തകങ്ങളിൽ വായനക്കാർ അവരുടെ അഭിപ്രായം പേജിന്റെ വശങ്ങളിലും അടിയിലും എഴുതാറുണ്ട്; ഇത് പുസ്തകത്തേക്കാൾ രസകരമാണ്. ഈ ലോകം അതുപോലൊരു പുസ്തകമാണ്.
-ജോർജ് സന്തായന
(സ്പാനിഷ് ,അമെരിക്കൻ ചിന്തകൻ)

4) നമ്മുടേതുപോലെ ഗൗരവമേറിയതാണ് ഉറുമ്പുകളുടെ പ്രശ്നങ്ങളും. എന്നാൽ അവ ഒരു ശബ്ദവുമുണ്ടാക്കുന്നില്ല.
- റസ്കിൻ ബോണ്ട്
(ഇന്ത്യൻ , ബ്രിട്ടീഷ് എഴുത്തുകാരൻ)

5) മിതത്വം ,നന്മ, സത്യം എന്നിവ ഇല്ലാത്ത ഇടങ്ങളിൽ യാതൊരു മഹത്വവുമില്ല .
- ലിയോ ടോൾസ്റ്റോയ്
(റഷ്യൻ നോവലിസ്റ്റ്)

കവിത

വഴിയുടെ ദാർശനികത

വഴി ഒരു ദാർശനികപ്രശ്നമാണ്. ലക്ഷ്യം സാക്ഷാത്കരിക്കുന്നതിലൂടെ വഴി ഇല്ലാതാകുന്നു. വഴി ലക്ഷ്യമല്ല. അതുകൊണ്ട് ഓർമകളിലെ പുരാതന വഴികൾ നാം മണ്ണിട്ട് മൂടരുത്. ഓർമകൾ നിർമിച്ചെടുക്കണം. വഴി എപ്പോഴും പിരിയുകയാണ്. ജനനത്തിന്റെയും മരണത്തിന്റെയും ഓരോ വഴി. കൂട്ടിമുട്ടാത്ത വഴി. മനസിലെ വഴികൾ ജലത്തിലെന്ന പോലെ മാഞ്ഞു പോകുന്നു.

നിഷ ജിജോ എന്ന യുവകവിയുടെ 'വഴി' (എഴുത്ത്, ജൂലൈ) യിൽ ഒരു വഴിവിചാരമുണ്ട്. പർവതങ്ങളും മരുഭൂമികളും അവയുടെ വഴികൾ വായുവിലും വെള്ളത്തിലും ഉപേക്ഷിക്കാറുണ്ടെന്ന് കവി എഴുതുന്നു. കവിയുടെ കാഴ്ചയിൽ മണ്ണിലും മരച്ചില്ലകളിലും ഒരു പോലെ വഴികൾ തേടാവുന്നതാണ്. എന്നാൽ വീട്ടിനുള്ളിലെ വഴികളെക്കുറിച്ച് അത്ര ഉറപ്പില്ല. കവിതയിൽ ഇങ്ങനെ വായിക്കാം:

' വീട്ടിനുള്ളിൽ
നടന്നു നടന്നു
തെറ്റായ വഴികൾ
കണ്ടെടുക്കുക അതികഠിനം'.

അജ്ഞാത വഴികൾ എവിടെ നിന്നോ ഇനിയും വെളിപ്പെടാനുണ്ട്.

മാപ്പ് അർഹിക്കാത്ത ജനവഞ്ചന

വി.എം. സുധീരൻ

തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളത്തിന്റെ സ്വകാര്യവത്കരണം ജനതാൽപര്യങ്ങൾക്കും സംസ്ഥാന താൽപര്യത്തിനും തീർത്തും വിരുദ്ധമാണ്. രാഷ്ട്രത്തിന്റെ പൊതുസമ്പത്ത് സ്വകാര്യ കുത്തകയായ അദാനി ഗ്രൂപ്പിന് തീറെഴുതിക്കൊടുക്കുന്ന നടപടി മാത്രമാണ് അത്. സ്വകാര്യവത്കരിച്ചാലേ വികസനം വരൂ എന്ന തെറ്റായ പ്രചരണങ്ങളിലൂടെ ജനങ്ങളെ തെറ്റിദ്ധരിപ്പിക്കാനാണ് ഇപ്പോഴത്തെ സംഘടിത നീക്കം.

മുപ്പതിനായിരം കോടിയിലേറെ വരുന്ന പൊതുസ്വത്ത് വേണ്ടത്ര നിയന്ത്രണങ്ങളോ നിബന്ധനകളോ ഇല്ലാതെ സ്വകാര്യ കുത്തകയായ അദാനി ഗ്രൂപ്പിന് കൈമാറു ന്നഈ ജനവഞ്ചനയെ എന്തോവലിയൊരു സംഭവമായി ചിത്രീകരിക്കാനാണ് അദാനി സ്പോൺസേഡ് പ്രചാരകർ ശ്രമിക്കുന്നത്.

വസ്തുതകൾക്ക് നിരക്കാത്ത വാദഗതിയാണ് അവരൊക്കെ ഉന്നയിക്കുന്നത്. തിരുവനന്തപുരം വിമാനത്താവളത്തിന്റെ വികസനത്തിനായാലും ജനങ്ങൾക്ക് അധിക സൗകര്യങ്ങൾ ഏർപ്പെടുത്തുന്നതിനായാലും കേന്ദ്ര സർക്കാരിന്റെ കീഴിലുള്ള എയർപോർട്ട് അതോറിറ്റിക്ക് കഴിയുന്നത്ര മറ്റാർക്കുമാകില്ല.

ഇപ്പോൾ തന്നെ സേവനത്തിലും വരുമാനത്തിലും ഈ വിമാനത്താവളം മുന്നിൽ തന്നെയാണ്.

യഥാർഥ സ്ഥിതി ഇങ്ങനെ:

* തിരുവനന്തപുരം അന്തർദേശീയ വിമാനത്താവളം വൻ ലാഭത്തിലാണ് പ്രവർത്തിച്ചുവരുന്നത്. 2017-18 സാമ്പത്തികവർഷത്തിൽ 169.32 കോടി രൂപയാണ് ലാഭം. 2018-19 ൽ ഇത് 179.63 കോടി രൂപയായി ഉയർന്നു. സ്വകാര്യവത്കരണത്തെ മുൻനിർത്തി വിമാനത്താവളത്തിന്റെ വരുമാനം കുറച്ചുകാണിക്കാനുള്ള ഗൂഢനീക്കം വ്യോമയാന മന്ത്രാലയത്തിന്റെ ഭാഗത്തുനിന്നുണ്ടായി. നിരവധി വിമാന സർവീസുകൾ നിർത്തുന്ന സാഹചര്യത്തിലേക്ക് അവർ എത്തിച്ചു.

വിമാനക്കമ്പനികൾ സർവീസുകൾ നടത്താൻ തയാറായെങ്കിലും വ്യോമയാന അധികൃതർ സമ്മതിച്ചില്ല. തുടർന്ന് ഇത്തിഹാദ്, എമിറേറ്റ്സ്, സൗദിയ, ഫ്ലൈ ദുബായ്, മലിന്റോ തുടങ്ങിയ വിമാന സർവീസുകൾ നിർത്തലാക്കി. ജെറ്റ് എയർവെയ്സ് സമ്പൂർണമായി നിർത്തിയതിനു പകരമായി ആ റൂട്ടുകളിൽ സ്പൈസ് ജെറ്റ് സർവീസിനു തയാറായെങ്കിലും അനുവദിച്ചില്ല. സ്വകാര്യവൽക്കരണത്തിന് തിരുവനന്തപുരം വിമാനത്താവളത്തിനെ പാകപ്പെടുത്താൻ വരുമാനം കുറയ്ക്കുക എന്ന സിവിൽ ഏവിയേഷൻ അധികൃതരുടെ കള്ളക്കളികളുടെ ഭാഗമായിരുന്നു ഇതെല്ലാം. ഈ ദുഷ്ടലാക്ക് ഉപേക്ഷിച്ച് തിരുവനന്തപുരം വിമാനത്താവളത്തിലേക്ക് കൂടുതൽ വിമാന സർവീസുകളെത്തിക്കാൻ കേന്ദ്രസർക്കാർ തയാറായാൽ ഈ വിമാനത്താവളം ഇനിയും കൂടുതൽ ലാഭത്തിലെത്താക്കാനാവും.

- യാത്രക്കാരുടെ എണ്ണത്തിൽ വൻ വർധനയാണ് ഉണ്ടായിട്ടുള്ളത്. 2011-12 ൽ ആഭ്യന്തര-വിദേശ യാത്രക്കാരുടെ എണ്ണം 25 ലക്ഷമായിരുന്നത് 2017-18ൽ 44 ലക്ഷമായി ഉയർന്നു. 2018-19ൽ യാത്രക്കാരുടെ എണ്ണം 45.59 ലക്ഷമായി വർധിച്ചു. വരുമാനത്തിലും യാത്രക്കാരുടെ എണ്ണത്തിലും ഇത്രയേറെ മുന്നേറ്റമുണ്ടായ വിമാനത്താവളത്തെ സ്വകാര്യഗ്രൂപ്പിന് കൈമാറുന്നത് തുഗ്ലക് പരിഷ്കാരമാണെന്നതിൽ സംശയമില്ല.
- വികസനത്തിന്റെ കാര്യത്തിലും വൻ മുന്നേറ്റമാണ്. നിലവിലുള്ള 628 ഏക്കറിന് പുറമേ 18 ഏക്കർ ഭൂമി കൂടി ഏറ്റെടുക്കുന്ന പ്രക്രിയ പൂർത്തിയാകുന്നതോടെ പുതിയ ടെർമിനൽ ബിൽഡിങ്ങിന് വഴിയൊരുങ്ങും. അതിനായി 600 കോടി രൂപ അനുവദിക്കപ്പെട്ടിട്ടുണ്ട്. 1,500 കോടി രൂപ ചെലവിൽ നേരത്തെ നടപ്പാക്കിയ വികസന പദ്ധതികൾക്ക് പുറമേയാണിത്.
- ജനഹിതം മാനിച്ചും യാത്രക്കാരുടെ സൗകര്യങ്ങളെ മുൻനിർത്തി തുടർ വികസന പദ്ധതികൾ ഏറ്റെടുക്കുന്നതിനും ആഭ്യന്തര-രാജ്യാന്തര വിമാന സർവീസുകൾ കൂടുതലായി ആരംഭിക്കുന്നതിനും എയർപോർട്ട് അതോറിറ്റിക്ക് കഴിയുന്നതുപോലെ സ്വകാര്യ കുത്തക ഗ്രൂപ്പിന് കഴിയില്ല.
- വിമാനത്താവള നടത്തിപ്പിന് നല്ല പരിചയമുള്ള സംവിധാനമാണ് അനിവാര്യം. അദാനി ഗ്രൂപ്പിന് വിമാനത്താവള നടത്തിപ്പിൽ മുൻപരിചയമില്ല.
- കേന്ദ്ര സർക്കാരിന്റെ വ്യവസ്ഥകളെല്ലാം അദാനിക്ക് വേണ്ടി മാത്രം രൂപപ്പെടുത്തിയിട്ടുള്ളതാണ്. ലേലം ചെയ്യുന്നതിന് ചുരുങ്ങിയ കരുതൽ സംഖ്യ പോലും പറഞ്ഞിരുന്നില്ല.
- മറ്റ് പല വിമാനത്താവളങ്ങളുടെ സ്വകാര്യവൽക്കരണത്തിൽ കേന്ദ്ര സർക്കാർ മുന്നോട്ടുവച്ച നിബന്ധനകൾ തിരുവനന്തപുരത്ത് ഉണ്ടായിരുന്നില്ല. ആന്ധ്രയിലെ ബോഗപുരം ഗ്രീൻഫീൽഡ് വിമാനത്താവളത്തിന് ആദ്യ മൂന്ന് വർഷത്തിനകം 2700 കോടി രൂപ ഉൾപ്പെടെ രണ്ടാംഘട്ടത്തിൽ 4300 കോടി രൂപ നിക്ഷേപിക്കണമെന്നാണ് വ്യവസ്ഥ.
- ഓരോ യാത്രക്കാരിൽനിന്നും ഈടാക്കേണ്ട തുക സംബന്ധിച്ച് യാതൊരു പഠനവും നടത്തിയിരുന്നില്ല.
- ഇപ്പോൾ യൂസർ ഡെവലപ്മെന്റ് ഫീസ് ഇനത്തിൽ ആഭ്യന്തര യാത്രക്കാരിൽ നിന്ന് 506 രൂപ വീതവും വിദേശ യാത്രക്കാരിൽ നിന്ന് 1069 രൂപ വീതവുമാണ് പിരിക്കുന്നത്. ഇതിൽനിന്നും യഥാക്രമം 168 രൂപയും 336 രൂപയും അദാനി എയർപോർട്ട് അതോറിറ്റിക്ക് കൊടുത്താൽ മതി. ഈ ഇനത്തിൽ മാത്രം ഏതാണ്ട് 131 കോടി രൂപ അദാനിക്ക് ഒരു വർഷത്തിൽ ലാഭം കിട്ടും.
- അദാനി ഗ്രൂപ്പിനെ സഹായിക്കുകയെന്ന ഒറ്റ ലക്ഷ്യത്തോടെയാണ് സർവ കരുനീക്കങ്ങളും കേന്ദ്രസർക്കാർ നടത്തിയിട്ടുള്ളത്.
- വിമാനങ്ങളുടെ ലാൻഡിങ്/ ഹൗസിങ് ഫീസുകൾ, കൊമേഴ്സ്യൽ സ്ഥാപനങ്ങളിൽ നിന്നും കാർ പാർക്കിംഗ് സൗകര്യങ്ങൾ ഒരുക്കിക്കൊടുക്കുന്നതിൽ നിന്നുമുള്ള വരുമാനം, പരസ്യങ്ങൾ ഇതെല്ലാം ചേർന്ന് ഒരു വർഷം 98.64 കോടി രൂപ അദാനിക്ക് കിട്ടും.
- ഇതിനെല്ലാം പുറമെയാണ് വിമാനത്താവളത്തിന്റെ 628 ഏക്കർ ഭൂമി. ഇതാണ് അദാനിയുടെ ഏറ്റവും വലിയ ആകർഷണം. ഈ ഭൂമിയിൽ പുതിയ സംരംഭങ്ങൾ ആരംഭിക്കാനും ഭൂമി മറിച്ചു നൽകി വൻതോതിൽ വരുമാനം ഉണ്ടാക്കാനുമാകും.
- എടിസി നടത്തിപ്പിനുവേണ്ടിവരുന്ന ഭാരിച്ച ചെലവിൽനിന്ന് അദാനിയെ ഒഴിവാക്കിയിരിക്കുന്നു എന്നാണ് അറിയുന്നത്.
- എയർപോർട്ട് അതോറിറ്റി നിയമത്തിന് വിരുദ്ധമായി 50 വർഷത്തേക്ക് കരാർ നീട്ടിയത് അദാനിക്ക് വേണ്ടി തന്നെയാണ്.
- യോഗ്യതാ നിർണയം, പദ്ധതി നിർദേശം എന്നീ കാര്യങ്ങൾ അതീവ തിടുക്കത്തിലാണ് നടത്തിയത്.
- ചുരുക്കത്തിൽ സർക്കാർ താൽപര്യവും ജനതാൽപര്യവും സമ്പൂർണമായി അദാനിക്കുവേണ്ടി ബലിയർപ്പിച്ചിരിക്കുകയാണ്. നടത്തിപ്പുകാരനെന്ന നിലയിൽ അദാനിക്ക് കൊള്ളലാഭത്തിന് കേന്ദ്രസർക്കാർ വഴിയൊരുക്കിയിരിക്കുകയാണ്.
- നിർദിഷ്ട കൈമാറ്റ പദ്ധതിയിൽ ജീവനക്കാരുടെ സേവന- വേതന വ്യവസ്ഥകളെ കുറിച്ച് യാതൊരു പരാമർശവുമില്ല.
- ഡൽഹി ഉൾപ്പെടെയുള്ള വിമാനത്താവളങ്ങളുടെ സ്വകാര്യവത്കരണം മൂലം എയർപോർട്ട് അതോറിറ്റിക്കും രാഷ്ട്രത്തിനും വൻ നഷ്ടമാണ് വരുത്തിയത്.
- ഡൽഹി വിമാനത്താവളം ലോകത്തിലെ ഏറ്റവും ചെലവേറിയതാണെന്നാണ് ഇന്റർനാഷണൽ എയർ ട്രാൻസ്പോർട്ട് അസോസിയേഷൻ ഡയറക്റ്റർ ജനറൽ വിശേഷിപ്പിച്ചിട്ടുള്ളത്.
- സ്വകാര്യവൽക്കരിക്കപ്പെട്ട മുംബൈ എയർപോർട്ട് നടത്തിപ്പുകാരായ ജിവികെ ഗ്രൂപ്പിനെതിരെ ഗുരുതരമായ സാമ്പത്തിക ക്രമക്കേടുകൾക്കും അഴിമതിക്കും സിബിഐ കേസെടുത്തിരിക്കുകയാണ്.
- വിമാനത്താവള സ്വകാര്യവത്കരണത്തിന്റെ ദോഷഫലങ്ങൾ മുരളി മനോഹർ ജോഷി ചെയർമാനായ പാർലമെന്റ് പബ്ലിക് അക്കൗണ്ട്സ് കമ്മിറ്റി ചൂണ്ടിക്കാട്ടിയിട്ടുണ്ട്.
- സീതാറാം യെച്ചൂരി ചെയർമാനായിരുന്ന പാർലിമെന്റിന്റെ സ്റ്റാൻഡിങ് കമ്മിറ്റി വിമാനത്താവളങ്ങളുടെ എല്ലാ കാര്യങ്ങളും എയർപോർട്ട് അതോറിറ്റിയിൽത്തന്നെ നിലനിർത്തണമെന്നാണ് ശുപാർശ ചെയ്തിട്ടുള്ളത്.
- മുൻ അനുഭവങ്ങളിൽനിന്നു പാഠം ഉൾക്കൊള്ളാതെയാണ് സ്വകാര്യവൽക്കരണത്തിന് അതിരുകവിഞ്ഞ ഭ്രമവുമായി കേന്ദ്രസർക്കാർ മുന്നോട്ടു പോകുന്നത്.
- തന്ത്ര പ്രധാനമായതും എയർഫോഴ്സ് ഓപ്പറേഷനുമായി ബന്ധപ്പെട്ട പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കേണ്ടി വരുന്നതുമായ തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവൽക്കരിക്കുന്നത് രാജ്യസുരക്ഷയെ പ്രതികൂലമായി ബാധിക്കുമെന്നത് അതീവ ഗൗരവത്തോടെ കാണേണ്ടിയിരിക്കുന്നു.
- കേന്ദ്ര പബ്ലിക് എന്റർപ്രൈസസ് നടത്തിയ വിലയിരുത്തലിൽ എയർപോർട്ട് അതോറിറ്റിയുടെ റേറ്റിങ് 90.02 ആണ്. എക്സലന്റ് റേറ്റിങ് ഉള്ള അതോറിറ്റിയിൽ നിന്നും വിമാനത്താവളങ്ങളെ സ്വകാര്യവത്കരിക്കുന്നത് അർഥശൂന്യവും ദുരൂഹവുമാണ്.
- രാജ്യത്ത് എയർപോർട്ട് അതോറിറ്റിയുടെ കീഴിലുള്ള വിമാനത്താവളങ്ങൾ സ്വകാര്യവത്കരിക്കാനുള്ള ഒരു പ്രൊപ്പോസലും ഇല്ലെന്ന് വ്യോമയാന സഹമന്ത്രി രാജ്യസഭയ്ക്കു നൽകിയ ഉറപ്പും ലംഘിക്കപ്പെട്ടിരിക്കുകയാണ്.

രാജ്യത്തിന്റെ പൊതുസമ്പത്ത് കൊള്ളയടിക്കാൻ സ്വകാര്യ കുത്തക കമ്പനിക്ക് സർവ സൗകര്യങ്ങളും ചെയ്തുകൊടുക്കുന്ന കേന്ദ്ര സർക്കാരിന്റെ ദേശദ്രോഹ അജണ്ടയുടെ ഭാഗമായി തിരുവനന്തപുരം വിമാനത്താവളം സ്വകാര്യവത്കരിക്കാനുള്ള തീരുമാനം പിൻവലിച്ചേ മതിയാകൂ. അതിനായി ശക്തമായ ജനപ്രതിരോധം ഉയർന്നുവരേണ്ടിയിരിക്കുന്നു.

ചെന്നൈ, കൊൽക്കത്ത വിമാനത്താവളങ്ങൾ സ്വകാര്യവൽക്കരിക്കുന്നതിന് നീക്കം ഉണ്ടായപ്പോൾ അതിനെ ചെറുത്ത് പരാജയപ്പെടുത്തിയത് അതത് സംസ്ഥാന സർക്കാരുകളാണ്. ഇനിയെങ്കിലും കൂടുതൽ ശക്തമായ പ്രതിഷേധ പ്രതികരണത്തിന് സംസ്ഥാന സർക്കാർ മുന്നോട്ടുവരണം. യാതൊരു കാരണവശാലും സ്റ്റേറ്റ് സപ്പോർട്ട് എഗ്രിമെന്റിൽ ഒപ്പിടില്ല എന്നു പ്രഖ്യാപിക്കാനും അതിൽ ഉറച്ചുനിർക്കാനുമുള്ള വിട്ടുവീഴ്ചയില്ലാത്ത നിലപാട് സംസ്ഥാന സർക്കാരിന്റെ ഭാഗത്തുനിന്ന് ഉണ്ടാകുകയും വേണം.

കാലിഫോർണിയയിലെ കാട്ടുതീ കത്തിയമർന്നത് 10 ലക്ഷം ഏക്കർ വനം

സാന്താക്രൂസ്: കാലിഫോർണിയയിൽ ഇനിയും ശമിക്കാത്ത കാട്ടുതീ പത്തുലക്ഷം ഏക്കർ വനം വിഴുങ്ങിക്കഴിഞ്ഞതായി ഔദ്യോഗിക വൃത്തങ്ങൾ. ആയിരക്കണക്കിനു വീടുകളും കോടികൾ വിലമതിക്കുന്ന വസ്തുവകകളും കത്തിയമർന്നിട്ടുണ്ട്. പതിനായിരങ്ങൾ ഭവനരഹിതരായി. അമെരിക്കൻ ചരിത്രത്തിലെ തന്നെ ഏറ്റവും വലിയ കാട്ടുതീ ദുരന്തങ്ങളിൽ ഒന്നാണിത്. യുഎസ് ഫെഡറൽ സർക്കാരിന്റെ സഹായം പ്രസിഡന്റ് ഡോണൾഡ് ട്രംപ് പ്രഖ്യാപിച്ചിട്ടുണ്ട്. ദുരന്തത്തിൽ സർവതും നഷ്ടപ്പെട്ടവർക്കുള്ള സഹായങ്ങളാണ് ട്രംപ് പ്രഖ്യാപിച്ചിട്ടുള്ളത്.

ഒരാഴ്ചയായിട്ടും തീ അണയ്ക്കാനായിട്ടില്ല. കാട്ടുതീയുടെ വ്യാപനം മന്ദഗതിയിലാക്കാൻ അഗ്നിശമന സേനയ്ക്കു കഴിഞ്ഞിട്ടുണ്ടെന്നാണ് അവകാശവാദം. 13,700ഓളം അഗ്നിശമന സേനാ ജീവനക്കാരാണ് തീ നിയന്ത്രിക്കാൻ കഠിനാധ്വാനം ചെയ്യുന്നത്. ദേശീയ ഗാർഡുകളും യുഎസ് സൈന്യവുമെല്ലാം സഹായിക്കുന്നുണ്ട്. കൂടുതൽ ഇടിമിന്നലിനും അതുവഴി അഗ്നിബാധയ്ക്കും സാധ്യതയുണ്ടെന്നാണു കാലാവസ്ഥാ പ്രവചനം. ഇതു ഭീഷണിയാണെന്ന് അഗ്നിശമന സേനാ വൃത്തങ്ങൾ പറഞ്ഞു. ഏറ്റവും മോശമായ അവസ്ഥ പിന്നിട്ടു എന്നു പറയാറായിട്ടില്ലെന്നാണ് കാലിഫോർണിയയിലെ വനം മന്ത്രാലയം ചീഫ് തോം പോർട്ടർ ടീറ്റ് ചെയ്തത്.

ഒരാഴ്ച മുൻപ് ഇടിവെട്ടേറ്റാണ് വനത്തിൽ തീപിടുത്തമുണ്ടായത്. പല സ്ഥലങ്ങളിലായി തീ പടർന്നു പിടിക്കുകയായിരുന്നു. മൂന്നാലു ദിവസത്തിനിടെ പതിനായിരത്തിലേറെ തവണ കനത്ത ഇടിമിന്നലേറ്റത് പല ഭാഗങ്ങളിലായി തീപിടുത്തമുണ്ടാക്കുകയായിരുന്നു. ഓഗസ്റ്റ് 15നു ശേഷം വനത്തിൽ 585 സ്ഥലങ്ങളിൽ തീ പിടുത്തമുണ്ടായി എന്നാണു കണക്കാക്കുന്നത്. ഇതിൽ പലതും വിദൂര പ്രദേശങ്ങളിലായിരുന്നു. അഗ്നിനാളങ്ങളുടെ വലിയ ക്ലസ്റ്ററുകൾ രൂപപ്പെട്ട് അത് എങ്ങും വ്യാപിക്കുകയായിരുന്നു. വനത്തോടു ചേർന്നുള്ള ഗ്രാമീണ മേഖലകളിലേക്കും തീനാളങ്ങൾ പടർന്നെത്തി.

വെള്ളമുണ്ടയിൽ സായുധരായ മാവോയിസ്റ്റ് സംഘമെത്തിയതായി പരാതി

വയനാട്: നിരവിൽപുഴയ്ക്ക് പുറമേ വയനാട് വെള്ളമുണ്ടയിൽ സായുധരായ മാവോയിസ്റ്റ് സംഘമെത്തിയതായി പരാതി. കിണറ്റിങ്ങലിലുള്ള വീട്ടിലാണ് ഇന്നലെ പുലർച്ചെ സ്ത്രീകളും പുരുഷന്മാരും ഉൾപ്പെട്ട സംഘം എത്തിയത്. കോളിങ് ബെല്ലമർത്തി വീട്ടുകാരെ ഉണർത്തി ഭക്ഷണവും അരിയും ആവശ്യപ്പെട്ട സംഘം വീട്ടിൽ ലൈറ്റിട്ടപ്പോൾ ഓടിപ്പോയതായും വീട്ടുടമയായ സ്ത്രീ പൊലീസിൽ അറിയിച്ചു. സംഭവത്തിൽ പൊലീസ് അന്വേഷണം ആരംഭിച്ചു. കഴിഞ്ഞ ദിവസവും മേഖലയിൽ മാവോയിസ്റ്റ് സാന്നിധ്യം ഉണ്ടായിരുന്നു.വയനാട് നിരവിൽപുഴയിലാണ് കഴിഞ്ഞ ദിവസം ആയുധധാരികളായ മാവോയിസ്റ്റ് സംഘമെത്തിയത്. തൊണ്ടർനാട് പൊലീസ് സ്റ്റേഷൻ പരിധിയിലെ നിരവിൽപുഴ മുണ്ടക്കൊമ്പ് കോളനിയിലാണ് ആയുധ ധാരികളായ അഞ്ചംഗ മാവോയിസ്റ്റ് സംഘമെത്തിയത്. കോളനിയിലെ അനീഷ്, രാമൻ എന്നിവരുടെ വീടുകളിൽ കഴിഞ്ഞ ദിവസം രാത്രി എട്ട് മണിയോടെ മൂന്ന് സ്ത്രീകളും, രണ്ട് പുരുഷന്മാരുമാണ് വന്നത്. ഇവർ വീടുകളിൽ നിന്നും അരിയും മറ്റ് സാധനങ്ങളും വാങ്ങി മടങ്ങിയെന്ന് വീട്ടുകാർ പറയുന്നു.അരമണിക്കൂറോളം ഇവർ രണ്ട് സംഘങ്ങളായി ഇരുവീടുകളിലും ചിലവഴിച്ചു. സംഭവവുമായി ബന്ധപ്പെട്ട് പൊലീസ് അന്വേഷണം ആരംഭിച്ചു. ജയണ്ണ, സുന്ദരി, ഉണ്ണിമായ എന്നിവരടങ്ങുന്ന മാവോയിസ്റ്റ് സംഘമാണ് വന്നതെന്നാണ് സൂചന.

ബിഹാർ തെരഞ്ഞെടുപ്പ് മാറ്റിവയ്ക്കില്ല: തെര. കമ്മിഷൻ

പറ്റ്ന: ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് കൃത്യ സമയത്തു തന്നെ നടക്കുമെന്നു തെരഞ്ഞെടുപ്പു കമ്മിഷൻ. കൊവിഡ് 19 വ്യാപനം തുടരുന്ന സാഹചര്യത്തിൽ തെരഞ്ഞെടുപ്പു മാറ്റിവയ്ക്കണമെന്നു ചില രാഷ്ട്രീയ കക്ഷികൾ ആവശ്യപ്പെട്ടിരുന്നു. ഇതിനോടു പ്രതികരിക്കുകയായിരുന്നു കമ്മിഷൻ. ഒക്റ്റോബർ- നവംബർ മാസങ്ങളിലാണ് ബിഹാർ നിയമസഭാ തെരഞ്ഞെടുപ്പ് നടക്കേണ്ടത്.

മഹാമാരിയുടെ കാലത്ത് നിയമസഭാ തെരഞ്ഞെടുപ്പുകളും ഉപതെരഞ്ഞെടുപ്പുകളും നടത്തേണ്ടതെങ്ങനെയെന്നു വിശദമായ മാർഗനിർദേശങ്ങൾ പുറത്തിറക്കിയിരുന്നു കമ്മിഷൻ. വോട്ടർമാർക്ക് കൈയുറകളും മാസ്കുമുണ്ടായിരിക്കണമെന്നതുൾപ്പെടെ നിർദേശങ്ങളാണ് കമ്മിഷൻ മുന്നോട്ടുവച്ചിരിക്കുന്നത്.

അതേസമയം, ബിഹാറിൽ എൻഡിഎ മുഖ്യമന്ത്രി നിതീഷ് കുമാറിനു കീഴിൽ ഒറ്റക്കെട്ടായി മത്സരിക്കുമെന്നു ബിജെപി ദേശീയ അധ്യക്ഷൻ ജെ.പി. നഡ്ഡ അറിയിച്ചു. ബിജെപി, ഐക്യദൾ, രാം വിലാസ് പാസ്വാന്റെ ലോക് ജനശക്തി പാർട്ടി എന്നിവ ഒരുമിച്ചു തന്നെ മത്സരിക്കും. പ്രതിപക്ഷത്തിന് അധികാരം മാത്രമാണ ലക്ഷ്യം. ജനനന്മയല്ല അവരുടെ അജൻഡ. ഇക്കാര്യം ജനങ്ങൾക്കറിയാമെന്നും നഡ്ഡ.

കൈലാസ പർവതത്തിലേക്കും ചൈനീസ് സേനാ വിന്യാസം

ന്യൂഡൽഹി: നിയന്ത്രണ രേഖയിലെ സംഘർഷത്തിനു പിന്നാലെ കൈലാസ പർവതത്തിനു സമീപം ചൈന വൻതോതിൽ സേനാ വിന്യാസവും നിർമാണ പ്രവർത്തനങ്ങളും നടത്തുന്നതായി ഉപഗ്രഹചിത്രങ്ങൾ. ഈ വർഷം ഏപ്രിലിൽ ആരംഭിച്ച നടപടികൾ കൈലാസ്, മൻസരോവർ മേഖലയെ യുദ്ധഭൂമിക്കു സമാനമാക്കിയെന്നും ചിത്രങ്ങൾ വ്യക്തമാക്കുന്നു. മിസൈലുകളും ഇവ വിക്ഷേപിക്കാനുള്ള വാഹനങ്ങളും വരെ എത്തിച്ചിട്ടുണ്ട് ഇവിടെ. ഹൈന്ദവ വിശ്വാസ പ്രകാരം പവിത്രമായ കൈലാസത്തിൽ ഇതാദ്യമാണു ചൈന സേനാവിന്യാസം നടത്തുന്നത്.

ലഡാഖിൽ കടന്നുകയറാൻ ശ്രമിച്ച ചൈനയുമായി ഏറ്റുമുട്ടലുണ്ടായതിനു പിന്നാലെ കൈലാസയാത്രികർക്കായി പുതിയ റോഡ് നിർമിച്ചതിന്റെ പേരിൽ നേപ്പാളും ഇന്ത്യയ്ക്കെതിരേ രംഗത്തെത്തിയിരുന്നു. ഈ സംഘർഷങ്ങൾ തുടരുന്നതിനിടെയാണു കൈസാസ മേഖലയിലെ സേനാ വിന്യാസത്തിന്റെ ചിത്രങ്ങൾ പുറത്തുവന്നത്. കൈലാസം, മൻസരോവർ, രാവണതാൾ തുടങ്ങി ഇവിടെയുള്ള തീർഥാടനകേന്ദ്രങ്ങൾ ഹൈന്ദവ, ബൗദ്ധ വിഭാഗങ്ങളുടെ വിശ്വാസങ്ങളുമായി ബന്ധപ്പെട്ടതാണ്.

കഴിഞ്ഞ 16ന് പുറത്തുവന്ന ഉപഗ്രഹ ചിത്രത്തിൽ ടാർപോളിൻ കൊണ്ടു മൂടിയിരിക്കുന്നതായി കാണുന്നത് എച്ച്ക്യു-9 ഭൂതല വ്യോമ മിസൈലും ഇതിന്റെ വിക്ഷേപണ വാഹനവുമാണെന്ന് വിദഗ്ധരെ ഉദ്ധരിച്ച് ഒരു ദേശീയ മാധ്യമം റിപ്പോർട്ട് ചെയ്തു. ഇവിടത്തെ വിന്യാസത്തിന്റെ സ്വഭാവം പരിഗണിച്ചാൽ നാലു മുതൽ എട്ടു വരെ മൊബൈൽ മിസൈൽ ലോഞ്ചറും മൂന്നു റഡാർ റാംപുകളുമുണ്ടെന്നും റിപ്പോർട്ട്.

എച്ച്ക്യു-9 ഭൂതല വ്യോമ മിസൈലിന്റെ പ്രവർത്തനം പൂർണമായി എച്ച്ടി 233, ടൈപ്പ് 305ബി, ടൈപ്പ് 120, ടൈപ്പ് 30 5എ, വൈഎൽസി- 20, ഡിഡബ്ല്യുഎൽ-002 തുടങ്ങിയ റഡാറുകൾ വഴിയാണ്.

ഇന്ത്യൻ ഭൂപ്രദേശത്തു നിന്ന് 90 കിലോമീറ്റർ അകലെയാണ് മിസൈൽ വിന്യാസം. മധ്യദൂര മിസൈലായതിനാലാണിതെന്നും പ്രതിരോധ വിദഗ്ധർ.

കൈലാസ യാത്രികരുടെ സുരക്ഷയ്ക്കും അവരെ സഹായിക്കുന്നതിനുമായി മുൻപ് വളരെക്കുറിച്ചു സൈനികരെ മാത്രമാണ് ഇവിടെ നിയോഗിച്ചിരുന്നു. ചൈനീസ് സായുധ പൊലീസിന്റെ ഒരു വിഭാഗമായിരുന്നു ഇവരിൽ ബഹുഭൂരിപക്ഷവും. എന്നാലിപ്പോൾ ഇവിടെ സൈനിക കോട്ട പോലെയായിട്ടുണ്ട്. സേനയ്ക്കു താമസിക്കാൻ നിരവധി ഹോട്ടലുകളും വീടുകളും നിർമിച്ചിട്ടുണ്ട് സേനയെന്നും ഉപഗ്രഹ ചിത്രങ്ങളിൽ വ്യക്തം. അടിസ്ഥാന സൗകര്യ വികസനത്തിന്റെ പേരിൽ ഇവിടത്തെ ടിബറ്റൻ ജനതയുടെ ഭൂമി ഏറ്റെടുത്താണ് നിർമാണങ്ങൾ. അവസാനത്തെ മൂന്നു മാസത്തിനിടെ ഹൈവേയിൽ നിന്ന് ഒരു കിലോമീറ്റർ അകലെ വലിയ നിർമാണം നടത്തിയിട്ടുണ്ട്. ഏപ്രിൽ 11ന് ആരംഭിച്ച നിർമാണം ഈയാഴ്ച പൂർത്തിയായി.

കഴിഞ്ഞ മേയ് ജൂൺ മാസങ്ങളിൽ മൻസരോവറിലേക്കുള്ള റോഡിൽ കവചിത വാഹനങ്ങൾ നീങ്ങുന്നതിന്റെ രണ്ടു വിഡിയൊ ദൃശ്യങ്ങൾ ചൈന പുറത്തുവിട്ടിരുന്നു. എന്നാൽ, ഇവിടെ ചൈനയ്ക്ക് കാര്യമായ പ്രതിരോധ സംവിധാനങ്ങളില്ലെന്നും അന്നു ചൂണ്ടിക്കാണിക്കപ്പെട്ടു.

കൊവിഷീൽഡ് പുറത്തിറക്കുക എല്ലാ അനുമതികൾക്കും ശേഷം: എസ്ഐഐ

ന്യൂഡൽഹി: കൊവിഡ് 19നെതിരായ വാക്സിൻ കൊവിഷീൽഡ് 73 ദിവസത്തിനുള്ളിൽ വിപണിയിലിറക്കുമെന്ന റിപ്പോർട്ടുകൾ സീറം ഇൻസ്റ്റിറ്റ്യൂട്ട് ഒഫ് ഇന്ത്യ (എസ്ഐഐ) തള്ളി. വാക്സിൻ നിർമിക്കാനും ഭാവി ഉപയോഗത്തിനുവേണ്ടി സൂക്ഷിക്കാനും മാത്രമാണ് സർക്കാർ അനുമതി നൽകിയിട്ടുള്ളത്. ഓക്സ്ഫഡ് സർവകലാശാലയും ബ്രിട്ടിഷ് ഫാർമ കമ്പനി അസ്ട്രാ സെനേകയും ചേർന്നു വികസിപ്പിച്ച വാക്സിന്റെ മൂന്നാം ഘട്ടം പരീക്ഷണം പൂർത്തിയായിട്ടില്ല. എല്ലാ നടപടിക്രമങ്ങളും പൂർത്തിയായി അംഗീകാരം ലഭിച്ചാൽ മാത്രമേ ഇതു വാണിജ്യാടിസ്ഥാനത്തിൽ വിപണിയിലിറക്കൂ എന്ന് എസ്ഐഐ പ്രസ്താവനയിൽ അറിയിച്ചു.

അതേസമയം, ഇക്കൊല്ലം അവസാനത്തോടെ ഇന്ത്യയ്ക്ക് കൊവിഡ് 19 വാക്സിൻ ലഭിക്കുമെന്ന് കേന്ദ്ര ആരോഗ്യമന്ത്രി ഡോ. ഹർഷ വർധൻ പറഞ്ഞു. പരീക്ഷണങ്ങൾ ശരിയായ ദിശയിൽ മുന്നേറിയാൽ വർഷാന്ത്യത്തിൽ നമുക്കു വാക്സിൻ സ്വന്തമാകും. നിലവിൽ 26 വാക്സിനുകളാണ് പരീക്ഷണത്തിന്റെ വിവിധ ദശകളിലുള്ളതെന്നും മന്ത്രി.

ലേലത്തിൽ നടന്നത് ക്രിമിനൽ ഗൂഢാലോചനയെന്ന് ചെന്നിത്തല

തിരുവനന്തപുരം: വിമാനത്താവളം അദാനിക്ക് പാട്ടത്തിനു കൊടുക്കുന്ന കാര്യത്തെ പരസ്യമായി എതിർക്കുകയും രഹസ്യമായി പിന്തുണയ്ക്കുകയുമാണ് സർക്കാർ ചെയ്യുന്നതെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല. കൊടിയ വഞ്ചനയാണ് സർക്കാർ ഈ കാര്യത്തിൽ കേരള ജനതയോട് ചെയ്തത്. സംസ്ഥാന സർക്കാരിന് ഭരണപരമായ അധികാരമുള്ള ഒരു കമ്പനി എയർപോർട്ട് വികസനം ഏറ്റെടുക്കണം എന്നത് സംസ്ഥാന താത്പര്യമാണ്. അതാണ് ഈ വിഷയത്തിൽ പ്രതിപക്ഷത്തിന്റെ അഭിപ്രായം. വിമാനത്താവള ലേലത്തിൽ അദാനിക്ക് ബന്ധമുള്ള കമ്പനിയുമായി ചേർന്നത് ക്രിമിനൽ ഗൂഢാലോചനയാണ്. സിറിൽ അമർചന്ദ് മംഗൾദാസ് എന്ന കമ്പനിയെ തെരഞ്ഞെടുത്തത് ആരാണ്, ആരുടെ നിർദേശപ്രകാരമായിരുന്നു, ടെണ്ടർ നടന്നോ, 55 ലക്ഷം ഫീസ് കൊടുക്കാൻ തീരുമാനിച്ചതാര് തുടങ്ങിയ ചോദ്യങ്ങളും ചെന്നിത്തല ഉന്നയിച്ചു. ലൈഫ് മിഷനുമായി ബന്ധപ്പെട്ട ആരോപണങ്ങൾക്കൊന്നും മുഖ്യമന്ത്രി മറുപടി പറയാൻ തയാറാകാത്തത് എന്ത് കൊണ്ടാണെന്ന് ചെന്നിത്തല ചോദിച്ചു. ഇക്കാര്യത്തിൽ സി.ബി.ഐ അടക്കമുള്ള ഏജൻസികളുടെ സമഗ്രമായ അന്വേഷണമാണ് പ്രതിപക്ഷം ആവശ്യപ്പെടുന്നതെന്നും അദ്ദേഹം കൂട്ടിച്ചേർത്തു. മുഖ്യമന്ത്രി രാജിവയ്ക്കണം, സർക്കാരിനെതിരായ അഴിമതി ആരോപണങ്ങളിൽ സിബിഐ വേണം തുടങ്ങിയ ആവശ്യങ്ങളുന്നയിച്ച് വ്യാഴാഴ്ച സംസ്ഥാനത്തെ മുഴുവൻ വാർഡുകളിലും യുഡിഎഫിന്റെ ജനപ്രതിനിധികൾ സത്യാഗ്രഹം നടത്തും. ത്രിതല പഞ്ചായത്തുകളിലെ അംഗങ്ങൾ, ജനപ്രതിനിധികൾ ഇല്ലാത്തിടത്ത് യുഡിഎഫിന്റെ തെരഞ്ഞെടുക്കപ്പെട്ട പ്രതിനിധികൾഎന്നിവർ അവരുടെ വീട്ടിലോ ഓഫിസിലോ സത്യഗ്രഹം നടത്തുമെന്നും ചെന്നിത്തല പറഞ്ഞു.

തദ്ദേശ തെരഞ്ഞെടുപ്പ്: പുതിയ നിലപാടുകളുമായി മുസ്‌ലീം ലീഗ്

ദീപു മറ്റപ്പള്ളി

കോഴിക്കോട്: തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിലേക്കുള്ള തെരഞ്ഞെടുപ്പിലേക്ക് പുതിയ നിലപാടുകളുമായി മുസ്‌ലീം ലീഗ്. തെരഞ്ഞെടുപ്പ് മുന്നൊരുക്കത്തിന്റെ ഭാഗമായി പാർട്ടി ഘടകങ്ങൾക്ക് നൽകിയ വിശദമായ സർക്കുലറിലാണ് തെരഞ്ഞെടുപ്പിൽ പൊതുവായും സ്ഥാനാർഥി നിർണയത്തിൽ പ്രത്യേകിച്ചും സ്വീകരിക്കേണ്ട മാനദണ്ഡങ്ങൾ ലീഗ് സംസ്ഥാന നേതൃത്വം വ്യക്തമാക്കിയിരിക്കുന്നത്. മൂന്നു തവണ ത്രിതല പഞ്ചായത്ത്/മുനിസിപ്പൽ/കോർപ്പറേഷൻ തലങ്ങളിൽ അംഗങ്ങളായവർ വീണ്ടും മൽസരിക്കാൻ പാടുള്ളതല്ല. ഒരേ വീട്ടിൽ നിന്ന് ഒന്നിലധികം പേർ മൽസരിക്കുന്നത് ഒഴിവാക്കണം. മൊത്തം സീറ്റിന്റെ 30 ശതമാനം എങ്കിലും പുതുമുഖങ്ങൾ ആയിരിക്കണം. ഇതിൽ യുവതി യുവാക്കൾക്ക് പ്രാമുഖ്യം നൽകണം. സ്ഥാനാർഥി നിർണയത്തിൽ പറയുന്ന ഘടകങ്ങളാണിവ.

മൂന്ന് തവണ മത്സരിച്ചവർ മാറിനിൽക്കണമെന്ന നിർദേശം 2010 ലും പാർട്ടി നൽകിയിരുന്നെങ്കിലും പല സ്ഥലങ്ങളിലും ലംഘിക്കപ്പെട്ടു. എന്നാൽ ഈ തവണ നിർദേശങ്ങൾ കർശനമായി പാലിക്കാൻ തന്നെയാണ് തീരുമാനം. ഈ വിഷയങ്ങളിൽ ആർക്കും പ്രത്യേകമായി ഇളവ് നൽകാനും സധ്യതയില്ല. കുറേ വർഷങ്ങളായി സീറ്റ് വിട്ടുകൊടുക്കാതെ മത്സരിക്കുന്നവർ ഇപ്പോഴും പാർട്ടിയിലുണ്ട്. ഇത്തരക്കാർക്കു മുന്നിൽ ഇനി മറ്റു വഴികളുണ്ടാവില്ല. ഇത്തര നിർദേശങ്ങൾ പാലിക്കപ്പെട്ടിട്ടുണ്ടോ എന്നു പരിശോധിക്കാൻ ജില്ലാ തല പാർലമെന്ററി സമിതികളുമുണ്ട്.

'ഫസ്റ്റ്ബെൽ': ഈ ആഴ്ച മുതൽ കായിക വിനോദ ക്ലാസുകളും

തിരുവനന്തപുരം: പൊതുവിദ്യാഭ്യാസ വകുപ്പ് കൈറ്റ് വിക്ടേഴ്സ് വഴി സംപ്രേഷണം ചെയ്യുന്ന 'ഫസ്റ്റ്ബെൽ' പ്രോഗ്രാമിന്റെ ഭാഗമായി 1500 ഡിജിറ്റൽ ക്ലാസുകളുടെ സംപ്രേഷണം പൂർത്തിയാക്കി. പൊതുവിഭാഗത്തിൽ യോഗ, കരിയർ, മോട്ടിവേഷൻ ക്ലാസുകൾ ആരംഭിച്ചതിന്റെ തുടർച്ചയായി കായിക വിനോദ ക്ലാസുകളും ഈ ആഴ്ച ആരംഭിക്കും. മാനസികാരോഗ്യ ക്ലാസുകൾ സെപ്റ്റംബർ ആദ്യവാരം തുടങ്ങും.നിലവിൽ പ്രതിമാസം 141 രാജ്യങ്ങളിൽ നിന്നായി 442 ടെറാബൈറ്റ് ഡേറ്റ ഉപയോഗം കൈറ്റ് വിക്ടേഴ്സിന്റെ വെബ്-മൊബൈൽ പ്ലാറ്റ്ഫോമുകളിലൂടെ ലഭിക്കുന്നുണ്ട്. യുട്യൂബ് ചാനലിലേയ്ക്ക് 17.6 ലക്ഷം വരിക്കാരും പ്രതിമാസം 15 കോടി കാഴ്ചകളും ഉണ്ട്. കൈറ്റ് വിക്ടേഴ്സ് യുട്യൂബ് ചാനലിൽ നിയന്ത്രിത പരസ്യങ്ങൾ അനുവദിച്ചതുവഴി ആദ്യമാസം ലഭിച്ച പരസ്യ വരുമാനമായ 15 ലക്ഷം രൂപ മുഖ്യമന്ത്രിയുടെ ദുരിതാശ്വാസ നിധിയിലേയ്ക്ക് സംഭാവന ചെയ്യാൻ തീരുമാനിച്ചതായി കൈറ്റ്(കേരള ഇൻഫ്രാസ്ട്രക്ചർ ആന്റ് ടെക്നോളജി ഫോർ എഡ്യൂക്കേഷൻ) സിഇഒ കെ.അൻവർ സാദത്ത് അറിയിച്ചു.

'ഫസ്റ്റ്ബെൽ' ഡിജിറ്റൽ ക്ലാസുകൾ ബദൽ ക്ലാസുകളായിട്ടല്ല അവതരിപ്പിക്കുന്നതെങ്കിലും ആദ്യ വാല്യം പാഠപുസ്തകങ്ങളുമായി ബന്ധപ്പെട്ട ക്ലാസുകൾ മാത്രമേ സെപ്റ്റംബർ വരെ സംപ്രേഷണം നടത്തുകയുള്ളൂ. നിലവിൽ എട്ടാം ക്ലാസിലെ സംപ്രേഷണം ചെയ്ത രണ്ട് എപ്പിസോഡുകൾ രണ്ടാം വാല്യം പാഠപുസ്തകങ്ങളിലേതായതിനാൽ ഒക്ടോബറിൽ ഇവ പുനഃസംപ്രേഷണം ചെയ്യും.സംസ്ഥാനത്തിന്റെ വിവിധ ജില്ലകളിൽ ക്ലാസുകൾ തയ്യാറാക്കി വരുന്നുണ്ട് . ഓഗസ്റ്റ് 28 മുതൽ സെപ്റ്റംബർ മൂന്ന് വരെ ഫസ്റ്റ്ബെല്ലിൽ റെഗുലർ ക്ലാസുകൾ ഉണ്ടായിരിക്കില്ല. ഓണക്കാലത്തെ പരിപാടികൾ പ്രത്യേകമായി പ്രസിദ്ധീകരിക്കും.

ഇന്നു നിങ്ങൾക്ക്



ബ്രഹ്മശ്രീ കാണിപ്പയ്യൂർ നാരായണൻ നമ്പൂതിരിപ്പാട്

■ അശ്വതി : ആത്മവിശ്വാസം വർധിക്കും. മംഗളവേളയിൽ പങ്കെടുക്കും. പ്രവർത്തന ശൈലിയിൽ മാറ്റങ്ങൾവരും.

■ ഭരണി : കാര്യനിർവഹണശക്തി വർധിക്കും. പുതിയ ഉദ്യോഗം ലഭിയ്ക്കും. പദ്ധതിസമർപ്പണത്തിൽ ലക്ഷ്യപ്രാപ്തി നേടും.

■ കാർത്തിക : പുതിയ വ്യാപാരവ്യവസായങ്ങൾക്കു തുടക്കം കുറിയ്ക്കും. ഔദ്യോഗികമായി ചുമതലകൾ വർധിക്കും. സേവനസാമർത്ഥ്യത്താൽ പ്രകീർത്തിയുണ്ടാകും.

■ രോഹിണി : വിശിഷ്ടവ്യക്തികളെ പരിചയപ്പെടുവാനവസരമുണ്ടാകും. പരിശ്രമങ്ങൾക്ക് ഫലമുണ്ടാകും. സന്താനസൌഖ്യമുണ്ടാകും. ഓർമ്മശക്തി വർധിക്കും.

■ മകയിരം : ഗൃഹപ്രവേശനചടങ്ങ് നിർവഹിയ്ക്കും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും. ചർച്ചയിൽ വിജയിയ്ക്കും. അഭിപ്രായവ്യത്യാസങ്ങൾ പരിഹരിയ്ക്കും.

■ തിരുവാതിര : കുടുംബത്തിലെ അപര്യാപ്തതകൾ പരിഹരിയ്ക്കും. സ്തുത്യാർഹമായ പ്രവർത്തനം കാഴ്ചവെയ്ക്കും.

■ പുണർതം : വ്യവസ്ഥകൾ പാലിയ്ക്കുവാൻ കഠിനപ്രയത്നം വേണ്ടിവരും. ചെലവുകൾക്കു നിയന്ത്രണം വേണ്ടിവരും.

■ പൂയ്യം : ആശ്രയിച്ചു വരുന്ന ബന്ധുവിന് സാമ്പത്തിക സഹായം നൽകും. ഓർമ്മിച്ചു പ്രവർത്തിയ്ക്കുവാൻ സാധിയ്ക്കും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും.

■ ആയില്യം : പുതിയ ഉദ്യോഗം ലഭിയ്ക്കും. പദ്ധതിസമർപ്പണത്തിൽ ലക്ഷ്യപ്രാപ്തി നേടും. പുതിയ പ്രവർത്തനങ്ങളെപ്പറ്റി പുനരാലോചിയ്ക്കും.

■ മകം : ധർമ്മപ്രവർത്തികൾക്കും പുണ്യപ്രവർത്തികൾക്കും സർവാത്മനാസഹകരിയ്ക്കും. സംഘനേതൃത്വസ്ഥാനം ഏറ്റെടുക്കും.

■ പൂരം : വിജ്ഞാനങ്ങൾ ആർജ്ജിയ്ക്കുവാനവസരമുണ്ടാകും. സഹപാഠികളോടൊപ്പം വിനോദ-ഉല്ലാസയാത്രപുറപ്പെടും. ആത്മവിശ്വാസം വർധിക്കും.

■ ഉത്രം : പിതാവിന്റെ ആവശ്യങ്ങൾ പരിഗണിയ്ക്കും. വാഹന ഉപയോഗം സൂക്ഷിയ്ക്കണം. സ്വന്തം ശ്രദ്ധക്കുറവ് അന്യരെ പഴിപറയുവാൻ ഉപയോഗിയ്ക്കരുത്.

■ അത്തം : ആത്മവിശ്വാസം വർധിക്കും. പ്രായാധിക്യമുള്ളവരുടെ വാക്കുകൾ അനുസരിയ്ക്കും. സ്വത്ത്തർക്കം പരിഹരിയ്ക്കും.

■ ചിത്ര: കാര്യനിർവഹണശക്തിയും പ്രവർത്തനക്ഷമതയും വർധിക്കും. സന്താനസൌഖ്യത്താൽ ആശ്വാസമുണ്ടാകും.

■ ചോതി: ആത്മവിശ്വാസവും കാര്യനിർവഹണശക്തിയും മനോധൈര്യവും പ്രതാപവും വർധിക്കും. പുതിയ ഗൃഹം വാങ്ങുവാനുള്ള ആഗ്രഹം തല്ക്കാലം ഉപേക്ഷിയ്ക്കും.

■ വിശാഖം: ആഗ്രഹസാഫല്യത്തിനായി പ്രത്യേക വഴിപാടുകൾ നേരും. പ്രത്യക്ഷമായും പരോക്ഷമായും അർഹതയുള്ളവരെ അനുമോദിയ്ക്കും.

■ അനിഴം: ദേഹത്തിന്റെ ഇടതുഭാഗത്തിന് ക്ഷീണമുണ്ടാകും. ജീവിതച്ചെലവ് കുറയ്ക്കു വാൻ തീരുമാനിയ്ക്കും. ജോലികൂടുതലാൽ യാത്രമാറ്റിവെയ്ക്കും.

■ തൃക്കേട്ട: ഐശ്വര്യവും സമാധാനവും സ്വസ്ഥതയും ആത്മവിശ്വാസവും കാര്യനിർവഹണശക്തിയും ദാമ്പത്യ സൌഖ്യവും ഉണ്ടാകും. മംഗളകർമ്മങ്ങളിൽ പങ്കെടുക്കും.

■ മൂലം: ശുഭകർമ്മങ്ങളിൽ ഏർപ്പെടുന്നത് നന്നല്ല. അധിക്ഷേപങ്ങൾക്കു വിധേയനാകും. ആത്മാർത്ഥസുഹൃത്തിനെ അബദ്ധത്തിൽ നിന്നും രക്ഷിയ്ക്കും.

■ പൂരാടം: സുപരിചിതമായ മേഖലയിൽ പണം മുടക്കുവാൻ തയ്യാറാകും. സന്താനസൌഖ്യമുണ്ടാകും. പുതിയ ഉത്തര വാദിത്ത്വങ്ങൾ ഏറ്റെടുക്കും.

■ ഉത്രാടം: ജീവിതപങ്കാളിയിൽ നിന്നും യാഥാർത്ഥ്യങ്ങളോടു പൊരുത്തപ്പെടുന്ന ആശയങ്ങൾ സ്വീകരിയ്ക്കും. നല്ലത് ചെയ്താലും അവഗണനയുണ്ടാകും.

■ തിരുവോണം: സാമ്പത്തിക അനിശ്ചിതാവസ്ഥകൾ പരിഹരിയ്ക്കും. അവധി ലഭിച്ചയ്ക്കാത്തതിനാൽ മനോവിഷമം തോന്നും.

■ അവിട്ടം: മംഗളകർമ്മങ്ങൾക്കു നേതൃത്വം നൽകും. ദേവാലയദർശനത്താൽ സമാധാനമുണ്ടാകും. കാര്യനിർവഹണശക്തി വർധിക്കും.

■ ചതയം: അനാവശ്യമായ ആധി ഉപേക്ഷിയ്ക്കണം. ഉത്സാഹവും ഉന്മേഷവും കുറയും. പരസ്പരവിശ്വാസം നഷ്ടപ്പെട്ടതിനാൽ സംയുക്തസംരംഭത്തിൽ നിന്നും പിന്മാറും.

■ പൂരോരുട്ടാതി: സ്തുത്യാർഹമായ സേവനം കാഴ്ചവെയ്ക്കുവാൻ സാധിയ്ക്കും. വിഷമഘട്ടം തരണം ചെയ്യും.

■ ഉത്രട്ടാതി: ഉത്തരവാദിത്ത്വങ്ങൾ വർധിക്കും. മനസ്സന്തോഷവും ആത്മസംതൃപ്തിയും ഉണ്ടാകും. ഔദ്യോഗിക ചുമതലകളിൽ നിന്നും ഒരാഴ്ചത്തേയ്ക്ക് വിട്ടുനില്ക്കും.

■ രേവതി: കഫ നീർദ്ദോഷരോഗങ്ങൾ വർധിക്കും. വിരോധികൾ വർധിക്കും. വ്യവസ്ഥകൾ പാലിയ്ക്കുവാൻ സാധിയ്ക്കുകയില്ല.

കോൺഗ്രസ് നേതൃമാറ്റം, പാർട്ടിയിലെ പരസ്യപ്രസ്താവനകൾ വിലക്കി മുല്ലപ്പള്ളി

തിരുവനന്തപുരം: കോൺഗ്രസ് അഖിലേന്ത്യ നേതൃമാറ്റവുമായി ബന്ധപ്പെട്ടു പരസ്യ പ്രസ്താവന നടത്തുന്നത് ശരിയല്ലെന്ന് കെപിസിസി പ്രസിഡന്റ് മുല്ലപ്പള്ളി രാമചന്ദ്രൻ. ആഭ്യന്തര ജനാധിപത്യം പൂർണമായും നിലനിൽക്കുന്ന പാർട്ടിയാണ് കോൺഗ്രസ്.വ്യത്യസ്ത അഭിപ്രായങ്ങൾ പാർട്ടി വേദികളിൽ രേഖപ്പെടുത്താനുള്ള എല്ലാ സ്വാതന്ത്ര്യവും നേതാക്കൾക്കുണ്ട്.അതിന് ഘടക വിരുദ്ധമായി പാർട്ടിയെ അപകീർത്തിപ്പെടുത്തുവിധം പരസ്യപ്രസ്താവനകൾ നേതാക്കളുടെ ഭാഗത്ത് നിന്നും ഉണ്ടാകുന്നത് കോൺഗ്രസിന്റെ അന്തസിന് ചേർന്നതല്ല.അത് കോൺഗ്രസിന്റെ ശൈലിയുമല്ലെന്നും മുല്ലപ്പള്ളി അറിയിച്ചു.

രാഹുൽ ഗാന്ധിയെപ്പോലെയുള്ള നേതാവിനെയാണ് പ്രതിസന്ധി ഘട്ടത്തിൽ പാർട്ടിക്കാവശ്യം. ഇന്ത്യൻ ഫാസിസ്റ്റുകളുമായി നേരിട്ടുള്ള പോരാട്ടമാണ് രാജ്യം ആഗ്രഹിക്കുന്നത്. മോദി സർക്കാരിനെതിരെ വിട്ടുവീഴ്ചയില്ലാത്ത പോരാട്ടം നടത്തുന്ന ഇന്ത്യയിലെ ഏക നേതാവ് രാഹുൽ ഗാന്ധിയാണ്. രാഹുൽ ഗാന്ധിയുടെ സത്യസന്ധതയും അഴിമതിക്കെതിരായി പാർട്ടിക്കുള്ളിലും പുറത്തും എടുക്കുന്ന നിലപാടും തനിക്ക് പൂർണമായി ബോധ്യപ്പെട്ടിട്ടുണ്ട്. ഒട്ടേറെ 'ഇലപൊഴിയും കാലം' കണ്ട പാർട്ടിയാണ് കോൺഗ്രസ്. കോൺഗ്രസിന്റെ അടിവേരുകൾ ജനഹൃദയങ്ങളിലാണ്. അത് പിഴുതെറിയാൻ ആർക്കും സാധ്യമല്ല. കോൺഗ്രസ് ഒരു സംസ്കാരവും ജീവിത ശൈലിയുമാണ്. അത് പിന്തുടരുന്നവർക്ക് മാത്രമേ ധീരമായ പോരാട്ടങ്ങൾക്ക് നേതൃത്വം നൽകാൻ സാധിക്കുകയുള്ളൂ. കോൺഗ്രസിനെ ഇന്ന് നയിക്കാൻ രാഹുൽ ഗാന്ധിതന്നെ വേണമെന്ന കെപിസിസിയുടെ അഭിപ്രായം നേതൃത്വത്തെ പലഘട്ടത്തിൽ അറിയിച്ചിട്ടുണ്ട്.രാഹുൽ ഗാന്ധി നേതൃത്വം ഏറ്റെടുക്കുമെന്ന പ്രത്യാശയാണ് കെപിസിസിക്കുള്ളത്. ഒന്നും പ്രതീക്ഷിക്കാതെ ഈ പ്രസ്ഥാനത്തിൽ വിശ്വാസം അർപ്പിച്ച കോടിക്കണക്കായ ജനങ്ങളുണ്ട്. അവരുടെ വികാരത്തെ മുറിപ്പെടുത്തുന്നത് ആരായാലും ശരിയല്ലെന്നും മുല്ലപ്പള്ളി പറഞ്ഞു.

സ്വർണക്കടത്ത് കേസ്
എൻഐഎ അറസ്റ്റ് ചെയ്തവരെ പ്രതി ചേർക്കാൻ ഇ.ഡി

കൊച്ചി: സ്വർണക്കടത്ത് കേസിൽ എൻഐഎ അറസ്റ്റ് ചെയ്തവരെ പ്രതി ചേർക്കാൻ എൻഫോഴ്സ്മെന്റ് ഡയറക്ടറേറ്റ് നടപടി തുടങ്ങി. കള്ളക്കടത്ത് നടത്താൻ പണം നൽകിയ നിക്ഷേപകരെയാണ് പ്രതി ചേർക്കുക. തിരുവനന്തപുരത്തെ വിദേശനാണ്യ വിനിമയ ഏജന്റുമാരെ ഇഡി ചോദ്യം ചെയ്തു. സ്വപ്നയും കൂട്ടരും വൻതോതിൽ യുഎസ് ഡോളർ സമാഹരിച്ചെന്ന കണ്ടെത്തലിലാണ് നടപടി.

സ്വർണക്കടത്ത് കേസുമായി ബന്ധപ്പെട്ട് എൻഐഎ അറസ്റ്റ് ചെയ്ത നിക്ഷേപകരെയാണ് ഇഡി പ്രതി ചേർക്കാനൊരുങ്ങുന്നത്. എറണാകുളം, മലപ്പുറം, കോഴിക്കോട് സ്വദേശികളാണ് ഇടനിലക്കാരെ കസ്റ്റംസും നേരത്തേ അറസ്റ്റ് ചെയ്തിരുന്നു. ഇവരുടെ സാമ്പത്തിക സ്രോതസ്, നിക്ഷേപിച്ച തുക കള്ളപ്പണമാണോ തുടങ്ങിയവ അന്വേഷണ പരിധിയിൽ വരും. കേസ് അന്വേഷണത്തിന്റെ ഭാഗമായിട്ടാണു വിദേശനാണ്യ വിനിമയ ഏജന്റുമാരെ ചോദ്യം ചെയ്തത്. സ്വപ്നയും കൂട്ടരും വൻതോതിൽ യുഎസ് ഡോളർ സമാഹരിച്ചെന്ന കണ്ടെത്തലിലാണു നടപടി. ഇതിനിടെ പ്രതികളുടെ സ്വത്തുവകകൾ സംബന്ധിച്ചും ഇഡി അന്വേഷണം ആരംഭിച്ചു. ഭൂസ്വത്ത് ഉൾപ്പെടെ കേന്ദ്രീകരിച്ചാണ് അന്വേഷണം. കള്ളക്കടത്ത് - കമ്മീഷൻ തുക ഭൂമിയും അപ്പാർട്ട്മെന്റുകളും വാങ്ങാൻ സ്വപ്ന ഉപയോഗിച്ചതായി കണ്ടെത്തിയിരുന്നു. സുഹൃത്തുക്കളുടെയോ ബന്ധുക്കളുടെയോ പേരിൽ പ്രതികൾ സ്വത്തുവകൾ വാങ്ങിയിരിക്കാമെന്നാണ് ഇഡിയുടെ നിഗമനം. പ്രതികളുടെ വിദേശത്തെ സ്വത്ത് സംബന്ധിച്ചും അന്വേഷിക്കാൻ തീരുമാനമായി.

ദുബായിൽ നിന്ന് എൻഐഎ സംഘം തിരിച്ചെത്തി, തെളിവുകളുമായി

കൊച്ചി: സ്വർണക്കടത്തിലെ വിദേശബന്ധം പരിശോധിക്കാൻ ദുബായിലേക്ക് പോയ എൻഐഎയുടെ പ്രത്യേകസംഘം കൊച്ചിയിൽ തിരിച്ചെത്തി. സ്വർണക്കടത്തുമായി ബന്ധപ്പെട്ട പ്രധാന തെളിവുകൾ അന്വേഷണസംഘം ശേഖരിച്ചു. ഡിപ്ലോമാറ്റിക്ക് കാർഗോയിലൂടെ സ്വർണം കടത്തിയതുമായി ബന്ധപ്പെട്ട വിവരങ്ങളും ഇതിലുൾപ്പെടും. അതേസമയം വിദേശത്ത് ഒളിവിൽ തുടരുന്ന നാലു പ്രതികളെ കേരളത്തിൽ തിരിച്ചെത്തിക്കുന്നതിൽ അനിശ്ചിതത്വം നീങ്ങിയില്ല.

സ്വർണക്കടത്തുമായി ബന്ധപ്പെട്ട് ആരോപണവിധേയരായ യുഎഇ ഉദ്യോഗസ്ഥരെ എൻഐഎ കണ്ടോയെന്നതു വ്യക്തമല്ല. സ്വർണക്കടത്തിന്റെ മുഖ്യ ആസൂത്രകരിലൊരാളായ ഫൈസൽ ഫരീദിനെയാണ് പ്രധാനമായും ചോദ്യം ചെയ്തതെന്നാണ് വിവരം. സ്വർണക്കടത്തുമായി ബന്ധപ്പെട്ട് നാല് പ്രതികൾ വിദേശത്ത് ഒളിവിൽ തുടരുകയാണെന്നും ഇവരെ നാട്ടിലെത്തിക്കാനുള്ള ശ്രമം തുടരുകയാണെന്നും എൻഐഎ വ്യക്തമാക്കി. കള്ളക്കടത്തിലൂടെ ലഭിച്ച സ്വർണം തീവ്രവാദപ്രവർത്തനത്തിന് ഉപയോഗിച്ചു എന്നു കണ്ടെത്താൻ വിദേശത്തുള്ള പ്രതികളുടെ മൊഴി എൻഐഎക്ക് അത്യാവശ്യമാണ്. ഫൈസൽ ഫരീദിന് ദുബായിൽ മറ്റൊരു കേസുള്ളതിനാൽ ഇയാളെ എപ്പോൾ ഇന്ത്യയ്ക്ക് കൈമാറുമെന്ന കാര്യത്തിൽ വ്യക്തതയില്ല. കേസിലെ മൂന്നാംപ്രതിയായ ഫൈസലിന് എതിരേ കൊച്ചി എൻഐഎ കോടതി ജാമ്യമില്ലാ വാറൻഡ് പുറപ്പെടുവിച്ചിട്ടുണ്ട്.

സ്വർണക്കടത്ത് കേസിൽ യുഎഇ ഉദ്യോഗസ്ഥരെ ചോദ്യം ചെയ്യാൻ നേരത്തെ വിദേശകാര്യമന്ത്രാലയം കത്ത് നൽകിയിരുന്നു. ആദ്യ കത്തിന് മറുപടികിട്ടാത്ത സാഹചര്യത്തിൽ വീണ്ടുമൊരു കത്ത് കൂടി കേന്ദ്രം നൽകി. ഇക്കാര്യത്തിൽ ഔദ്യോഗികമായ അനുമതിക്ക് സാധ്യതയില്ലെന്നാണ് സൂചന. അവസാനഘട്ടത്തിൽ യുഎഇയിലുള്ള ചില കോൺസുലേറ്റ് ഉദ്യോഗസ്ഥരുടെ മൊഴി രേഖപ്പെടുത്താനും എൻഐഎ ശ്രമിച്ചിരുന്നു. ഭീകരവാദ ബന്ധം കണ്ടെത്താനെന്നായിരുന്നു കേസ് എൻഐഎക്ക് കൈമാറിയത്. എന്നാൽ ഭീകരവാദ ബന്ധത്തിൽ ഇതുവരെ കാര്യമായ തെളിവുകൾ കിട്ടിയിട്ടില്ല. ഫൈസൽ ഫരീദിന്റെ മൊഴി ഇതിലേക്ക് എത്താൻ സഹായിക്കുമെന്നാണു സൂചന. സ്വർണക്കടത്തിൽ നിന്ന് കേന്ദ്ര ശ്രദ്ധ റെഡ് ക്രസന്റ് ഉൾപ്പടെുള്ള ഇടപാടുകളിലേക്ക് തിരിയുകയാണ്.

കൊവിഡ് കാലത്തെ വിവാദച്ചൂടിൽ ഇന്ന് നിയമസഭ സമ്മേളനം

തിരുവനന്തപുരം: സർക്കാരിനെതിരെ അവിശ്വാസ പ്രമേയം, കേരള കോൺഗ്രസിലെ തർക്കം,വിമാനത്താവളവുമായി ബന്ധപ്പെട്ട പുതിയ വെളിപ്പെടുത്തൽ തുടങ്ങി കടുത്ത രാഷ്ട്രീയ വിവാദങ്ങൾക്കിടെയാണ് ഇന്ന് നിയമസഭ സമ്മേളനം ചേരുന്നത്. ധനകാര്യബിൽ പാസാക്കാൻ വേണ്ടിയാണ് ഒരു ദിവസത്തേക്ക് കർശന കൊവിഡ് പ്രോട്ടോക്കോളിൽ സഭ ചേരുന്നതെങ്കിലും മന്ത്രി ജലീലിനെതിരായ ആരോപണങ്ങൾ, സ്വർണക്കടത്ത്, ലൈഫ് പദ്ധതി വിവാദങ്ങൾ തുടങ്ങിയവ ചർച്ചയ്ക്ക് വരും. ഇതിനിടെ നിയമസഭാ സമുച്ചയത്തിന്റെ മൂന്നാം നിലയിൽ രാജ്യസഭയിലേക്കുള്ള ഉപതെരഞ്ഞെടുപ്പും നടക്കും.

വിമാനത്താവളം അദാനി ഗ്രൂപ്പിന് കൈമാറാനുള്ള തീരുമാനത്തിനെതിരെ സർവകക്ഷിയോഗം വിളിച്ച് പ്രതിഷേധം അറിയിച്ച സർക്കാർ ഇതിന്റെ ടെൻഡറിന് നിയമോപദേശം തേടിയത് അദാനിയുടെ ബന്ധുവിന്റെ സ്ഥാപനത്തിൽ നിന്നാണെന്ന പുതിയ വെളിപ്പെടുത്തൽ സംയുക്ത പ്രമേയത്തിൽ എങ്ങനെ ട്വിസ്റ്റുണ്ടാക്കുമെന്ന് കണ്ടറിയണം.

അവിശ്വാസ പ്രമേയം ഭൂരിപക്ഷം കൊണ്ട് പരാജയപ്പെടുമെന്ന് ഉറപ്പാണെങ്കിലും ചർച്ച നടത്തി സർക്കാരിനെതിരായ ആരോപണങ്ങൾ അക്കമിട്ട് നിരത്തുകയും അത് പൊതുജനശ്രദ്ധയിലേക്ക് കൊണ്ടുവരികയുമാണ് പ്രതിപക്ഷത്തിന്റെ ലക്ഷ്യം. സർക്കാരിനെ കടന്നാക്രമിക്കുകയെന്ന ലക്ഷ്യത്തോടെ പ്രതിപക്ഷം ഇന്നു സഭയിലെത്തുമ്പോൾ പരമാവധി പ്രതിരോധം തീർക്കാൻ ഭരണപക്ഷം ശ്രമിക്കും. ഇതിലൂടെ ശക്തമായ ഭരണ- പ്രതിപക്ഷ പോരിനായിരിക്കും സഭ സാക്ഷ്യം വഹിക്കുക.

അതേസമയം വിമാനത്താവള വിഷയത്തിൽ ശശി തരൂരിന്റെ നിലപാടും കേരള കോൺഗ്രസിൽ വിപ്പിനെ ചൊല്ലിയുള്ള തർക്കങ്ങളും യുഡിഎഫിന് തിരിച്ചടിയാണ്. സർക്കാരിനെതിരേ ഉയർന്നിട്ടുള്ള പ്രധാന ആരോപണങ്ങൾ ചർച്ച ചെയ്യുന്നതിലൂടെ മുഖ്യമന്ത്രിക്കെതിരേ ശക്തമായ ആക്രമണം നടത്താനാണ് പ്രതിപക്ഷം ഉദ്ദേശിക്കുന്നത്.

രാജ്യസഭാ വോട്ടെടുപ്പും സഭയ്ക്കു പുറത്തെ ബിജെപി സമരവും അഞ്ചു മണിക്കൂർ നീളുന്ന അവിശ്വാസ പ്രമേയ ചർച്ചയുമെല്ലാം ചേരുമ്പോൾ ഒരു ദിവസത്തെ സഭാ സമ്മേളനം ശ്രദ്ധേയമാകും. സ്പീക്കർക്കെതിരേ പ്രതിഷേധം ശക്തമാക്കുമെന്ന് പ്രതിപക്ഷ നേതാവ് രമേശ് ചെന്നിത്തല നേരത്തെതന്നെ പറഞ്ഞിട്ടുണ്ട്. സ്പീക്കർക്കെതിരായ അവിശ്വാസം അനുവദിക്കാത്ത സാഹചര്യത്തിൽ സഭ സ്തംഭിപ്പിക്കാനാണ് പ്രതിപക്ഷത്തിന്റെ തീരുമാനമെങ്കിൽ പെട്ടെന്നു പിരിയാനാണ് സാധ്യത. എന്നാൽ പ്രതിപക്ഷം വോക്കൗട്ടിലേക്ക് നീങ്ങരുതെന്ന് മന്ത്രി ഇ.പി ജയരാജൻ അഭ്യർഥിച്ചിട്ടുണ്ട്.

ഭരണപ്രതിപക്ഷങ്ങൾ സഭയിൽ പോരിനുള്ള എല്ലാ ആയുധങ്ങളുമായി വരുമ്പോൾ ബിജെപിയുടെ ഏക എംഎൽഎ ആയ ഒ.രാജഗോപാൽ സഭയ്ക്കുപുറത്ത് ഉപവാസമിരിക്കും. രാവിലെ ഒൻപതിന് അനുശോചനപ്രമേയം അവതരിപ്പിക്കും. ചോദ്യോത്തരം ഉണ്ടാകില്ല. തുടർന്ന് ധനബിൽ പാസാക്കും. പിന്നീട് ഉപധനാഭ്യർഥനകളും സഭയിൽ അവതരിപ്പിച്ച് പാസാക്കും. രാജ്യസഭയിലേക്കുള്ള ഉപതെരഞ്ഞെടുപ്പ് രാവിലെ ഒൻപതു മുതൽ വൈകിട്ട് നാലു മണി വരെയായിരിക്കും നടക്കുക. എൽഡിഎഫ് സ്ഥാനാർഥി എം.വി ശ്രേയാംസ് കുമാറും യുഡിഎഫ് സ്ഥാനാർഥി ലാൽ വർഗീസ് കൽപകവാടിയുമാണ് മത്സര രംഗത്തുള്ളത്.

മാലപ്പടക്കത്തിന് തീ കൊളുത്തും

സ്പീക്കർക്കെതിരേ പ്രതിഷേധിച്ച ശേഷം പ്രതിപക്ഷം സീറ്റുകളിലേക്ക് പോയാൽ 15 വർഷത്തിനു ശേഷമുള്ള ആദ്യ അവിശ്വാസ പ്രമേയത്തിന്മേൽ അഞ്ച് മണിക്കൂർ നീളുന്ന ചർച്ച നടക്കും. വി.ഡി.സതീശനാണ് അവിശ്വാസ പ്രമേയത്തിന് നോട്ടിസ് നൽകിയിരിക്കുന്നത്. രാവിലെ പത്ത് മണി മുതൽ മൂന്നു വരെയാണ് അവിശ്വാസ പ്രമേയ ചർച്ച. കൊവിഡ് പ്രതിരോധത്തിലെ വീഴ്ച, സ്പ്രിംക്ലറുമായുള്ള കരാർ, ബെവ് ക്യൂ ആപ്പ്, പിൻവാതിൽ നിയമനങ്ങൾ, സ്വർണക്കടത്ത്, എം.ശിവശങ്കറിന്റെ ഇടപാടുകൾ, ലൈഫ് മിഷൻ കരാർ, വിമാനത്താവള ലേലത്തിൽ അദാനിക്ക് ബന്ധമുള്ള കമ്പനിയുടെ സഹായം തേടിയത്, സപ്ലൈകോ ഓണക്കിറ്റിലെ ക്രമക്കേട് തുടങ്ങിയ വിഷയങ്ങളെല്ലാം ഒരുമിച്ച് ചർച്ചചെയ്യാൻ പ്രതിപക്ഷത്തിനു കിട്ടുന്ന അവസരമാകുമിത്.

23 പുതിയ ഹോട്ട് സ്പോട്ടുകൾ; ആകെ 622

തിരുവനന്തപുരം: ഇന്നലെ 23 പുതിയ ഹോട്ട് സ്പോട്ടുകൾ പ്രഖ്യാപിച്ചു. തൃശൂർ ജില്ലയിലെ എടത്തിരുത്തി (വാർഡ് 18), എടവിലങ്ങ് (എല്ലാ വാർഡുകളും) ആളൂർ (സബ് വാർഡ് 20), എരുമപ്പെട്ടി (സബ് വാർഡ് 15, 16), ഗുരുവായൂർ മുനിസിപ്പാലിറ്റി (33, 34), മതിലകം (സബ് വാർഡ് 6), കോട്ടയം ജില്ലയിലെ കിടങ്ങൂർ (2, 15), അയർക്കുന്നം (7), തിരുവനന്തപുരം ജില്ലയിലെ മലയിൻകീഴ് (4, 5, 15), ആര്യങ്കോട് (1, 15, 16), വെള്ളനാട് (14), വയനാട് ജില്ലയിലെ വെള്ളമുണ്ട (10, 13), തൊണ്ടർനാട് (1, 2, 3, 5, 6), മുള്ളൻകൊല്ലി (സബ് വാർഡ് 17, 18), കൊല്ലം ജില്ലയിലെ നെടുവത്തൂർ (സബ് വാർഡ് 1, 16, 17, 18), കരുനാഗപ്പള്ളി മുനിസിപ്പാലിറ്റി (22, 23), തെക്കുംഭാഗം (സബ് വാർഡ് 4, 5), പത്തനംതിട്ട ജില്ലയിലെ കോട്ടാങ്ങൽ (സബ് വാർഡ് 2, 3, 10), പ്രമാടം (18), പാലക്കാട് ജില്ലയിലെ പരുതൂർ (2, 3), തിരുവേങ്ങപ്പുറ (8), ഇടുക്കി ജില്ലയിലെ കരുണാപുരം (13), കോഴിക്കോട് ജില്ലയിലെ തുറയൂർ (8) എന്നിവയാണ് പുതിയ ഹോട്ട് സ്പോട്ടുകൾ.

17 പ്രദേശങ്ങളെ ഹോട്ട് സ്പോട്ടിൽ നിന്നും ഒഴിവാക്കി. കോട്ടയം ജില്ലയിലെ വൈക്കം മുൻസിപ്പാലിറ്റി (വാർഡ് 13, 25), മണിമല (11) പുതുപ്പള്ളി (6, 11), അയ്മനം (10), കൂരോപ്പട (15), കാണാക്കാരി (5), എരുമേലി (20), തിരുവനന്തപുരം ജില്ലയിലെ വാമനപുരം (14), മണമ്പൂർ (9, 12), വിളപ്പിൽ (20), തൃശൂർ ജില്ലയിലെ അരിമ്പൂർ (1), കോടശേരി (10, 11), മണലൂർ (13, 14), മലപ്പുറം ജില്ലയിലെ കോട്ടക്കൽ മുസിപ്പാലിറ്റി (എല്ലാ വാർഡുകളും), നിറമരുതൂർ (16, 17), വയനാട് ജില്ലയിലെ മുട്ടിൽ (3 (സബ് വാർഡ്), 14), എറണാകുളം ജില്ലയിലെ പള്ളിപ്പുറം (സബ് വാർഡ് 18) എന്നീ പ്രദേശങ്ങളെയാണ് ഒഴിവാക്കിയത്. ഇതോടെ നിലവിൽ 622 ഹോട്ട് സ്പോട്ടുകളാണുള്ളത്.

കേന്ദ്ര സർക്കാരിനെതിരേ സിപിഎം സത്യഗ്രഹസമരം നടത്തി

തിരുവനന്തപുരം: കേന്ദ്രസർക്കാരിനെതിരേ വിവിധ ആവശ്യങ്ങളുന്നയിച്ച് സിപിഎം സത്യഗ്രഹസമരം നടത്തി. വീടുകൾ, പ്രധാന കേന്ദ്രങ്ങൾ, വ്യാപാര കേന്ദ്രങ്ങൾ, സ്ഥാപനങ്ങൾ എന്നിവ സമരകേന്ദ്രമാക്കി ഇന്നലെ വൈകുന്നേരം നാല് മുതൽ നാലര വരെയായിരുന്നു സത്യഗ്രഹം. വിവിധ കേന്ദ്രങ്ങളിൽ നിന്നും ഓൺലൈനായി ജന ലക്ഷങ്ങൾ പരിപാടിയിൽ അണിചേർന്നു.സിപിഎം സംസ്ഥാന സെക്രട്ടറി കോടിയേരി ബാലകൃഷ്ണൻ കുടുംബസമേതം തിരുവനന്തപുരം മരുതംകുഴിയിലെ വീട്ടിൽ സത്യഗ്രഹമിരിന്നു. പൊളിറ്റ് ബ്യൂറോ അംഗം എസ്. രാമചന്ദ്രൻപിള്ളയും കേന്ദ്ര കമ്മിറ്റിയംഗം എം.വി. ഗോവിന്ദനും എകെജി സെന്ററിൽ സത്യഗ്രഹത്തിൽ പങ്കെടുത്തു. എൽഡിഎഫ് കൺവീനർ എ .വിജയ രാഘവൻ തൃശൂരും സിപിഎം കേന്ദ്ര കമ്മിറ്റിയംഗം പി.കെ ശ്രീമതി കണ്ണൂരും സമരത്തിൽ പങ്കെടുത്തു.

ആദായനികുതിദായകരല്ലാത്ത എല്ലാ കുടുംബങ്ങൾക്കും ആറ് മാസത്തേക്ക് മാസം 7,500 രൂപവീതം അക്കൗണ്ടിൽ നിക്ഷേപിക്കുക, ആവശ്യക്കാർക്ക് 10 കിലോ ഭക്ഷ്യധാന്യം ആറുമാസത്തേക്ക് നൽകുക, തൊഴിലുറപ്പ് പദ്ധതിപ്രകാരമുള്ള 200 ദിവസത്തെ ജോലി വർധിപ്പിച്ച വേതനത്തിന്റെ അടിസ്ഥാനത്തിൽ നൽകുക, പൊതുമേഖലാ സ്ഥാപനങ്ങളുടെ സ്വകാര്യവൽക്കരണം ഉപേക്ഷിക്കുക, തുടങ്ങിയ ആവശ്യങ്ങളുന്നയിച്ചാണ് സത്യഗ്രഹം സംഘടിപ്പിച്ചത്. ഇതിനിടെ സമരത്തിന് പിന്തുണയുമായി തലസ്ഥാനത്ത് ബിജെപി കൗൺസിലർ പങ്കെടുത്തത് വിവാദമായി. തിരുവനന്തപുരം കോർപറേഷൻ പാൽക്കുളങ്ങര വാർഡ് കൗൺസിലർ വിജയകുമാരിയാണ് കുടുംബ സമേതം സമരത്തിൽ പങ്കെടുത്തത്. ഇതെ തുടർന്ന് എസ്.വിജയകുമാരിയെ അന്വേഷണവിധേയമായി ബിജെപിയിൽ നിന്നും സസ്പെൻഡ് ചെയ്തതായി സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രൻ അറിയിച്ചു

● സമരത്തിൽ പങ്കെടുത്ത ബിജെപി കൗൺസിലർക്ക് സസ്പെൻഷൻ

കേന്ദ്ര സർക്കാരിന്റെ ദ്രോഹ നയങ്ങൾക്കെതിരേ സിപിഎം നടത്തുന്ന സമരത്തിൽ പിന്തുണ അറിയിച്ച് തിരുവനന്തപുരം കോർപറേഷൻ പാൽക്കുളങ്ങര വാർഡിലെ ബിജെപി കൗൺസിലർ വിജയകുമാരി കുടുംബസമേതം പങ്കെടുക്കുന്നു.

സിനിമ, സീരിയൽ ഷൂട്ടിങ് പുനരാരംഭിക്കാൻ മാർഗനിർദേശങ്ങളായി

ന്യൂഡൽഹി: സിനിമ, ടിവി സീരിയൽ ഷൂട്ടിങ് കൊവിഡ് പ്രോട്ടോകോൾ പാലിച്ച് പുനരാരംഭിക്കാൻ കേന്ദ്ര സർക്കാർ അനുമതി. ഇതിനുള്ള മാർഗനിർദേശങ്ങൾ വാർത്താ വിതരണ പ്രക്ഷേപണ മന്ത്രി പ്രകാശ് ജാവഡേക്കർ പുറപ്പെടുവിച്ചു. സാമൂഹിക അകലം പാലിക്കണം, ഫേസ് കവറോ മാസ്കോ ധരിക്കണം തുടങ്ങിയവ നിർബന്ധം. അഭിനേതാക്കൾക്ക് ക്യാമറയ്ക്കു മുന്നിൽ മാത്രം മാസ്കിന് ഒഴിവുണ്ട്.

കൊവിഡ് സാഹചര്യത്തിൽ വൻ തിരിച്ചടി നേരിട്ട സിനിമാ വ്യവസായത്തിനു തിരിച്ചുവരവിനുള്ള അവസരമൊരുക്കിയാണ് ഷൂട്ടിങ് പുനരാരംഭിക്കാൻ തീരുമാനിച്ചതെന്ന് ജാവഡേക്കർ പറഞ്ഞു. നിരവധിയാളുകൾക്ക് ഇതുവഴി തൊഴിൽ ലഭിക്കുമെന്നും അദ്ദേഹം. ആരോഗ്യ, ആഭ്യന്തര മന്ത്രാലയങ്ങളുമായി ബന്ധപ്പെട്ടാണ് മാർഗനിർദേശങ്ങൾ നിശ്ചയിച്ചതെന്നും അദ്ദേഹം.

കണ്ടെയ്മെന്റ് സോണുകളിൽ അത്യാവശ്യ പ്രവർത്തനങ്ങൾ മാത്രമേ അനുവദിക്കൂ എന്ന നിബന്ധന ഷൂട്ടിങ്ങിനും ബാധകമാണെന്ന് മന്ത്രി പറഞ്ഞു. പ്രായമായവർ, ഗർഭിണികൾ, അനുബന്ധ രോഗങ്ങളുള്ളവർ തുടങ്ങി ഉയർന്ന റിസ്കുള്ളവർ പ്രത്യേക മുൻകരുതലുകൾ എടുക്കണം. ആളുകളുമായി ബന്ധപ്പെടേണ്ട മുൻനിര പ്രവർത്തനങ്ങളിൽ നിന്ന് ഇവർ വിട്ടുനിൽക്കുന്നതാണു നല്ലത്.

ഇടക്കിടെ കൈ കഴുകുക, എൻട്രി പോയിന്റുകളിലും ജോലിസ്ഥലത്തും സാനിറ്റൈസർ ഉപയോഗിക്കുക തുടങ്ങിയവയും നിർബന്ധം. ആരോഗ്യ സേതു ആപ് ഉപയോഗിക്കുന്നതു നല്ലതാണ്. എല്ലായിടത്തും സാമൂഹിക അകലം പാലിക്കാനുള്ള സംവിധാനമുണ്ടാക്കണം. പരമാവധി കുറച്ചു പേരെ മാത്രമേ ഉൾപ്പെടുത്താവൂ. സന്ദർശകരെയോ കാണികളെയോ അനുവദിക്കരുത്.

താമസസൗകര്യമൊരുക്കുന്നതും സാമൂഹിക അകലം പാലിച്ചു വേണം. സെറ്റുകൾ, മേക്ക് അപ് റൂമുകൾ, എഡിറ്റ് റൂമുകൾ, വാനിറ്റി വാനുകൾ, വാഷ് റൂമുകൾ എന്നിവയെല്ലാം കൃത്യമായി അണുവിമുക്തമാക്കണം. ഷൂട്ടിങ്ങിനു മുൻപും ശേഷവും അണുനശീകരണം നടത്തണം. കഴിയുന്നത്ര വീട്ടിൽ നിന്നുള്ള ജോലി എന്ന നയം സ്വീകരിക്കണം. കോസ്റ്റ്യൂം, വിഗുകൾ, മേക്കപ്പ് സാധനങ്ങൾ തുടങ്ങിയവ പങ്കിടുന്നത് പരമാവധി കുറയ്ക്കണം. മേക്കപ്പ് ആർട്ടിസ്റ്റുകളും ഹെയർ സ്റ്റൈലിസ്റ്റുകളും അനുയോജ്യമായ പിപിഇകൾ ധരിക്കണം. ഉപകരണങ്ങൾ പങ്കുവച്ച് ഉപയോഗിക്കുകയാണെങ്കിൽ ഗ്ലൗസ് ധരിക്കണം- മാർഗനിർദേശങ്ങളിൽ പറയുന്നു.

ലൈഫ് മിഷൻ: യൂണിടാക്കുമായി കരാർ ഒപ്പുവച്ചത് യുഎഇ കോൺസൽ ജനറൽ

● നിർമാണക്കരാറിൽ സംസ്ഥാന സർക്കാരും റെഡ് ക്രസന്റുമില്ല!

കൊച്ചി: ലൈഫ് മിഷന്റെ ഭാഗമായ വടക്കാഞ്ചേരി ഭവനപദ്ധതിക്കു വേണ്ടി യൂണിടാക് കമ്പനിയുമായി നിർമാണ കരാർ ഒപ്പിട്ടത് യുഎഇ കോൺസൽ ജനറൽ. വടക്കാഞ്ചേരിയിൽ ആശുപത്രി നിർമാണത്തിന് എറണാകുളത്തെ സെയ്ന്റ് വെഞ്ചേഴ്സ് എന്ന കമ്പനിയുമായും കരാർ ഉണ്ടാക്കി. ധാരണാപത്രത്തിൽ ഒപ്പിട്ട സംസ്ഥാന സർക്കാരും റെഡ്ക്രസന്റും നിർമാണ കരാറിൽ കക്ഷികളല്ലെന്നു വ്യക്തമാകുന്ന രേഖകളാണു പുറത്തായത്. നിർമാണ കരാറിൽ റെഡ് ക്രസന്റിന് പകരം കോൺസൽ ജനറൽ ഒപ്പിട്ടത് നയതന്ത്ര മര്യാദകളുടെ ലംഘനം കൂടിയാണെന്നു വിലയിരുത്തപ്പെടുന്നു.

വടക്കാഞ്ചേരിയിൽ ഫ്ലാറ്റ് നിർമാണത്തിന് സഹായം നൽകാൻ സർക്കാരിന് വേണ്ടി ലൈഫ് മിഷൻ സിഇഒയും റെഡ്ക്രസന്റും തമ്മിൽ ധാരണാപത്രം ഒപ്പിട്ടിരുന്നു. ഇതിന് പുറമെ ഒരു ഉപകരാർ കൂടിയുണ്ടായിരുന്നുവെന്നാണ് ഇപ്പോൾ പുറത്തുവരുന്ന വിവരങ്ങൾ വ്യക്തമാക്കുന്നത്. ഈ ഉപകരാറിലാണ് റെഡ്ക്രസന്റിന് പകരം കേരളത്തിലെ യുഎഇ കോൺസൽ ജനറൽ ഒപ്പിട്ടത്. വടക്കാഞ്ചേരിയിൽ തലപ്പിള്ളി താലൂക്കിൽ പെട്ട സ്ഥലത്തു 140 ഓളം പാർപ്പിട സമുച്ചയം നിർമിക്കാനുള്ളതാണു കരാർ. 500 ചതുരശ്ര അടി വിസ്തീർണമുള്ള സമുച്ചയം നിർമിക്കാനാണ് ഉദ്ദേശിച്ചത്. ടെൻഡർ മുഖേനെയാണ് ഇതിലേക്ക് യുണിടാക്കിനെ തെരഞ്ഞെടുത്തതെന്ന് കരാറിൽ പറയുന്നു.70 ലക്ഷം യുഎഇ ദിർഹത്തിന്റെ കരാറാണ് യുണിടാക്കും യുഎഇ കോൺസുലേറ്റും ഒപ്പുവച്ചിരിക്കുന്നത്. ഇതോടൊപ്പം ഫ്ലാറ്റ് സമുച്ചയത്തിന് സമീപത്ത് കുട്ടികൾക്കും അമ്മമാർക്കുമുള്ള ആശുപത്രി നിർമിക്കാനും കരാറുണ്ട്. ഇതിനാണ് എറണാകുളത്തെ സെയ്ന്റ് വെഞ്ചേഴ്സ് എന്ന സ്ഥാപനവുമായുള്ള കരാർ.

സർക്കാരിനെ ഒഴിവാക്കി കോൺസൽ ജനറൽ നേരിട്ട് എങ്ങനെയാണ് ഇത്തരമൊരു കരാറിൽ ഒപ്പിട്ടതെന്നതു സംശയങ്ങൾ ഉയർത്തുന്നുണ്ട്. ധാരണാപത്രത്തിലെ ഉപവകുപ്പ് പ്രകാരം നിർമാണ കരാറുകാരനെ തെരഞ്ഞെടുക്കേണ്ടതു സംസ്ഥാന സർക്കാർ കൂടി ചേർന്നാണ്. യുഎഇയിൽ നിന്ന് നേരിട്ട് ധനസസഹായം സ്വീകരിക്കുന്നതിന് നിയമതടസങ്ങൾ ഉള്ളതുകൊണ്ടാണ് റെഡ് ക്രസന്റുമായി സംസ്ഥാന സർക്കാർ ധാരണപത്രം ഒപ്പിട്ടത്. എന്നാൽ, കേന്ദ്ര സർക്കാരിന്റെ അനുമതിയില്ലാതെ കോൺസുൽ ജനറൽ നേരിട്ട് ഒപ്പിട്ടത് നയതന്ത്ര മര്യാദകളുടെ ലംഘനമെന്നാണു വിലയിരുത്തൽ.

ട്രംപിന്റെ പ്രചാരണ വിഡിയോയിൽ മോദിയുമൊത്തുള്ള രംഗങ്ങൾ

വാഷിങ്ടൺ: നവംബറിലെ പ്രസിഡന്റ് തെരഞ്ഞെടുപ്പു ലക്ഷ്യമിട്ട് ട്രംപ് വിഭാഗം ഇന്ത്യൻ- അമെരിക്കക്കാർക്കായി തയാറാക്കിയ പ്രചാരണ വിഡിയോയിൽ യുഎസ് പ്രസിഡന്റ് ഇന്ത്യൻ പ്രധാനമന്ത്രി നരേന്ദ്ര മോദിയുമൊത്തുള്ള രംഗങ്ങൾ. നരേന്ദ്ര മോദിയുടെ പ്രസംഗങ്ങൾ, അഹമ്മദാബാദിലെ നമസ്തെ ട്രംപ് പരിപാടിയിൽ ഡോണൾഡ് ട്രംപിന്റെ പ്രസംഗം എന്നിവയുടെ ചെറിയ ക്ലിപ്പുകൾ വിഡിയോയിലുണ്ട്. ഇന്ത്യൻ അമെരിക്കക്കാരിൽ നിന്ന് ട്രംപിനു വലിയ പിന്തുണയാണു കിട്ടുന്നതെന്ന് ട്രംപ് ക്യാംപിലെ പ്രധാനിയായ കിംബർലി ഗിൽഫോയ് ലെ വിഡിയോ പുറത്തിറക്കിക്കൊണ്ട് ട്വീറ്റ് ചെയ്തു. പ്രചാരണം നയിക്കുന്ന ട്രംപിന്റെ മകൻ ഉടൻ തന്നെ അത് റീ ട്വീറ്റ് ചെയ്തിട്ടുമുണ്ട്. ഇന്ത്യൻ അമെരിക്കൻ സമൂഹവുമായി വലിയ തോതിൽ ബന്ധപ്പെടുന്നുണ്ട് ജൂണിയർ ട്രംപ്. സോഷ്യൽ മീഡിയയിൽ വലിയ ഹിറ്റായിരിക്കുകയാണ് ഈ വിഡിയോ. ഏതാനും മണിക്കൂറുകൾക്കുള്ളിൽ തന്നെ 66,000ലേറെ പേർ കണ്ടു കഴിഞ്ഞു. നാലു വർഷം കൂടി എന്ന തലക്കെട്ടിലുള്ള 107 സെക്കൻഡ് വിഡിയോയാണ് സോഷ്യൽ മീഡിയയിൽ പ്രചരിക്കുന്നത്. ഹൂസ്റ്റണിലെ എൻആർജി സ്റ്റേഡിയത്തിലേക്ക് മോദിയും ട്രംപും കൈപിടിച്ചു നടന്നുവരുന്ന ഐക്കണിക് ചിത്രത്തോടെയാണു തുടക്കം. ആയിരക്കണക്കിന് ഇന്ത്യൻ അമെരിക്കക്കാരെ അഭിസംബോധന ചെയ്യാനെത്തിയതാണ് അന്ന് ഇരുവരും. ഇന്ത്യൻ അമെരിക്കക്കാർക്ക് ട്രംപിനെ പരിചയപ്പെടുത്തേണ്ട ആവശ്യമൊന്നുമില്ലെന്ന് മോദി പ്രസംഗിക്കുന്നത് വിഡിയോയിലുണ്ട്.

വിഡിയോയുടെ രണ്ടാം ഭാഗം ഇക്കഴിഞ്ഞ ഫെബ്രുവരിയിലെ ട്രംപിന്റെ അഹമ്മദാബാദ് സന്ദർശനമാണ്. അമെരിക്ക ഇന്ത്യയെ സ്നേഹിക്കുന്നു. അമെരിക്ക ഇന്ത്യയെ ബഹുമാനിക്കുന്നു. അമെരിക്ക എപ്പോഴും ഇന്ത്യൻ ജനതയോട് വിശ്വാസ്യതയും ആത്മാർഥ സൗഹൃദവും കാണിക്കും- അഹമ്മദാബാദിലെ ട്രംപിന്റെ പ്രസംഗത്തിൽ നിന്നുള്ള വാക്കുകൾ വിഡിയോ എടുത്തുപറയുന്നു. 40 ലക്ഷം ഇന്ത്യൻ അമെരിക്കക്കാർ യുഎസിനു നൽകിയ സംഭാവനകളെ ട്രംപ് അഭിനന്ദിക്കുന്നതും വിഡിയോയിലുണ്ട്.

ചൈന- പാക് സംയുക്ത പ്രസ്താവനയിൽ ജമ്മു കശ്മീർ

എതിർത്ത് ഇന്ത്യ

ന്യൂഡൽഹി: ചൈനീസ്, പാക് വിദേശകാര്യ മന്ത്രിമാർ തമ്മിലുള്ള ചർച്ചയ്ക്കു ശേഷം പുറപ്പെടുവിച്ച സംയുക്ത പ്രസ്താവനയിൽ ജമ്മു കശ്മീരിനെ ഉൾപ്പെടുത്തിയതിൽ എതിർപ്പറിയിച്ച് ഇന്ത്യ. ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ് ജമ്മു കശ്മീർ. പുറത്തു നിന്നുള്ളവരുടെ ഇടപെടൽ ഇക്കാര്യത്തിൽ അനുവദിക്കില്ല. ചൈനീസ്- പാക് സംയുക്ത പ്രസ്താവന ഇന്ത്യ തള്ളിക്കളയുന്നു- വിദേശകാര്യ മന്ത്രാലയ വക്താവ് അനുരാഗ് ശ്രീവാസ്തവ വ്യക്തമാക്കി.

ചൈനീസ് വിദേശകാര്യ മന്ത്രി വാങ് യിയും പാക്കിസ്ഥാൻ വിദേശകാര്യ മന്ത്രി ഷാ മഹമൂദ് ഖുറേഷിയും തമ്മിലുള്ള രണ്ടാം വട്ടം തന്ത്രപ്രധാന ചർച്ചയ്ക്കു ശേഷം പുറത്തിറക്കിയ സംയുക്ത പ്രസ്താവനയിലാണ് കശ്മീർ പ്രശ്നവും ചൈന-പാക് സാമ്പത്തിക ഇടനാഴിയും പരാമർശ വിഷയങ്ങളായിട്ടുള്ളത്. സാമ്പത്തിക ഇടനാഴി പാക് അധിനിവേശ കശ്മീരിലൂടെയുള്ളതാണ്. ഇന്ത്യയുടെ ഭാഗമായ സ്ഥലം അനധികൃതമായി കൈയേറിയ പാക്കിസ്ഥാൻ അതിലൂടെ സാമ്പത്തിക ഇടനാഴിയുണ്ടാക്കുന്നത് അംഗീകരിക്കില്ലെന്നും അനുരാഗ് ശ്രീവാസ്തവ വ്യക്തമാക്കിയിട്ടുണ്ട്. പാക് അധിനിവേശ കശ്മീരിന്റെ ഇപ്പോഴത്തെ അവസ്ഥയിൽ എന്തെങ്കിലും മാറ്റം വരുത്തുന്നതിനെ ഇന്ത്യ എതിർക്കുന്നു. ജമ്മു കശ്മീർ ഇന്ത്യയുടെ അവിഭാജ്യ ഘടകമാണ്. അതിൽ ആരുടെയും ഇടപെടൽ അനുവദിക്കില്ല- ശ്രീവാസ്തവ കൂട്ടിച്ചേർത്തു.

കശ്മീരിൽ ഏകപക്ഷീയമായ നടപടികൾ മൂലം സ്ഥിതിഗതികൾ വഷളാവുന്ന സാഹചര്യമുണ്ടാവരുത് എന്നാണ് ചൈന-പാക് സംയുക്ത പ്രസ്താവനയിൽ പറയുന്നത്. ഇന്ത്യ- പാക് വിഭജനം ബാക്കിവച്ച തർക്കമാണു കശ്മീരിലേത്. യുഎൻ ചാർട്ടറും ഐക്യരാഷ്ട്ര രക്ഷാസമിതി പ്രമേയങ്ങളും എല്ലാം അടിസ്ഥാനമാക്കിയുള്ള സമാധാനപരമായ പരിഹാരം ഇതിനുണ്ടാവണമെന്നാണ് ചൈനയുടെ നിലപാട്.

മുഖ്യമന്ത്രി സ്ഥാനാർഥിയല്ല, രാഷ്ട്രീയലക്ഷ്യവുമില്ല: ജസ്റ്റിസ് ഗൊഗോയ്

ന്യൂഡൽഹി: അസമിൽ ബിജെപിയുടെ മുഖ്യമന്ത്രി സ്ഥാനാർഥിയാകുമെന്ന അഭ്യൂഹങ്ങൾ തള്ളി മുൻ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗൊഗോയ്. താൻ രാഷ്ട്രീയക്കാരനല്ലെന്നും അത്തരം മോഹങ്ങളോ ഉദ്ദേശ്യമോ സാധ്യതകളോ ഇല്ലെന്നു രാജ്യസഭാംഗമായ ഗൊഗോയ് ഒരു ദേശീയ മാധ്യമത്തിനു നൽകിയ അഭിമുഖത്തിൽ വ്യക്തമാക്കി.

രാജ്യസഭാംഗത്വം സ്വീകരിച്ചത് രാഷ്ട്രീയലക്ഷ്യത്തോടെയല്ല. അതിനുള്ള തുടക്കമല്ല എംപി സ്ഥാനം. രാജ്യസഭയിലെ നാമനിർദേശം ചെയ്യപ്പെട്ട അംഗമെന്ന പദവിയും രാഷ്ട്രീയ കക്ഷിയുടെ അംഗമായുള്ള എംപി സ്ഥാനവും തമ്മിലുള്ള വ്യത്യാസം തിരിച്ചറിയാൻ ആളുകൾക്കു കഴിയുന്നില്ലെന്നത് ദൗർഭാഗ്യകരമാണ്. രാജ്യസഭാംഗത്വം സ്വീകരിച്ചത് ഏറെ കരുതോലോടെയാണ്. എനിക്കു താത്പര്യമുള്ള വിഷയങ്ങളിൽ എന്റെ വ്യക്തിസ്വാതന്ത്ര്യം നിലനിർത്തിക്കൊണ്ടു തന്നെ ഇടപെടാൻ ഈ പദവി എന്നെ സഹായിക്കുന്നു. അതുപക്ഷേ, എന്നെ രാഷ്ട്രീയക്കാരനാക്കിയിട്ടില്ല- ഗൊഗോയ് പറഞ്ഞു.

രഞ്ജൻ ഗൊഗോയിയാണ് അടുത്തവർഷം നടക്കുന്ന നിയമസഭാ തെരഞ്ഞെടുപ്പിൽ ബിജെപിയുടെ മുഖ്യമന്ത്രി സ്ഥാനാർഥിയെന്ന് അസം മുൻ മുഖ്യമന്ത്രിയും കോൺഗ്രസ് നേതാവുമായ തരുൺ ഗൊഗോയ് പറഞ്ഞിരുന്നു. ഈ സാഹചര്യത്തിലാണ് ചീഫ് ജസ്റ്റിസിന്റെ വിശദീകരണം.

അയോധ്യാ വിധിയിൽ സന്തുഷ്ടരായാണ് ജസ്റ്റിസ് ഗൊഗോയിക്കു ബിജെപി രാജ്യസഭാംഗത്വം നൽകിയതെന്നും ധാർമികമായി സ്വീകരിക്കാൻ പാടില്ലാത്ത രാജ്യസഭാംഗത്വം സ്വീകരിച്ച മുൻ ചീഫ് ജസ്റ്റിസ് യഥാർഥത്തിൽ രാഷ്ട്രീയ താത്പര്യമാണ് തുറന്നു പ്രകടിപ്പിച്ചതെന്നുമായിരുന്നു തരുൺ ഗൊഗോയിയുടെ ആരോപണം.

ഈ വാദങ്ങൾക്ക് അടിസ്ഥാനമില്ലെന്ന് ബിജെപി അസം സംസ്ഥാന അധ്യക്ക്ഷൻ രൺജീത് കുമാർ ദാസ് വ്യക്തമാക്കിയിരുന്നു.

നെടുമ്പാശേരി വിമാനത്താവളത്തിൽ സ്വർണം പിടികൂടി

കൊച്ചി: നെടുമ്പാശേരി വിമാനത്താവളത്തിൽ സ്വർണവേട്ട. പേസ്റ്റ് രൂപത്തിൽ ആക്കി മുട്ടുകാലിൽ കെട്ടിവച്ച് കടത്താൻ ശ്രമിച്ച 81 പവൻ സ്വർണം പിടികൂടി. എയർ ഇന്ത്യ എക്സ്പ്രസ് വിമാനത്തിൽ മസ്കറ്റിൽ നിന്നുമെത്തിയ യാത്രക്കാരനിൽ നിന്നാണ് സ്വർണം പിടികൂടിയത്. താമരശേരി സ്വദേശിയായ ഇയാളിൽ നിന്ന് 650 ഗ്രാം സ്വർണമാണ് കസ്റ്റംസ് പിടിച്ചെടുത്തത്.

16 ദിവസം കൊണ്ട് 10 ലക്ഷം കേസുകൾ

കൊവിഡ് ബാധിതർ 30 ലക്ഷം പിന്നിട്ടു

ന്യൂഡൽഹി: രാജ്യത്ത് വീണ്ടും അറുപത്തൊമ്പതിനായിരത്തിലേറെ കൊവിഡ് കേസുകൾ ഒരു ദിവസം കണ്ടെത്തി. ഇന്നലെ കേന്ദ്ര ആരോഗ്യ മന്ത്രാലയം പുതുക്കിയ കണക്കനുസരിച്ച് അവസാന 24 മണിക്കൂറിൽ സ്ഥിരീകരിച്ചത് 69,239 കേസുകൾ. കഴിഞ്ഞദിവസം 69,874 പേർക്കു രോഗം സ്ഥിരീകരിച്ചതാണ് ഇന്ത്യയിലെ ഏറ്റവും ഉയർന്ന പ്രതിദിന വർധന. അറുപതിനായിരത്തിലേറെ പുതിയ രോഗബാധിതരെ കണ്ടെത്തുന്നത് തുടർച്ചയായി അഞ്ചാം ദിവസമാണ്. രാജ്യത്തെ മൊത്തം രോഗബാധിതർ 30,44,940 ആയി ഉയർന്നു.

ഇരുപതു ലക്ഷം പിന്നിട്ട് 16 ദിവസം കൊണ്ടാണ് വൈറസ് ബാധിതരുടെ എണ്ണം 30 ലക്ഷം കടന്നത്. ഇരുപതു ലക്ഷം കടന്നത് ഓഗസ്റ്റ് ഏഴിനായിരുന്നു. പത്തു ലക്ഷത്തിൽ നിന്ന് 20 ലക്ഷത്തിലെത്തിയത് 21 ദിവസം കൊണ്ടായിരുന്നു. ആദ്യ ഒരു ലക്ഷത്തിൽ നിന്ന് 10 ലക്ഷത്തിലെത്താൻ 59 ദിവസമെടുത്തു; ആദ്യ ഒരു ലക്ഷത്തിലെത്താൻ 110 ദിവസവും.

912 പേർ അവസാന 24 മണിക്കൂറിനിടെ മരിച്ചിട്ടുണ്ട്. ഇതോടെ മൊത്തം കൊവിഡ് മരണം 56,706 ആയി. അതേസമയം, രോഗമുക്തരുടെ എണ്ണവും വർധിച്ചിട്ടുണ്ട്. 22,80,566 പേർ ഇതുവരെ കൊവിഡിൽ നിന്നു മുക്തി നേടിയെന്ന് കേന്ദ്ര ആരോഗ്യ മന്ത്രാലയം. റിക്കവറി നിരക്ക് 74.90 ശതമാനമായി ഉയർന്നു. മരണനിരക്ക് 1.86 ശതമാനമാണ്. 7.07 ലക്ഷത്തിലേറെ പേരാണ് ഇപ്പോൾ രാജ്യത്ത് കൊവിഡ് ചികിത്സയിലുള്ളത്. എട്ടു ലക്ഷത്തിലേറെ സാംപിളുകൾ ശനിയാഴ്ച പരിശോധിച്ചെന്ന് ഐസിഎംആർ വ്യക്തമാക്കി. വെള്ളിയാഴ്ച പത്തു ലക്ഷത്തിലേറെ സാംപിളുകൾ പരിശോധിച്ചിരുന്നു.

14,492 പേർക്കാണ് മഹാരാഷ്ട്രയിൽ പുതുതായി രോഗം സ്ഥിരീകരിച്ചത്. സംസ്ഥാനത്തെ മൊത്തം കേസുകൾ 6.71 ലക്ഷം കടന്നു. മൊത്തം മരണം 21,995 ആയിട്ടുണ്ട്. 297 പേരാണ് അവസാന 24 മണിക്കൂറിൽ മരിച്ചത്. തമിഴ്നാട്ടിൽ 5,980 പേർക്കു കൂടി രോഗം സ്ഥിരീകരിച്ചു. മൊത്തം വൈറസ്ബാധിതർ 3.73 ലക്ഷത്തിലേറെയായി. 80 പേർ കൂടി മരിച്ച തമിഴകത്ത് മൊത്തം മരണം 6,420. ആന്ധ്രയിലെ മൊത്തം കേസുകൾ 3,45,216 ആണ്. 2.52 ലക്ഷത്തിലേറെ പേർ രോഗമുക്തരായിട്ടുണ്ട്. 3,189 പേർ ഇതുവരെ മരിച്ചു. അവസാന 24 മണിക്കൂറിൽ 97 പേർ ആന്ധ്രയിൽ മരിച്ചു.

കർണാടകയിൽ 7,330 പേർക്കു കൂടി രോഗം സ്ഥിരീകരിച്ചു. മൊത്തം കേസുകൾ 2.70 ലക്ഷം മറികടന്നിരിക്കുകയാണ്. 93 മരണം കൂടി രേഖപ്പെടുത്തിയതോടെ സംസ്ഥാനത്തെ കൊവിഡ് മരണസംഖ്യ 4,614 ആയിട്ടുണ്ട്. 2,979 പുതിയ കേസുകൾ കണ്ടെത്തിയ ബംഗളൂരു അർബനിൽ രോഗവ്യാപനത്തിന് ശമനമായിട്ടില്ല. 28 പേരാണ് ഈ പ്രദേശത്ത് 24 മണിക്കൂറിനിടെ മരിച്ചത്.

ഉത്തർപ്രദേശിൽ മൊത്തം കേസുകൾ 1.82 ലക്ഷമായിട്ടുണ്ട്. 2,867 പേരാണ് ഇതുവരെ മരിച്ചത്. അവസാന 24 മണിക്കൂറിൽ 70 പേരുടെ മരണം സംസ്ഥാനത്തു രേഖപ്പെടുത്തി. ഡൽഹിയിലെ മൊത്തം കേസുകൾ 1.60 ലക്ഷം കടന്നു. 4,284 പേർ ഇതുവരെ മരിച്ചു. ഡൽഹിയിലും ഗുജറാത്തിലും 14 പേർ വീതമാണ് അവസാന 24 മണിക്കൂറിൽ മരിച്ചത്. ഗുജറാത്തിലെ മൊത്തം കൊവിഡ് മരണം 2,881 ആണ്.

പശ്ചിമ ബംഗാളിൽ മൊത്തം കേസുകൾ 1.35 ലക്ഷം കടന്നു. സംസ്ഥാനത്ത് 3,200ലേറെ പുതിയ കേസുകൾ അവസാന 24 മണിക്കൂറിലും റിപ്പോർട്ട് ചെയ്തു. മരണസംഖ്യ 2,737 ആയി ഉയർന്നിട്ടുണ്ട്. അവസാന 24 മണിക്കൂറിൽ മരിച്ചത് 48 പേർ. ബിഹാറിൽ 1.19 ലക്ഷം കേസുകളും 601 മരണവുമാണ് ഇതുവരെ രേഖപ്പെടുത്തിയിട്ടുള്ളത്. തെലങ്കാനയിൽ 1.01 ലക്ഷം കേസുകളുണ്ട്. 744 പേരാണു സംസ്ഥാനത്ത് ഇതുവരെ കൊവിഡ് ബാധിച്ചു മരിച്ചത്.

പെട്ടിമുടിയിൽ തെരച്ചിൽ രണ്ട് ദിവസത്തേക്ക് നിർത്തിവച്ചു

സ്വന്തം ലേഖകൻ

മൂന്നാർ: രാജമല പെട്ടിമുടിയിൽ ഉരുൾപൊട്ടൽ ദുരന്തത്തിൽ കാണാതായവർക്കായുള്ള തെരച്ചിൽ നിർത്തിവച്ചു. രണ്ട് ദിവസത്തേക്കാണ് തെരച്ചിൽ നിർത്തിയത്. മോശം കാലാവസ്ഥയും വനമേഖലയിൽ തെരച്ചിൽ നടത്താനുള്ള അസൗകര്യവുമാണ് തിരിച്ചടിയാകുന്നത്. ഗ്രാവൽ ബാങ്ക്, ഭൂതക്കുഴി മേഖലകൾ കേന്ദ്രീകരിച്ച് തിരച്ചിൽ തുടരും, ശേഷിക്കുന്ന അഞ്ച് പേർക്കുള്ള തിരച്ചിലാണ് നിലവിൽ നടക്കുന്നത്. വനമഖലകളും പുഴയും കേന്ദ്രീകരിച്ചു തന്നെയാണ് മുന്നോട്ടുള്ള തിരച്ചിൽ. എൻ.ഡി.ആർ.എഫിന്റെയും ഫയർഫോഴ്സിന്റെയും മൂന്നാറിലെ അഡ്വഞ്ചർ ടീമിന്റെയും നേതൃത്വത്തിൽ പൊലീസിന്റെയും വനംവകുപ്പ് ജീവനക്കാരുടെയും സാഹായവും ഉൾപ്പെടുത്തി തിരച്ചിൽ നടത്തും. ഇനിയുള്ള തിരച്ചിലിന് പരിചയസമ്പന്നരായവരെ ഉൾപ്പെടുത്തി പ്രത്യേക ടീം രൂപികരിക്കും. ഏറെ ദുഷ്കരമായ വന പ്രദേശത്തെക്കുറിച്ച് കൃത്യമായി പഠിച്ചശേഷം ഭൂതക്കുഴി മേഖലയിൽ ചൊവാഴ്ച്ച വീണ്ടും തിരച്ചിൽ നടത്താനാണ് തീരുമാനം.

മഴയും മഞ്ഞും മൂലം കാലാവസ്ഥ പ്രതികൂലമായത് കഴിഞ്ഞ ദിവസങ്ങളിലെ തിരച്ചിലിനെ സാരമായി ബാധിച്ചിരുന്നു. ദുരന്തം നടന്ന പെട്ടിമുടിയിൽ നിന്ന് പത്ത് കിലോമീറ്ററിലധികം ദൂരെയാണ് ഭൂതക്കുഴി സ്ഥിതി ചെയ്യുന്നത്. വഴുക്കലുള്ള വലിയപ്പാറകളുള്ള പ്രദേശമായതിനാൽ റോപ്പ് മറ്റ് സുരക്ഷാ സംവിധാനങ്ങളും സാങ്കേതിക സംവിധാനങ്ങളും തിരച്ചിലിന് ഉപയോഗിക്കും. ഡ്രോൺ ഉപയോഗിച്ചും പ്രദേശത്ത് തിരച്ചിൽ നടത്തും ആവശ്യമായ സാഹചര്യത്തിൽ ഓക്സിജൻ സിലണ്ടർ ഉപയോഗപ്പെടുത്താനും യോഗം തീരുമാനിച്ചു. തിരച്ചിൽ നടക്കുന്ന വനമേഖലയിൽ കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ കടുവയുടെയും വന്യമൃഗങ്ങളുടെയും സാന്നിധ്യം അനുഭവപ്പെട്ടിരുന്നു.

ഇത്തരം സാഹചര്യത്തിൽ തുടർന്നുള്ളതിരച്ചിലിന് പ്രദേശവാസികളുടെകൂടി സഹായത്തോടെ പ്രത്യേക പ്ലാൻ തയ്യാറാക്കും. ദുരന്തമുണ്ടായ പെട്ടിമുടിയിൽ മണ്ണ് അടിഞ്ഞുകൂടിയത് നീക്കം ചെയ്തുള്ള പരിശോധന ആവശ്യമെങ്കിൽ വീണ്ടും നടത്താനും യോഗത്തിൽ തീരുമാനിച്ചു. മൂന്നാറിൽ ചേർന്ന അവലോകന യോഗത്തിലാണ് തീരുമാനം. ദുരന്തത്തിൽപ്പെട്ട അഞ്ചുപേരെ ഇനി കണ്ടെത്താനുണ്ട്. കഴിഞ്ഞ രണ്ട് ദിവസങ്ങളിൽ നടത്തിയ തെരച്ചിലിൽ ആരെയും കണ്ടെത്താനായിരുന്നില്ല. കാണാതായവർക്കായി ഇതിനോടകം പരമാവധി മേഖലയിൽ തെരച്ചിൽ നടത്തിയെന്നാണ് അധികൃതർ പറയുന്നത്.

ഇടുക്കി എംപി ഡീൻകുര്യാക്കോസ്, ജില്ലാ കലക്റ്റർ എച്ച് ദിനേശൻ, സബ് കലക്റ്റർ പ്രേം കൃഷ്ണൻ, അസി. കലക്റ്റർ സൂരജ് ഷാജി, ഡിഎഫ്ഒ കണ്ണൻ, മൂന്നാർ ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ് കറുപ്പസ്വാമി, ജനപ്രതിനിധികൾ, വകുപ്പ്തല ഉദ്യോഗസ്ഥർ തുടങ്ങിയവരും പെട്ടിമുടി ദുരന്തത്തിൽ അകപ്പെട്ടവരുടെ ബന്ധുക്കളും യോഗത്തിൽ പങ്കെടുത്തു.

നേതൃത്വ ചർച്ചകൾക്കിടെ കോൺഗ്രസ് പ്രവർത്തക സമിതി ഇന്ന്

ന്യൂഡൽഹി: കോൺഗ്രസ് അധ്യക്ഷസ്ഥാനം രാഹുൽ ഗാന്ധി വീണ്ടും ഏറ്റെടുക്കണമെന്ന ആവശ്യം ശക്തമായി ഉയരുന്നതിനിടെ പാർട്ടി പ്രവർത്തക സമിതി ഇന്നു ചേരുന്നു. വിഡിയോ കോൺഫറൻസിങ് വഴിയാണു യോഗം. നേതൃത്വപ്രശ്നം യോഗത്തിൽ വിഷയമാകുമെന്നാണു സൂചന. രാവിലെ 11നാണു യോഗം തുടങ്ങുകയെന്ന് എഐസിസി ജനറൽ സെക്രട്ടറി കെ.സി. വേണുഗോപാൽ പറഞ്ഞു.

തീരുമാനങ്ങളെടുക്കുന്നതിൽ പാർട്ടിയുടെ പരമോന്നത സമിതി ചേരുമ്പോൾ അടുത്തിടെ പുറത്തിറങ്ങിയ പുസ്തകത്തിൽ പ്രിയങ്ക ഗാന്ധിയുടെ അഭിമുഖം ഉയർത്തിയ ചർച്ച വിഷയമായേക്കും. നെഹ്റു- ഗാന്ധി കുടുംബത്തിനു പുറത്തുനിന്നൊരാൾ കോൺഗ്രസിനെ നയിക്കാനെത്തട്ടെ എന്ന രാഹുൽ ഗാന്ധിയുടെ അഭിപ്രായത്തെ താൻ പൂർണമായി പിന്തുണയ്ക്കുന്നു എന്നാണു പ്രിയങ്ക അഭിമുഖത്തിൽ പറഞ്ഞിരുന്നത്. എന്നാൽ, അഭിമുഖം ഒരു വർഷം മുൻപുള്ളതാണെന്നും അതിനിപ്പോൾ പ്രസക്തിയില്ലെന്നുമാണ് കോൺഗ്രസ് നേതാക്കൾ പ്രതികരിച്ചത്. രാഹുൽ തന്നെ അധ്യക്ഷസ്ഥാനത്തു വരണമെന്ന് അവർ ആവർത്തിക്കുകയും ചെയ്തു. എത്രയും പെട്ടെന്ന് ഇതു സംബന്ധിച്ച ചർച്ച അവസാനിപ്പിക്കാനായിരുന്നു ഹൈക്കമാൻഡിന്റെ ശ്രമം. സോണിയ ഗാന്ധി പാർട്ടിയുടെ ഇടക്കാല അധ്യക്ഷയായിട്ട് ഒരു വർഷമെത്തുന്ന വേളയിലാണ് പ്രവർത്തക സമിതി ചേരുന്നത്. ലോക്സഭാ തെരഞ്ഞെടുപ്പിലെ പാർട്ടിയുടെ തോൽവിക്കു പിന്നാലെ രാഹുൽ ഗാന്ധി പാർട്ടി അധ്യക്ഷസ്ഥാനം രാജിവച്ചപ്പോഴാണ് സോണിയയെ ഇടക്കാല അധ്യക്ഷയായി തീരുമാനിച്ചത്. പുതിയ അധ്യക്ഷനെ തെരഞ്ഞെടുക്കുന്നതു വരെയുള്ള സംവിധാനമായിരുന്നു അത്. എന്നാൽ, രാഹുൽ അല്ലാതെ മറ്റാരെയും പരിഗണിക്കാൻ സീനിയർ നേതാക്കൾ ഭൂരിഭാഗവും തയാറായിരുന്നില്ല. രാഹുൽ വീണ്ടും അധ്യക്ഷസ്ഥാനം ഏറ്റെടുക്കാനും ഇതുവരെ സമ്മതിച്ചിട്ടില്ല.

എല്ലാ സ്ഥിരാംഗങ്ങളെയും പ്രത്യേക ക്ഷണിതാക്കളെയും ഇന്നത്തെ യോഗത്തിലേക്കു ക്ഷണിച്ചിട്ടുണ്ട്. രാജ്യത്തെ ഇപ്പോഴത്തെ രാഷ്ട്രീയ സാഹചര്യങ്ങൾ പ്രവർത്തക സമിതി ചർച്ച ചെയ്യും.

ഗാന്ധി കുടുംബത്തിന്റെ നേതൃത്വത്തെ എതിർക്കാനുള്ള സമയമല്ല ഇത്: അമരീന്ദർ

ന്യൂഡൽഹി: കോൺഗ്രസിൽ നെഹ്റു- ഗാന്ധി കുടുംബത്തിന്റെ നേതൃത്വത്തിനെതിരേ വെല്ലുവിളി ഉയരുന്നുവെന്ന റിപ്പോർട്ടുകളിൽ ആശങ്കയുമായി പഞ്ചാബ് മുഖ്യമന്ത്രി അമരീന്ദർ സിങ്. നേതൃത്വപ്രശ്നം ഉയർത്താനുള്ള സമയമല്ല ഇതെന്ന് അദ്ദേഹം പറഞ്ഞു. രാജ്യത്തെ ഭരണഘടനാ സ്ഥാപനങ്ങളെ തകർക്കാനുള്ള ശ്രമങ്ങളാണു ബിജെപിയുടെ നേതൃത്വത്തിൽ നടക്കുന്നത്. അതിനെ ചെറുക്കേണ്ട സമയമാണിത്- അമരീന്ദർ പ്രസ്താവനയിൽ ചൂണ്ടിക്കാട്ടി. ശക്തമായ പ്രതിപക്ഷമില്ലാത്തതാണ് എൻഡിഎയുടെ വിജയത്തിനു കാരണമാവുന്നതെന്നും അമരീന്ദർ.

പാർട്ടിയിൽ ഉടച്ചു വാർക്കലുകൾ വേണമെന്ന് ഒരു വിഭാഗം നേതാക്കൾ ആവശ്യപ്പെടുന്നതായി റിപ്പോർട്ടുകൾ വന്നിട്ടുണ്ട്. അത് പാർട്ടി താത്പര്യങ്ങൾക്കോ രാജ്യതാത്പര്യത്തിനോ നല്ലതല്ലെന്ന് അദ്ദേഹം പറഞ്ഞു. പാർട്ടിക്കു നേതൃത്വം നൽകാൻ ഗാന്ധി കുടുംബം തന്നെയാണ് ഏറ്റവും നല്ലതെന്നും അമരീന്ദർ ചൂണ്ടിക്കാട്ടി. സോണിയ ഗാന്ധി ആഗ്രഹിക്കുന്നിടത്തോളം കാലം അവർ പാർട്ടി പ്രസിഡന്റായി തുടരണം. അതിനുശേഷം രാഹുൽ ഗാന്ധി അധ്യക്ഷസ്ഥാനം ഏറ്റെടുക്കണം. അതിനുള്ള ശേഷി രാഹുൽ തെളിയിച്ചിട്ടുണ്ട്- അദ്ദേഹം പറഞ്ഞു.

ഐഎസ് ഭീകരന്റെ വീട്ടിൽ ബോംബ് ശേഖരം

ബൽറാംപുരിലെ വസതിയിൽ നിന്നു കണ്ടെത്തിയത് ചാവേറാക്രമണത്തിനുള്ള ജാക്കറ്റുകളും സാമഗ്രികളും

ന്യൂഡൽഹി: അറസ്റ്റിലായ ഐഎസ് ഭീകരൻ മുഹമ്മദ് മുസ്തകീം ഖാന്റെ (അബു യൂസഫ്) ഉത്തർപ്രദേശിലെ വീട്ടിൽ നിന്നു വൻതോതിൽ സ്ഫോടക വസ്തുക്കളും ആഗോള ഭീകര സംഘടനയുടെ പതാകയും കണ്ടെടുത്തു. ബൽറാംപുരിനു സമീപം ബധിയ ബൈശാഖിയിലെ വസതിയിൽ ഡൽഹി പൊലീസ് സ്പെഷ്യൽ സെൽ ആണ് തെരച്ചിൽ നടത്തിയത്. സ്വാതന്ത്ര്യദിനത്തിൽ ഡൽഹിയിൽ സ്ഫോടനം നടത്താൻ ഇയാൾ തയാറാക്കിവച്ച രണ്ടു പ്രഷർകുക്കർ ബോംബുകൾ നേരത്തേ ഡൽഹിയിലെ റിഡ്ജ് റോഡ് മേഖലയിൽ നിന്നു കണ്ടെത്തിയിരുന്നു. ഡൽഹിയിലെ സുരക്ഷാ സംവിധാനങ്ങൾ മൂലമാണ് സ്ഫോടന പദ്ധതി നടപ്പാക്കാനാവാത്തതെന്നാണ് ഇയാൾ പൊലീസിനു നൽകിയ മൊഴി.

വെള്ളിയാഴ്ച രാത്രി ഏറ്റുമുട്ടലിലാണ് ഖാനെ ഡൽഹി പൊലീസ് സ്പെഷ്യൽ സെൽ പിടികൂടിയത്. ബൽറാം പുരിലെ വസതിയിൽ നിന്നു മൂന്നു ബോംബുകൾ ഘടിപ്പിച്ച ബ്രൗൺ നിറത്തിലുള്ള ജാക്കറ്റും നാലു ബോംബുകൾ ഘടിപ്പിച്ച നീല നിറത്തിലുള്ള ജാക്കറ്റും കണ്ടെടുത്തു. ബോൾ ബെയറിങ്ങുകളും വൈദ്യുത കേബിളുകളും ഘടിപ്പിച്ച കാർബോർഡ് ഷീറ്റ് വീടിനു പുറത്തു കണ്ടെത്തി.

മൂന്നു കിലോഗ്രാം ഐഇഡി ഉൾപ്പെടുന്ന തുകൽ ബെൽറ്റ്, 8-9 കിലോഗ്രാം ഭാരമുള്ള സ്ഫോടക വസ്തുക്കൾ നിറച്ച നാല് പോളിത്തീൻ ബാഗുകൾ, സുതാര്യ ടേപ്പ് ഉപയോഗിച്ച് ഇലക്ട്രിക്കൽ കേബിൾ ഘടിപ്പിച്ച് സ്ഫോടകവസ്തുക്കൾ നിറച്ച സിലിണ്ടർ ആകൃതിയിലുള്ള ലോഹപ്പെട്ടികൾ (മൂന്നെണ്ണം), ബോൾ ബെയറിങ് ഘടിപ്പിച്ച സിലിണ്ടർ ആകൃതിയുള്ള ലോഹപ്പെട്ടികൾ (രണ്ടെണ്ണം) തുടങ്ങിയവയും കണ്ടെടുത്തെന്ന് ഡൽഹി പൊലീസ് സ്പെഷ്യൽ സെൽ കമ്മിഷണർ പി.എസ്. ഖുശ്വാഹ.

സ്ഫോടന പരിശീലനത്തിനായി ഉപയോഗിച്ച തടിപ്പെട്ടിയും വ്യത്യസ്ത വലുപ്പമുള്ള 30 ബോൾ ബെയറിങ്ങുകളും മൂന്നു ലിഥിയം ബാറ്ററികളും സിലിണ്ടർ ആകൃതിയുള്ള രണ്ടു ലോഹപ്പെട്ടികൾ, പരസ്പരം സമാന്തരമായി ബന്ധിച്ച് ഇരുവശത്തു നിന്നും വൈദ്യുത കണക്ഷന് സംവിധാനമുള്ള രണ്ട് ഇരുമ്പു പ്ലേറ്റുകൾ, വയർ കട്ടർ, ആംപിയർ മീറ്റർ, മൊബൈൽ ചാർജറുകൾ, വൈദ്യുതി കേബിളുകൾ ഘടിപ്പിച്ച ടേബിൾ അലാം വാച്ച് തുടങ്ങിയവയും കണ്ടെടുത്തവയിൽ ഉൾപ്പെടുന്നു. ഇയാൾ അറസ്റ്റിലായ സാഹചര്യത്തിൽ ഡൽഹിയിലും യുപിയിലും സുരക്ഷ ശക്തമാക്കി.

ഒരു വർഷത്തിലേറെയായി സുരക്ഷാ ഏജൻസികളുടെ നിരീക്ഷണത്തിലായിരുന്നു മുപ്പത്താറുകാരനായ ഖാൻ. ഇന്ത്യയിൽ ഐഎസ് പ്രവർത്തനങ്ങൾക്കു ചുക്കാൻ പിടിച്ചിരുന്ന യൂസഫ് അൽ ഹിന്ദിക്കു കീഴിലായിരുന്നു തുടക്കകാലത്ത് ഖാന്റെ പ്രവർത്തനം. 2017ൽ ഇയാൾ കൊല്ലപ്പെട്ടതോടെ പാക് ഭീകരൻ അബു ഹുഫൈസ അൽ ബക്കിസ്ഥാനിക്കു കീഴിലായി ഖാൻ. 2019ൽ ബക്കിസ്ഥാനിയും കൊല്ലപ്പെട്ടു. നാട്ടിലെ ശ്മശാനത്തിൽ ഇയാൾ സ്ഫോടനം നടത്തി പരിശീലനം നടത്തിയതായും കണ്ടെത്തിയിട്ടുണ്ട്.

അറിഞ്ഞിരുന്നില്ലെന്ന് പിതാവ്, വിലക്കിയിട്ടും ഫലമുണ്ടായില്ലെന്നു ഭാര്യ

ബൽറാംപുർ: മകന്റെ ഭീകര ബന്ധങ്ങളെക്കുറിച്ച് അറിയില്ലായിരുന്നെന്ന് അറസ്റ്റിലായ ഐഎസ് ഭീകരൻ മുഹമ്മദ് മുസ്തകീം ഖാന്റെ (അബു യൂസഫ്) പിതാവ് കഫീൽ അഹമ്മദ്. വീട്ടിൽ നിന്നു പൊലീസ് കണ്ടെടുത്തവ സ്ഫോടക വസ്തുക്കളാണെന്ന് അറിയില്ലായിരുന്നെന്നും അഹമ്മദ്. എന്നാൽ, ഭർത്താവിന്റെ തെറ്റായ വഴികളെക്കുറിച്ച് അറിയാമായിരുന്നെന്നും താൻ പലവട്ടം വിലക്കിയതാണെന്നും ഖാന്റെ ഭാര്യ അയിഷ.

തെറ്റായ പ്രവൃത്തികൾ ചെയ്യരുതെന്നു ഞാൻ ഉപദേശിച്ചിരുന്നു. പക്ഷേ, എന്നെ അവഗണിച്ചു. രണ്ടു ജാക്കറ്റുകളും ഒരു ബെൽറ്റും ഒരു കുപ്പിയും സ്ഫോടക വസ്തുക്കളും പെല്ലെറ്റുകളുമാണ് തന്റെ മുറിയിൽ നിന്നു പൊലീസ് കണ്ടെടുത്തതെന്നും ഇവ ഒരു പെട്ടിക്കുള്ളിൽ സൂക്ഷിച്ചിരിക്കുകയായിരുന്നെന്നും അയിഷ പറഞ്ഞു. രണ്ട് ആൺ മക്കളും രണ്ടു പെൺമക്കളുമാണ് ഇവർക്കുള്ളത്.

എന്നാൽ, മകൻ എല്ലാവരോടും നന്നായി പെരുമാറിയിരുന്ന ആളാണെന്നും ഐഎസ് ബന്ധമുണ്ടെന്ന് താൻ ചിന്തിച്ചിരുന്നില്ലെന്നുമാണ് പിതാവിന്റെ വാദം. വെള്ളിയാഴ്ചയാണ് ഖാൻ വീട്ടിൽ നിന്നു പോയത്. പിന്നീട് അറസ്റ്റിലായ വിവരമാണ് അറിയുന്നത്. ശ്മശാനത്തിൽ സ്ഫോടനം നടത്തി പരീക്ഷണം നടത്തിയത് അറിയില്ല. സ്ഫോടക വസ്തുക്കളാണെന്ന് അറിഞ്ഞിരുന്നെങ്കിൽ മകനെ വീട്ടിൽ കയറ്റില്ലായിരുന്നെന്നും ഖാന്റെ മുറിയിൽ താൻ കയറാറില്ലെന്നും കഫീൽ അഹമ്മദ് പറഞ്ഞു.

ആനി

പറവൂർ: കുഞ്ഞിത്തൈ കണക്കശ്ശേരി പരേതനായ റോക്കിയുടെ ഭാര്യ ആനി (86) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: ജോസഫ്, സെബാസ്റ്റ്യൻ, സേവ്യർ(മൂവരും മുബൈ), ലോറൻസ്. മരുമക്കൾ: റോസിലി, റോസ, ജെംസി (മൂവരും മുബൈ), മോളി.

ഇ.കെ. ബാലചന്ദ്രൻ

കയ്പമംഗലം: കൂരിക്കുഴി ഇളയരാംപുരയ്ക്കൽ വീട്ടിൽ ഇ.കെ. ബാലചന്ദ്രൻ (78) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: പങ്കജം. മക്കൾ: ബിജു ഇ ബി, ഡോ. ബൈജു ഇ.ബി. (സ്റ്റേറ്റ് റിസോഴ്സ് സെന്റർ കേരളം). മരുമക്കൾ: ജിന്ത ബിജു, സജീവ് എൻ.ടി (ജനയുഗം തിരുവനന്തപുരം).

ഡൊമിനിക് ജോസഫ്

കുണിഞ്ഞി: കൊടിയൻമാനാൽ ഡൊമിനിക് ജോസഫ് (71) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30 ന് കുണിഞ്ഞി സെന്റ് ആന്റണീസ് പള്ളിയിൽ. ഭാര്യ: ആലീസ് ഡൊമിനിക് വൈക്കംമൂത്തേടത്തുകാവ് കളപ്പുരയ്ക്കൽ കുടുംബാംഗം. മക്കൾ: സോജി ഡൊമിനിക്, സിജിമോൾ സുനിൽ. മരുമക്കൾ: ദീപ സോജി, സുനിൽ ആന്റണി.

കെ.പി. ഗോപാലകൃഷ്ണൻ നായർ

ശ്രീമൂലനഗരം: ഗോകുലത്തിൽ റിട്ടയേർഡ് സർവ്വേ സൂപ്രണ്ട് കെ.പി. ഗോപാലകൃഷ്ണൻ നായർ (78) അന്തരിച്ചു . സംസ്കാരം നടത്തി. പരേതൻ പിറവം കക്കാട് കല്ലിങ്കൽ മഠത്തിൽ കുടുംബാംഗമാണ്. ഭാര്യ: മഞ്ഞപ്ര വാക്കേലിൽ വി.ജെ. രാധമ്മ (റിട്ട. അദ്ധ്യാപിക, അകവൂർ ഹൈസ്ക്കൂൾ). മക്കൾ: ജിജി ഗോപാൽ (കുവൈറ്റ്), കൃഷ്ണകുമാർ (ബിസിനസ്). മരുമക്കൾ: രാജേന്ദ്രൻ , ശ്രീരഞ്ജിനി.

പി.എൻ.രാജമ്മ

തൊടുപുഴ: ഒളമറ്റം പഴുക്കുന്നുംപുറത്ത് പരേതരായ നീലകണ്ഠന്റെയും നാരായണിയുടെയും മകൾ പി.എൻ.രാജമ്മ (76-റിട്ട. ടീച്ചർ) അന്തരിച്ചു. സംസ്കാരം നടത്തി.

തങ്കമ്മ

എരുമേലി: ഗ്രാമപഞ്ചായത്ത് പ്രസിഡന്റും സിപിഎം ഏരിയ കമ്മറ്റി അംഗവുമായ ടി.എസ്. കൃഷ്ണകുമാറിന്റെ മാതാവ് തങ്കമ്മ (93) അന്തരിച്ചു. പരേതനായ എരുമേലി തുളസീസദനം ശങ്കരപ്പിള്ളയുടെ ഭാര്യയാണ്. സംസ്കാരം നടത്തി. മറ്റ് മക്കൾ: തുളസീഭായി, ശ്രീകുമാർ, അശോക് കുമാർ. മരുമക്കൾ: മുരളീധരൻ നായർ നെടുമുടി, സുമംഗല, ജയശ്രീ അശോക് കുമാർ, ജയശ്രീ കൃഷ്ണകുമാർ.

കുഞ്ഞോയി കുരിക്കൾ

കരുളായി: ചെട്ടിയിൽ മാഞ്ചേരി കുഞ്ഞോയി കുരിക്കൾ (77) അന്തരിച്ചു. ഭാര്യ: ആയിശുമ്മ. മക്കൾ: ഹസ്സൻ, അബ്ബാസ് (ജിദ്ദ), മൻസൂർ (ജിദ്ദ), പാത്തുമ്മ, കദീജ, നസീറ, ബുഷ്റ, സുനീറ, സെബീറ. മരുമക്കൾ: അബ്ദുൽ അസീസ്, സൈദ് അലവി (ജിദ്ദ), ഉമ്മർ, ഷാഫി (ജിദ്ദ), സിദ്ധീക്ക്, അബ്ദുൽ കലാം, മുനീറ (അധ്യാപിക, എം ജി എൽ സി മമ്പാട്), സറഫുന്നീസ, ഫർസാന. ഖബറടക്കം നടത്തി.

ദേവകിയമ്മ

ചേർത്തല: വെട്ടക്കൽ വടക്കേച്ചിറയിൽ ദേവകിയമ്മ (108) അന്തരിച്ചു. മക്കൾ: വെട്ടക്കൽ ബോസ് (പത്രാധിപർ ഗുരുധ്വനി മാസിക പൂനെ), വി.പി.ഭഗത്സിംഗ് (റിട്ട. ഓവർസിയർ കെഎസ്ഇബി), പരേതനായ വി.പി.അരവിന്ദാക്ഷൻ. മരുമക്കൾ: രാധാ അരവിന്ദാക്ഷൻ, സതിബോസ്, ഐഷ ബി. സിംഗ്.

മേരി കെ.എ

കൂത്താട്ടുകുളം: പൂവക്കുളം കക്കുഴിയിൽ (പെരുമ്പടവത്തു പുത്തൻപുരയിൽ) മേരി കെ.എ (86-റിട്ടേർഡ് ഹെൽത്ത് ഇൻസ്പെക്ടർ) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11 ന് കാരമല സെന്റ് പീറ്റേഴ്സ് & സെന്റ് പോൾസ് യാക്കോബായ സുറിയാനി പള്ളിയിൽ. മക്കൾ: പ്രെഫ. ശോഭ പ്രസാദ് ബാംഗ്ലൂർ, ബീന (മുൻ റിസപ്ഷനിസ്റ്റ് ദേവമാത ആശുപത്രി). മരുമകൻ: പി.കെ പ്രസാദ്.

ഡൊമിനിക് ജോസഫ്

കുണിഞ്ഞി: കൊടിയൻമാനാൽ ഡൊമിനിക് ജോസഫ് (71) അന്തരിച്ചു. ഭാര്യ: ആലീസ്. മക്കൾ: സോജി, സിജിമോൾ. മരുമക്കൾ: റ്റീഫാ, സുനിൽ.

കുട്ടൻ

വടയമ്പാടി: ഭജനമഠം പൂതേത്ത് കുട്ടൻ (56) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ദേവു. മക്കൾ: ദിവ്യ, ദീപു. മരുമക്കൾ: സാജു, സൗമ്യ.

രാജമ്മ

പൂച്ചാക്കൽ: തൈക്കാട്ടുശ്ശേരി പഞ്ചായത്ത് എട്ടാം വാർഡിൽ പുളിക്കൽ വീട്ടിൽ പരേതനായ കരുണാകരന്റെ ഭാര്യ രാജമ്മ(77) അന്തരിച്ചു. സംസ്ക്കാരം നടത്തി. മക്കൾ: ലതിക, ഗീത, സുദർശനൻ, സുധ, മഹാദേവൻ(കേരള പോലീസ്), മിനി (കൊച്ചിൻ കോർപ്പറേഷൻ). മരുമക്കൾ: സോമൻ, ഗോപി, അമ്പിളി (പട്ടണക്കാട് ബ്ലോക്ക് പഞ്ചായത്ത്), രാജേഷ്, നിഷ, എം.കെ. ഉത്തമൻ (സിപിഐ സംസ്ഥാന കൗൺസിൽ അംഗം).

ജോസഫ് എൻ.സി.

വാക്കാട്: നെല്ല്യാത്തടത്തിൽ ജോസഫ് എൻ.സി (58) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: ചിന്നമ്മ. മക്കൾ: ജോമോൾ ജോസ്, ജീനമോൾ ജോസ്. മരുമകൻ: സെബാസ്റ്റ്യൻ സി.എം.

ബാബു

കുന്ദമംഗലം: റിട്ട. പഞ്ചായത്ത് ജീവനക്കാരൻ കുഴിപ്പുറത്ത് ബാബു (62) അന്തരിച്ചു. ഭാര്യ: ശോഭ. മക്കൾ: ഷനോജ്, ഷജിൽ (ഐഐഎംകെ). മരുമകൾ: ദർശന (മുക്കം ഹയർസെക്കണ്ടറി സ്ക്കൂൾ).

എൻ. പത്മാവതിയമ്മ

പാങ്ങപ്പാറ: പാട്ടത്തിൽ എൻ.പി ഭവനിൽ പരേതനായ എൻ.കൃഷ്ണൻ നായരുടെ (ആശാൻ- ശ്രീകുമാർ ഡ്രൈവിംഗ് സ്കൂൾ, കണിയാപുരം) ഭാര്യ എൻ.പത്മാവതിയമ്മ (87) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: രമേശ് ബാബു (റിട്ട. ജോയിന്റ് ബിഡിഒ കിളിമാനൂർ), വേണുഗോപാലൻ നായർ (റിട്ട. കെഎസ്ആർടിസി), സുരേഷ് കുമാർ (ശ്രീകുമാർ എംഡിഎസ്) ശ്രീകുമാർ (മോഡേൺ ബേക്കറി, മൺവിള) മരുമക്കൾ: എ. ഷെർളി, പ്രസന്ന കുമാരി, ജയകുമാരി.

ബൈജുവിന് മരണമില്ല, ജീവിക്കും ഇവരിലൂടെ...

കൊച്ചി: മസ്തിഷ്ക മരണം സംഭവിച്ച കണ്ണൂർ മട്ടന്നൂർ സ്വദേശി ടി.ബൈജുവിന്റെ (37) കരൾ, രണ്ട് വൃക്കകൾ, രണ്ട് കണ്ണുകൾ എന്നിവ ദാനം ചെയ്ത് ബന്ധുക്കൾ. മൃതസഞ്ജീവനി വഴിയാണ് അവയവദാനം നടന്നത്. ഇന്നലെ പുലർച്ചെ എറണാകുളം വിപിഎസ് ലോക്ഷോർ ആസ്പത്രിയിലെത്തിച്ച വൃക്കകൾ ശസ്ത്രക്രിയയിലൂടെ ആലപ്പുഴ പൂന്തോപ്പിലെ കല്ലേലി വെളിയിൽ പി.എം.ബാബു (56), ഷൊർണൂർ കള്ളിപ്പാടം വാക്കട സിന്ധു (44) എന്നിവർക്ക് വിജയകരമായി ട്രാൻസ്പ്ലാന്റ് ചെയ്തുവെന്ന് ലേക്ക്ഷോർ ഹോസ്പിറ്റൽ യൂറോളജി വിഭാഗം തലവൻ ഡോ.ജോർജ് പി ഏബ്രഹാം പറഞ്ഞു. നെഫ്രോളജിസ്റ്റുമാരായ ഡോ.അബി ഏബ്രഹാം, ഡോ. ജോർജി കെ. നൈനാൻ, യൂറോളജിസ്റ്റ് ഡോ.ഡാറ്റ്സൺ ജോർജ്, അനസ്തീഷ്യോളജിസ്റ്റ് ഡോ.ജയ സൂസൻ ജേക്കബ് എന്നിവരടങ്ങുന്ന മെഡിക്കൽ സംഘമാണ് ട്രാൻസ്പ്ലാന്റേഷൻ നടത്തിയത്. കണ്ണൂർ എയർപോർട്ടിലെ ജീവനക്കാരനായ ബൈജുവിനെ, കഴിഞ്ഞ 19ന് ഫോൺ ചെയ്യുന്നതിനിടെ കട്ടിലിൽ നിന്ന് കുഴഞ്ഞുവീണതിനെ തുടർന്നാണ് വിദഗ്ധ ചികിത്സക്കായി കൊച്ചിയിലെത്തിച്ചത്. ശനിയാഴ്ച മസ്തിഷ്ക്ക മരണം സ്ഥിരീകരിക്കുകയായിരുന്നു.

സുധാകരൻ പി.ടി.

കുമാരമംഗലം: എംകെഎൻഎം ഹൈസ്കൂൾ അധ്യാപകനായ പാറേകണ്ടത്തിൽ പരേതനായ തങ്കപ്പൻ നായരുടെ മകൻ സുധാകരൻ പി.ടി. (സുധാകരൻ മാഷ്-53) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: തങ്കം (അധ്യാപിക, സാന്ദീപനി ശിശുമന്ദിരം ശ്രീകൃഷ്ണപുരം). മക്കൾ: അഭിഷേക് തൊടുപുഴ സ്വകാര്യ സ്ഥാപനത്തിൽ ജീവക്കാരനാണ്. മകൾ: അക്ഷിത കുമാരമംഗലം സ്കൂളിൽ ഒൻപതാം ക്ലാസ് വിദ്യാർത്ഥിനി.

ബേബിചാക്കോ

അംബികാമാർക്കറ്റ്: മുല്ലയിൽ പരേതരായ ചാക്കോയുടെയും ത്രേസ്യാമ്മയുടേയും മകൻ ബേബിചാക്കോ (45) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: സജ്നി മാമ്പുഴക്കരി മുക്കുടിയിൽ കുടുംബാംഗം. മക്കൾ: ശില്പ, റോസ്മേരി, ബിനോയി. സഹോദരങ്ങൾ: എൽസമ്മ, രാജു, ബെന്നി, ആൻസി.

കുഞ്ഞന്നം

പൂവത്തുശ്ശേരി: ഊക്കൻ സിറിൾ ഭാര്യ കുഞ്ഞന്നം (103) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പരേതനായ ജോസ്, സിസ്റ്റർ ലിയോപോൾസ്, പരേതനായ ദേവസിക്കുട്ടി, പരേതനായ തോമസ്, മേഴ്സി, ലിസി, ജയ്മി. മരുമക്കൾ: മേഴ്സി, ജെസി, ആലീസ്, ദേവസിക്കുട്ടി, ടോമി, ഡെയ്സി.

എൻ.ആർ.കെ നായർ

തിരുവനന്തപുരം: മരുതൻകുഴി സായിശ്രീയിൽ മേജർ എൻ.ആർ.കെ നായർ (87) അന്തരിച്ചു. മക്കൾ: ലക്ഷ്മി കൃഷ്ണകുമാർ, പാർവതി. മരുമക്കൾ: ജി. കൃഷ്ണകുമാർ, കണ്ണൻ ഉണ്ണി.

ത്രേസ്യ

ചാഴൂർ: വടക്കൻ ഈനാശു ഭാര്യ ത്രേസ്യ (85) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പോൾ, പരേതനായ ജോണി, വിൻസൻ, സൈമൺ, ഡേവിസ്, തോമസ്, ജോസ്. മരുമക്കൾ: ബീന, ബേബി, ഷെർളി, എലിസബത്ത്, ഡോളി, ഷെർളി, ജെസ്സി.

ആയിഷ

താഴത്തങ്ങാടി: വലിയപറമ്പിൽ പരേതനായ ഖനി റാവുത്തരുടെ ഭാര്യ ആയിഷ (അയ്യ ഉമ്മ-99) അന്തരിച്ചു. ഖബറടക്കം നടത്തി. മക്കൾ: സൈദലവി, പരേതനായ അബ്ദുൽഖാദർ, അബ്ദുൽ അസീസ്, അബ്ബാസ്. മരുക്കൾ: അലീമാബീവി, ഫാത്തിമ ബീവി, ജെസ്സില, റജീന.

മിനി

കറ്റാനം: ഭരണിക്കാവ് തെക്ക് പുത്തൻവിളയിൽ ബാബുവിന്റെ ഭാര്യ മിനി (57) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: അനിഷ്, സുനിഷ്.

സിസിലി പൈലി

മഞ്ഞുമ്മൽ: കുട്ടൻചാലിൽ പരേതനായ പൈലിയുടെ ഭാര്യ സിസിലി പൈലി (86) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പോൾ, ഡെയ്സി, ജോൺസൺ, ഷൈല, ബാബു, ലീന. മരുമക്കൾ: റോസ്മേരി, പരേതനായ വർഗീസ്, ആനീസ്, ജോഷി, ഷീന, സ്റ്റീഫൻ.

രംഗൻചെട്ടിയാർ

മലയിൻകീഴ്: മലയം വേങ്കൂർ അശ്വതി ഭവനിൽ അറുമുഖം ചെട്ടിയാരുടെ മകൻ രംഗൻചെട്ടിയാർ(77) അന്തരിച്ചു.

കമല

കരുവിശേരി: പരേതനായ പുതുക്കുളങ്ങര ഗോപാലന്റെ ഭാര്യ കമല (74) അന്തരിച്ചു. മക്കൾ: ഷീജ, ഷിംന. മരുമക്കൾ: അനിൽകുമാർ വെങ്ങാലി, ജ്യോതിഷ് കുമാർ കോവൂർ. സഹോദരങ്ങൾ: ശാന്ത, പത്മിനി, വസന്ത.

സൗദിയിൽ മരിച്ചു

കാരകുന്ന്: പുലത്തെ കട്ടക്കാടൻ സുലൈമാന്റെ മകൻ ഇബ്രാഹിം (41) ആണ് സൗദിയിലെ ജിസാനിൽ ഹൃദയാഘാതം മൂലം മരണപ്പെട്ടത്. മാതാവ്: ആയിശ. ഭാര്യ: പയ്യുണ്ണി സമീറ. മക്കൾ: ഷാമിൽ, ഷാദിൽ. സഹോദരങ്ങൾ: അലി, ഫിറോസ്, സ്വാലിഹ്, റാബിയ, റസീന.

ജോസഫ്

വാക്കാട്: നെല്ല്യാത്തടത്തിൽ ജോസഫ് എൻ.സി (58) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: ചിന്നമ്മ. മക്കൾ: ജോമോൾ, ജീന. മരുമകൻ: സെബാസ്റ്റ്യൻ.

അമ്മുക്കുട്ടി ദാമോദരൻ

വാലാച്ചിറ: തോട്ടത്തിൽ പരേതനായ ദാമോദരന്റെ ഭാര്യ അമ്മുക്കുട്ടി ദാമോദരൻ (73) അന്തരിച്ചു. സംസ്കാരം നടത്തി. മക്കൾ: പ്രസന്ന, ഷൈലജ, കുഞ്ഞുമോൻ,സുജാത, രാജേഷ്, ദീപുമോൻ, പ്രശാന്ത് (സിപിഐഎം ബ്രാഞ്ച് അംഗം). മരുമക്കൾ: സത്യൻ, കാർത്തികേയൻ, അശോക് കുമാർ, സുനിത, വിനീത, പ്രസീത. പരേത വല്ലകം മഠത്തിക്കുഴിയിൽ കുടുംബാഗമാണ്.

ആർ. മാധവൻ

കായംകുളം: എരുവ മാവിലേത്ത്കൊമ്പൻശ്ശേരിൽ റിട്ട: എഫ്സിഐ ഉദ്യോഗസ്ഥൻ ആർ. മാധവൻ (84) അന്തരിച്ചു. ഭാര്യ: പരേതയായ. ജാനകിയമ്മ. മക്കൾ: എം.കെ. ബിനുകുമാർ , ജെ. ഗീത. മരുമക്കൾ: പരേതനായ വിജയൻ, ജയപ്രിയ .

ഭാഗീരഥി

പെരിങ്ങോട്ടുകര: കിഴക്കുംമുറി തെക്ക് പാണ്ടാരിക്കൽ പരേതനായ കുമാരൻ മകൾ ഭാഗീരഥി (53) അന്തരിച്ചു. സംസ്കാരം നടത്തി. അമ്മ: വിലാസിനി. സഹോദരങ്ങൾ: മോഹനൻ, ദയാനന്ദൻ, വിവേകാനന്ദൻ, ലതിക, സുജന.

അബൂബക്കർ

തിരൂരങ്ങാടി: വെളിമുക്ക് ആലുങ്ങൽ ചെറുവളപ്പിൽ അബൂബക്കർ (64) അന്തരിച്ചു. ഭാര്യ: ബീഫാത്തിമ്മ. മക്കൾ: അബ്ദുസമദ്, സമീറ, റസിയ, റുഖിയ. മരുമക്കൾ: ഫസീല, അഫ്സൽ, ആബിദ്, അഷ്റഫ്. സഹേദരങ്ങൾ: ബീപാത്തു, അബ്ദുള്ള, മൂസക്കുട്ടി.

രാധാകൃഷ്ണൻ

കീരികോട്: പാറക്കൽ രാധാകൃഷ്ണൻ (65) അന്തരിച്ചു. സംസ്കാരം പിന്നീട്. ഭാര്യ: പൊന്നമ്മ. മക്കൾ: അനൂജാ, അർജ്ജുൻ, മരുമക്കൾ: ഷിബു, പ്രീതി.

കുഞ്ഞന്നം

പൂവ്വത്തുശേരി: ഊക്കൻ സിറിളിന്റെ ഭാര്യ കുഞ്ഞന്നം (103) അന്തരിച്ചു. മക്കൾ: സി. ലിയോ പോൾസ്, മേഴ്സി, ലിസി, ജയ്മി, പരേതരായ ജോസ്, ദേവസിക്കുട്ടി, തോമസ്. മരുമക്കൾ: മേഴ്സി, ജെസി, ആലീസ്, ദേവസിക്കുട്ടി, ടോമി, ഡെയ്സി.

ചേരയിറച്ചി വിൽക്കുന്നതിനിടെ യുവാവ് അറസ്റ്റിൽ

കൊച്ചി: കോതമംഗലത്ത് പെരുമ്പാമ്പിന്റെ ഇറച്ചിയെന്ന് തെറ്റിദ്ധരിപ്പിച്ചു ചേരയുടെ ഇറച്ചി വിൽക്കാൻ ശ്രമിച്ച യുവാവ് പിടിയിൽ. നേര്യമംഗലം വടക്കേപ്പറമ്പിൽ വി.ജെ. ബിജുവിനെയെയാണ് വനം വകുപ്പ് അറസ്റ്റ് ചെയ്തത്. കോതമംഗലം കോടതിയിൽ ഹാജരാക്കും. വീട്ടുവളപ്പിൽ നിന്ന് പിടികൂടിയ ചേരയെ കൊന്ന് കറി വച്ച ശേഷം പെരുമ്പാമ്പിന്റെ ഇറച്ചിയെന്ന് തെറ്റദ്ധരിപ്പിച്ച് വിൽക്കാൻ ശ്രമിച്ചെന്നാണ് കേസ്. പാമ്പിന്റെ ഇറച്ചി വിൽക്കാൻ ശ്രമിക്കുന്നതായി കിട്ടിയ രഹസ്യ വിവരത്തെ തുടർന്ന് വനം വകുപ്പ് നഗരംപാറ, കോതമംഗലം റേഞ്ച് ഉദ്യോഗസ്ഥർ നടത്തിയ അന്വേഷണത്തിലാണ് ബിജുവിനെ കസ്റ്റഡിയിലെടുത്തത്.

മദ്യപിക്കുന്നതിനായി പണം കണ്ടെത്താനാണ് പെരുമ്പാമ്പിന്റെ ഇറച്ചിയെന്ന് വിശ്വസിപ്പിച്ച് ഇയാൾ ചേരയുടെ ഇറച്ചി വിൽക്കാൻ ശ്രമിച്ചതെന്ന് വനം വകുപ്പ് ഉദ്യോഗസ്ഥർ പറയുന്നു. ഇയാളുടെ വീട്ടിൽ നിന്ന് പാമ്പ് കറിയും തല, വാൽ, തോൽ എന്നിവയും കണ്ടെടുത്തിയിട്ടുണ്ട്. വന്യജീവി സംരക്ഷണ നിയമപ്രകാരം ബിജുവിനെതിരേ വനംവകുപ്പ് കേസ് രജിസ്റ്റർ ചെയ്തു. ഇയാൾ നിരവധി ക്രിമിനൽ കേസുകളിൽ പ്രതിയാണെന്നും വനംവകുപ്പ് അറിയിച്ചു.

ഈയ്യോസേവ്യർ

ചേർത്തല: വെട്ടയ്ക്കൽ ആരാശുപുരം പല്ലത്തറ വീട്ടിൽ വീട്ടിൽ ഈയ്യോസേവ്യർ (64) അന്തരിച്ചു. ഭാര്യ : ഏലിയാമ്മ. മകൻ: ജിജോ. മരുമകൾ: അഞ്ചു.

ജയദേവൻ

കായംകുളം: കണ്ടല്ലൂർ തെക്ക് ചിറ്റേത്ത് ജയദേവൻ (53) അന്തരിച്ചു. ഭാര്യ: മിനി. മകൾ: അനഘ.

ശിവപ്രസാദ്

മലയിൻകീഴ്: മണിയറവിള കരോട്ടുകോണം തേരിവിളവീള വീട്ടിൽ പരേതനായ തങ്കയ്യന്റെ മകൻ ശിവപ്രസാദ് (37-കെഎസ്ആർടിസി) അന്തരിച്ചു. മാതാവ്: പരേതയായ ശ്യാമള. ഭാര്യ: ലത (കേരള പിഎസ്സി).

പൗലോസ്

കളമ്പാട്ടുപുരം: ഞാളിയൻ ദേവസ്സി മകൻ പൗലോസ് (78) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: കവരപറമ്പ് കോട്ടക്ക കുടുംബാംഗം കൊച്ചുത്രേസ്യ. മക്കൾ: ഷൈനി, ഷേർളി, ഷൈജൻ. മരുമക്കൾ: ജെജി പാലക്കൽ പറവൂർ, ബിജി.

ഭാരതി

പൂച്ചാക്കൽ: തൈക്കാട്ടുശേരി 11-ാം വാർഡിൽ പനിയാത്ത് വീട്ടിൽ പരേതനായ മാധവന്റെ ഭാര്യ ഭാരതി (91) അന്തരിച്ചു. മക്കൾ: തങ്കമ്മ, പുരുഷൻ, ദിവാകരൻ, യശോദ, ഗീത, മിനി, സരിത. മരുമക്കൾ: പുരുഷോത്തമൻ, ചന്ദ്രമതി, ശോഭ, ധനപാലൻ, രവീന്ദ്രൻ, ലാലു, ബൈജു.

സലി ആൻഡ്രൂസ്

പള്ളിക്കത്തോട്: പുന്നത്താനത്ത് അന്ദ്രയോസിന്റെ മകൻ സലി ആൻഡ്രൂസ് (മുത്ത്-38) അന്തരിച്ചു. മാതാവ്: ത്രേസ്യാമ്മ. ഭാര്യ: നിഷ. മക്കൾ: ആദർശ്, ആരാധ്യ.

കെ. ജോസഫ് തോമസ്

കാഞ്ഞിരപ്പള്ളി: പാറത്തോട്കാഞ്ഞൂപറമ്പിൽ കെ. ജോസഫ് തോമസ് (ബേബിച്ചായൻ-89) അന്തരിച്ചു. സംസ്കാരം ഇന്ന് രാവിലെ 11.30ന് പൊടിമറ്റം സെന്റ് മേരീസ് പള്ളിയിൽ. ഭാര്യ: പരേതയായ മറിയമ്മ വൈക്കം വെട്ടിക്കാപ്പള്ളിയിൽ കുടുംബാംഗം. മക്കൾ: തോമസ് ജോസഫ് (ഡെവലപ്മെന്റ് ഓഫീസർ, റബർ ബോർഡ് കാഞ്ഞിരപ്പള്ളി), ആന്റണി (മസ്കറ്റ്), അപ്പുക്കുട്ടൻ, കറിയാച്ചൻ (ഓസ്ട്രേലിയ). മരുമക്കൾ: ജാൻസമ്മ നെല്ലാംതടം കാഞ്ഞിരപ്പള്ളി (എച്ച്എം, ഹോളി ഫാമിലി ഹൈസ്കൂൾ, ഇഞ്ചിയാനി), ഷൈനി പട്ടേട്ട്, വള്ളിച്ചിറ പാലാ (മസ്കറ്റ്), റെയ്മോൾ വടക്കേൽ കരിങ്കുന്നം (ഓസ്ട്രേലിയ). മൃതദേഹം ഇന്ന് രാവിലെ 8.30ന് വസതിയിൽ കൊണ്ടുവരുന്നതാണ്. പരേതൻ പാറത്തോട് സർവീസ് സഹകരണ ബാങ്ക് ഡയറക്ടർ ബോർഡ് മെംബറും ആദ്യകാല കോൺഗ്രസ് നേതാവും പൊടിമറ്റം സെന്റ് മേരീസ് ഇടവകയുടെ ട്രസ്റ്റിയുമായിരുന്നു.

കെ.എം. രവീന്ദ്രൻ

കുറവിലങ്ങാട്: കുമരംപറമ്പിൽ കെ.എം. രവീന്ദ്രൻ(67) അന്തരിച്ചു. സംസ്ക്കാരം നടത്തി. ഭാര്യ: കമല വാക്കാട് പാലനിൽക്കുംതടത്തിൽ കടുംബാംഗം. മക്കൾ: ജിതിക, രജിത, രഞ്ജിത്ത്. മരുമക്കൾ: വിശ്വാസ് തിരുവനന്തപുരം, ഷീബു പാലക്കാട്.

അരവിന്ദാക്ഷൻ

മുല്ലശ്ശേരി: ബിജെപി മണലൂർ നിയോജക മണ്ഡലം മുൻ കർഷക മോർച്ച സെക്രട്ടറി എലവത്തൂർ അരവിന്ദാക്ഷൻ(65) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: സരസ്വതി. മക്കൾ: രേഷ്മ, സുരേഖ. മരുമക്കൾ: കൃഷ്ണകുമാർ, സഞ്ജീവ്.

ആന്റണി വർഗീസ്

ഇളംമ്പള്ളി: കോട്ടൂപറമ്പിൽ ആന്റണി വർഗീസ് (64) അന്തരിച്ചു. സംസ്കാരം നടത്തി. ഭാര്യ: ലിസമ്മ. മക്കൾ: ടോണിയാ, ടിനോജ്.

ചുമട്ടു തൊഴിലാളി തൂങ്ങിമരിച്ചു

ചെങ്ങളം: ചുമട്ടു തൊഴിലാളിയെ അയ്മ്മാത്തറ പാലത്തിന്റെ കൈവരിയിൽ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടു. ചെമ്മനാട്ടുതറ പരേതനായ ദിവാകരന്റെ മകൻ ബൈജു (49)വിനെയാണ് ഇന്ന് പുലർച്ചെ തൂങ്ങി മരിച്ച നിലയിൽ കാണപ്പെട്ടത്. കുമരകം പോലീസെത്തി ഇൻക്വസ്റ്റ് തയ്യാറാക്കി മൃതദേഹം മെഡിക്കൽ കോളജിൽ സൂക്ഷിച്ചിരിക്കുന്നു. ഇന്ന് പോസ്റ്റ്മോർട്ടം നടത്തി ബോഡി ബന്ധുക്കൾക്ക് വിട്ടുകൊടുക്കും ബൈജു സിഐറ്റിയു ചുമട്ടുതൊഴിലാളി യൂണിയൻ കൺവീനറാണ്. ഭാര്യ: സുജ തോട്ടയ്ക്കാട് കണിയാമ്പറമ്പിൽ കുടുംബാഗമാണ്. മക്കൾ: മീനു, മിഥുൻ. മരുമകൻ വിഷ്ണുവിനോദ് പുല്ലുവാക്കൽ ചിറ (ചെങ്ങളം).

മൊബൈൽ നൽകാത്തതിൽ വിഷമിച്ച് വിദ്യാർഥി ആത്മഹത്യ ചെയ്തു

കണ്ണൂർ: ഗെയിം കളിക്കാൻ മൊബൈൽ ഫോൺ നൽകാത്തതിൽ വിഷമിച്ച് പതിനാലുകാരൻ ആത്മഹത്യ ചെയ്തു.കണ്ണൂർ ജില്ലയിലെ കുഞ്ഞിമംഗലം സ്വദേശി രതീശിന്റെ മകൻ ദേവനന്ദുവിനെയാണ് തുങ്ങിമരിച്ച നിലയിൽ കണ്ടെത്തിയത്. കുഞ്ഞിമംഗലം ഗവൺമെന്റ് ഹൈസ്കൂളിലെ ഒമ്പതാം ക്ലാസ് വിദ്യാർത്ഥിയാണ് ദേവനന്ദു. വെള്ളിയാഴ്ച രാത്രിയാണ് സംഭവം. മൊബൈൽ ഫോണിൽ അമിതമായി ഗെയിം കളിച്ചതിന് രതീഷ് മകനെ വഴക്ക് പറഞ്ഞിരുന്നു. ഉടൻ തന്നെ ദേവനന്ദു മുറിയിൽ കയറി കതകടച്ചു. ഉറങ്ങാനെന്ന് കരുതി മാതാപിതാക്കൾ കുട്ടിയെ വിളിച്ചില്ല. എന്നാൽ ശനിയാഴ്ച രാവിലെ വാതിൽ നോക്കിയപ്പോഴാണ് കുട്ടി തൂങ്ങി നിൽക്കുന്നത് കണ്ടത്.

വാഹനാപകടത്തിൽ യുവാവ് മരിച്ചു

കായംകുളം: വാഹനാപകടത്തിൽ യുവാവ് മരിച്ചു. സി പിഐ കരീലകുളങ്ങര ലോക്കൽ കമ്മിറ്റി അംഗം കരീലകുളങ്ങരമലമേൽഭാഗം കുന്നേൽ രാധാകൃഷ്ണണന്റെ മകൻ ആർ. സുധീഷ് (26) ആണ് മരിച്ചത്. കൂടെ യാത്ര ചെയ്ത സുധീഷിന്റെ അമ്മാവൻ രാജേഷ് (45) മാരകമായി പരിക്കേറ്റ് ആലപ്പുഴ മെഡിക്കൽ കോളേജിൽ ചികിത്സയിൽ കഴിയുന്നു. കഴിഞ്ഞ ദിവസം വൈകിട്ട് 6 മണിക്ക് ദേശിയ പാതയിൽഓച്ചിറക്കുതെക്ക് പള്ളിമുക്കിൽ വെച്ചാണ് ടിപ്പർ ലോറി ഇടിച്ചു അപകടം ഉണ്ടായത്. രണ്ടുപേരും ഓച്ചിറ റീജൻസി ബാർ ഹോട്ടലിലെജീവനക്കരാണ്. ഇലക്ട്രിഷ്യൻ ആയി ജോലി ചെയ്തിരുന്ന സുധീഷ് വൈകിട്ട് ജോലി തീർന്നതിനു ശേഷം പള്ളിമുക്കിനു സമീപം താമസിക്കുന്ന സുഹൃത്തിന്റെ വീട്ടിലേക്കു പോകുന്നതിനു രാജേഷിനോടൊപ്പം ബൈക്കിൽ യാത്ര തിരിച്ചു. പള്ളിമുക്കിൽ വെച്ചു പടിഞ്ഞാറോട്ട് പോകുന്നതിനു റോഡ് ക്രോസ്സ് ചെയ്യാവെ കൊല്ലത്തു നിന്നു കായംകുളത്തേക്കുവന്ന ലോറി ഇടിച്ചു തെറിപ്പിക്കുകയായിരുന്നു. അപകടം നടന്ന ഉടൻ തന്നെ രണ്ടു പേരെയും ആലപ്പുഴ മെഡിക്കൽ കോളേജിൽ പ്രവേശിപ്പിച്ചെങ്കിലും അപകടത്തിൽ തലക്കും കാലുകൾക്കും മാരകമായി ക്ഷതം പറ്റിയ സുധീഷ് മരിച്ചു. മാതാവ്: ഗീത. സഹോദരൻ: ഗിരീഷ്. സംസ്കാരം കോവിഡ് പ്രോട്ടോകോൾ നടപടിക്കു ശേഷം ഇന്നു നടക്കും.

ശുചീകരണ തൊഴിലാളി എലിപ്പനി ബാധിച്ച് മരിച്ചു

കോഴിക്കോട്: മെഡിക്കൽ കോളജിലെ ശുചീകരണ തൊഴിലാളി എലിപ്പനി ബാധിച്ച് മരിച്ചു. നടക്കാവ് സ്വദേശിനി സാബിറ (39)യാണ് മരിച്ചത്. കഴിഞ്ഞ ആഴ്ച വരെ സാബിറ കോവിഡ് വാർഡിൽ ജോലി ചെയ്തിരുന്നു. ശാരീരിക ബുദ്ധിമുട്ടുകൾ അനുഭവപ്പെട്ടതോടെ കോവിഡ് പരിശോധന നടത്തിയപ്പോൾ നെഗറ്റീവായിരുന്നു. മറ്റ് പരിശോധനകൾ നടത്തിയപ്പോഴാണ് എലിപ്പനി സ്ഥിരീകരിച്ചത്. തുടർന്ന് ഐസിയുവിൽ ചികിത്സയിലിരിക്കെയാണ് മരണം. എലിപ്പനി ബാധിച്ച് മെഡിക്കൽ കോളജ് ജീവനക്കാരി മരിച്ചത് ആശങ്കയോടെയാണ് ആരോഗ്യ വകുപ്പ് കാണുന്നത്. നിപ കാലത്തും മെഡിക്കൽ കോളെജിൽ ജോലി ചെയ്ത താത്കാലിക ജീവനക്കാരിയാണ് സാബിറ.

കണ്ണൂർ സ്വദേശി കൊവിഡ് ബാധിച്ച് മരിച്ചു

കണ്ണൂർ: കണ്ണൂർ സ്വദേശി കൊവിഡ് ബാധിച്ച് മരിച്ചു. പടിയൂർ സ്വദേശിനി ഏലിക്കുട്ടി വെട്ടുകുഴിയിൽ (64) ആണ് മരിച്ചത്. പരിയാരം മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. ഇവരുടെ വീട്ടിലെ അഞ്ചുപേർക്ക് നേരത്തെ രോഗം സ്ഥിരീകരിച്ചിരുന്നു. ന്യുമോണിയ ബാധിച്ച ഇവർക്ക് കൊവിഡ് സ്ഥിരീകരിച്ചതോടെ പരിയാരത്തേക്ക് മാറ്റുകയായിരുന്നു. മലപ്പുറം തൂത സ്വദേശി മുഹമ്മദാണ് (85) മഞ്ചേരി മെഡിക്കൽ കോളെജ് ആശുപത്രിയിൽ കൊവിഡ് ബാധിച്ച് മരിച്ചത്. പ്രമേഹം, രക്തസമ്മർദ്ദം, ശ്വാസകോശരോഗം എന്നിവയുണ്ടായിരുന്ന മുഹമ്മദിന്റെ രോഗഉറവിടം കണ്ടെത്തിയിട്ടില്ല.

ഹോസ്റ്റൽ മുറിയിൽ അവിവാഹിതയായ യുവതി പ്രസവിച്ചയുടൻ കുഞ്ഞ് മരിച്ചു

കട്ടപ്പന: അവിവാഹിതയായ യുവതി ഹോസ്റ്റൽ മുറിയിൽ പ്രസവിച്ചു. കുഞ്ഞ് മരിച്ചു. മൂലമറ്റം സ്വദേശിയായ യുവതിയാണ് ഹോസ്റ്റൽ മുറിയിൽ പ്രസവിച്ചത്. നഗരത്തിലെ സ്വകാര്യ ഹോസ്റ്റലിൽ 21ന് പുലർച്ചെയായിരുന്നു സംഭവം. പ്രസവത്തിനു മുൻപ് അസ്വസ്ഥത അനുഭവപ്പെട്ടതോടെ യുവതി ഒപ്പമുണ്ടായിരുന്ന സഹോദരിയെ പുറത്തേക്കു പറഞ്ഞയച്ചു. സഹോദരി തിരികെ എത്തിയപ്പോഴാണ് യുവതി പ്രസവിച്ചിരിക്കുന്നതായി കണ്ടത്. തുടർന്ന് വീട്ടുകാരെ വിളിച്ചുവരുത്തി ആശുപത്രിയിൽ എത്തിച്ച് ചികിത്സ ലഭ്യമാക്കി. ശിശു മരിച്ച സംഭവത്തിൽ പൊലീസ് അസ്വാഭാവിക മരണത്തിനു കേസെടുത്തു.

വിദ്യാർത്ഥി വീടിനകത്ത് ആത്മഹത്യ ചെയ്ത നിലയിൽ

തലശേരി: നഗരത്തിലെ വിദ്യാലയത്തിൽ എട്ടാം തരത്തിൽ പഠിക്കുന്ന വിദ്യാർത്ഥിയെ വീട്ടിനകത്ത് ഫാനിൽ കെട്ടിത്തൂങ്ങി ജീവനൊടുക്കിയ നിലയിൽ കണ്ടെത്തി. തിരുവങ്ങാട് പൂവളപ്പ് തെരുവിലെ കിഴക്കയിൽ വീട്ടിൽ അനീഷിന്റെ മകൻ കിരണാണ് (13) മരണപ്പെട്ടത്. ശനിയാഴ്ച രാത്രിയിലാണ് സംഭവം. തലശേരി ജനറൽ ആശുപത്രിയിൽ മൃതദേഹപരിശോധന ചെയ്തു. ലിജിനയാണ് മാതാവ്. ആരതി സഹോദരിയാണ്.

രാജൻ

ഹംസ

വാഹനാപകടത്തിൽ പരിക്കേറ്റ് ചികിത്സയിലായിരുന്ന രണ്ട് പേർ മരിച്ചു

തിരൂരങ്ങാടി: ചെമ്മാട്-കക്കാട് റോഡിലെ പിഎസ്എംഒ കോളേജിന് സമീപം തൂക്കുമരത്ത് ലോറിയിടിച്ച് പരിക്കേറ്റ് ചികിത്സയിലായിരുന്ന സ്കൂട്ടർ യാത്രക്കാരനടക്കം രണ്ട് പേർ മരിച്ചു. പൊൻമള പള്ളിപ്പടി സ്വദേശി പരേതനായ കണ്ടംകുളം ചിന്നയുടെ മകൻ രാജൻ(60), ചെമ്മാട് സ്വദേശി പറമ്പൻ ഹംസ (63) എന്നിവരാണ് മരിച്ചത്. വ്യാഴാഴ്ച ഉച്ചയ്ക്ക് 12.30 ഓടെയായിരുന്നു അപകടം. ലോറി രണ്ട് സ്കൂട്ടറുകളിൽ ഇടിച്ച് മൂന്നുപേർക്ക് പരിക്കേറ്റിരുന്നു. പരിക്കേറ്റ് കോട്ടയ്ക്കലിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരിക്കെ വെള്ളിയാഴ്ച വൈകുന്നേരമാണ് രാജൻ മരിച്ചത്. ഹംസ ഇന്നലെ പുലർച്ചെയുമാണ് മരണപ്പെട്ടത്. ഇദ്ദേഹം കോഴിക്കോട് മെഡിക്കൽ കോളേജിൽ ചികിത്സയിലായിരുന്നു. രാജൻ ചെമ്മാട് കാർ ഡ്രൈവറായി ജോലി ചെയ്ത് വരികയായിരുന്നു ഭാര്യ: സരോജിനി. മക്കൾ: രമ്യ, രജിത, രഞ്ജിത്ത്. മരുമക്കൾ: രാജേഷ് കാടാമ്പുഴ, ശ്രീജിത്ത് വളാഞ്ചേരി. പരിക്കേറ്റ് കോട്ടക്കലിലെ സ്വകാര്യ ആശുപത്രിയിൽ ചികിത്സയിലായിരുന്ന ചെമ്മാട് ആസാദ് നഗർ പറമ്പൻ ഹംസയാണ് ഇന്നലെ പുലർച്ചെ കോഴിക്കോട് മെഡിക്കൽ കോളെജിൽ മരിച്ചത്. സ്വകാര്യ ആശുപത്രിയിലും സർക്കാർ ആശുപത്രിയിലും നടത്തിയ ആന്റീജെൻ ടെസ്റ്റ് പോസിറ്റീവായതിനാലാണ് കോഴിക്കോട്ടേക്ക് മാറ്റിയത്. ബാക്കിയുള്ള പരിശോധനകൾക്ക് ആലപ്പുഴയിലേക്ക് അയച്ചിട്ടുണ്ട്. ഭാര്യ: സുബൈദ. മക്കൾ: സാക്കിർ, ഫവാസ്, സൽമാനുൽ ഫാരിസ്, മരുമക്കൾ; സഫീറ, റമീസ.

സൂരരൈ പോട്ര് ഒടിടി റിലീസിനൊരുങ്ങുന്നു

സൂര്യ നായകനാകുന്ന സൂരരൈ പോട്ര് ചിത്രവും ഒടിടി റിലീസിനൊരുങ്ങുന്നു. സുധ കൊങ്കര സംവിധാനം ചെയ്യുന്ന ചിത്രം ആമസോൺ പ്രൈമിൽ ഒക്ടോബർ 30-ന് ആണ് റിലീസ് ചെയ്യുന്നത്. സൂര്യ തന്നെയാണ് ഇക്കാര്യം ഔദ്യോഗികമായി അറിയിച്ചത്. നടി അപർണ ബാലമുരളിയാണ് ചിത്രത്തിലെ നായിക.മാധവൻ നായകനായ 'ഇരുതി സുട്രുവിന് ശേഷം സുധ സംവിധാനം ചെയ്യുന്ന ചിത്രമാണ് സൂരരൈ പോട്ര്. എയർ ഡെക്കാൺ ആഭ്യന്തര വിമാന സർവീസസിന്റെ സ്ഥാപകൻ ജി. ആർ ഗോപിനാഥിന്റെ ജീവിതമാണ് ചിത്രത്തിന്റെ പ്രമേയം. സംവിധായിക സുധ കൊങ്കരയും ശാലിനി ഉഷ ദേവിയും ചേർന്നാണ് തിരക്കഥയൊരുക്കിയത്.

സൂര്യയുടെ 2 ഡി എന്റർടെയ്ൻമെന്റ്സുംസിഖീയ എന്റർടെയ്ൻമെന്റ്സും ചേർന്നാണ് സൂരരൈ പോട്ര് നിർമ്മിക്കുന്നത്. ആകാശം നീ ഹദ്ദു' എന്ന പേരിൽ ഈ സിനിമ തെലുങ്കിൽ മൊഴിമാറ്റവും ചെയ്യുന്നുണ്ട്. ഉർവശി, ജാക്കി ഷ്രോഫ്, പരേഷ് റാവൽ, കരുണാസ്, വിവേക് പ്രസന്ന, മോഹൻ ബാബു, കാളി വെങ്കട് എന്നിവരും ചിത്രത്തിൽ അഭിനയിക്കുന്നുണ്ട്.

മൂന്ന് ചെറുപ്പക്കാരുടെ കഥയുമായി ഫോർമുല

സിനിമാ പ്രേമികളായ മൂന്ന് ചെറുപ്പക്കാരുടെ കഥ പറയുന്ന 'ഫോർമുല' ഷോട്ട്മൂവിയുടെ മോഷൻ പോസ്റ്റർ പുറത്തിറങ്ങി. സംവിധായകൻ അനുറാമാണ് കേന്ദ്രകഥാപാത്രമാകുന്നത്. ഫോർമുല ഓണത്തിന് റിലീസ് ചെയ്യും. സേതു അടൂർ പ്രൊഡക്ഷൻസിന്റെ ബാനറിൽ പ്രൊഡക്ഷൻ കൺട്രോളർ സേതു അടൂർ നിർമ്മിച്ച് സന്തോഷ് ഇടുക്കി രചനയും സംവിധാനവും നിർവ്വഹിക്കുന്ന 'ഫോർമുല' ഷോട്ട്മൂവി റിലീസിനൊരുങ്ങി.

കല്ല്യാണിസം, ദം എന്നീ ചിത്രങ്ങൾ സംവിധാനം ചെയ്ത അനുറാം ആദ്യമായി നായക കഥാപാത്രമായി വെള്ളിത്തിരയിലെത്തുന്ന ചിത്രം കൂടിയാണ് ഫോർമുല. ചന്ദ്രദാസ് എന്ന സിനിമാരചയിതാവായിട്ടാണ് അനുറാം ഈ ചിത്രത്തിൽ അഭിനയിക്കുന്നത്. സിനിമ തേടി അലയുന്ന മൂന്ന് ചെറുപ്പക്കാർ ഒരു തിരക്കഥാകൃത്തുമായി കണ്ടുമുട്ടുന്നു. തുടർന്ന് അവർ തമ്മിലുണ്ടാകുന്ന സംവാദവും , ഈ കണ്ടുമുട്ടലിനെ തുടർന്നുണ്ടാകുന്ന വഴിത്തിരിവുകളാണ് ഫോർമുലയുടെ ഇതിവൃത്തം.

സിനിമയെ സ്നേഹിക്കുന്നവരും സിനിമയോട് വിയോജിക്കുന്നവരും തീർച്ചയായും കണ്ടിരിക്കേണ്ട പ്രമേയമാണ് ഫോർമുല മുന്നോട്ട് വെയ്ക്കുന്നത്. മലയാളത്തിലെ പ്രമുഖ താരങ്ങളുടെയും അണിയറ പ്രവർത്തകരുടെയും ഫെയ്സ്ബുക്ക് പേജിലൂടെ ഫോർമുലയുടെ മോഷൻ പോസ്റ്റർ റിലീസ് ചെയ്തു. അനുറാം, ആര്യൻ അനിൽ, മനോജ് വടാട്ടുപാറ, സാം നവീൻ, ബിന്ദു അമൃതകുമാർ എന്നിവരാണ് അഭിനേതാക്കൾ. സേതു അടൂരിനൊപ്പം ജോസൂട്ടിയും നിർമ്മാണ പങ്കാളിയാകുന്നു.

മോഹൻലാലിന്റെ ഹിറ്റ് ചിത്രങ്ങളായ കുഞ്ഞാലിമരയ്ക്കാർ, ഒപ്പം എന്നീ സിനിമകൾക്ക് സംഗീതം ഒരുക്കിയ ശേഷം റോണി റാഫേൽ പശ്ചാത്തല സംഗീതമൊരുക്കുന്ന ചിത്രം കൂടിയാണ് ഫോർമുല. ശ്യാം സുബ്രഹ്മണ്യൻ -ക്യാമറ, സാം നവീൻ - എഡിറ്റിംഗ്, ആനന്ദ് ബാബു - മിക്സിംഗ്, പ്രദീപ് ശങ്കർ - കളർ ഗ്രേഡിംഗ് . മലയാള ചലച്ചിത്ര മേഖലയിലെ സൗഹൃദക്കൂട്ടായ്മയുടെ പിന്തുണയോടെ ഒരുങ്ങുന്ന ഫോർമുല യുട്യൂബിലൂടെ ഓണത്തിന് റിലീസ് ചെയ്യും.

ഒന്നായതിന്റെ 5 വർഷങ്ങൾ: അൽഫോൺസിന്റെ വിവാഹ വാർഷികം

അഞ്ചാം വിവാഹ വാർഷികാഘോഷ ചിത്രങ്ങൾ ഫേസ്ബുക്കിൽ പങ്കുവെച്ചിരിക്കുകയാണ് അൽഫോൺസ് പുത്രൻ. 2015 ഓഗസ്റ്റിലാണ് അൽഫോൺസ് വിവാഹിതനായത്. അലീനയാണ് ഭാര്യ. ഏതൻ, എയ്ന എന്നിവരാണ് മക്കൾ. അഞ്ചാം വിവാഹ വാർഷിക ദിനത്തിൽ ഭാര്യയോടൊപ്പമുള്ള സെൽഫി ചിത്രങ്ങളടക്കം അൽഫോൺസ് പങ്കുവെച്ചിട്ടുണ്ട്. നിരവധി ആരാധകർ അദ്ദേഹത്തിനും കുടുംബത്തിനും ആശംസകളുമായി എത്തിയിട്ടുണ്ട് .മക്കൾക്കൊപ്പം കേക്ക് മുറിക്കുന്ന ചിത്രവും ഭാര്യ അലീനയെ ചേർത്തുപിടിച്ചിരിക്കുന്ന ചിത്രങ്ങളുമാണ് അൽഫോൺസ് ഫേസ്ബുക്കിൽ പങ്കുവെച്ചിരിക്കുന്നത്. 2013 ൽ പുറത്തിറങ്ങിയ നേരം. 2015-ൽ പുറത്തിറങ്ങിയ പ്രേമം എന്നീ രണ്ട് സിനിമകളിലൂടെ മലയാളത്തിലും തമിഴിലും നിരവധി ആരാധകരെ സ്വന്തമാക്കിയ സംവിധായകനാണ് അൽഫോൺസ്.

സൊനാക്ഷിയുടെ പരാതി: പോലീസ് ഒരാളെ അറസ്റ്റ് ചെയ്തു

അടുത്ത കാലത്തായി ധാരാളം സൈബർ ആക്രമണത്തിന് ഇരയായ നടിയാണ് ബോളിവുഡ് താരം സൊനാക്ഷി സിൻഹ. ഇപ്പോഴിതാ സൊനാക്ഷിയുടെ പരാതിയിന്മേൽ ഒരാളെ പോലീസ് അറസ്റ്റ് ചെയ്തിരിക്കുകയാണ്. മഹാരാഷ്ട്രയിലെ ഔറംഗാബാദ് സ്വദേശിയായ 26 കാരനാണ് അറസ്റ്റിലായത്. സൊനാക്ഷിയുടെ വീഡിയോയിൽ അശ്ലീല കമന്റ് ചെയ്ത യുവാവാണ് പിടിയിലായതെന്ന് പോലീസ് അറിയിച്ചു. ഓഗസ്റ്റ് ഏഴിനായിരുന്നു സൊനാക്ഷി പോലീസിൽ പരാതി നൽകുന്നത്. സ്ത്രീസുരക്ഷയെ കുറിച്ചും സൈബർ ആക്രമണത്തെ കുറിച്ചുമുള്ള സൊനാക്ഷിയുടെ വീഡിയോയിലായിരുന്നു യുവാവിന്റെ കമന്റ്.പ്രതിയുടെ പേര് പുറത്തു വിട്ടിട്ടില്ല. സൊനാക്ഷിയെ കൂടാതെ വേറേയും താരങ്ങൾക്കെതിരെ ഇയാൾ സൈബർ ബുള്ളിയിങ് നടത്തിയിട്ടുണ്ടെന്നും അശ്ലീല കമന്റുകൾ ചെയ്തിട്ടുണ്ടെന്നുമാണ് പോലീസ് പറയുന്നത്.

ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രവുമായി നദിയ മൊയ്തു

വർഷങ്ങൾക്ക് മുമ്പുള്ള ഒരു ഫോട്ടോ നദിയ മൊയ്തു ഷെയർ ചെയ്തതാണ് ആരാധകർ ഇപ്പോൾ ചർച്ചയാക്കുന്നത്. ഒന്നിങ്ങു വന്നെങ്കിൽ എന്ന ചിത്രത്തിൽ മമ്മൂട്ടിക്ക് ഒപ്പമുള്ള ബ്ലാക്ക് ആൻഡ് വൈറ്റ് ചിത്രമാണ് നദിയ മൊയ്തു പങ്കുവെച്ചിരിക്കുന്നത്. 1985ൽ ആണ് ചിത്രം പ്രദർശനത്തിന് എത്തിയത്. മമ്മൂട്ടിയോടൊപ്പമുള്ള നാദിയ മൊയ്തുവിന്റെ ആദ്യ ചിത്രമാണ് ഇത്. ജോഷിയായിരുന്നു ചിത്രത്തിന്റെ സംവിധായകൻ. ഒരുപാട് ചിത്രങ്ങളിൽ മമ്മൂട്ടിയും നാദിയ മൊയ്തുവും ഒന്നിച്ച് അഭിനയിച്ച് ഹിറ്റായിട്ടുണ്ട്. എന്തായാലും ആരാധകർ ചിത്രം ഏറ്റെടുത്തിരിക്കുകയാണ്.

കുഞ്ഞതിഥിയെ വരവേൽക്കാനൊരുങ്ങി പേളിയും ശ്രീനിഷും

ശ്രീനിഷും താനും മാതാപിതാക്കളാകാൻ പോവുകയാണെന്ന സന്തോഷം പങ്കുവച്ച് പേളി മാണി. ഒരു വീഡിയോ പങ്കുവച്ചാണ് ഗർഭിണിയാണെന്ന വിവരം പേളി അറിയിച്ചിരിക്കുന്നത്.ഒരു സെൽഫി വീഡിയോ ആയിരുന്നു പേളി പോസ്റ്റ് ചെയ്തിരുന്നത്. 'രണ്ട് വർഷം മുൻപ് ഈ ദിവസമാണ് ഞങ്ങൾ പ്രൊപ്പോസ് ചെയ്തത്. ഇന്ന് ദൈവാനുഗ്രഹം നിറഞ്ഞൊരു കാര്യം അവനിലൂടെ എന്റെയുള്ളിൽ വളരുന്നു. ശ്രീനിഷ് നിന്നെ ഞാൻ സ്നേഹിക്കുന്നു' എന്നായിരുന്നു വീഡിയോയ്ക്ക് പേളി ക്യാപ്ഷനിട്ടിരിക്കുന്നത്. അതിന് താഴെ പേളിയുടെ അടുത്ത സുഹൃത്തും അവതാരകനുമായ ഗോവിന്ദ് പത്മസൂര്യ, പ്രിയ വാര്യർ, ശിൽപ ബാല, നീരവ്, സന മൊയ്തൂട്ടി തുടങ്ങിയ താരങ്ങളെല്ലാവരും ആശംസകൾ അറിയിച്ച് കമന്റുകളുമായി എത്തിയിരുന്നു.

പേളിയ്ക്കൊപ്പമുള്ള സന്തോഷ നിമിഷം പങ്കുവെച്ച് ശ്രീനിഷും എത്തിയിരുന്നു. അവൾക്ക് സൺസെറ്റ് കാണണമെന്ന് ആഗ്രഹം പറഞ്ഞു. എന്ന് സൂചിപ്പിച്ച് കൊണ്ട് പേളി സൺസെറ്റ് കാണുന്ന വീഡിയോയും പ്രിയതമയെ ചേർത്ത് നിർത്തി നിറവയറ് കാണുന്ന വിധത്തിലുള്ള വീഡിയോ ആയിരുന്നു ശ്രീനിഷ് ഇൻസ്റ്റാഗ്രാമിലൂടെ സ്റ്റോറിയായി കൊടുത്തത്. സന്തോഷവിവരം പുറത്ത് വന്നതോടെ എല്ലാവരും ആശംസകൾ അറിയിച്ച് എത്തിയിരിക്കുകയാണ്.2019 മേയ് അഞ്ചിനും എട്ടിനുമായിരുന്നു പേളി-ശ്രീനിഷ് വിവാഹം നടക്കുന്നത്.



പാക് മാനേജ്മെന്റിനെതിരേ അക്തർ

സതാംപ്റ്റൺ: ഇംഗ്ലണ്ടിനെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിന്റെ രണ്ടാം ദിനത്തിൽ നൈറ്റ് വാച്ച്മാനെ ഇറക്കുന്നതിന് പകരം ബാബർ അസാമിനെ അയച്ചതിൽ പാക്കിസ്ഥാൻ ടീം മാനേജ്മെന്റിനെ വിമർശിച്ച് മുൻ പേസർ ഷുഹൈബ് അക്തർ. ട്വിറ്ററിലൂടെയാണ് ബാബറിനെ രണ്ടാം ദിനത്തിന്റെ അവസാന സമയത്ത് ബാറ്റിങ്ങിനയച്ച നിലപാടിനെ ചോദ്യം ചെയ്തത്.

'ഒരു നൈറ്റ് വാച്ച്മാനെ അയച്ച് എന്തുകൊണ്ട് ബാബർ അസാമിനെ രക്ഷിക്കാൻ ശ്രമിച്ചില്ല?'-എന്നാണ് അക്തർ ട്വിറ്ററിൽ കുറിച്ചത്.

പാകിസ്ഥാൻ നിരയിലെ ബാറ്റിങ് നട്ടെല്ലാണ് ബാബർ അസാം. അതിനാൽത്തന്നെ ബാബറിന്റെ വിക്കറ്റ് ടീമിന് നിർണ്ണായകമാണ്. ഇത് പരിഗണിക്കാത്ത നിലപാടാണ് ടീം മാനേജ്മെന്റിന്റേതെന്നാണ് അക്തർ ആരോപിക്കുന്നത്.

പാക്കിസ്ഥാനു തകർച്ച

സതാംപ്റ്റൺ: ഇംഗ്ലണ്ടിനെതിരായ മൂന്നാം ക്രിക്കറ്റ് ടെസ്റ്റിൽ സന്ദർശകരായ പാക്കിസ്ഥാൻ തകരുന്നു. ഇംഗ്ലണ്ടിന്റെ 584 എന്ന ഒന്നാം ഇന്നിങ്സ് സ്കോർ പിന്തുടർന്നിറങ്ങിയ പാക്കിസ്ഥാൻ മൂന്നാ ദിനം ഒടുവിൽ റിപ്പോർട്ട് കിട്ടുമ്പോൾ അഞ്ചു വിക്കറ്റ് നഷ്ടത്തിൽ 209 റൺസ് എന്ന നിലയിലാണ്. അഞ്ചു വിക്കറ്റുകൾ ശേഷിക്കെ ഇംഗ്ലണ്ടിന്റെ ഒന്നാം ഇന്നിങ്സ് സ്കോറിനേക്കാൾ 374 റൺസിന് പിന്നിലാണ് പാക്കിസ്ഥാൻ. 103 റൺസോടെ അസ്ഹർ അലിയും 51 റൺസോടെ മുഹമ്മദ് റിസ്വാനുമാണ് ക്രീസിൽ. ടെസ്റ്റ് ക്രിക്കറ്റിൽ അസ്ഹർ അലി 6000 റൺസും പിന്നിട്ടു. മൂന്നിന് 24 എന്ന നിലയിൽ മൂന്നാം ദിനം കളി തുടങ്ങിയ പാക്കിസ്ഥാൻ ആറു റൺസ് കൂടി ചേർക്കുന്നതിനിടെ ആസാദ് ഷഫീക്കിനെക്കൂടി നഷ്ടപ്പെട്ടു. ആൻഡേഴ്സണാണ് വിക്കറ്റ്. ഇതോടെ രസംകൊല്ലിയായി മഴയെത്തി. തൊട്ടുപിന്നാലെ 21 റൺസെടുത്ത ഫവാദ് ആലവും പുറത്തായി.

പാക്കിസ്ഥാനു വേണ്ടി സെഞ്ചുറി നേടിയ അസ്ഹർ അലി

ബെസിനായിരുന്നു വിക്കറ്റ്. രണ്ടാം ദിനം തന്നെ പാക്കിസ്ഥാന് മൂന്നു വിക്കറ്റുകൾ നഷ്ടമായിരുന്നു. സ്കോർബോർഡിൽ 6 റൺസ് മാത്രമുള്ളപ്പോൾ ഓപ്പണർ ഷാൻ മസൂദിനെ (4) ജെയിംസ് ആൻഡേഴ്സൺ എൽബിയിൽ കുടുക്കി.

അധികം വൈകാതെ മറ്റൊരു ഓപ്പണറായ ആബിദ് അലിയെ (1) ആൻഡേഴ്സൺ സിബ്ലിയുടെ കൈകളിലെത്തിച്ചു. നൈറ്റ് വാച്ച്മാനെ ഇറക്കുന്നതിന് പകരം ബാബർ അസാമിനെ ഇറക്കിയ പാക് തന്ത്രം പിഴച്ചു. 26 പന്തിൽ ഒരു ബൗണ്ടറി ഉൾപ്പെടെ 11 റൺസ് നേടിയ ബാബറെ ആൻഡേഴ്സൺ എൽബിയിൽ കുരുക്കുകയായിരുന്നു. നായകൻ അസർ അലി (4) ക്രീസിലുണ്ട്. രണ്ടാം ദിനത്തിന്റെ അവസാനം ബാബറിനെ നഷ്ടമായത് പാകിസ്താന് കടുത്ത തിരിച്ചടിയാവും. നായകൻ അസർ അലിയിലാണ് ടീമിന്റെ പ്രതീക്ഷ.

എന്നാൽ ടൂർണമെന്റിലുടനീളം അത്ര മികച്ച പ്രകടനമായിരുന്നില്ല അസർ കാഴ്ചവെച്ചത്. പ്രതീക്ഷ നൽകി ആസാദ് ഷെഫീഖ്,ഫവാദ് അലം,മുഹമ്മദ് റിസ്വാൻ എന്നിവർ പാകിസ്താനുവേണ്ടി ബാറ്റ് ചെയ്യാനുണ്ട്. എന്നാൽ ആൻഡേഴ്സൺ,സ്റ്റുവർട്ട് ബ്രോഡ്,ജോഫ്ര ആർച്ചർ പേസ് ത്രയത്തിന് മുന്നിൽ പിടിച്ചുനിൽക്കുക വളരെ പ്രയാസമേറിയ ജോലിയാണ്. നേരത്തെ ടോസ് നേടി ആദ്യം ബാറ്റ് ചെയ്ത ഇംഗ്ലണ്ട് ഒന്നാം ഇന്നിങ്സ് 8 വിക്കറ്റ് നഷ്ടത്തിൽ 583 എന്ന നിലയിൽ ഡിക്ലയർ ചെയ്യുകയായിരുന്നു. കന്നി സെഞ്ചുറിയെ ഇരട്ട സെഞ്ചുറിയാക്കി മാറ്റിയ സാക്ക് ക്രൗളിയുടെയും (267) ജോസ് ബട്ലറുടേയും (152) പ്രകടനമാണ് ഇംഗ്ലണ്ട് ഇന്നിങ്സിന് കരുത്തായത്. ക്രൗളി 393 പന്തുകൾ നേരിട്ട് 34 ബൗണ്ടറിയും ഒരു സിക്സറും നേടിയപ്പോൾ ബട്ലർ 311 പന്തുകൾ നേരിട്ട് 13 ഫോറും രണ്ട് സിക്സും നേടി.
ഇരുവരും ചേർന്ന് അഞ്ചാം വിക്കറ്റിൽ 359 റൺസാണ് ഇംഗ്ലണ്ട് സ്കോർബോർഡിനോട് ചേർത്തത്. ക്രൗളിയെ മടക്കി ആസാദ് ഷെഫീക്കാണ് കൂട്ടുകെട്ട് പൊളിച്ചത്. ക്രിസ് വോക്സ് (40),ജോ റൂട്ട് (29),ഡോം ബെസ്സ് (27) എന്നിവരാണ് ഇംഗ്ലണ്ടിന്റെ മറ്റ് പ്രധാന സ്കോറർമാർ.

മൂന്നാം മത്സരത്തിൽ ഇംഗ്ലണ്ട് ജയിക്കുകയോ മത്സരം സമനിലയാവുകയോ ചെയ്താൽ പരമ്പര ഇംഗ്ലണ്ട് സ്വന്തമാക്കും. മറിച്ച് പാക്കിസ്ഥാൻ ജയിച്ചാൽ പരമ്പര 1-1 സമനിലയാവും. ആദ്യ മത്സരത്തിൽ ഇംഗ്ലണ്ട് വിജയിച്ചപ്പോൾ മഴ കളിച്ച രണ്ടാം മത്സരം സമനിലയിൽ കലാശിക്കുകയായിരുന്നു.

നൂറ്റാണ്ടിന്റെ പന്ത്: പട്ടികയിൽ ശ്രീശാന്തും

മുംബൈ: നൂറ്റാണ്ടിന്റെ പന്ത് ഏതെന്നു കണ്ടെത്തുന്ന പ്രശസ്ത ക്രിക്കറ്റ് വെബ്സൈറ്റായ ഇഎസ്പിഎൻ ക്രിക് ഇൻഫോയുടെ പട്ടികയിൽ മുൻ ഇന്ത്യൻ താരവും മലയാളിയുമായ എസ്. ശ്രീശാന്തിന്റെ ബൗളിങ് പ്രകടനവും. 2010ൽ ദക്ഷിണാഫ്രിക്കയ്ക്കെതിരേ ഡർബനിൽ നടന്ന ടെസ്റ്റിൽ ജാക് കാലിസിനെ പുറത്താക്കിയ പന്താണ് നൂറ്റാണ്ടിന്റെ പന്തിനെ തെരഞ്ഞെടുക്കുന്ന പട്ടികയിൽ 16-ാമതായി ഉൾപ്പെടുത്തിയിരിക്കുന്നത്. ടെസ്റ്റിലെ നാലാം ഇന്നിങ്സിൽ 303 റൺസ് വിജയലക്ഷ്യവുമായി ഇറങ്ങിയ ദക്ഷിണാഫ്രിക്ക ബാറ്റ് ചെയ്യുമ്പോഴായിരുന്നു ശ്രീശാന്തിന്റെ ഉജ്ജ്വല പന്ത് പിറന്നത്. ടെസ്റ്റ് പരമ്പര 2-0നു നേടാമെന്ന സ്വപ്നവുമായി ഇറങ്ങിയ ദക്ഷാണാഫ്രിക്കയ്ക്കു മിന്നും തുടക്കമാണ് ഗ്രേയം സ്മിത്ത് നൽകിയത്.

ഓപ്പണർമാർ 12 ഓവറിൽ 63 റൺസ് നേടി. ശ്രീശാന്ത് സ്മിത്തിനെ വീഴ്ത്തി കൂട്ടുകെട്ട് പൊളിച്ചു. ഹഷിം അംലയെയും പുറത്താക്കി ശ്രീശാന്ത് ഉജ്വല ഫോമിലാണെന്നു തെളിയിച്ചു. എന്നാൽ, ജാക് കാലിസും എബി ഡിവില്ലേഴ്സും മികച്ച ഫോമിൽ കളിക്കുന്ന ഘട്ടം ഇന്ത്യ അപകടം മണത്തു. അപ്പോഴാണ് ശ്രീശാന്ത് അസാമാന്യ മികവ് പുറത്തെടുത്തത്. 35-ാമത്തെ ഓവറിലെ രണ്ടാം പന്തായിരുന്നു കാലിസിന്റെ പുറത്താകലിൽ കലാശിച്ചത്.

പിച്ചിൽ കുത്തിയുയർന്ന പന്ത് ലീവ് ചെയ്യാൻ കാലിസ് ശ്രമിച്ചെങ്കിലും ഗ്ലൗവിൽ കൊണ്ട പന്ത് ഗള്ളിയിൽ സെവാഗ് അനായാസം കൈപ്പിടിയിലൊതുക്കി. അംപയർ സ്റ്റീവ് ഡേവിസ് പന്ത് നോബൊളാണോ എന്നു തേഡ് അംപയറോട് ആരാഞ്ഞു. നിമിഷങ്ങളുടെ നാടകീയതയ്ക്കു ശേഷം അംപയർ ഔട്ട് വിളിച്ചു. ലോകത്ത് ഏതു ബാറ്റ്സ്മാനാണെങ്കിലും ആ പന്തിൽ ഔട്ടാകുമെന്നാണ് അന്നു വിലയിരുത്തൽ വന്നത്.

കമന്റേറ്ററായ രവി ശാസ്ത്രിയും ഇതേ അഭിപ്രായം പറഞ്ഞു. മത്സരത്തിൽ ദക്ഷിണാഫ്രിക്ക 215 റൺസിനു പുറത്തായി. ഇന്ത്യ 87 റൺസിനു വിജയിച്ചു.

ദക്ഷിണാഫ്രിക്കയിൽ ഇന്ത്യ ജയിക്കുന്ന ആദ്യ ടെസ്റ്റ് കൂടിയായിരുന്നു ഇത്. മത്സരത്തിൽ മാൻ ഓഫ് ദ മാച്ചായതും ശ്രീശാന്ത് തന്നെ. നൂറ്റാണ്ടിന്റെ പന്ത് ഏതെന്നുള്ള തെരഞ്ഞെടുപ്പ് തുടരുകയാണ്. മോണ്ടി പനേസർ, ജാസൺ ക്രേസ, സ്റ്റീവ് ഹാർമിസൺ, മിച്ചൽ സ്റ്റാർക്ക് എന്നിവരാണ് പട്ടികയിൽ ഇതുവരെ ഇടം പിടിച്ചത്. ഇനി 15 പേർ കൂടി പട്ടികയിലെത്തും അതിനു ശേഷമായിരിക്കും നൂറ്റാണ്ടിന്റെ പന്ത് ആരുടേതെന്നു പ്രഖ്യാപിക്കുക.

കായിക അവാർഡിൽ വീണ്ടും തഴഞ്ഞു; സാക്ഷി മോദിക്കു കത്തയച്ചു

ന്യൂഡൽഹി: മുമ്പ് ഖേൽരത്ന പുരസ്കാരം നൽകിയിരുന്നു എന്നതിന്റെ പേരിൽ അർജ്ജുന പുരസ്കാര പട്ടികയിൽ നിന്നൊഴിവാക്കിയ കായികമന്ത്രാലയത്തിന്റെ നടപടിക്കെതിരെ പ്രധാനമന്ത്രി നരേന്ദ്ര മോദിക്കും കേന്ദ്ര കായിക മന്ത്രി കിരൺ റിജിജുവിനും കത്തെഴുതി ഗുസ്തി താരം സാക്ഷി മാലിക്ക്. നേടാവുന്ന പരമാവധി മെഡലുകളും പുരസ്കാരങ്ങളും സ്വപ്നം കണ്ടാണ് ഏതൊരു കായികതാരവും മുന്നോട്ടു പോകുന്നതെന്ന് കത്തിൽ സാക്ഷി വ്യക്തമാക്കി. ഇനി അർജുന പുരസ്കാരം കൂടി ലഭിക്കാൻ താൻ ഏതു മെഡലാണ് ഇന്ത്യയ്ക്കായി നേടേണ്ടതെന്നും ഇരുവരോടും സാക്ഷി ചോദിക്കുന്നു. അതോ, ഈ ഗുസ്തി കരിയറിൽ എനിക്ക് ഇനി അർജുന പുർസാകരം ലഭിക്കാൻ ഭാഗ്യമില്ല എന്നുണ്ടോ എന്നും കത്തിൽ സാക്ഷി ചോദിച്ചു.

2016ലെ റിയോ ഒളിംപിക്സിൽ ഗുസ്തിയിൽ വെങ്കലം നേടിയ സാക്ഷി 2017ലെ കോൺവെൽത്ത് ഗുസ്തി ചാംപ്യൻഷിപ്പിൽ സ്വർണവും അതേ വർഷം നടന്ന ഏഷ്യൻ ഗുസ്തി ചാംപ്യൻഷിപ്പിൽ വെള്ളിയും നേടി. 2018ലെ കോമൺവെൽത്ത് ഗെയിംസിൽ വെങ്കലവും നേടി.

രാജ്യത്തെ ഉയർന്ന നാലാമത്തെ സിവിലിയൻ ബഹുമതിയായ പത്മശ്രീ നൽകി രാജ്യം സാക്ഷിയെ ആദരിച്ചിരുന്നു. മുൻപ് ഖേൽരത്ന പുരസ്കാരം നേടിയ സാഹചര്യത്തിലാണ് സാക്ഷിക്കും ഭാരോദ്വഹനത്തിൽ ലോക ചാംപ്യനായ മീരാബായ് ചാനുവിനും ഇത്തവണ അർജുന പുരസ്കാരം നൽകേണ്ടതില്ലെന്ന് കേന്ദ്ര സർക്കാർ തീരുമാനിച്ചത്.
രാജ്യത്തെ പരമോന്നത കായിക പുരസ്കാരമായ രാജീവ് ഗാന്ധി ഖേൽരത്ന പുരസ്കാരം നേടിയവരെ അർജുന പുരസ്കാരത്തിന് നാമനിർദ്ദേശം ചെയ്യുന്നതിലെ അനൗചിത്യം പലരും ചൂണ്ടിക്കാട്ടിയിരുന്നു. 2016ലാണ് സാക്ഷി മാലിക്കിന് ഖേൽ രത്ന പുരസ്കാരം ലഭിച്ചത്.
മീരാബായ് ചാനുവിന് 2018ലും. ഈ സാഹചര്യത്തിലാണ് ഇരുവർക്കും ഇത്തവണ അർജുന പുരസ്കാരം നിഷേധിച്ചത്. ഈ വർഷം അർജുന അവാർഡിനായി 12 അംഗ വിദഗ്ധ സമിതി ശുപാർശ ചെയ്ത 29 പേരിൽ ഇവരുടെ രണ്ടു പേരുടെയും പേരുകൾ മാത്രമാണ് കായിക മന്ത്രാലയം ഒഴിവാക്കിയത്.

മങ്കാദിങ്ങിന് അനുകൂലം പക്ഷേ വേണ്ട: കാർത്തിക്

ദുബായ്: ക്രിക്കറ്റിന്റെ പരിശുദ്ധിക്ക് എതിരായ ഒന്നാണ് മങ്കാദിങ് എന്നു തോന്നിയിട്ടില്ലെന്ന് കോൽക്കത്ത നൈറ്റ് റൈഡേഴ്സ് ക്യാപ്റ്റൻ ദിനേശ് കാർത്തിക്. "മങ്കാദിങ് വിക്കറ്റുകൾ ഒരിക്കലും ക്രിക്കറ്റിന്റെ മാന്യതയ്ക്ക് നിരക്കാത്ത സംഭവമായി തോന്നിയിട്ടില്ല. ബാറ്റ്സ്മാൻ ഏതൊക്കെ സമയത്ത് അനുവാദമില്ലാതെ പുറത്തിറങ്ങുന്നുവോ അപ്പോഴൊക്കെ പുറത്താക്കാനുള്ള സ്വാതന്ത്ര്യം ബൗളർക്കും ഫീൽഡർമാർക്കുമുണ്ട്.മങ്കാദിങ്ങിലൂടെ പുറത്താക്കുന്നതിൽ ഒരു മാന്യതകുറവും എനിക്ക് തോന്നിയിട്ടില്ല. ഇത്തരം സംഭവങ്ങൾ നിയമത്തിന് അനുസൃതമായിരിക്കണം.

ഇത്തരം പുറത്താക്കലുകൾ വേണമോ എന്നുള്ള കാര്യം ക്യാപ്റ്റൻ ആലോചിച്ച് തീരുമാനമെടുക്കണം. ബൗളറോ അംപയറോ ആവരുത് അവസാന തീരുമാനമെടുക്കേണ്ടത്. പന്തെറിയുന്ന സമയത്ത് തീർച്ചയായും ബാറ്റ്സ്മാൻ ക്രീസിൽ വേണം. ക്രീസിന് പുറത്താണെങ്കിൽ ബൗളർക്ക് പുറത്താക്കാനുള്ള അവകാശമുണ്ട്. എന്നാൽ ബാറ്റ്സ്മാൻ പുറത്തുപോകുന്നതിന് മുമ്പ് ആലോചിക്കണമെന്ന് മാത്രം." കാർത്തിക് പറഞ്ഞു.എന്നാൽ എന്റെ ടീമിലെ ഒരു ബൗളറാണ് ഇത്തരത്തിൽ ബാറ്റ്സ്മാനെ പുറത്താക്കുന്നതെങ്കിൽ ഞാൻ സമ്മതിക്കില്ലെന്നും കാർത്തിക് പറഞ്ഞു. "അങ്ങനെ ചെയ്താലും ഞാൻ ബാറ്റ്സ്മാനോട് ക്രീസിൽ തുടരാൻ പറയും.

ഇത്തരം പുറത്താകലുകൾ അനാവശ്യമായി കാര്യമാണ്. അതായത് എന്റെ ബൗളർമാർക്ക് അല്ലാതെ ബാറ്റ്സ്മാനെ പുറത്താക്കുനുള്ള കഴിവുണ്ട്." കാർത്തിക് പറഞ്ഞു. കഴിഞ്ഞ സീസൺ ഐപിഎല്ലിൽ ഏറെ വിവാദമായ സംഭവമായിരുന്നു മങ്കാദിങ്. കിംഗ്സ് ഇലവൻ പഞ്ചാബിന്റെ ക്യാപ്റ്റനായിരുന്ന ആർ അശ്വിൻ മങ്കാദിങ്ങിലൂടെ രാജസ്ഥാൻ റോയൽസ് താരം ജോസ് ബട്ലറെ പുറത്താക്കുകയായിരുന്നു.

ഇത്തരം പുറത്താക്കലുകൾ ക്രിക്കറ്റിന്റെ സംസ്കാരത്തിന് യോജിച്ചതല്ലെന്ന് അന്ന് സംസാരമുണ്ടായിരുന്നു. ചതിപ്രയോഗമാണെന്നും ചർച്ചകൾ വന്നു. ഈ സീസണിൽ അശ്വിൻ ഡൽഹി കാപിറ്റൽസിലേക്ക് മാറി. മാന്യതക്ക് ചേർന്നതല്ലെന്നാണ് ഡൽഹി പരിശീലകനായ റിക്കി പോണ്ടിംഗ് പറയുന്നത്.

സന്ദീപ് സിങ് ബ്ലാസ്റ്റേഴ്സിൽ

കൊച്ചി: ഇന്ത്യൻ സൂപ്പർ ലീഗിന്റെ ഏഴാം സീസണിൽ സന്ദീപ് സിംഗ് കേരള ബ്ലാസ്റ്റേഴ്സിനായി കളിക്കും. ഒരു വർഷത്തെ കരാറിലാണ് സന്ദീപ് എത്തുക. മണിപ്പൂരിലെ ഇംഫാലിൽ നിന്നുള്ള 25കാരനായ പ്രതിരോധ താരമായ സന്ദീപ് ഷില്ലോംഗ് ലജോംഗ് അക്കാദമിയിൽ നിന്ന് തന്റെ ഫുട്ബോൾ യാത്ര ആരംഭിക്കുകയും 2014 ൽ അവരുടെ സീനിയർ ടീമിലേക്ക് സ്ഥാനക്കയറ്റം നേടുകയും ചെയ്തു. അടുത്ത വർഷം പൂനെ എഫ്സിക്കെതിരെ സീനിയർ ടീമിൽ അരങ്ങേറ്റം കുറിച്ചു. തുടർന്ന് 2018-19 ഐഎസ്എൽ സീസണിൽ എ ടി കെ എഫ്സിയിൽ എത്തുന്നതിനുമുൻപായി 2017-2018 സീസണിൽ ലാങ്സ്നിംഗ് എഫ്.സിയെ പ്രാതിനിധീകരിച്ചു. കഴിഞ്ഞ ഐ-ലീഗ് സീസണിൽ (2019 20) ട്രാവു എഫ്സിക്കായി 8 മത്സരങ്ങളിൽ ബൂട്ടണിഞ്ഞ വലം കാൽ പ്രതിരോധതാരമായ സന്ദീപ്, അവിടെ നിന്നാണ് കെബിഎഫ്സിയിൽ എത്തിയത്. "ഈ അഭിമാനകരമായ ക്ലബിന്റെ ഭാഗമാകാൻ കഴിഞ്ഞതിൽ എനിക്ക് അതിയായ സന്തോഷമുണ്ട്.

എന്റെ പുതിയ ടീമിനെ കാണാനും വരാനിരിക്കുന്ന സീസണിൽ ഒരുമിച്ച് പ്രവർത്തിക്കാനും ഞാൻ ആകാംക്ഷയോടെ കാത്തിരിക്കുകയാണ്. കേരള ബ്ലാസ്റ്റേഴ്സിന്റെ ആരാധകർ എല്ലായ്പ്പോഴും ടീമിന് അപാരമായ പിന്തുണയാണ് നൽകുന്നത്. ആ പിന്തുണ നേടുവാനും അവർക്ക് അഭിമാനമേകുന്ന പ്രകടനം കാഴ്ചവയ്ക്കുന്നതിനും സാധിക്കുമെന്ന് ഞാൻ പ്രതീക്ഷിക്കുന്നു", കേരള ബ്ലാസ്റ്റേഴ്സുമായി കരാറിൽ ഏർപ്പെട്ടുകൊണ്ട് സന്ദീപ് സിംഗ് പറഞ്ഞു.

ഐ-ലീഗിൽ നിരവധി മത്സരങ്ങൾ കളിച്ച സന്ദീപ് പരിചയസമ്പന്നനായ കളിക്കാരനാണ്. കാലക്രമേണ, ശക്തനും മികവുറ്റ പ്രതിരോധതാരവുമായി വളർന്ന അദ്ദേഹം ഐഎസ്എല്ലിൽ തന്റെ കഴിവുകൾ കേരള ബ്ലാസ്റ്റേഴ്സിനൊപ്പം പ്രദർശിപ്പിക്കേണ്ട സമയമാണിത്. ഞാൻ അദ്ദേഹത്തിന് എല്ലാ ഭാഗ്യവും നേരുന്നു, ഒപ്പം അദ്ദേഹത്തോടൊപ്പം ഉടൻ പ്രവർത്തിക്കാൻ ആഗ്രഹിക്കുന്നു." കേരള ബ്ലാസ്റ്റേഴ്സിന്റെ അസിസ്റ്റന്റ് കോച്ച് ഇഷ്ഫാക്ക് അഹമ്മദ് പറയുന്നു.

കാലിസും ഹാൾ ഓഫ് ഫെയിമിൽ

ദുബായ്: ഐസിസിയുടെ ഹാൾ ഓഫ് ഫെയിം 2020ൽ ഇടം പിടിച്ച് മുൻ ദക്ഷിണാഫ്രിക്കൻ താരം ജാക്വസ് കാലിസ്. അദ്ദേഹത്തോടൊപ്പം മുൻ ഓസീസ് വനിതാ താരം ലിസ സ്തലേക്കർ, മുൻ പാക്കിസ്ഥാൻ താരം സഹീർ അബ്ബാസ് എന്നിവരും ഹാൾ ഓഫ് ഫെയിമിൽ ഇടം നേടി.

അലൻ വിൽക്കിൻസ്, സുനിൽ ഗവാസ്കർ, മെൽ ജോൺസ്, ഷോൺ പൊള്ളോക്ക് എന്നിവർ അടങ്ങുന്ന സംഘമാണ് പുരസ്കാരം പ്രഖ്യാപിച്ചത്.ലോകക്രിക്കറ്റിൽ എക്കാലത്തേയും മികച്ച ഓൾറൗണ്ടർമാരിൽ ഒരാളാണ് കാലിസ്. ദക്ഷിണാഫ്രിക്കയ്ക്കായി ടെസ്റ്റിൽ 13289, ഏകദിനത്തിൽ 11579 റൺസും കാലിസ് നേടിയിട്ടുണ്ട്.

രണ്ട് ഫോർമാറ്റിലും 250ൽ കൂടുതൽ വിക്കറ്റും സ്വന്തമാക്കി. ഏകദിനത്തിലും ടെസ്റ്റിലും ദക്ഷിണാഫ്രിക്കയുടെ എക്കാലത്തേയും മികച്ച റൺവേട്ടക്കാരനാണ് കാലിസ്. അംഗീകാരത്തിൽ അഭിമാനമുണ്ടെന്ന് കാലിസ് വ്യക്തമാക്കി.ഓസീസിന് വേണ്ടി 2005ലും 2013ലും വനിതാ ലോകകപ്പ് നേടിയിട്ടുണ്ട് ലിസ.

അതോടൊപ്പം 2010, 2012 വർഷങ്ങളിൽ ഓസീസ് ടി20 ലോകകപ്പ് ഉയർത്തുമ്പോഴും ലിസ ടീമിനൊപ്പമുണ്ടായിരുന്നു. വനിത ക്രിക്കറ്റിൽ 100 വിക്കറ്റ് വീഴ്ത്തുകയും 1000 റൺസ് നേടുകയും ചെയ്യുന്ന ആദ്യതാരമായിരുന്നു ലിസ. 2013 ഏകദിന ലോകകപ്പിന് ശേഷം വിരമിക്കുകയായിരുന്നു. സ്വപ്ന സാക്ഷാത്കാരമാണിതെന്നാണ് ലിസ അഭിപ്രായപ്പെട്ടത്.

ജാക്വസ് കാലിസ്, ലിസ സ്തലേക്കർ, സഹീർ അബ്ബാസ്

പാക്കിസ്ഥാന് വേണ്ടി 78 ടെസ്റ്റും 62 ഏകദിനങ്ങളും കളിച്ചിട്ടുള്ള ക്രിക്കറ്ററാണ് സഹീർ അബ്ബാസ്. രണ്ട് ഫോർമാറ്റിലും 40ൽ കൂടുതൽ ആവറേജുണ്ട് അദ്ദേഹത്തിന്.

ഫസ്റ്റ് ക്ലാസ് ക്രിക്കറ്റിൽ 100 സെഞ്ചുറികളുള്ള ഏക ഏഷ്യക്കാരനാണ് അബ്ബാസ്. അന്താരാഷ്ട്ര ടെസ്റ്റ് ക്രിക്കറ്റിൽ തുടർച്ചയായി അഞ്ച് സെഞ്ചുറികൾ നേടുന്ന ആദ്യതാരവും അബ്ബാസ് തന്നെ. 2009ലാണ് ആദ്യത്തെ ഹാൾ ഓഫ് ഫെയിം പുരസ്കാരങ്ങൾ പ്രഖ്യാപിച്ചത്.

സുനിൽ ഗവാസ്കർ (2009), ബിഷൻ സിംഗ് ബേദി (2009), കപിൽ ദേവ് (2010), അനിൽ കുംബ്ലെ (2015), രാഹുൽ ദ്രാവിഡ് (2018), സച്ചിൻ ടെൻഡുൽക്കർ (2019) എന്നിവരാണ് ഇന്ത്യയിൽ നിന്ന് നേട്ടത്തിനർഹരായ താരങ്ങൾ.

ഇമ്രാനോട് മാപ്പ് പറഞ്ഞ് മിയാൻദാദ്

ഇസ്ലാമാബാദ്: പാക് പ്രധാനമന്ത്രി ഇമ്രാൻ ഖാനെ പരസ്യമായി വിമർശിച്ച പാക് മുൻ ക്രിക്കറ്റ് താരം ജാവേദ് മിയാൻദാദ് മലക്കം മറിഞ്ഞു. ഇമ്രാനോട് മാപ്പ് പറഞ്ഞ് മിയാൻ ദാദ് രംഗത്ത് എത്തി. തന്റെ യൂട്യൂബ് ചാനലിലൂടെയാണ് മിയാൻദാദിന്റെ മാപ്പ് പറച്ചിൽ.

പാക്കിസ്ഥാൻ ക്രിക്കറ്റിനെ തകർക്കുന്നതു പ്രധാനമന്ത്രി ഇമ്രാൻ ഖാൻ ആണെന്നായിരുന്നു മിയൻദാദിന്റെ പ്രധാന ആരോപണം.

അധികം വൈകാതെ ഇമ്രാൻ ഖാനെതിരെ താൻ രാഷ്ട്രീയത്തിലിറങ്ങുമെന്നും താൻ ആരാണെന്ന് ഇമ്രാനു കാട്ടിക്കൊടുക്കുമെന്നും മിയൻദാദ് പറഞ്ഞു.

ധോണി-രോഹിത് ആരാധകർ തമ്മിലടിച്ചു

കോലാലംപൂർ: ഐപിഎല്ലിന് ഇനി ആഴ്ചകൾ മാത്രം ശേഷിക്കെ മഹാരാഷ്ട്രയിൽ എംഎസ് ധോണിയുടെയും രോഹിത് ശർമയുടെയും ഫാൻസുകാർ തമ്മിൽ ഏറ്റുമുട്ടൽ. രോഹിതിന്റെ ഒരു ആരാധകനെ കരിമ്പിൻ തോട്ടത്തിൽ വച്ച് ധോണി ഫാൻസുകാർ ചേർന്ന് തല്ലിച്ചതയ്ക്കുകയും ചെയ്തതായി റിപ്പോർട്ടുകൾ പറയുന്നു. കോലാപൂർ ജില്ലയിലെ കുറുന്ദ്വാദെന്ന സ്ഥലത്തായിരുന്നു ആക്രമ സംഭവങ്ങൾ അരങ്ങേറിയത്. സംഭവത്തിൽ ശക്തമായി പ്രതിഷേധിച്ച് ഇന്ത്യയുടെ മുൻ ഇതിഹാസ താരം വീരേന്ദർ സെവാഗ് രംഗത്തു വരികയും ചെയ്തിട്ടുണ്ട്. ആഗസ്റ്റ് 15ന് ധോണി അന്താരാഷ്ട്ര ക്രിക്കറ്റിൽ നിന്നും വിരമിക്കൽ പ്രഖ്യാപിച്ചപ്പോൾ ആരാധകർ അദ്ദേഹത്തിന്റെ നിരവധി ഹോർഡിങുകൾ നഗരത്തിൽ പലയിടങ്ങളിലുമായി തൂക്കിയിരുന്നു.

ശനിയാഴ്ച രോഹിതിന് ഖേൽരത്ന പുരസ്കാരം നൽകി രാജ്യം ആദരിച്ചപ്പോൾ അദ്ദേഹത്തിന്റെ ആരാധകരും തങ്ങളുടെ ഹീറോയെ പുകഴ്ത്തിക്കൊണ്ട് ഹോർഡിങുകൾ വച്ചിരുന്നു. എന്നാൽ രോഹിത് ആരാധകർ വച്ച ചില ഹോർഡിങുകൾ ചില അജ്ഞാതർ തകർത്തതാണ് സംഭവങ്ങളുടെ തുടക്കം. ഇതു ധോണി ഫാൻസും രോഹിത് ഫാൻസും തമ്മിലുള്ള തർക്കത്തിന് ഇടയാക്കുകയും ചെയ്തു. ഇതിനിടെ് രോഹിത് ഫാൻസിൽപ്പെട്ട ഒരു യുവാവ് ധോണിയുടെ ആരാധകരെ അധിക്ഷേപിച്ചത് പ്രശ്നം കൂടുതൽ വഷളാക്കുകയായിരുന്നു.

പ്രകോപിതരായ ധോണി ഫാൻസുകാർ ഈ യുവാവിനെ ആക്രമിക്കുകയും സമീപത്തെ കരിമ്പിൻ തോട്ടത്തിൽ വച്ച് വളഞ്ഞിട്ട് മർദ്ദിക്കുകയുമായിരുന്നുവെന്ന് ഒരു ദേശീയ മാധ്യമം റിപ്പോർട്ട് ചെയ്യുന്നു. ഇയാൾ സാരമായി പരിക്കേറ്റിട്ടുണ്ടെന്നാണ് സൂചനകൾ.

അതേസമയം, ഫാൻസുകാർ തമ്മിലുള്ള ഈ ഏറ്റുമുട്ടലിനെ ശക്തമായി വിമർശിച്ച് ഇന്ത്യയുടെ മുൻ ഇതിഹാസ ഓപ്പണർ വീരേന്ദർ സെവാഗുൾപ്പെടെ പലരും രംഗത്തുവന്നു. ട്വിറ്ററിലൂടെയാണ് സെവാഗ് ആരാധകർക്കെതിരേ ആഞ്ഞടിച്ചത്. വിവരമില്ലാത്തവരെ നിങ്ങൾ എന്താണ് ചെയ്തു കൊണ്ടിരിക്കുന്നത്.

താരങ്ങൾ തമ്മിൽ പരസ്പരം വലിയ ബഹുമാനവും നല്ല അടുപ്പവുമാണുള്ളത്. അവർ ഇതേക്കുറിച്ച് കൂടുതലായി സംസാരിക്കാറില്ലെന്നു മാത്രം. ആവശ്യമുള്ളത് മാത്രമേ താരങ്ങൾ പറയാറുള്ളൂ, എന്നാൽ ചില ഫാൻസുകാർക്കു ഭ്രാന്താണ്. ദയവു ചെയ്ത് നിങ്ങൾ പരസ്പരം ഏറ്റുമുട്ടരുത്, ടീം ഇന്ത്യയെ ഒന്നായി കാണൂയെന്നും സെവാഗ് ട്വിറ്ററിൽ കുറിച്ചു. ഐപിഎല്ലിന്റെ 13ാം സീസണിൽ കളിക്കുന്നതിനു വേണ്ടി ധോണിയും രോഹിത്തും ഇപ്പോൾ യുഎഇയിലാണുള്ളത്.

കൊവിഡ് കാലത്ത് കേരളത്തിൽ നിന്നൊരു കാർഷിക വിപണി

സ്വന്തം ലേഖകൻ

കൽപ്പറ്റ: കാർഷിക ഉത്പന്നങ്ങൾ ഉപഭോക്താക്കൾക്ക് ഹോം ഡെലിവറിയായി ലഭ്യമാക്കുന്ന ഫാർമേഴ്സ് ട്രേഡ് മാർക്കറ്റ് (കർഷക വ്യാപാര വിപണി) കേരളത്തിന് പുതിയ മാതൃകയാവുന്നു. കർഷകരുടെ നേതൃത്വത്തിൽ സഹകരണ മേഖലയിൽ രാജ്യത്താദ്യമായി ആരംഭിക്കുന്ന ഇ-മാർക്കറ്റ് പദ്ധതിയാണ് ബ്രഹ്മഗിരി എഫ്ടിഎം. വയനാട് ആസ്ഥാനമായി പ്രവർത്തിച്ചു വരുന്ന ബ്രഹ്മഗിരി ഡെവലപ്മെന്റ് സൊസൈറ്റിയാണ് ഇ-മാർക്കറ്റ് പദ്ധതി ആവിഷ്കരിച്ചത്. സുഭിക്ഷ കേരളം പദ്ധതിയുടെ ഭാഗമായി സംസ്ഥാന സർക്കാരാണ് ഇത് നടപ്പിലാക്കുന്നത്.

പദ്ധതിക്ക് ആവശ്യമായ തുക റീബിൽഡിങ് കേരള ഇനിഷ്യേറ്റീവ്, സുഭിക്ഷ കേരളം ഫണ്ട്, കേന്ദ്ര സർക്കാരിന്റെ അഗ്രികൾച്ചർ ഇൻഫ്രാസ്ട്രക്ച്ചർ ഫണ്ട്, നബാർഡ് ആർഐഡിഎഫ് ഫണ്ട് എന്നിവയിലൂടെയാണ് ലഭ്യമാക്കുന്നത്. ആദ്യഘട്ടത്തിൽ വയനാട് ജില്ലയിലും ഘട്ടംഘട്ടമായി മലബാർ ജില്ലകളിലും തുടർന്ന് കേരളത്തിലാകെയും നടപ്പാക്കുകയാണ് ലക്ഷ്യം. കൃഷി, മൃഗപരിപാലനം, ക്ഷീരമേഖല, ഫിഷറീസ്, സിവിൽ സപ്ലൈസ്, സഹകരണം, തദ്ദേശഭരണം, ആദിവാസി ക്ഷേമം, വനിതാക്ഷേമം തുടങ്ങിയ വകുപ്പുകളുമായി സഹകരിച്ച് വികസിപ്പിക്കുന്ന വിധത്തിലാണ് ആവിഷ്കാരം. ഇതിനായുള്ള കൺസ്യൂമർ ആപ്പ്, ഔട്ട്ലെറ്റ് ആപ്പ്, ഡെലിവറി ആപ്പ് എന്നിവയും ഇആർപിയും തയാറായി. എഫ്ടിഎമ്മിന്റെ ലോഗോയും തയാറായി, എഫ്ടിഎം ഇലക്ട്രോണിക് മാർക്കറ്റ് ഔട്ട്ലെറ്റ് ഡിസ്ട്രിബ്യൂഷൻ സിസ്റ്റം എന്നിവ പ്രവർത്തനം ആരംഭിച്ചു കഴിഞ്ഞു.

വിപണിയിൽ വൻകിട മുതലാളിത്ത കമ്പനികളും അവയുടെ ഇടത്തട്ടുകാരും നടത്തുന്ന ചൂഷണത്തിൽ നിന്ന് സ്വതന്ത്രരാകാൻ സഹായിക്കുന്ന പദ്ധതി എന്നതാണ് എഫ്ടിഎമ്മിന്റെ പ്രാധാന്യം. മാത്രമല്ല ന്യായവിലയ്ക്ക് ഗുണമേന്മയുള്ളവ ഉപഭോക്താവിന് മൊബൈൽ ആപ്പ് വഴി വീടുകളിൽ എത്തിക്കുന്നു. സഹകരണ കൃഷിയുടെ ആദ്യ മാതൃകയായി കേരള സർക്കാർ ബ്രഹ്മഗിരി വഴി നടപ്പാക്കിയ പദ്ധതിയാണ് കേരള ചിക്കൻ വടക്കൻ കേരളത്തിൽ വിജയിച്ചതോടെയാണ് ഈ നീക്കം. സ്വകാര്യമേഖലയിൽ ഒരു കിലോ കോഴിയിറച്ചിക്ക് തൂക്കം 6 രൂപ വരെ ലഭിക്കുമ്പോൾ ബ്രഹ്മഗിരി ഫാമിലെ കർഷകർക്ക് 11 രൂപ വരെ ലഭിക്കുന്നു.

വിപണിയിൽ അംഗങ്ങളാകുന്ന ഓരോ കർഷകന്റെയും കൃഷിയിടങ്ങളെ ഐടിവത്കരിച്ച് കാർഷികാസൂത്രണ പദ്ധതി (ഫാം പ്ലാനിങ്) നടപ്പാക്കാൻ സോഫ്റ്റ്വെയർ പിന്തുണ എഫ്ടിഎം ഉറപ്പുവരുത്തുന്നു. കർഷകരെ രജിസ്റ്റർ ചെയ്ത് അവരുടെ ഡാറ്റ രേഖപ്പെടുത്തി വിശകലനം ചെയ്യുന്നു. ഭൂമിയുടെ ഫലഭൂയിഷ്ഠത, ജലലഭ്യത, വിത്ത്, വളം, കാർഷിക ഉപകരണങ്ങൾ, വിദഗ്ധ തൊഴിലാളികൾ തുടങ്ങി എല്ലാ ഉത്പാദനോപാധികളും സോഫ്റ്റ്വെയർ നിയന്ത്രണത്തിലൂടെ മെച്ചപ്പെടുത്തി ഉത്പാദനക്ഷമത ഉയർത്താനും ഉത്പാദനച്ചെലവ് കുറയ്ക്കാനും സഹായിക്കും.

കൃഷിയിടത്തിൽത്തന്നെ പ്രാഥമിക മൂല്യവർധന നടത്തിയാണ് കാർഷിക ഉത്പന്നങ്ങൾ സംഭരിക്കുക. അവ പ്രാദേശികമായി സംഘങ്ങൾ രൂപീകരിച്ച് അവയുടെ നേതൃത്വത്തിൽ പാക്ക് ഹൗസുകൾ, വെയർ ഹൗസുകൾ എന്നിവയിലൂടെ സംരക്ഷിക്കും. വിഎഫ്പിസികെ, ഹോർട്ടികോർപ്, മാർക്കറ്റ് ഫെഡ്, കൺസ്യൂമർ ഫെഡ് തുടങ്ങി സഹകരണ വകുപ്പിന്റെയും സിവിൽ സപ്ലൈസ് വകുപ്പിന്റെയും ക്ഷീരവകുപ്പിന്റെയും നിയന്ത്രണത്തിലുള്ള സംഭരണ സംസ്കരണ വിപണന സംവിധാനം, ഫുഡ് കോർപ്പറേഷൻ ഒഫ് ഇന്ത്യ എന്നിവയെല്ലാം പരസ്പരം സഹകരിച്ച് വിപണിയെ വികസിപ്പിക്കുകയാണ് ലക്ഷ്യം.

സാനി മാറ്റ് ഇന്നു മുതൽ കോഴിക്കോട്ടും

കോഴിക്കോട്: കൈകൾക്കൊപ്പം കാലുകളും അണുമുക്തമാക്കി കൊവിഡിനെ ചെറുക്കാൻ പൊതുമേഖലാ സ്ഥാപനമായ കേരള സ്റ്റേറ്റ് കയർ കോർപ്പറേഷൻ വിപണിയിലിറക്കിയ സാനിറ്റൈസിങ് കയർ ഡോർ മാറ്റ് ആയ 'സാനി മാറ്റ്' ഷോറൂം കോഴിക്കോട്ടും. മലബാറിലെ ആദ്യ വിപണന കേന്ദ്രം ഇന്ന് രാവിലെ 10ന് പി.ടി. ഉഷ റോഡിൽ മേയർ തോട്ടത്തിൽ രവീന്ദ്രൻ ഉദ്ഘാടനം ചെയ്യും.

നേരത്തെ മുഖ്യമന്ത്രി പിണറായി വിജയൻ വിപണിയിലിറക്കിയ ഉത്പന്നത്തിന്റെ കേരളത്തിലെ ആദ്യത്തെ ഷോറൂം ശൃംഖല കൊച്ചിയിലാണ് ആരംഭിച്ചത്. 11 ഷോറൂമുകളാണ് ഈ ശൃംഖലയിലുള്ളത്. നാഷണൽ കയർ റിസർച്ച് ഇൻസ്റ്റിറ്റ്യൂട്ട്, ശ്രീചിത്തിര തിരുനാൾ ഇൻസ്റ്റിറ്റ്യൂട്ട് ഫോർ മെഡിക്കൽ സയൻസ് ആൻഡ് ടെക്നോളജി എന്നിവിടങ്ങളിൽ പരിശോധിച്ച് അംഗീകാരത്തോടെയാണ് കൊവിഡ് പ്രതിരോധ മാറ്റ് വിപണിയിലിറക്കിയത്. പ്രത്യേകം രൂപകൽപ്പന ചെയ്ത പ്ലാസ്റ്റിക്, റബർ ട്രേയിൽ ഇട്ട് അണുനാശിനി ദ്രാവകം ഒഴിച്ചാണ് മാറ്റ് ഉപയോഗിക്കുന്നത്. അണുനാശിനി നിറച്ച ട്രേയിലെ മാറ്റിൽ ചവിട്ടിയശേഷം ഇതോടൊന്നിച്ചുള്ള രണ്ടാമത്തെ മാറ്റിൽ പാദങ്ങൾ തുടയ്ക്കുന്നതോടെ കാലിലൂടെയുള്ള രോഗവ്യാപനം തടയാനാകുമെന്നതാണ് സാനിമാറ്റിന്റെ സവിശേഷത. വിവിധ നിറങ്ങളിലും ഡിസൈനുകളിലുമുള്ള മാറ്റും ട്രേയും അണുനാശിനിയും ഒരുമിച്ച് ലഭിക്കും. പ്രകൃതിസൗഹൃദമായതാണ് ഈ ഉത്പന്നം. ഫർണിച്ചർ നിർമാതാക്കളുടെയും വ്യാപാരികളുടെയും സംഘടനയായ ഫുമയുമായി സഹകരിച്ച് 1000 ഷോറൂമുകളിൽ കൂടി സാനി മാറ്റ് വിതരണത്തിനുള്ള കരാറിലെത്തിയതായി കയർ കോർപ്പറേഷൻ ചെയർമാൻ ടി.കെ. ദേവകുമാർ പറഞ്ഞു. ഇ-കൊമേഴ്സ് പ്ലാറ്റ്ഫോമായ ആമസോണിലും സാനി മാറ്റുകൾ ലഭ്യമാകും. 859 മുതൽ 4495 രൂപ വരെയാണ് വില.

'നമുക്കുയരാം' സ്കോളർഷിപ്പ് പദ്ധതി; സീസൺ മൂന്നിന് തുടക്കം

തൃശൂർ: എൻട്രൻസ് പരിശീലന മേഖലയിലെ പ്രമുഖ സ്ഥാപനമായ റിജു ആൻഡ് പിഎസ്കെ ക്ലാസസിന്റെ ആഭിമുഖ്യത്തിൽ 2018ൽ ആരംഭിച്ച 'നമുക്കുയരാം' ഹയർ സെക്കൻഡറി സ്കോളർഷിപ്പ് പദ്ധതിയുടെ സീസൺ മൂന്നിന് തുടക്കമായി. കൊവിഡ് പ്രോട്ടോക്കോൾ പാലിച്ച് കോലഴി ക്യാംപസിൽ സംഘടിപ്പിച്ച പരിപാടിയിൽ കെ. രാജൻ 'നമുക്കുയരാം' ഹയർ സെക്കൻഡറി സ്കോളർഷിപ്പ് പദ്ധതി സീസൺ മൂന്നിന്റെ ഉദ്ഘാടനം നിർവഹിച്ചു. കോലഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ജി. ഉണ്ണികൃഷ്ണൻ അധ്യക്ഷനായിരുന്നു. റിജു ആൻഡ് പിഎസ്കെ ക്ലാസസ് ഡയറക്റ്റർമാരായ വി. അനിൽകുമാർ, റിജു ശങ്കർ, പി. സുരേഷ്കുമാർ, കരിയർ കൺസൾട്ടന്റ് ഡോ. ബോബി ജോസ് വടക്കേടത്ത്, പി ആർഒ നാരായണൻ പുറക്കാട്ട് എന്നിവർ പങ്കെടുത്തു. സംസ്ഥാന സിലബസിൽ പഠിച്ച് ഈ വർഷം പത്താം ക്ലാസിൽ മികച്ച വിജയം നേടി സർക്കാർ / എയ്ഡഡ് സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് ശ്രമിക്കുന്ന സംസ്ഥാനത്തെ നിർധനരായ വിദ്യാർഥികൾക്ക് അപേക്ഷിക്കാം. ഓൺലൈൻ സ്ക്രീനിങ് ടെസ്റ്റിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 40 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസവും പഠന സാമഗ്രികൾ, ഓൺലൈൻ കോച്ചിങ്, ഫീസ്, ടാബ്, ഓൺലൈൻ ട്യൂഷൻ, യൂണിഫോം തുടങ്ങിയവ നൽകി അവരെ ഉപരിപഠനത്തിന് പ്രാപ്തരാക്കുന്നതാണ് നമുക്കുയരാം സ്കോളർഷിപ്പ് പദ്ധതി. കൊവിഡ് സാഹചര്യം മൂലം തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് അവരവരുടെ വീടുകളിൽ താമസിച്ച് പഠിക്കാം. യോഗ്യരായ കുട്ടികൾക്ക് റിജു ആൻഡ് പിഎസ്കെ ക്ലാസസിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി ഓഗസ്റ്റ് 28 വരെ അപേക്ഷിക്കാം. ഓഗസ്റ്റ് 15ന് നടത്തിയ സ്ക്രീനിങ് ടെസ്റ്റിൽ പങ്കെടുക്കാൻ കഴിയാത്ത കുട്ടികൾക്ക് ഓൺലൈൻ സ്ക്രീനിങ് ടെസ്റ്റ് ഒരു തവണ കൂടി നടത്തുന്നു. 2020 ഓഗസ്റ്റ് 28 ഉച്ചയ്ക്ക് ഒരു മണി വരെ അപേക്ഷ സ്വീകരിക്കുന്നു. 28ന് വൈകിട്ട് നാലിന് ഓൺലൈൻ സ്ക്രീനിങ് ടെസ്റ്റ് നടക്കും. കൂടുതൽ വിവരങ്ങൾക്ക്
http://rijuandpskclasses.com/registration
ഹെൽപ്പ് ലൈൻ: 9446323692

റിജു ആൻഡ് പിഎസ്കെ ക്ലാസസിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച 'നമുക്കുയരാം' ഹയർ സെക്കൻഡറി സ്കോളർഷിപ്പ് പദ്ധതിയുടെ സീസൺ മൂന്നിന്റെ ഉദ്ഘാടനം കെ. രാജൻ നിർവഹിക്കുന്നു. കോലഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി.ജി. ഉണ്ണികൃഷ്ണൻ, ഡയറക്റ്റർമാരായ വി. അനിൽകുമാർ, റിജു ശങ്കർ, പി. സുരേഷ്കുമാർ എന്നിവർ സമീപം

എച്ച്എഎൽ കാസർഗോഡ് യൂണിറ്റിന് കാത്തിരിപ്പ് മാത്രം

കാസർഗോഡ്: പ്രതിരോധ വകുപ്പിനു കീഴിലുള്ള പൊതുമേഖലാ സ്ഥാപനമായ ഹിന്ദുസ്ഥാൻ എയ്റോനോട്ടിക്സ് ലിമിറ്റഡിന്റെ (എച്ച്എഎൽ) കാസർഗോഡ് യൂണിറ്റിനെ കണ്ട ഭാവില്ലാതെ കേന്ദ്രസർക്കാർ. സ്ഥാപിച്ച് എട്ടു വർഷമാകുമ്പോഴും കാസർഗോട്ടെ സ്ട്രാറ്റജിക് ഇലക്ട്രോണിക്സ് നിർമാണശാല തുടങ്ങിയിടത്ത് തന്നെയാണ്. രണ്ടാംഘട്ടത്തിൽ വലിയ വിപുലീകരണമുണ്ടാകുമെന്നും യുദ്ധവിമാനങ്ങൾക്കാവശ്യമായ ഇലക്ട്രോണിക്സ് ഉപകരണങ്ങൾ നിർമിക്കുമെന്നും അന്നത്തെ പ്രതിരോധ മന്ത്രി എ.കെ. ആന്റണി പ്രഖ്യാപിച്ചിരുന്നു. എന്നാൽ ഇക്കാര്യത്തിൽ ഒരു അനുകൂല നീക്കവും ഇപ്പോഴില്ല.

എളമരം കരീം വ്യവസായ മന്ത്രിയായിരിക്കെയാണ് സീതാംഗോളി കിൻഫ്ര പാർക്കിലെ 196 ഏക്കർ ഭൂമി എച്ച്എഎല്ലിന് കൈമാറിയത്. 2008 ഓഗസ്റ്റ് 23ന് തറക്കല്ലിട്ടു. ഒന്നാം ഘട്ടത്തിൽ 16 ഏക്കർ ഭൂമിയിൽ 66 കോടി രൂപ ചെലവിൽ ഫാക്റ്ററിയും ഓഫിസ് സമുച്ചയവും നിർമിച്ചു. 2012 നവംബർ 17നായിരുന്നു ഔദ്യോഗിക ഉദ്ഘാടനമെങ്കിലും പ്രവർത്തനം നേരത്തെ തുടങ്ങി. യുദ്ധവിമാനങ്ങൾക്കുള്ള മിഷൻ കംപ്യൂട്ടർ, ഡിസ്പ്ലേ പ്രൊസസർ, റഡാർ കംപ്യൂട്ടർ, ഓപ്പൺ ആർക്കിടെക്ചർ കംപ്യൂട്ടർ എന്നിവയാണ് നിർമിക്കുന്നത്. രണ്ടാം ഘട്ടത്തിൽ റഫേൽ എംഎംആർസിഎ യുദ്ധവിമാനം, എഇഎസ്എ, റഡാർ, ഇലക്ട്രോണിക്സ് വാർഫെയർ സ്യൂട്ട്,

കമ്യൂണിക്കേഷൻ ആൻഡ് നാവിഗേഷൻ, സോഫ്റ്റ്നെറ്റ് ഡിഫൈൻഡ് റേഡിയോ തുടങ്ങിയവയ്ക്ക് ആവശ്യമായ ഉപകരണം നിർമിക്കാൻ സൗകര്യം ഒരുക്കാനായിരുന്നു പദ്ധതി. എന്നാൽ റഫേലിന്റെ കരാർ റിലയൻസ് നൽകിയതിലൂടെ സ്ഥാപനത്തിന്റ ചിറക് അരിഞ്ഞു. എഫ്ജിഎഫ്എ, എംടിഎ യുദ്ധവിമാനം, എൽയുഎച്ച്, എൽസിഎച്ച്, എംഎൽഎച്ച് ഹെലികോപ്റ്റർ, ആളില്ലാ വിമാനം (യുഎവി) എന്നിവയ്ക്കാവശ്യമായ ഉപകരണങ്ങളുടെ നിർമിക്കാമെന്നും പ്രതീക്ഷിച്ചു. എന്നാൽ അതിനുള്ള അനുമതിയും ആയിട്ടില്ല.

ജ്വല്ലറികൾ കാഴ്ചക്കാർ; സ്വർണക്കച്ചവടം ഓൺലൈനിൽ

കൊച്ചി: കൊവിഡിൽ ജ്വല്ലറികളെ കടത്തിവെട്ടി ഓൺലൈൻ സ്വർണക്കച്ചവടം. ആരെയും അമ്പരപ്പിക്കുന്ന രീതിലാണ് ഇടത്തരക്കാരടക്കം ഓൺലൈൻ സ്വർണത്തിൽ നിക്ഷേപിച്ചിരിക്കുന്നത്. ജ്വല്ലറികൾ ആരംഭിച്ച ഓൺലൈൻ കച്ചവടത്തെക്കാളും അന്താരാഷ്ട്ര ഓൺലൈൻ പ്ലാറ്റ്ഫോമുകളിലാണ് കച്ചവടം സജീവിമായിരിക്കുന്നത്. കേരളത്തിൽ 50 വയസിൽ താഴെയുള്ളവരാണ് ഓൺലൈൻ കച്ചവടം നടത്തിയത്.

സ്വർണവില ഉയർന്ന സമയത്ത് വാങ്ങലും മറിച്ചു വിൽക്കലും സജീവമായിരുന്നു. ഏപ്രിൽ മാസത്തെ അക്ഷയ തൃതീയയുടെ അവസരത്തിൽ നോയിഡ ആസ്ഥാനമായുള്ള പേടിഎം 37 കിലോഗ്രാം ഡിജിറ്റൽ സ്വർണം തങ്ങളുടെ പ്ലാറ്റ്ഫോമിൽ വിറ്റതായി പറയുന്നു. ഉത്സവ സീസണോട് അനുബന്ധിച്ച് ഈ വർഷം 100 കിലോ സ്വർണം ഡിജിറ്റലായി വിറ്റതായി ബംഗളൂരു ആസ്ഥാനമായുള്ള ഫോൺ പേയും അവകാശപ്പെടുന്നു. ഡിജിറ്റൽ സ്വർണ നിക്ഷേപ സവിശേഷതയെ 'ഗോൾഡ് വോൾട്ട്' എന്നാണ് വിളിക്കുന്നത്. ഈ ഓഫറുമായി ബന്ധപ്പെട്ട് ആമസോൺ പേയും സജീവമായിരിക്കുകയാണ്. ആമസോൺ തങ്ങളുടെ ധനകാര്യ സേവന വിഭാഗമായ ആമസോൺ പേയിലൂടെ, ഇന്ത്യയിലെ ഉപയോക്താക്കൾക്ക് ഡിജിറ്റൽ സ്വർണം വാങ്ങാൻ സൗകര്യമൊരുക്കുന്നു. ആമസോൺ പേയിലൂടെ കുറഞ്ഞത് അഞ്ച് രൂപ വരെയുള്ള തുകയ്ക്ക് ഡിജിറ്റൽ സ്വർണം വാങ്ങാം. സുരക്ഷയ്ക്കായി ലോക്കർ വാടകയ്ക്കെടുക്കാതെ ഏത് സമയത്തും സ്വർണം വാങ്ങാനും വിൽക്കാനും ഇതിലൂടെ സാധിക്കും. പേടിഎം, ഗൂഗിൾ പേ, ഫോൺ പേ എന്നിവയുൾപ്പടെ ഈ പ്ലാറ്റ്ഫോമുകളിൽ ഭൂരിഭാഗം പേരും 1 രൂപ വരെയുള്ള കുറഞ്ഞ തുകയ്ക്ക് സ്വർണം വാങ്ങാൻ ഉപഭോക്താക്കളെ അനുവദിക്കുന്നു. 2017 -ലാണ് പേടിഎം, ഫോൺ പേ എന്നിവർ തങ്ങളുടെ പ്ലാറ്റ്ഫോമുകളിൽ ഡിജിറ്റൽ സ്വർണ ഓഫറുകൾ അവതരിപ്പിച്ചത്. ഗൂഗിൾ പേ ആവട്ടെ കഴിഞ്ഞ ഏപ്രിലിലും. ഗുരുഗ്രാം ആസ്ഥാനമായുള്ള മൊബിക്വിക് 2018ലും ഓഫർ അവതരിപ്പിച്ചു. ചൈനീസ് ഇലക്ട്രോണിക്സ് നിർമാതാക്കളായ ഷവോമി തങ്ങളുടെ പേയ്മെന്റ് പ്ലാറ്റ്ഫോമായ മി പേ യിൽ ഇക്കഴിഞ്ഞ ഏപ്രിൽ മാസത്തിലും ഡിജിറ്റൽ സ്വർണ വിൽപ്പന ആരംഭിച്ചു.

ശമ്പളമില്ലെങ്കിൽ നിങ്ങൾക്കു കിട്ടും തൊഴിലില്ലായ്മാ വേതനം

കൊച്ചി: ലോക്ഡൗൺ കാലയളവിൽ ശമ്പളം ലഭിക്കാത്ത ഇഎസ്ഐ പരിധിയിലുള്ള ജീവനക്കാർക്ക് തൊഴിലില്ലായ്മ വേതനത്തിനുള്ള അപേക്ഷയിൽ 15 ദിവസത്തിനകം പണം കൈമാറണമെന്ന് നിർദേശം. ഇഎസ്ഐ കോർപ്പറേഷന്റെ കീഴിലുള്ള അടൽ ബിമിതാ വ്യക്തി കല്യാൺ യോജനയുടെ കീഴിൽ അപേക്ഷ നൽകുന്ന തൊഴിൽ രഹിതർക്കാണ് 15 ദിവസത്തിനുള്ളിൽ അപേക്ഷ തീർപ്പാക്കി പണം നൽകുക. രാജ്യത്ത് ലോക്ഡൗൺ ആരംഭിച്ച മാർച്ച് 24 മുതൽ ഡിസംബർ 31 വരെയുള്ള കാലയളവിൽ തൊഴിൽ നഷ്ടപ്പെട്ടവർക്ക് ശമ്പളത്തിന്റെ 50 ശതമാനം ആറ് മാസം നൽകുന്നതാണ് പദ്ധതി.

കൊവിഡ് മഹാമാരിയെത്തുടർന്ന് ആയിരക്കണക്കിന് സ്ഥാപനങ്ങൾ പൂട്ടുകയോ ഭാഗികമായി മാത്രം പ്രവർത്തിക്കുകയോ ചെയ്തതോടെ ലക്ഷക്കണക്കിന് തൊഴിലാളികൾക്കാണ് ശമ്പളം നഷ്ടമായത്. രാജ്യത്ത് 12.01 കോടി പേർക്ക് തൊഴിൽ നഷ്ടമായി എന്നാണ് കണക്കുകൾ. ഇത്തരക്കാർക്ക് അടിയന്തര സഹായം എന്ന നിലയിലാണ് തൊഴിലില്ലായ്മ വേതനം നൽകുന്നത്. ഈ വർഷം മാർച്ച് 31 ന് മുമ്പ് രണ്ട് വർഷമെങ്കിലും ഇ എസ് ഐ അംഗമായിരുന്നവർക്കാണ് ആനുകൂല്യം. ശമ്പളം കിട്ടാതാവുന്നതിന് മുമ്പുള്ള കോൺട്രിബ്യൂഷൻ സമയത്ത് ചുരുങ്ങിയത് 78 ദിവസത്തെയെങ്കിലും വിഹിതമടച്ചിരിക്കണം. അവസാന ശമ്പളത്തിന്റെ 50 ശതമാനമാണ് മൂന്ന് മാസത്തേയ്ക്ക് നൽകുക. നിലവിൽ ഇഎസ്ഐയുടെ കീഴിലുള്ള ബിമിത വ്യക്തി കല്യാൺ യോജനയനുസരിച്ച് തൊഴിൽ നഷ്ടമാകുന്നവർക്ക് അവസാനം വാങ്ങിയ ശമ്പളത്തിന്റെ 25 ശതമാനം മൂന്ന് മാസത്തേക്ക് ലഭിച്ചിരുന്നു. ഇതാണ് ആറ് മാസമാക്കുന്നത്. പുതിയ തൊഴിലിൽ എൻറോൾ ചെയ്യപ്പെടുന്നതോടെ ഈ ആനുകൂല്യം നിർത്തുകയും ചെയ്യും.

ഓണത്തിന് പ്രത്യേക ഓഫറുമായി ഹായെർ

കൊച്ചി: ഓണാഘോഷത്തെ വരവേൽക്കാൻ വമ്പൻ ക്യാഷ്ബാക്ക് ഓഫറുകളും അധികരിപ്പിച്ച വാറന്റിയുമായി ഇലക്ട്രോണിക്സ്- ഗൃഹോപകരണ രംഗത്തെ ലോക ഒന്നാം നമ്പറായ ഹായെർ. ഉന്നത ഗുണമേന്മയുള്ള ഹായെർ ഉത്പന്നങ്ങൾക്ക് പലിശരഹിത ഇഎംഐ സ്കീമുകളും കമ്പനി പ്രഖ്യാപിച്ചു. എയർ കണ്ടിഷനർ, വാഷിങ് മെഷിൻ, റഫ്രിജറേറ്റർ, ടിവി, മൈക്രോവേവ് ഓവൻ എന്നിവയിലെ വിപുലമായ മോഡലുകളിൽ നിന്ന് ആകർഷകമായ ഓഫറുകളോടെ ഉപഭോക്താക്കൾക്കു ഉത്പന്നങ്ങൾ സ്വന്തമാക്കാം.

ഓണത്തിന്റെ ഉത്സവാന്തരീക്ഷത്തിൽ കേരളത്തിലെ ഉപഭോക്താക്കൾക്ക് ഓഗസ്റ്റ് 22 മുതൽ സെപ്റ്റംബർ അവസാനം വരെ ആകർഷകമായ ഓഫറുകളിൽ ഹായെർ ഉത്പന്നങ്ങൾ വാങ്ങാം. പ്രമുഖ ബാങ്കുകളുടെ ക്രെഡിറ്റ്, ഡെബിറ്റ് കാർഡ് ഉടമകൾക്ക് ഓഫറുകൾ ലഭ്യമാകും. കൂടാതെ ഉന്നത ഗുണമേന്മയുള്ള ഉത്പന്നങ്ങൾക്ക് അധിക വാറന്റിയും കമ്പനി വാഗ്ദാനം ചെയ്യുന്നു. എച്ച്ഡിഎഫ്സി, ഐസിഐസിഐ, കോട്ടക്, യെസ് ബാങ്ക്, സ്റ്റാന്റേഡ് ചാർട്ടേഡ്, ബാങ്ക് ഒഫ് ബറോഡ, ഫെഡറൽ ബാങ്ക് തുടങ്ങിയ പ്രമുഖ ബാങ്കുകളുടെ ക്രെഡിറ്റ് കാർഡു വഴിയുള്ള പർച്ചേസിന് സീറോ ഡൗൺ പെയ്മെന്റ്- പലിശരഹിത ഇഎംഐ സ്കീമിനു പുറമെ പത്തു ശതമാനം ക്യാഷ് ബാക്ക് ഓഫറും കമ്പനി പ്രഖ്യാപിച്ചിട്ടുണ്ട്.

ഹായെറിന്റെ വളർച്ചയിൽ കേരളം സവിശേഷ വിപണിയാണെന്നും പകർച്ചവ്യാധി കാരണം നിയന്ത്രണങ്ങൾ ഏർപ്പെടുത്തിയിട്ടുണ്ടെങ്കിലും ഓണാഘോഷ വേളിൽ വിപണി വലിയ ഉണർവ് പ്രകടിപ്പിക്കുമെന്നാണ് പ്രതീക്ഷിക്കുന്നതെന്നും ഹായെർ അപ്ലയൻസസ് ഇന്ത്യ പ്രസിഡന്റ് എറിക് ബ്രാഗൻസ പറഞ്ഞു. ലോക്ഡൗൺ കാലയളവിൽ ഉപഭോക്താക്കളുടെ സമീപനത്തിൽ അടിസ്ഥാനപരമായ മാറ്റമുണ്ടായിട്ടുണ്ടെന്നും മാറുന്ന താത്പര്യങ്ങൾക്കനുസരിച്ച് ഉന്നത ഗുണമേന്മയും സാങ്കേതികത്വവും കാര്യക്ഷമതയുമുള്ള നൂതന ഉത്പന്നങ്ങൾ ലഭ്യമാക്കുകയാണ് ആവശ്യമെന്നും ഹായെർ കരുതുന്നു. കൊവിഡ് പശ്ചാത്തലത്തിൽ രൂപപ്പെട്ട പുതിയ ജീവിതക്രമത്തിൽ കൂടുതൽ സൗകര്യപ്രദവും പരിസ്ഥിതി സൗഹൃദവുമായ ഉത്പങ്ങൾക്കാണ് കഴിഞ്ഞ കുറച്ചു മാസങ്ങളായി ആവശ്യക്കാരേറുന്നത്. അതുകൊണ്ടു തന്നെ ഓണാഘോഷ വേളയിൽ തങ്ങളുടെ നവീനമായ ഇലക്ട്രോണിക്സ്- ഗൃഹോപകരണങ്ങൾ സ്പെഷ്യൽ ഓഫറുകളോടെ വിപണിയിലെത്തിക്കാൻ കഴിയുന്നതിന്റെ ആവേശത്തിലാണ് കമ്പനിയെന്നും എറിക് വ്യക്തമാക്കി.

ഹായെർ ഷോറൂമുകളിൽ തെരഞ്ഞെടുത്ത കമ്പനി ഉത്പന്നങ്ങൾക്കും തെരഞ്ഞെടുത്ത ബഹു ബ്രാൻഡ് സ്റ്റോറുകളിലും കേരളത്തിലെ പ്രമുഖ ഇലക്ട്രോണിക്സ് ഷോറൂമുകളിലും പ്രത്യേക ഓണം ഓഫർ സെപ്റ്റംബർ 30 വരെ ലഭ്യമാകും. ബജാജ്, എച്ച്ഡിബിഎഫ്എസ്, ഐഡിഎഫ്സി, ഫസ്റ്റ്, എച്ച്ഡിഎഫ്സി എന്നിവയുമായി സഹകരിച്ചാണ് കമ്പനി സാമ്പത്തിക ആശ്വാസ പദ്ധതി ഏർപ്പെടുത്തിയത്. പാൻലാബിന്റെ പങ്കാളിത്തത്തോടെയാണ് ഉപഭോക്താക്കൾക്ക് ആഘോഷവേള കൂടുതൽ ആഹ്ലാദകരമാക്കാനുള്ള സ്കീം കമ്പനി ഏർപ്പെടുത്തിയിട്ടുള്ളത്.

കാലത്തിന്റെ മാറുന്ന താത്പര്യങ്ങൾക്കനുസരിച്ച് ഉന്നത സാങ്കേതിക സൗകര്യങ്ങളും ഊർജക്ഷമതയുമുള്ള നൂതന ഇലക്ട്രോണിക്സ്- ഗൃഹോപകരണങ്ങൾ ഉപഭോക്താക്കൾക്ക് ലഭ്യമാക്കുന്നതിൽ എന്നും ശ്രദ്ധപുലർത്തുന്ന ആഗോള ബ്രാൻഡാണ് ഹായെർ. വൈഫൈ പിന്തുണയോടെ പ്രവർത്തിക്കുന്ന ഡ്യുവൽ ഡ്രം സൂപ്പർ സൈലന്റ് വാഷിങ് മെഷീൻ, എയർ കണ്ടിഷനർ, സ്മാർട്ട് എൽഇഡി ടെലിവിഷൻ, ഇന്ററാക്റ്റീവ് കണക്റ്റഡ് റഫ്രിജറേറ്റർ തുടങ്ങിയ ഉപഭോക്താക്കളുടെ പുതു താത്പര്യങ്ങൾ മുന്നിൽ കണ്ടുള്ളവയാണ്.

പെൻഷൻ വിതരണം നാളെ തുടങ്ങും

പറവൂർ: നന്ത്യാട്ടുകുന്നം ഗാന്ധിസ്മാരക സർവീസ് സഹകരണ ബാങ്കിൽ അംഗത്വമെടുത്ത് 30 വർഷം പൂർത്തിയാക്കിവരും, 70 വയസ് കഴിഞ്ഞവരുമായ അംഗങ്ങൾക്ക് 1000 രൂപ വയോജന സമാശ്വാസ പെൻഷൻ നൽകും. വിതരണോദ്ഘാടനം നാളെ 10.30 ന് മുൻ എംഎൽഎ പി.രാജു നിർവഹിക്കും. അപേക്ഷ ഫോറം ഹെഡ് ഓഫിസ്, ബ്രാഞ്ചുകളിൽ നിന്നും ലഭിക്കുമെന്ന് പ്രസിഡന്റ് സി.എ.രാജീവ് അറിയിച്ചു.

വയോജനങ്ങൾക്ക് കട്ടിൽ

മുളന്തുരുത്തി: ഗ്രാമപഞ്ചായത്ത് 2020-21 വാർഷിക പദ്ധതിയിൽ വയോജനങ്ങൾക്കുള്ള കട്ടിലുകളുടെ വിതരണം പ്രസിഡന്റ് റെഞ്ചി കുര്യൻ കൊള്ളിനാൽ നിർവഹിച്ചു. വൈസ് പ്രസിഡന്റ് സലോമി സൈമൻ അധ്യക്ഷനായി. പദ്ധതിയിൽ 345 പേർക്കാണ് കട്ടിൽ വിതരണം ചെയ്യുന്നത്. അപേക്ഷ നൽകിയ മുഴുവൻ ഗുണഭോക്താക്കൾക്കും കട്ടിൽ വിതരണം ചെയ്തു. ചടങ്ങിൽ വികസന കാര്യാധ്യക്ഷന്മാരായ എ.കെ.ബാലകൃഷ്ണൻ, ജോർജ് മാണി പട്ടച്ചേരിൽ, ശാന്ത മോഹനൻ, ബിനോയ് ഹരിദാസ്, തുടങ്ങിയവർ പ്രസംഗിച്ചു.

ആംഗനവാടിയ്ക്ക് പുതിയ കെട്ടിടം

മുളന്തുരുത്തി: ഗ്രാമപഞ്ചായത്ത് എട്ടാം വാർഡിൽ പൊല്ലേമുകളിൽ നിർമ്മാണം പൂർത്തിയാക്കിയ 42 ആം നമ്പർ ആംഗനവാടിയുടെ ഉദ്ഘാടനം പ്രസിഡന്റ് റെഞ്ചി കുര്യൻകൊള്ളിനാൽ നിർവഹിച്ചു. വൈസ് പ്രസിഡന്റ് സലോമി സൈമൻ അധ്യക്ഷനായി. രണ്ടു പതിറ്റാണ്ടോളമായി വാടക കെട്ടിടത്തിലാണ് അംഗനവാടി പ്രവർത്തിച്ചു വന്നിരുന്നത്. ഗ്രാമപഞ്ചായത്ത് 10 ലക്ഷം രൂപ മുടക്കി അഞ്ചു സെന്റ് സ്ഥലം വാങ്ങിയാണ് കെട്ടിടം പണി പൂർത്തിയാക്കിയത്. പഞ്ചായത്ത് വികസന സ്റ്റാന്റിങ് കമ്മറ്റി ചെയർമാൻ എ.കെ.ബാലകൃഷ്ണൻ, ആരോഗ്യം വിദ്യാഭ്യാസം സ്റ്റാൻഡിങ് കമ്മറ്റി ചെയർമാൻ ജോർജ് മാണി പട്ടച്ചേരിൽ, ക്ഷേമകാര്യ സ്റ്റാൻഡിങ് കമ്മറ്റി ചെയർപേഴ്സൺശാന്ത മോഹനൻ, മെംബർമാരായ ഒ.എ.മണി, വി.കെ.വേണു, മരിയൻ വർഗീസ്, ജോളി ജോർജ്, ജെയിംസ് താഴൂരത്ത്, സെക്രട്ടറി രാജേഷ് ടി.വർഗീസ്, എന്നിവർ പ്രസംഗിച്ചു.

ഓണക്കോടി കിറ്റ് വിതരണം

വൈപ്പിൻ: പള്ളിപ്പുറം ക്ഷീരോൽപാദക സഹകരണ സംഘം പള്ളിപ്പുറം, കുഴുപ്പിള്ളി, എടവനക്കാട്, നായരമ്പലം പഞ്ചായത്തുകളിലെ ക്ഷീര കർഷകർക്കും ജീവനക്കാർക്കും ഓണക്കോടിയും, കിറ്റും വിതരണം ചെയ്തു. വൈപ്പിൻ ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് ഡോ:കെ.കെ.ജോഷി ഉദ്ഘാടനം ചെയ്തു. സംഘം പ്രസിഡന്റ് സി.എച്ച്.ബാലകൃഷ്ണൻ അധ്യക്ഷനായി. വൈസ പ്രസിഡന്റ് കെ.സി.ഗോപാലകൃഷ്ണൻ, സെക്രട്ടറി ജീമോൻ ലാസർ, പള്ളിപ്പുറം പഞ്ചായത്തംഗം രാധിക സതീഷ് എന്നിവർ സംസാരിച്ചു. ഭരണസമിതി അംഗങ്ങളായ രത്നമല്ലിക, ലിസി ലാസർ, ബിന്ദു രവീന്ദ്രനാഥ്, പി.പി. മനോഹരൻ,ടി.വി.മഹേഷ്, സരോജിനി ചന്ദ്രൻ,എം.സി.സുരേഷ് എന്നിവർ നേതൃത്വമേകി.

പഞ്ചായത്തംഗത്തിന്റെ നടപടിയിൽ പ്രതിഷേധം

ഉദയംപേരൂർ: പഞ്ചായത്ത് ഓഫിസ് ഉദ്ഘാടന വേദിയിൽ കണ്ടയ്മെന്റ് സോണിൽ നിന്ന് എത്തി പങ്കെടുത്ത പഞ്ചായത്ത് അംഗത്തിന്റെ നടപടിയിൽ പ്രതിഷേധം. പഞ്ചായത്ത് പത്താം വാർഡ് അംഗവും സ്ഥിരം സമിതി അധ്യക്ഷ യുമായ തുളസിദാസപ്പനാണ് കഴിഞ്ഞ ദിവസം നടന്ന ഉദ്ഘാടന വേദിയിൽ ജനപ്രതിനിധികൾക്ക് ഒപ്പം പങ്കെടുത്തത്. സൗത്ത് പറവൂർ മേഖലയിലെ പത്താം വാർഡിൽ തന്നെ നിലവിൽ ഏഴു പേരാണ് കൊവിഡ് 19 ന് ചികിത്സയിൽ കഴിയുന്നത്.

പഞ്ചായത്ത് അംഗത്തിന്റെ വീടിന്റെ സമീപത്തെ വീടുകളിൽ ഉള്ളവരാണ് രോഗം സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നത്. ഇതേതുടർന്ന് ഒരാഴ്ചയിൽ അധികമായി പ്രദേശം കണ്ടയ്മെന്റ് സോണായി തുടരുകയാണ്. ഇവിടെ നിന്നാണ് പഞ്ചായത്ത് അംഗം ഉദ്ഘാടന ചടങ്ങിൽ എത്തിയത്.

അങ്കമാലി നഗരസഭ 15-ാം വാർഡിൽ പ്രതിരോധശേഷി വർധിപ്പിക്കാനുള്ള ഹോമിയോ മരുന്നിന്റെയും ത്രീ ലെയർ മാസ്കിന്റെയും വിതരണോദ്ഘാടനം ചെയർപേഴ്സൺ എം.എ.ഗ്രേസി നിർവഹിക്കുന്നു.

ഹോമിയോ പ്രതിരോധ മരുന്നും മാസ്ക് വിതരണവും നടത്തി

അങ്കമാലി: നഗരസഭ നായത്തോട് 15-ാം വാർഡിലെ എല്ലാവർക്കും ഹോമിയോ പ്രതിരോധ മരുന്നും മൂന്നാം ഘട്ടമായി ആറ് വീതം ത്രീ ലെയർ മാസ്കും വിതരണം ആരംഭിച്ചു. നഗരസഭ ചെയർപേഴ്സൺ എം.എ.ഗ്രേസി ഉദ്ഘാടനം നിർവഹിച്ചു. നായത്തോട് അങ്കണവാടി പരിസരത്ത് നടന്ന ചടങ്ങിൽ കൗൺസിലർ ടി.വൈ.ഏല്യാസ് അധ്യക്ഷത വഹിച്ചു. വാർഡ് വികസന സമിതി വൈസ് ചെയർമാൻ ജിജോ ഗർവാസീസ്, ആശാ വർക്കർ മേരി ജോണി, എഡിഎസ് പ്രസിഡന്റ് രജനി ശിവദാസ് എന്നിവർ പ്രസംഗിച്ചു. ഹോമിയോ മെഡിക്കൽ ഓഫിസർ ഡോ.അലക്സ് വർഗീസ് ബോധവത്കരണ സന്ദേശം നൽകി. വാർഡിലെ പൊലീസ് സ്റ്റേഷൻ, ചുമട്ട് തൊഴിലാളികൾ, ഓട്ടോറിക്ഷ ഡ്രൈവർമാർ, വിവിധ സ്ഥാപനങ്ങളിലെ ജീവനക്കാർ തുടങ്ങിയവർക്കും മാസ്കും ഹോമിയോ മരുന്നും വിതരണം ചെയ്യുന്നതാണ്.

ശുദ്ധജലമില്ല

വൈപ്പിൻ: മുളവുകാട് പഞ്ചായത്തിലെ ജൂതനടപ്പ് ഭാഗത്ത് ഒരാഴ്ചയിലധികമായി ശുദ്ധജലം എത്തുന്നില്ലെന്ന് പരാതി. 100 ഓളം വീട്ടുകാർ ഇതിനാൽ കടുത്ത ദുരിതത്തിലായി. ഹഡ്കോ പദ്ധതിയുടെ ഭാഗമായ വടുതല പമ്പ് ഹൗസിൽ നിന്നാണ് ജലവിതരണം. കഴിഞ്ഞ ഒരാഴ്ചയോളമായി പമ്പിംഗ് കൃത്യമല്ലെന്നാണ് അന്വേഷിച്ചപ്പോൾ അറിയാൻ കഴിഞ്ഞതെന്ന് നാട്ടുകാർ പറയുന്നു.പരാതിപ്പെട്ടിട്ടും ഫലമില്ലെന്നാണ് ഇവരുടെ ആക്ഷേപം.

200 പേർക്ക് കൂടി കൊവിഡ്

കൊച്ചി: ജില്ലയിൽ ഇന്നലെ 200 പേർക്കു കൊവിഡ് സ്ഥിരീകരിച്ചതിൽ 186 രോഗികൾക്ക് പടർന്നതു സമ്പർക്കത്തിലൂടെ. വിവിധ ആശുപത്രികളിൽ കൊവിഡ് രോഗം സ്ഥിരീകരിച്ച് ചികിത്സയിൽ കഴിയുന്നവരുടെ എണ്ണം 1865 ആണ്. 171 പേർ രോഗ മുക്തി നേടി. എറണാകുളം ജില്ലക്കാരായ 145 പേരും മറ്റ് സംസ്ഥാനങ്ങളിൽ നിന്നുള്ള 22 പേരും മറ്റ് ജില്ലകളിൽ നിന്നുള്ള 4 പേരും ഇതിൽ ഉൾപ്പെടുന്നു.1112 പേരെ കൂടി ജില്ലയിൽ പുതുതായി വീടുകളിൽ നിരീക്ഷണത്തിലാക്കി. നിരീക്ഷണ കാലയളവ് അവസാനിച്ച 692 പേരെ നിരീക്ഷണ പട്ടികയിൽ നിന്നും ഒഴിവാക്കി. നിരീക്ഷണത്തിൽ ഉള്ളവരുടെ ആകെ എണ്ണം 16136 ആണ്. ഇതിൽ 13787 പേർ വീടുകളിലും, 197 പേർ കൊവിഡ് കെയർ സെന്ററുകളിലും 2152 പേർ പണം കൊടുത്തുപയോഗിക്കാവുന്ന സ്ഥാപനങ്ങളിലുമാണ്. 117 പേരെ പുതുതായി ആശുപത്രിയിൽ/ എഫ് എൽ റ്റി സി പ്രവേശിപ്പിച്ചു.വിവിധ ആശുപ്രതികളിൽ/ എഫ് എൽ റ്റി സികളിൽ നിന്ന് 161 പേരെ ഡിസ്ചാർജ് ചെയ്തു.

വിദേശം / ഇതര സംസ്ഥാനത്ത് നിന്ന് എത്തിയവർ - 14

1.മാലി സ്വദേശിനി(35)2. ബീഹാർ സ്വദേശി (21)3. ബീഹാർ സ്വദേശി(32)4. ദുബായിൽ നിന്നെത്തിയ നെല്ലിക്കുഴി സ്വദേശി(36)5. ലക്ഷദ്വീപ് സ്വദേശി(30)6. ഉത്തർപ്രദേശ് സ്വദേശി(32)7. സൗദിയിൽ നിന്നെത്തിയ കീരംപാറ സ്വദേശിനി(29)8. ദുബായിൽ നിന്നെത്തിയ സൗത്ത് വാഴക്കുളം സ്വദേശി(4)9. ബാംഗ്ലൂരിൽ നിന്നെത്തിയ വാരപ്പെട്ടി സ്വദേശിനി(34)10. ദുബായിൽ നിന്നെത്തിയ സൗത്ത് വാഴക്കുളം സ്വദേശിനി(32)11. തമിഴ്നാട് സ്വദേശി(41)12. തമിഴ്നാട് സ്വദേശി(49)13. തമിഴ്നാട് സ്വദേശി(40)14. ദുബായിൽ നിന്നെത്തിയ കുന്നത്തുനാട് സ്വദേശി(43)

സമ്പർക്കം വഴി രോഗം സ്ഥിരീകരിച്ചവർ

15.അങ്കമാലി സ്വദേശി(13)16.ആയവന സ്വദേശിനി(32)17. ആലങ്ങാട് സ്വദേശിനി (65)18.ആലുവ സ്വദേശി(24)19.ആലുവ സ്വദേശിനി(15) 20.ആലുവ സ്വദേശിനി(36) 21.ആലുവ സ്വദേശിനി(39) 22.ആലുവ സ്വദേശിനി(47) 23.ഇടപ്പള്ളി സ്വദേശിനി(24) 24. ഉദയംപേരൂർ സ്വദേശിനി(32) 25.എറണാകുളം സ്വദേശി (46) 26. എറണാകുളം സ്വദേശി(20) 27.എറണാകുളം സ്വദേശി(39) 28. എറണാകുളം സ്വദേശി(52)29.എറണാകുളം സ്വദേശിനി(2)30.എളംകുന്നപ്പുഴ സ്വദേശി(75) 31. ഏരൂർ സ്വദേശി(29)32.ഏരൂർ സ്വദേശിനി(55)33.ഏലൂർ സ്വദേശി(18)34. ഏലൂർ സ്വദേശി(29)35. ഏലൂർ സ്വദേശി(40)36.ഏലൂർ സ്വദേശിനി(43) 37.കടമക്കുടി സ്വദേശിനി(1) 38. കടമക്കുടി സ്വദേശിനി(27) 39. കടമക്കുടി സ്വദേശിനി(27) 40. കടമക്കുടി സ്വദേശിനി(37) 41.കടമക്കുടി സ്വദേശിനി (61) 42.കടുങ്ങല്ലൂർ സ്വദേശി (77) 43. കരുമാലൂർ സ്വദേശി(55) 44. കരുമാലൂർ സ്വദേശിനി (10) 45. കരുമാലൂർ സ്വദേശിനി(33) 46.കരുമാലൂർ സ്വദേശിനി(45) 47.കരുമാലൂർ സ്വദേശിനി(52) 48. കരുമാലൂർ സ്വദേശിനി(63) 49. കളമശ്ശേരി സ്വദേശി(36)50.കളമശ്ശേരി സ്വദേശി(8)51. കളമശ്ശേരിയിൽ ജോലി ചെയ്യുന്ന കണ്ണൂർ സ്വദേശി(23)52. കളമശ്ശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി (37)53. കളമശ്ശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി(17)54. കളമശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി(18)55.കളമശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി(24)56.കളമശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി(25)57.കളമശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി(27)58. കളമശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി(32)59. കളമശ്ശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി(33)60. കളമശ്ശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി(34)61. കളമശ്ശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി(37)62.കളമശേരിയിൽ ജോലി ചെയ്യുന്ന ബീഹാർ സ്വദേശി(46)63. കളമശ്ശേരിയിൽ ജോലി ചെയ്യുന്ന മലപ്പുറം സ്വദേശി(24)64.കളമശേരിയിൽ ജോലി ചെയ്യുന്ന മാഹി സ്വദേശി(23)65.കളമശേരിയിൽ ജോലി ചെയ്യുന്ന തൃശൂർ സ്വദേശി(24)66. കളമശേരിയിൽ ജോലി ചെയ്യുന്ന തൃശൂർ സ്വദേശി(50)67.കളമശേരിയിൽ ജോലി ചെയ്യുന്ന പാലക്കാട് സ്വദേശി(30)68. കളമശേരിയിൽ സ്വകാര്യ സ്ഥാപനത്തിൽ ജോലി ചെയ്യുന്ന ഒഡിഷ സ്വദേശി(23)69.കവളങ്ങാട് സ്വദേശിനി(50)70.കിഴക്കമ്പലം സ്വദേശി(72)71. കിഴക്കമ്പലം സ്വദേശിനി (65)72. കിഴക്കമ്പലം സ്വദേശിനി(3)73.കിഴക്കമ്പലം സ്വദേശിനി(33)74. കുട്ടമ്പുഴ സ്വദേശി(35)75.കുന്നുകര സ്വദേശി(22)76.കുമ്പളങ്ങി സ്വദേശിനി(73) 77. കോതമംഗലം സ്വദേശി(54) 78. കോതമംഗലം സ്വദേശി(61) 79. കോതമംഗലം സ്വദേശിനി(15)80. കോതമംഗലം സ്വദേശിനി(52)81.ചിറ്റാറ്റുകര സ്വദേശി(40)82.ചിറ്റാറ്റുകര സ്വദേശിനി(30)83. ചിറ്റാറ്റുകര സ്വദേശിനി(62) 84. ചൂർണിക്കര സ്വദേശിനി(30) 85.ചെങ്ങമനാട് സ്വദേശി(11)86. ചെങ്ങമനാട് സ്വദേശി(68)87. ചെങ്ങമനാട് സ്വദേശിനി(38)88. ചെങ്ങമനാട് സ്വദേശിനി(5) 89. ചേരാനല്ലൂർ സ്വദേശി (26) 90. ചേരാനല്ലൂർ സ്വദേശി (75)91.ചേരാനല്ലൂർ സ്വദേശിനി (13)92. ചേരാനല്ലൂർ സ്വദേശിനി (13)93. ചേരാനല്ലൂർ സ്വദേശിനി (40)94. ചേരാനല്ലൂർ സ്വദേശിനി (55)95. ചേരാനല്ലൂർ സ്വദേശിനി (79)96.ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി (14)97. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(13)98. ഡോൺ ബോസ്കോ ബോയ്സ് ഹോംപള്ളുരുത്തി(13)99. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(14)100. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(14)101. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(14)102. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(14)103. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(14)104.ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(14)105. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(14)106. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(14)107. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(14)108. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(14)109. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(15)110. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(15) 111. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(15)112. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(15) 113. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(15)114. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(16)115. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(17)116. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(17)117. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(17) 118. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(18)119. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(18)120. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(18)121. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(19)122. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(24)123.ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(27)124. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(33)125. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(39) 126. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(60) 127. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(60)128. ഡോൺ ബോസ്കോ ബോയ്സ് ഹോം പള്ളുരുത്തി(77) 129. തിരുമാറാടി സ്വദേശി(60) 130. തിരുവാങ്കുളം സ്വദേശി (45) 131. തിരുവാങ്കുളം സ്വദേശി (52) 132. തൃക്കാക്കരയിൽ താമസിക്കുന്ന കൊല്ലം സ്വദേശി (28) 133. തൃപ്പൂണിത്തുറ സ്വദേശിനി(33) 134. തൃപ്പൂണിത്തുറ സ്വദേശിനി(33) 135. തൃപ്പൂണിത്തുറ സ്വദേശിനി(69) 136. തോപ്പുംപടി സ്വദേശി(50) 137. തോപ്പുംപടി സ്വദേശിനി (46) 138. തോപ്പുംപടി സ്വദേശിനി(43) 139. നിലവിൽ കളമശ്ശേരിയിൽ താമസിക്കുന്ന ബീഹാർ സ്വദേശി (42)140.നെല്ലിക്കുഴിസ്വദേശി(15) 141. നെല്ലിക്കുഴി സ്വദേശി(37) 142. നെല്ലിക്കുഴി സ്വദേശി(52) 143. നെല്ലിക്കുഴി സ്വദേശി(53) 144. നെല്ലിക്കുഴി സ്വദേശി(65) 145.നെല്ലിക്കുഴി സ്വദേശി(9) 146. നെല്ലിക്കുഴി സ്വദേശിനി(28)147. നെല്ലിക്കുഴി സ്വദേശിനി(3)148. നെല്ലിക്കുഴി സ്വദേശിനി(31)149. നെല്ലിക്കുഴി സ്വദേശിനി(52)150. നെല്ലിക്കുഴി സ്വദേശിനി(60)151. നെല്ലിക്കുഴി സ്വദേശിനി(71)152. പള്ളുരുത്തി സ്വദേശി(31)153. പള്ളുരുത്തി സ്വദേശിനി(77)154. പായിപ്ര സ്വദേശി(42)155. പിറവം സ്വദേശി(49)156. പുത്തൻവേലിക്കര സ്വദേശിനി(13)157. പുത്തൻവേലിക്കര സ്വദേശിനി(39)158. പെരുമ്പാവൂർ സ്വദേശിനി(47)159. പോലീസ് ഉദ്യോഗസ്ഥനായ അശമന്നൂർ സ്വദേശി(33)160. പോലീസ് ഉദ്യോഗസ്ഥനായ പിണ്ടിമന സ്വദേശി(53)161. ഫോർട്ട് കൊച്ചി സ്വദേശി(46)162. ഫോർട്ട് കൊച്ചി സ്വദേശിനി (17)163. മഞ്ഞപ്ര സ്വദേശി(43) 164. മട്ടാഞ്ചേരി സ്വദേശി(17) 165. മട്ടാഞ്ചേരി സ്വദേശിനി(26)166. മട്ടാഞ്ചേരി സ്വദേശിനി(42)167. മട്ടാഞ്ചേരി സ്വദേശിനി(50)168. മട്ടാഞ്ചേരി സ്വദേശിനി(84)169. മഴുവന്നൂരിലെ വൈദികനായ ഇടുക്കി സ്വദേശി (45)170. മഴുവന്നൂർ സ്വദേശിയായ പോലീസ് ഉദ്യോഗസ്ഥൻ (47)171. രായമംഗലം സ്വദേശിനി (60)172. വടക്കേക്കര സ്വദേശിനി (48) 173. വടവുകോട് സ്വദേശിനി (18) 174. വടവുകോട് സ്വദേശിനി(20) 175. വടുതല സ്വദേശി(57) 176.വാരപ്പെട്ടി സ്വദേശി(25)177. വാഴക്കാലയിൽ ജോലി ചെയ്യുന്ന മലപ്പുറം സ്വദേശി(28) 178. വെങ്ങോല സ്വദേശി (48)179. വെങ്ങോല സ്വദേശി(10) 180. വെങ്ങോല സ്വദേശി(34) 181. വെങ്ങോല സ്വദേശിനി (5) 182. വെങ്ങോല സ്വദേശിനി(12) 183. വെങ്ങോല സ്വദേശിനി(25)184. വെങ്ങോല സ്വദേശിനി(3)185. സൗത്ത് കളമശ്ശേരി സ്വദേശി (46)186. സൗത്ത് വാഴക്കുളം സ്വദേശി(2)187. സൗത്ത് വാഴക്കുളം സ്വദേശി(24)188. സൗത്ത് വാഴക്കുളം സ്വദേശി(42)189. സൗത്ത് വാഴക്കുളം സ്വദേശി(56)190. സൗത്ത് വാഴക്കുളം സ്വദേശിനി(26)191. സൗത്ത് വാഴക്കുളം സ്വദേശിനി(55)192. സൗത്ത് വാഴക്കുളം സ്വദേശിനി(55) 193. എറണാകുളത്തെ സ്വകാര്യ ആശുപത്രിയിലെ ആരോഗ്യ പ്രവർത്തകയായ മഴുവന്നൂർ സ്വദേശിനി (30)194. കോട്ടയം മെഡിക്കൽ കോളേജിലെ ആരോഗ്യ പ്രവർത്തകയായ ഉദയംപേരൂർ സ്വദേശിനി(41)195. കളമശ്ശേരി മെഡിക്കൽ കോളേജിലെ ആരോഗ്യ പ്രവർത്തകയായ വരാപ്പുഴ സ്വദേശിനി(56)196.എറണാകുളം ജനറൽ ആശുപത്രിയിലെ ആരോഗ്യ പ്രവത്തകയായ മരട് സ്വദേശിനി(38)197. എറണാകുളം ജനറൽ ആശുപത്രിയിലെ ആരോഗ്യ പ്രവത്തകയായ പാലാരിവട്ടം സ്വദേശിനി(40)198. ആലുവയിലെ സ്വകാര്യാശുപത്രിയിലെ ആരോഗ്യ പ്രവത്തകയായ ചൂർണിക്കര സ്വദേശിനി(38)199.കരുവേലിപ്പടി താലൂക്ക് ആശുപത്രിയിലെ ആരോഗ്യ പ്രവർത്തകയായ ഇടുക്കി സ്വദേശിനി(45)200. ആരോഗ്യ പ്രവർത്തകനായ കളമശേരി സ്വദേശി(31)

റെഡ് ക്രോസ് സൊസൈറ്റിയുടെ പ്രളയ നഷ്ട പരിഹാരമെന്ന നിലയിൽ നൽകുന്ന തയ്യൽ മെഷിനുകളുടെ വിതരണം താലൂക്ക് ചെയർമാൻ വിദ്യാധരമേനോനും വൈസ് ചെയർമാൻ ജോസ് പോൾ വിതയത്തിലു ചേർന്നു ഉദ്ഘാടനം ചെയ്യുന്നു.

2018ലെ പ്രളയബാധിതർക്കായി സഹായങ്ങൾ നൽകി

പറവൂർ: ഇന്ത്യൻ റെഡ് ക്രോസ് സൊസൈറ്റി കേരള സംസ്ഥാന കമ്മറ്റി പറവൂർ താലൂക്കിലേ 50 പേർക്കായി തയൽ മെഷിൻ, വാട്ടർ പൂരിഫയർ, ടേമ്പിൾ ഫാൻ, കൊതുക് വല തുടങ്ങിയ നാലു സാധനങ്ങൾ 50 വീടുകളിലേക്കായി കൊടുത്തു. സാധനങ്ങളുടെ വിതരണം താലൂക്ക് ചെയർമാൻ വിദ്യാധരമേനോൻ ഉദ്ഘാടനം ചെയ്തു. വൈസ് ചെയർമാൻ ജോസ് പോൾ വിതയത്തിൽ അധ്യക്ഷത വഹിച്ചു. വി.എൻ.സന്തോഷ് കുമാർ, സുബഹൻ, എം..ജോസ്, രാജീവ് ജോസ്, ആന്റണി കടമക്കുടി, ബിജു കടമക്കുടി, ജോമോൻ കടമക്കുടി എന്നിവർ സംസാരിച്ചു.

കിഴകൊമ്പിൽ പുരോഗമന സാഹിത്യ ഗ്രന്ഥശാല സംഘത്തിന്റെ നേതൃത്വത്തിൽ ആശ പ്രവർത്തകർക്ക് നൽകിയ സ്വീകരണ സമ്മേളനം നഗരസഭ ചെയർമാൻ ഉദ്ഘാടനം ചെയ്യുന്നു.

ഗ്രന്ഥശാലാ സംഘം ആശാ പ്രവർത്തകരെ ആദരിച്ചു

കൂത്താട്ടുകുളം: കൊവിഡ്-19 രൂക്ഷമാകുന്ന സാഹചര്യത്തിൽ പ്രതിരോധ പ്രവർത്തന രംഗത്തെ സഹജീവി കരുതലിന് ആദരവർപ്പിച്ച് ആശ പ്രവർത്തകർക്ക് കിഴകൊമ്പിൽ പുരോഗമന സാഹിത്യ ഗ്രന്ഥശാല സംഘം സ്വീകരണം നൽകി. കൂത്താട്ടുകുളം നഗരസഭാ പരിധിയിലെ 25 ആശാ പ്രവർത്തകരെയാണ് ഉപഹാരം നൽകി ആദരിച്ചത്. ഗ്രന്ഥശാലാ പ്രസിഡന്റ് സി.എൻ.പ്രഭകുമാറിന്റെ അധ്യക്ഷതയിൽ ചേർന്ന യോഗം മുനിസിപ്പൽ ചെയർമാൻ റോയി എബ്രാഹം ഉദ്ഘാടനം ചെയ്തു. താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് ജോഷി സ്കറിയ മുഖ്യപ്രഭാഷണം നടത്തി. വൈസ് ചെയർപേഴ്സൺ വിജയാ ശിവൻ കൗൺസിലർമാരായ ഷീബ രാജു, ഓമന ബേബി, ഗ്രന്ഥശാലാ സെക്രട്ടറി എം.കെ രാജു, സി.എൻ.സുരേന്ദ്രൻ, പി.ജെ.തോമസ് എന്നിവർ പ്രസംഗിച്ചു.

ചെറിയ പല്ലംതുരുത്ത് പബ്ലിക്ക് ലൈബ്രറിക്കായി നിർമ്മിച്ച പുതിയ കെട്ടിടത്തിന്റെ ഉദ്ഘാടനം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് യേശുദാസ് പറപ്പിള്ളി നിർവഹിക്കുന്നു.

പുതിയ ലൈബ്രറി കെട്ടിടം ഉദ്ഘാടനം ചെയ്തു

പറവൂർ: ചെറിയപല്ലംതുരുത്ത് പബ്ലിക്ക് ലൈബ്രറിയുടെ പുതിയ മന്ദിരം ബ്ലോക്ക് പഞ്ചായത്ത് പ്രസിഡന്റ് അഡ്വ.യേശുദാസ് പറപ്പിള്ളി ഉദ്ഘാടനം ചെയ്തു. ലൈബ്രറി പ്രസിഡന്റ് ടി.എസ്.രാജൻ അധ്യക്ഷനായി. താലൂക്ക് ലൈബ്രറി കൗൺസിൽ പ്രസിഡന്റ് എഴുപുന്ന ഗോപിനാഥ്, പഞ്ചായത്തംഗം പി.പി.അരൂഷ് എന്നിവർ പങ്കെടുത്തു. മുൻ എംപി സി.പി.നാരായണൻ അനുവദിച്ച 16,25,000 രൂപ ഉപയോഗിച്ചാണ് കെട്ടിടം നിർമ്മിച്ചത്.

കെഎസ്ആർടിസി ജീവനക്കാർ കൈത്തറി മുണ്ട് ചലഞ്ച് നടത്തി

കൂത്താട്ടുകുളം: കെഎസ്ആർടിസി ജീവനക്കാർ കൂത്താട്ടുകുളത്ത് കൈത്തറി ഡബിൾ മുണ്ട് ചലഞ്ച് നടത്തി. കെഎസ്ആർടിസി ജീവനക്കാരുടെ ചികിത്സാ - ഭവന നിർമ്മാണത്തിനായുള്ള സ്പർശം പദ്ധതിയിലേക്കുള്ള ധനസമാഹരണത്തിനാണ് കെഎസ്ആർടിഇഎ യൂണിറ്റ് കമ്മറ്റിയുടെ നേതൃത്വത്തിൽ മുണ്ട് ചലഞ്ച് നടത്തിയത്. ഇതിലൂടെ സമാഹരിച്ച തുക കെഎസ്ആർടിഇഎ എറണാകുളം ജില്ലാ സെക്രട്ടറി ടി.എസ്.സജിത്ത് കുമാറിന് യൂണീറ്റ് സെക്രട്ടറി പ്രശാന്ത് വേലിക്കകം കൈമാറി. യൂണിറ്റ് പ്രസിഡന്റ് സി.ജയകുമാർ, ട്രഷറർ റ്റിബു തോമസ് എന്നിവർ പങ്കെടുത്തു.

ചമ്പക്കര മാർക്കറ്റ് ഇന്നു തുറക്കും; കർശന നിയന്ത്രണങ്ങൾ

കൊച്ചി: കോർപ്പറേഷന് കീഴിലുള്ള ചമ്പക്കര മാർക്കറ്റ് ഇന്നു മുതൽ തുറന്നു പ്രവർത്തിക്കാൻ ജില്ല കലക്റ്റർ എസ്. സുഹാസ് അനുമതി നൽകി. കൊവിഡ് വ്യാപനത്തിന്റെ പശ്ചാത്തലത്തിൽ മുൻകരുതലെന്ന നിലക്ക് ജൂൺ നാലിനാണ് മാർക്കറ്റ് അടച്ചത്. കൊവിഡ് മാനദണ്ഡങ്ങൾ പാലിച്ചു കൊണ്ടായിരിക്കും ഇനിയുള്ള ദിവസങ്ങളിൽ മാർക്കറ്റിന്റെ പ്രവർത്തനം.

മാർഗനിർദേശങ്ങൾ

- മാർക്കറ്റിൽ എത്തുന്ന വാഹനങ്ങളുടെയും ആളുകളുടെയും എണ്ണം ക്രമീകരിക്കാനായി മാർക്കറ്റിൽ ടോക്കൺ സംവിധാനം നടപ്പാക്കും.
- മാർക്കറ്റിലേക്ക് ഒരു എൻട്രിയും ഒരു എക്സിറ്റും മാത്രമേ ഉണ്ടായിരിക്കു.*മാർക്കറ്റിലെ സ്ഥല പരിമിതി മൂലം ചില്ലറ മത്സ്യ വിൽപന അനുവദിക്കുന്നതല്ല. സാമൂഹിക അകലം പാലിച്ചു മാത്രമേ മറ്റുള്ള കച്ചവടങ്ങൾ അനുവദിക്കു.
- മാസ്ക് ധരിച്ചെത്തുന്നവർക്ക് മാത്രമേ മാർക്കറ്റിൽ പ്രവേശനം അനുവദിക്കു. എത്തുന്നവർക്ക് സാനിറ്റൈസർ നൽകും.
- മാർക്കറ്റിൽ പ്രവേശിക്കുന്നവർ സാമൂഹിക അകലം നിർബന്ധമായും പാലിക്കണം. ആളുകൾ തമ്മിൽ ആറടി അകലം പാലിക്കണം.
- അകലം വോളന്റിയർമാർ കട്ടൗട്ടുകളുടെയും ബാനറുകളുടെയും സഹായത്തോടെ രേഖപ്പെടുത്തണം.
- പൊതു ജനങ്ങൾക്ക് നിർദേശങ്ങൾ നൽകാനായി മാർക്കറ്റിൽ അനൗൺസ്മെന്റ് സംവിധാനം നടപ്പാക്കും.
- മാർക്കറ്റിന്റെ പ്രവർത്തന സമയം പ്രവേശന കവാടത്തിൽ രേഖപ്പെടുത്തണം. രാവിലെ ഏഴിനു ശേഷം ഒരു കാരണവശാലും പ്രവർത്തിക്കാൻ പാടില്ല
- സാമൂഹിക അകലം പാലിച്ചു കൊണ്ടു നിൽക്കാവുന്ന സ്ഥലങ്ങൾ രേഖപ്പെടുത്തണം.
- മത്സ്യ പെട്ടികൾ വെക്കാൻ അനുവാദമുള്ള സ്ഥലങ്ങൾ പ്രത്യേകമായി രേഖപ്പെടുത്തണം.
- എല്ലാ ദിവസവും മാർക്കറ്റ് അടച്ച ശേഷം അണുനശീകരണം നടത്തണം

ഫോർട്ട്കൊച്ചി ക്ലസ്റ്ററിലെ പതിനെട്ട് ഡിവിഷനുകളിൽ ചികിത്സയിൽ 121 പേർ

മട്ടാഞ്ചേരി: ഫോർട്ട്കൊച്ചി ക്ലസ്റ്ററിലെ ഒന്ന് മുതൽ പതിനെട്ട് വരെയുള്ള ഡിവിഷനുകളിൽ നിലവിൽ കൊവിഡ് പോസിറ്റീവായി ചികിത്സയിൽ കഴിയുന്നത് 121 പേർ മാത്രം. ഈ ശനിയാഴ്ച വരെയുള്ള കൗൺസിലർമാരുടെ കണക്കാണിത്. കഴിഞ്ഞ എട്ട് ദിവസത്തിനിടെ രോഗം ബാധിച്ചത് 124 പേർക്കാണ്. നിലവിൽ ചികിത്സയിൽ കഴിയുന്നവരിൽ ഭൂരിഭാഗവും അടുത്ത ദിവസങ്ങളിൽ രോഗ മുക്തി നേടിയേക്കുമെന്നും ജനപ്രതിനിധികൾ പറയുന്നു. കൊച്ചിയിൽ ആദ്യ കേസ് റിപ്പോർട്ട് ചെയ്ത മാർച്ച് മുതൽ ഈ കഴിഞ്ഞ ശനിയാഴ്ച വരെ ഇവിടങ്ങളിൽ ആകെ റിപ്പോർട്ട് ചെയ്ത കേസ് 491 എണ്ണമാണ്. ഇതിൽ 366 പേർ രോഗമുക്തി നേടി മടങ്ങിയെത്തി. നാലു പേർ മരിച്ചപ്പോൾ ചികിത്സയിൽ കഴിയുന്നത് 121 പേർ മാത്രം. നിലവിൽ സമ്പർക്ക ബാധിതരുണ്ടെന്ന കാരണം ചൂണ്ടിക്കാട്ടിയാണ് ഡിവിഷനുകൾ പലതും അടച്ചിട്ടിരിക്കുന്നതെന്നാണ് ജനപ്രതിനിധികളുടെ ആക്ഷേപം. ഒന്നാം ഡിവിഷനിൽ പന്ത്രണ്ട് കേസുകൾ റിപ്പോർട്ട് ചെയ്തതിൽ പതിനൊന്നും രോഗമുക്തി നേടി. ഏറ്റവും കൂടുതൽ രോഗികളുള്ള രണ്ടാം ഡിവിഷനിൽ 151 പേരിൽ 124 പേർ രോഗമുക്തി നേടിയപ്പോൾ ഒരാൾ മരണത്തിന് കീഴടങ്ങി. ഇവിടെ ഇനി 26 പേരാണ് ശനിയാഴ്ച വരെയുള്ള കണക്കിൽ ചികിത്സയിലുള്ളത്. മൂന്നാം ഡിവിഷനിൽ 53 പേരിൽ നാൽപ്പത് പേർ രോഗമുക്തി നേടിയപ്പോൾ ഒരാൾ മരിക്കുകയും പന്ത്രണ്ട് പേർ ചികിത്സയിൽ കഴിയുകയുമാണ്. നാലാം ഡിവിഷനിൽ 53 പേരിൽ പത്തൊമ്പത് പേർ രോഗമുക്തി നേടിയപ്പോൾ 34 പേർ ചികിത്സയിലാണ്. അഞ്ചാം ഡിവിഷനിൽ 55 പേരിൽ 43 പേർ രോഗമുക്തരായി. ഇവിടെ പന്ത്രണ്ട് പേർ ചികിത്സയിലാണ്. ആറാം ഡിവിഷനിൽ 22 പേരിൽ 17 പേർ രോഗമുക്തി നേടിയപ്പോൾ അഞ്ച് പേർ ചികിത്സയിലാണ്. ഏഴിൽ ഒമ്പതിൽ മുഴുവൻ പേരും രോഗമുക്തി നേടി. എട്ടിൽ എട്ടിൽ ഏഴും രോഗമുക്തി നേടി. ഒരാൾ മരിക്കുകയും ചെയ്തു. ഒമ്പതിൽ 9 രോഗികളാണുള്ളത്. ഇതിൽ നാല് പേർ രോഗമുക്തി നേടി. പത്താം ഡിവിഷനിൽ പതിനഞ്ച് പേരിൽ പതിനാലും രോഗമുക്തരായി. ഒരാളാണ് ചികിത്സയിലുള്ളത്. പതിനൊന്നാം ഡിവിഷനിൽ പതിനാല് രോഗികളിൽ അഞ്ച് പേർ രോഗമുക്തി നേടിയപ്പോൾ ഒരാൾ മരിക്കുകയും എട്ട് പേർ ചികിത്സയിലുമാണ്. ഇരുപത്തിരണ്ടാം ഡിവിഷനിൽ രണ്ട് പേരിൽ ഒരാൾ മാത്രമാണ് ചികിത്സയിലുള്ളത്. ഇരുപത്തി മൂന്നാം ഡിവിഷനിൽ 34 രോഗികളിൽ 28 പേർ രോഗമുക്തി നേടിയപ്പോൾ ആറ് പേർ ചികിത്സയിലാണ്. ഇരുപത്തിനാലാം ഡിവിഷനിൽ പന്ത്രണ്ട് രോഗികളിൽ ഒമ്പത് പേരും രോഗമുക്തി നേടി. ഇരുപത്തിയഞ്ചിൽ മൂന്ന് പേരിൽ ഒരാൾ മാത്രമാണ് ചികിത്സയിൽ. കൗൺസിലർമാർ നൽകിയ കണക്ക് പ്രകാരം പല ഡിവിഷനുകളിലും ചികിത്സയിലുള്ളവരുടെ എണ്ണം കുറവാണ്. എന്നിട്ടും ചികിത്സയിലുള്ളവരുടെ എണ്ണം കുറവുള്ള പല ഡിവിഷനുകളും മൈക്രോ കണ്ടയ്മെന്റ് സോണാക്കാൻ അധികൃതർ തയാറാകുന്നില്ലെന്നാണ് കൗൺസിലർമാരുടെ ആക്ഷേപം.

AKSHAYA
CATERING & RESTAURANT
PUTHUSSERY NAGAR
PALLIPARAMBUKAVU ROAD, TRIPUNITHURA
PH:9846048184,9074520320
TAKE AWAY AND HOME DELIVERY ONLY
SPECIAL RECIPES
Aloo Matar Masala, Mexican Fried Rice, Vegan Pad Thani Noodles, Kung Pao Paneer, Schezwan Pao Tofu Fried Rice, Mushroom Babycorn Manchurian Samurai Noodles, Chilli Gopi, Chapati, Parotta,Chilli Parotta,
20 Varities of Dosa, Masala Dosa, Thattu dosa, Podi Dosa, Butter Masala, Paneer, Ghee Roast etc..

EXCHANGE OFFER
your old mattress with
BAJAJ FINSERV Kurl-on
GEO AGENCIES
Chittoor Road, Ernakulam
Ph: 98470 02727

CERTIFICATE COURSE IN
SCRIPT WRITING
&
DIRECTION
COURSE
1 MONTH COURSE
(ONLINE CLASS + PRACTICAL)
Course Director
Mecartin
(Film Director)
THEORY
20 days Online Class
PRACTICAL
Script Writing Workshop
Post Production Workshop
Practical Shooting Class
UGC APPROVED CERTFICATE COURSE
GLOBAL ACADEMY®
EDUCATION - DISTANCE | ONLINE | CONSULTANCY
JUx
The Learning HUB
Jux - The Learning Hub is a platform which provides Skill Certificate Course by JAIN (Deemed to be University)
KALOOR, KOCHI 98461 89000

Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor), Vol 13, Issue No.231 RNI No. KERMAL/ 2009/ 29279 Printed at S.T. Reddiar & Sons, Veekshanam Road, Kochi- 682035 and published from Vaartha News Network Pvt. Ltd, Building No. 40/8177/C1, 2nd Floor, Safiya Complex, Convent Road, Near Metro Piller No. 684, Shenoy's Junction., Ernakulam - 682035. Ph: 0484 2383388 Email: info@metrovaartha.com

പ്രഥമാധ്യാപികയെ എസ്പിസി ആദരിച്ചു

കരുനാഗപ്പള്ളി : ദേശീയ അധ്യാപക അവാർഡ് ലഭിച്ച പ്രഥമധ്യാപികയെ ആദരിച്ചു. ചവറ ശങ്കരമംഗലം ഹയർസെക്കന്ററി സ്ക്കൂളിലെ സ്റ്റുഡന്റ്സ് പൊലീസ് കേഡറ്റ്സിന്റെ നേതൃത്വത്തിൽ എസിപി ഒകുരീപ്പുഴ ഫ്രാൻസിസ് ചവറ തെക്കുംഭാഗം സർക്കാർ എൽവി എൽപിഎസിലെ പ്രഥമ ധ്യാപിക തങ്കലതയെയാണ് പൊന്നാടയും ഉപഹാരവും നൽകി ആദരിച്ചത് .

ഈ വർഷത്തെ ദേശീയ അവാർഡ് ലഭിച്ച തെക്കുംഭാഗം ജിഎൽവിഎൽ പിഎസിലെ ഹെഡ്മിസ്ട്രസ് തങ്കലതയ്ക്കു എസിപി ഒകുരീപ്പുഴ ഫ്രാൻസിസ് പൊന്നാടയും ഉപഹാരവും നൽകി ആദരിക്കുന്നു.

സ്വർണക്കടത്തിന്റെ കേന്ദ്രം മുഖ്യമന്ത്രിയുടെ ഓഫീസ്: ചിറ്റുമൂലനാസർ

കല്ലേലിഭാഗം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ നടത്തിയ സത്യഗ്രഹസമരം ഡി.സി.സി വൈസ് പ്രസിഡന്റ് ചിറ്റുമൂല നാസർ ഉദ്ഘാടനം ചെയ്യുന്നു.

കരുനാഗപ്പള്ളി: കോൺസുലേറ്റിന്റെ മറപറ്റി സ്വർണക്കടത്തിന് നേതൃത്വം നൽകിയ സ്വപ്ന സുരേഷിന്റെ ഒളിത്താവളമായിരുന്ന മുഖ്യമന്ത്രിയുടെ ഓഫീസും സെക്രട്ടറി ശിവശങ്കറിന്റെ നേതൃത്വവുമെന്ന് ഡി.സി.സി വൈസ് പ്രസിഡന്റ് ചിറ്റുമൂല നാസർ ആരോപിച്ചു. 'മതി അഴിമതി' എന്ന മുദ്രാവാക്യവുമായി കെ.പി.സി.സി ആഹ്വാന പ്രകാരം കല്ലേലിഭാഗം മണ്ഡലം കോൺഗ്രസ് കമ്മിറ്റിയുടെ നേതൃത്വത്തിൽ കല്ലേലിഭാഗം പുത്തൻചന്തയിൽ നടന്ന സത്യാഗ്രഹം ഉദ്ഘാടനം ചെയ്യുകയായിരുന്നു അദ്ദേഹം. മണ്ഡലം പ്രസിഡന്റ് എൻ.രമണന്റെ അദ്ധ്യക്ഷതയിൽ നടന്ന സത്യഗ്രഹത്തിൽ തൊടിയൂർ രാമചന്ദ്രൻ, റ്റി.തങ്കച്ചൻ, എം.എം.സലീം, നസീംബീവി, പി.സോമൻപിള്ള, മാരാരിത്തോട്ടം ശിവൻപിള്ള, അഡ്വ:രാജേഷ്ശിവൻ, കല്ലേലിഭാഗം ബാബു, വിനോദ്, എൻ.സുന്ദരേശൻ, ഷാജികൃഷ്ണൻ, താരാഭവനം ശശി, റ്റി.ജി.ശ്രീജി എന്നിവർ സംസാരിച്ചു.

കട്ടിൽ വിതരണം മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു

മന്ത്രി കടകംപള്ളി സുരേന്ദ്രൻ കട്ടിൽ വിതരണം നടത്തുന്നു. മേയർ കെ.ശ്രീകുമാർ സമീപം.

തിരുവനന്തപുരം: നഗരസഭ ജനകീയാസൂത്രണ പദ്ധതിയിൽ ഉൾപ്പെടുത്തി നഗരത്തിലെ വയോജനങ്ങൾക്ക് കട്ടിൽ നൽകുന്ന പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം വാർഡിലെ കട്ടിൽ വിതരണം കഴക്കൂട്ടം ഗവണ്മെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ മന്ത്രി കടകംപള്ളി സുരേന്ദ്രൻ ഉദ്ഘാടനം ചെയ്തു.മേയർ കെ.ശ്രീകുമാർ അധ്യക്ഷനായി. 60 വയസ് തികഞ്ഞ ദാരിദ്ര്യരേഖയ്ക്ക് താഴെയുള്ളവർക്കാണ് കട്ടിൽ വിതരണം ചെയ്യുന്നത്. പദ്ധതിയുടെ ഭാഗമായി കഴക്കൂട്ടം വാർഡിൽ നൂറു കട്ടിലുകളാണു വിതരണം ചെയ്യുന്നത്. അഡ്വ.വികെ പ്രശാന്ത് എം.എൽ.എ, നഗരസഭ ഹെൽത്ത് ഓഫീസർ ഡോ.എ ശശികുമാർ എന്നിവർ പങ്കെടുത്തു.

ബിജെപി കൗൺസിലർ സിപിഎമ്മിലേക്ക്

സമൂഹമാധ്യമങ്ങളിൽകൂടി അപമാനിക്കാൻ ബിജെപി നേതാക്കൾ ശ്രമിച്ചെന്ന് വിജയകുമാരി

തിരുവനന്തപുരം: തിരുവനന്തപുരം കോർപ്പറേഷനിലെ ബിജെപി കൗൺസിലർ പാർട്ടി വിട്ടു. കോർപറേഷൻ പാൽക്കുളങ്ങര വാർഡ് കൗൺസിലർ എസ്.വിജയകുമാരിയാണ് ബിജെപി വിട്ടത്. ബിജെപിയും മോദി സർക്കാരും നാടിനേയും ജനങ്ങളേയും വഞ്ചിച്ചിരിക്കുകയാണെന്ന് അവർ മാധ്യമങ്ങളോട് പറഞ്ഞു. നാടിനെ വഞ്ചിച്ച ബിജെപിക്കൊപ്പം നിൽക്കാൻമനസാക്ഷിയുള്ള ആർക്കും കഴിയില്ലെന്നും അവർ വ്യക്തമാക്കി. ബിജെപിയും കോൺഗ്രസും ഒത്തുകളിച്ച് നാടിന്റെ വികസനം മുടക്കുകയാണ്. ബിജെപി കൗൺസിലാറായിരുന്നിട്ടും കോർപറേഷൻ നേതൃത്വം നൽകുന്ന എൽഡിഎഫ് ഭരണസമിതി അഞ്ചുവർഷത്തിനിടെ 10 കോടി രൂപയിലേറെ രൂപയാൺ വാർഡിലേക്ക് തന്നത്. എന്നാൽ വികസന പ്രവൃത്തികൾ നടത്താൻ ബിജെപി നേതൃത്വം സമ്മതിക്കുന്നില്ല.

റോഡ് ടാറിങിൻ പോലും കോൺഗ്രസിനൊപ്പം കൂടി എതിരു നിൽക്കുകയാണു ചെയ്തത്. ഒന്നരപതിറ്റാണ്ടായി പൊതുരംഗത്തുള്ള തന്നെ സമൂഹമാധ്യമങ്ങളിൽകൂടി അപമാനിക്കാനും ബിജെപി നേതാക്കൾ ശ്രമിച്ചുവെന്ന് ഇവർ പറയുന്നു. കേന്ദ്രസർക്കാരിന്റെ ജനദ്രോഹ നയങ്ങൾക്കെതിരെ നടന്ന സമരത്തിലും വിജയകുമാരി ഇന്നലെ പങ്കെടുത്തു.

ചെറിയ ഉദേശ്വരത്ത് സിപിഎം പ്രവർത്തക പി.രാജശ്രീയുടെ വീട്ടുപടിക്കാൻ നടത്തിയ സത്യഗ്രഹത്തിൽ പങ്കെടുത്തത്. കേന്ദ്ര ബിജെപി സർക്കാരിനെതിരെയുള്ള സത്യഗ്രഹത്തിൽ ചെങ്കൊടി പിടിച്ച് പ്ലക്കാർഡുമേന്തിയാൺ വിജയകുമാരി മുഴുവൻ സമയം പങ്കെടുത്തത്. നാടിൻ ആപത്താകുന്ന നയങ്ങളാൺ കേന്ദ്ര സർക്കാർ പിന്തുടരുന്നതെന്നും തിരുവനന്തപുരത്തെ പ്രദേശിക ബിജെപി നേതൃത്വം വികസനത്തിൻ എതിരാണെന്നും വിജയകുമാരി പറഞ്ഞു. ഒന്നരപതിറ്റാണ്ടായി പൊതുരംഗത്തുള്ള തന്നെ സമൂഹമാധ്യമങ്ങളിൽ കൂടി അപമാനിക്കാനും ബിജെപി നേതാക്കൾ ശ്രമിച്ചു.

വികസനത്തിനും നാടിന്റെ ഭാവിക്കും കൂട്ടായ സിപിഎമ്മുമായി സഹകരിച്ച് പ്രവർത്തിക്കാൻ തീരുമാനിച്ചതായും വിജയകുമാരി പറഞ്ഞു. സത്യഗ്രഹത്തിനെത്തിയ വിജയകുമാരിയെ സിപിഎം സംസ്ഥാന കമ്മിറ്റി അംഗം വി.ശിവൻകുട്ടി ഷാൾ അണിയിച്ച് സ്വീകരിച്ചു. സിപിഎം വഞ്ചിയൂർ ഏരിയാ സെക്രട്ടറി സി.ലെനിൻ സംസാരിച്ചു. ലോക്കൽ സെക്രട്ടറി ടി. രവീന്ദ്രൻ നായർ സ്വാഗതം പറഞ്ഞു.

വിജയകുമാരിക്ക് സിപിഎം സംസ്ഥാന കമ്മിറ്റി അംഗം വി.ശിവൻകുട്ടി കൊടി കൈമാറുന്നു.

കൗൺസിലറുടെ വിട്ട് പോക്ക് ബിജെപിയുടെ പിന്തിരിപ്പൻ നിലപാടുകളെ തുടർന്ന്: മേയർ

തിരുവനന്തപുരം: നഗരസഭ വികസനത്തിന്റെ പാതയിലാണ് മുമ്പോട്ട് പോകുന്നതെന്നും അതിന് തടസം നിൽക്കുന്ന സമീപനങ്ങളാണ് ബിജെപി സ്വീകരിച്ചിരുന്നതെന്നും ബിജെപി സ്വീകരിച്ചു വന്നിരുന്ന പിന്തിരിപ്പൻ നിലപാടുകളോടുള്ള എതിർപ്പിന്റെ ഭാഗമായാണ് പാൽകുളങ്ങര വാർഡ് കൗൺസിലർ എസ്.വിജയകുമാരിയുടെ സിപിഎം പ്രവേശനമെന്നും മേയർ കെ.ശ്രീകുമാർ പറഞ്ഞു. എൽഡിഎഫ് നേതൃത്വത്തിലുള്ള ഭരണ സമിതി നടത്തിയ വികസന പ്രവർത്തനങ്ങൾക്കുള്ള അംഗീകാരം കൂടിയാണ് കൗൺസിലറുടെ സിപിഎം പ്രവേശനമെന്നും മേയർ പറഞ്ഞു.

പാർട്ടിയിൽ നിന്ന് സസ്പെൻഡ് ചെയ്തു

തിരുവനന്തപുരം: പാർട്ടിയുടെ സൽപ്പേരിന് കളങ്കം വരുത്തിയതിനാൽ തിരുവനന്തപുരം കോർപ്പറേഷൻ പാൽക്കുളങ്ങര വാർഡ് കൗൺസിലർ എസ്.വിജയകുമാരിയെ അന്വേഷണവിധേയമായി ബി.ജെ.പിയിൽ നിന്നും സസ്പെൻഡ് ചെയ്തതായി സംസ്ഥാന പ്രസിഡന്റ് കെ.സുരേന്ദ്രൻ അറിയിച്ചു.

ഹാർബറുകൾ നിയന്ത്രിക്കാൻ ഇൻസിഡന്റ് കമാന്റർമാർ

കൊല്ലം: കൊവിഡ് പോസിറ്റീവ് കേസുകൾ ഹാർബറുകളിൽ റിപ്പോർട്ട് ചെയ്ത സാഹചര്യത്തിൽ സ്ഥിതിഗതികൾ നിയന്ത്രിക്കുന്നതിന് ഇൻസിഡന്റ് കമാണ്ടർമാരായി അസിസ്റ്റന്റ് പൊലീസ് കമ്മീഷണർമാരെ ചുമതലപ്പെടുത്തി ജില്ലാ കലക്ടർ ഉത്തരവായി. ശക്തികുളങ്ങര, തങ്കശ്ശേരി,വാടി, മൂതാക്കര, ജോനകപ്പുറം, കൊല്ലം പോർട്ട് എന്നിവിടങ്ങളിൽ കൊല്ലം എസിപി എ.പ്രതീപ് കുമാറിനും നീണ്ടകര, അഴീക്കൽ എന്നിവിടങ്ങളിൽ കരുനാഗപ്പള്ളി എസിപി ബി.ഗോപകുമാറിനുമാണ് ചുമതല. ഹാർബറുകളിൽ കൊവിഡ് മാനദണ്ഡങ്ങൾ നടപ്പിലാക്കുന്നതിന് ഉദ്യോഗസ്ഥരുമായി ചേർന്ന് നിയന്ത്രണങ്ങൾ നടപ്പിലാക്കാനുള്ള പ്രത്യേക അധികാരവും ഇൻസിഡന്റ് കമാണ്ടർമാർക്കാണ്.

സപ്ലൈകോ തീരുമാനം പുനഃപരിശോധിക്കണം: കേരള കോൺഗ്രസ് (എം)

തിരുവനന്തപുരം: റേഷൻകടകൾ നടത്തുവാനുള്ള സിവിൽസപ്ലൈസ് വകുപ്പിന്റെ തീരുമാനം റേഷൻ കാർഡുടമകളെ ദുരിതത്തിൽ ആകുമെന്ന് കേരള കോൺഗ്രസ് (എം)കൊല്ലം ജില്ല പ്രസിഡന്റ് വഴുതാനാത്ത് ബാലചന്ദ്രൻ. ഒരു പഞ്ചായത്തിൽ പതിനായിരത്തിൽ കൂടുതൽ വരുന്ന കാർഡുമകൾക്ക് ആ പഞ്ചായത്തിലെ ശരാശരി പതിനഞ്ച് റേഷൻ കടകൾ വഴി വിതരണം ചെയ്തു കൊണ്ടിരുന്ന റേഷൻ സാധനങ്ങൾ ആ പഞ്ചായത്തിൽ ആകെയുള്ള ഒരു മാവേലി സ്റ്റോർ വഴി എങ്ങനെ വിതരണം ചെയ്യാൻ കഴിയും. ഒരു കിലോമീറ്റർ ചുറ്റളവിലുള്ള കടകളിൽ നിന്നും റേഷൻ വാങ്ങികൊണ്ടിരുന്ന പാവപ്പെട്ട കാർഡുമകൾ ഇനി അഞ്ചു കിലോമീറ്റർ എങ്കിലും യാത്ര ചെയ്യേണ്ട സ്ഥിതിയിൽ എത്തും. അടിയന്തരമായി ഈ തീരുമാനം പുന:പരിശോധിക്കണമെന്ന് ഭക്ഷ്യ വകുപ്പ് മന്ത്രിക്കയച്ച നിവേദനത്തിലൂടെ ആവശ്യപ്പെട്ടു.

കൊവിഡ്; ബാങ്കുകളിൽ നിയന്ത്രണം തുടരും

കൊല്ലം: കൊവിഡ് പ്രതിരോധ പ്രവർത്തനങ്ങളുടെ ഭാഗമായി ജില്ലയിലെ സഹകരണ ബാങ്കുകൾ ഉൾപ്പടെയുള്ള ബാങ്കുകളുടെ പ്രവർത്തനത്തിൽ ഏർപ്പെടുത്തിയ സമയക്രമീകരണങ്ങൾ തുടരുമെന്ന് ജില്ലാ കലക്ടർ അറിയിച്ചു. ഇടപാടുകാർക്ക് അവരുടെ അക്കൗണ്ട് നമ്പരിന്റെ അടിസ്ഥാനത്തിൽ ഇടപാടുകൾ നടത്താം. അക്കൗണ്ട് നമ്പരിന്റെ 1, 2, 3, 4 അക്കങ്ങളിൽ അവസാനിക്കുന്ന ഇടപാടുകാർക്ക് തിങ്കളാഴ്ചയും 5, 6, 7, 8 ചൊവ്വ 9, 0, 1, 2 ബുധൻ 3, 4, 5, 6 വ്യാഴം 7, 8 9, 0 വെള്ളി ദിവസങ്ങളിലും ഇടപാടുകൾ നടത്താം.

കൊല്ലം നീണ്ടകര ഹാർബർ ഇന്ന് തുറക്കും

കൊല്ലം: നീണ്ടകര ഹാർബർ ഇന്നു രാവിലെ 6 മണി മുതൽ പ്രവർത്തിക്കും. ശക്തികുളങ്ങരയിൽ നടത്തിയ കോവിഡ് പരിശോധനാ ഫലം ലഭിച്ച ശേഷം, ആരോഗ്യ വകുപ്പിന്റെ അഭിപ്രായം തേടി ഹാർബർ തുറക്കുന്നത് പരിഗണിക്കും. അഴീക്കൽ ഹാർബർ തുറക്കുന്നതും ആരോഗ്യ വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിലായിരിക്കുമെന്നും ഫിഷറീസ് ഡെപ്യൂട്ടി ഡയറക്ടർ കെ സുഹൈർ അറിയിച്ചു.

ലൈഫ് മിഷൻ; യു .വി ജോസിനോട് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടു

തിരുവനന്തപുരം: ലൈഫ് മിഷൻ വിവാദവുമായി ബന്ധപ്പെട്ടു സിഇഒ യു .വി ജോസിനോട് സർക്കാർ റിപ്പോർട്ട് ആവശ്യപ്പെട്ടു. ഉപകരാർ പുറത്തുവന്നതിന് പിന്നാലെ മന്ത്രി എ.സി മൊയ്തീനാണ് റിപ്പോർട്ട് ആവശ്യപ്പെട്ടത്.

മന്ത്രിയുടെ ഓഫീസിൽ വിളിച്ചു വരുത്തിയാണ് റിപ്പോർട്ട് തേടിയത്. യൂണിടാകും കോൺസുലേറ്റും തമ്മിലുള്ള കരാറിനെക്കുറിച്ച് അറിവുണ്ടായിരുന്നുവെന്ന് യു.വി ജോസ് മന്ത്രിയെ അറിയിച്ചു. വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ളാറ്റ് നിർമാണവുമായി ബന്ധപ്പെട്ട് റെഡ് ക്രസന്റിനു വേണ്ടി യൂണിടാക്കുമായി കരാർ ഒപ്പിട്ടത് യുഎഇ കോൺസുൽ ജനറലാണ് എന്നതടക്കമുള്ള വിവരങ്ങളായിരുന്നു കരാറിൽ ഉണ്ടായിരുന്നത്.

അതേസമയം വടക്കാഞ്ചേരി ലൈഫ് മിഷൻ ഫ്ളാറ്റ് നിർമാണവുമായി ബന്ധപ്പെട്ട് റെഡ് ക്രസൻറിന് വേണ്ടി യൂണിടാക്കുമായി കരാർ ഒപ്പിട്ടത് യുഎഇ കോൺസൽ ജനറൽ എന്ന വിവരം പുറത്തുവന്നു. ആശുപത്രി നിർമാണത്തിന് എറണാകുളത്തെ സേവ് വെൻചറുമായും കരാർ ഒപ്പിട്ടതും യുഎഇ കോൺസൽ ജനറൽ തന്നെയാണ്. ടെണ്ടറിലൂടെയാണ് കമ്പനികളെ കണ്ടെത്തിയതെന്ന് കരാറിൽ വ്യക്തമാക്കുന്നുണ്ട്.

ശാന്തിഗിരിയിൽ 94ാമത് നവപൂജിതം ഇന്ന്

തിരുവനന്തപുരം: ശാന്തിഗിരിയിൽ 94ാമത് നവപൂജിതം ഇന്ന് നടക്കും. കോവിഡിന്റെ സാഹചര്യത്തിൽ ആഘോങ്ങൾ എല്ലാം തന്നെ ഒഴിവാക്കിയിട്ടുണ്ട്. ശാന്തിഗിരി ആശ്രമം സ്ഥാപകഗുരു നവജ്യോതി ശ്രീകരുണാകരഗുരുവിന്റെ ജന്മദിനാണ് നവപൂജിതമായി ആചരിക്കുന്നത്. സന്ദർശകരെ അനുവദിക്കാത്ത സാഹചര്യത്തിൽ പോത്തൻകോട് ആശ്രമത്തിൽ സന്യാസിമാരുടെ നേതൃത്വത്തിൽ പ്രത്യേക പ്രാർത്ഥനയും മറ്റ് ചടങ്ങുകളും മാത്രമേ ഉണ്ടാകൂ.

ഇതേസമയംതന്നെ രാജ്യമെമ്പാടുമുള്ള ആശ്രമബ്രാഞ്ചുകളും നവപൂജിതം ചടങ്ങുകൾ നടക്കും. രാവിലെ അഞ്ചിന് പ്രത്യക പുഷ്പാഞ്ജലി ആറിന് പ്രധാനചടങ്ങായ ധ്വജം ഉയർത്തൽ .വൈകിട്ട് ഏഴിന് ദീപപ്രദക്ഷിണം മുതലായവ ഉണ്ടായിരിക്കും.

ഡിജിറ്റൽ സ്റ്റുഡിയോ കോൺഫറൻസ് ഹാളുമായി ആനാവൂർ എച്ച്എസ്എസ്

വെള്ളറട: കൊവിഡ് കാലത്തെ പഠനം കൈറ്റിന്റെ വിക്ടേഴ്സ് ചാനലിലൂടെ വിദ്യാർത്ഥികളെത്തേടിയെത്തിയപ്പോൾ വിദ്യാർത്ഥികൾക്കൊപ്പം രക്ഷിതാക്കളും പഠിതാക്കളായി മാറിക്കഴിഞ്ഞു. ഈ സാഹചര്യത്തിൽ വിദ്യാർത്ഥികളോടും രക്ഷിതാക്കളോടും സ്കൂളിലെ അധ്യാപകർക്ക് ശബ്ദത്തിലൂടെയും വീഡിയോയിലൂടെയും നേരിട്ട് ബന്ധപ്പെടാനുള്ള അവസരമൊരുക്കുകയാണ് ആനാവൂർ ഗവ എച്ച്എസ്എസ്. വിക്റ്റേഴ്സ് ചാനലിലെ പാഠഭാഗങ്ങളെ അടിസ്ഥാനമാക്കി കൂടുതൽ ഉദാഹരണങ്ങളും ചോദ്യ ശലൈികളും മുൻവർഷത്തെ പരീക്ഷകളിലെ ചോദ്യങ്ങളും വിദ്യാർത്ഥികൾക്ക് പരിചയപ്പെടുത്താനുള്ള സംവിധാനമാണ് ഓൺലൈൻ സറ്റുഡിയോയിലൂടെ അവതരിപ്പിക്കുന്നത്.വാട്സാപ്പ് , ഫെയ്സ് ബുക്ക് തുടങ്ങിയ സാമൂഹിക മാദ്ധ്യമ ഗ്രൂപ്പുകളിലുടെയും സ്കൂളിന്റെ സ്വന്തം യു ട്യൂബ് ചാനലിലൂടെയും സ്വന്തം അദ്ധ്യാപകരുടെ വിശദീകരണങ്ങൾ സ്വന്തം വിദ്യാർത്ഥികൾക്ക് അരികിലെത്തും.



വിദ്യാർത്ഥികളുടെ സംശയങ്ങൾ ദുരീകരിക്കാൻ ഇതിലൂടെ സാധിക്കും.തുടക്കത്തിൽ പത്താം ക്ലാസും പ്ലസ് ടു വും മാത്രമാണ് ഈ സംവിധാനത്തിലെത്തുക. ആയതിലേക്ക് അദ്ധ്യാപകർ നിർദ്ദിഷ്ട ക്രമത്തിൽ ഓൺലൈൻ സറ്റുഡിയോയിലെത്തും. സ്കൂൾ പഠനം സാധാരണ നിലയിലാകുമ്പോൾ മറ്റു പ്രഗൽഭരായ വ്യക്തികളേയും അദ്ധ്യാപരേയും പഠന സഹായത്തിനായി ഓൺലൈനിൽ എത്തിച്ച് വിദ്യാർത്ഥികൾക്കു നൽകുന്നതിലേക്കായാണ് സ്റ്റുഡിയോ കോൺഫറൻസ് ഹാളായി തയ്യാറാക്കുന്നത്.സ്റ്റുഡിയോ കോൺഫറൻസ് ഹാളിന്റെ ഉദ്ഘാടനം സി.കെ. ഹരീന്ദ്രൻ എംഎൽഎ ഓൺലൈനിലൂടെ നിർവ്വഹിക്കും.

സന്ദർശക വിലക്ക്

കൊല്ലം: ജില്ലയിലെ കുട്ടികൾക്കുള്ള ക്ഷേമമന്ദിരത്തിൽ കൊവിഡ് 19 രോഗബാധയുണ്ടായതിന്റെ പശ്ചാത്തലത്തിൽ സന്ദർശക വിലക്ക് ഏർപ്പെടുത്തി ജില്ലാ ദുരന്ത നിവാരണ അതോറിറ്റി ഉത്തരവിറക്കി. ഇത്തരം സ്ഥാപനങ്ങളുടെ പ്രവർത്തനം മുന്നോട്ട് കൊണ്ടുപോകാൻ സ്ഥിരം ജീവനക്കാരെയും കൊവിഡ് കാലയളവിൽ മുഴുവൻ സമയവും സേവനമനുഷ്ഠിക്കാൻ തയ്യാറായിട്ടുള്ള താല്ക്കാലിക ജീവനക്കാരെയും മാത്രമേ ഉപയോഗിക്കാവൂ എന്നും ഉത്തരവിൽ പറയുന്നു. ജില്ലയിൽ സർക്കാർ മേഖലയിൽ രണ്ടും സർക്കാരിതര മേഖലയിൽ 25 ഉം ക്ഷേമസ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. സർക്കാരിതര സ്ഥാപനങ്ങളിൽ സേവനത്തിനും പരിപാലനത്തിനുമായി സ്ഥിരം ജീവനക്കാരല്ലാത്ത സന്നദ്ധ പ്രവർത്തകർ സന്ദർശിച്ചതായുള്ള സംശയത്തിന്റെ അടിസ്ഥാനത്തിലാണ് ഉത്തരവിറങ്ങിയത്.

ഹാർബറുകൾ ഉടൻ തുറക്കും: മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ

കൊല്ലം : ജില്ലയിലെ ഹാർബറുകൾ താത്കാലികമായി അടച്ചിട്ടത് ഉടൻ തുറക്കാൻ നടപടിയെടുക്കുമെന്ന് ഫിഷറീസ് മന്ത്രി ജെ മേഴ്സിക്കുട്ടിയമ്മ അറിയിച്ചു. ഹാർബറുകൾ അടച്ചത് രോഗബാധിതരെ കണ്ടെത്താനും പരിശോധന നടത്താനുമാണ്. ബോട്ടുകളിൽ പോയ തൊഴിലാളികൾ, കച്ചവടക്കാർ, ഹെഡ് ലോഡ് തൊഴിലാളികൾ, എന്നിവരിൽ രോഗബാധ കണ്ടെത്തിയിരുന്നു. നീണ്ടകരയിൽ പോസിറ്റീവായ ഒരാൾക്ക് അഴീക്കലിൽ വ്യാപകമായ സമ്പർക്കം കണ്ടെത്തിയിരുന്നു. ഇക്കാരണങ്ങളാലാണ് ഹാർബറുകൾ താത്ക്കാലികമായി അടച്ചിടേണ്ട സാഹചര്യം വന്നത്. തിരുവനന്തപുരത്തിന് സമാനമായ സാഹചര്യം ഇനിയും ഉണ്ടാവരുത്. മത്സ്യ തൊഴിലാളികളുടെ സുരക്ഷയും ആരോഗ്യവുമാണ് പ്രധാനം. മത്സ്യ തൊഴിലാളികൾ കുപ്രചരണങ്ങളിൽ വീഴരുതെന്നും മന്ത്രി പറഞ്ഞു.





Edited, Printed and Published by K.S. Sasikumar, Director, on behalf of M/s.Vaartha News Network Pvt.Ltd. Editorial Team: R. Gopikrishnan (Chief Editor), E. Rudran Warrier (Executive Editor),Vol 13, Issue No. 239 RNI No. KERMAL/ 2009/ 31363 Printed at M/S St. Joseph's press, PB NO. 416, Cotten Hill, Vazuthacaud, Thiruvananthapuram- 695014, Phone No: 0471- 2573388 and published from **Vaartha News Network Pvt.Ltd,** TC 25/3443, Valli Villa, UR-10, Uppalam Road, Thiruvananthapuram - 695001, Ph: 0471-2573388, 2573399.

my Family

Metro Vaartha

കഥ

പൂച്ച സൂത്രം

സന്തോഷ്. വി. ജെ
കിഴുവിലം, ആറ്റിങ്ങൽ

തനിക്കെലിയെപ്പിടിക്കാനറിയോ? ;കണ്ടൻ പൂച്ച, കരുമി പ്പൂച്ചയോടു ചോദിച്ചു.

ആ... എനിക്കറിയാമ്മേല, അപ്പുപ്പനും അമ്മൂമ്മേം പണ്ട് തട്ടുംപുറത്തൂന്ന് എലിയെപ്പിടിച്ച കഥ കേട്ടിട്ടുണ്ട്. കുടുംബത്തിപ്പെറന്ന പൂച്ചകളാരെങ്കിലും ഇപ്പൊ എലിയെപ്പിടിക്കാനെറങ്ങോ, ഈ എലിപ്പനിക്കാലത്ത്? ന്താ പ്പൊ ഒരു പൂതി എലിയെപ്പിടിയ്ക്കാൻ ....?

അല്ല ... രണ്ടൂന്നു മാസങ്ങളായിട്ട് കൂടുതലും വെജിറ്റേറിയനല്ലേ നമ്മടെ വീട്ടുകാര് തരുന്നത്. നല്ലൊരു ഫിഷ് മോളിയൊക്കെ കഴിച്ചിട്ടെത്ര കാലായി.

അതു ശരി തന്നെ, കരുമിപ്പൂച്ചയും സമ്മതിച്ചു. ന്നാ സമുക്ക് ഗൂഗിളിലൊന്നു തോണ്ടി നോക്കാം എലിയെപ്പിടിക്കണ വിദ്യ...

അവൾ പറഞ്ഞു... കണ്ടനും, കരുമിയും, മൊബൈലുമെടുത്ത് കിടപ്പുമുറിയിലേക്കു പോയി.

My family page-ൽ ഫോട്ടോകൾ അയയ്ക്കുന്നതിനും, കഥ, കവിത എന്നിവ അയയ്ക്കുന്നതിനുമുള്ള വാട്ട്സ്ആപ് നമ്പർ

7034041234

അയയ്ക്കുന്നവർ പൂർണ്ണവിലാസവും ഫോട്ടോയും അയയ്ക്കാൻ മറക്കരുത്

Metro Vaartha

വരവായി മാവേലി

Metro Vaartha

കവിത

വിനയകുമാർ. വി.എ.
തുറവൂർ, ചേർത്തല

നിലാവ്

അമ്പലമുകളിലൊരാലിനുമേലെ
അമ്പിളിവന്നു വിരിഞ്ഞപ്പോൾ
അമ്പരമാകെ പൂത്തുനിറഞ്ഞു
തുമ്പപ്പൂപോൽ താരകളും
ഇമ്പമെഴുന്നൊരു ഗാനവുമായി
ചെമ്പകമേലെ രാക്കിളിവന്നു
മുല്ലകൾ പിച്ചികളെല്ലാം പൂത്തു
വല്ലികൾ മെല്ലെ ചാഞ്ചാടി.

Metro Vaartha

Happy Selfi

പഴയ കൂട്ടായ്മകളുടെ ഓർമ്മകൾ പങ്കുവയ്ക്കാം. കൂട്ടുകാരോടൊപ്പം കുടുംബത്തോടൊപ്പം മുൻപ് എടുത്തിട്ടുള്ള സെൽഫികൾ അയച്ചുതരൂ. ചുവടെ കൊടുത്തിരിക്കുന്ന രീതിയിൽ അടിക്കുറിപ്പും.

സംഗമ സ്മരണയിൽ... *ഗവൺമെന്റ് ഹൈസ്ക്കൂൾ, മുപ്പത്തടം, പൂർവ വിദ്യാർഥികൾ.*

Metro Vaartha

കുട്ടി വര

Shaun S Sheril
STD 1
Villa Nazareth CBSE School
Aryanad, Thiruvananthapuram

Metro Vaartha

കവിത

ജാസ്മിൻ സമീർ
ഷാർജ

മുഖാവരണം

ചുണ്ടനക്കം കാട്ടാതെ
മിണ്ടാനാകും
കണ്ണുകൾക്കെന്നു
പഠിപ്പിച്ചു
മുഖാവരണം

കടക്കാരനെ
കബളിപ്പിച്ച്
കടന്നുപോകാൻ
ധൈര്യം തരുന്നു

ആൾക്കൂട്ടത്തിലലിഞ്ഞ്
പരസ്പരം തോളോടമർന്ന്
കൈകൾ കോർത്ത്
കമിതാക്കൾക്കലയാനും
അലിയാനുമുള്ള സ്വാതന്ത്ര്യം!

ചമയങ്ങളില്ലാതെ
ചുണ്ടിൽ ചോപ്പ് തേക്കാതെ
ജാടകളില്ലാതിറങ്ങുന്ന
ആത്മവിശ്വാസം

'ആവരണ' ആഭിജാത്യമല്ലാത്ത
മുഖാവരണം
കൊറോണപ്പുസ്തകം തന്ന
ഗുണപാഠം
അനവരതം പിന്തുടരാമീ
തുണിച്ചീൾ!

നോവൊന്നു മാത്രം
എന്റെ ഹൃദയവികാരമായ
പുഞ്ചിരി
നീ കാണാതെ പോകുന്നു!

പാലക്കാട് 250 പേർക്ക് രോഗമുക്തി, 39 പേർക്ക് കൊവിഡ്

പാലക്കാട്: ജില്ലയിൽ 39 പേർക്ക് കൊവിഡ് 19 സ്ഥിരീകരിച്ചു. സമ്പർക്കത്തിലൂടെ 17 പേർ, ഇതര സംസ്ഥാനങ്ങളിൽ നിന്ന് വന്ന 8 പേർ,വിവിധ രാജ്യങ്ങളിൽ നിന്ന് വന്ന 2 പേർ, ഉറവിടം അറിയാത്ത രോഗബാധ ഉണ്ടായ 12 പേർ എന്നിവർ ഉൾപ്പെടും. 250 പേർക്ക് രോഗമുക്തിയുമുണ്ട്. ഇതോടെ ജില്ലയിൽ ചികിത്സയിലുള്ളവരുടെ എണ്ണം 642 ആയി. ഉറവിടം അറിയാത്ത രോഗബാധയുള്ളത് കോട്ടപ്പുറം സ്വദേശി (37),പരുതൂർ സ്വദേശി (31), നല്ലേപ്പിള്ളി സ്വദേശി (28), ഒറ്റപ്പാലം സ്വദേശി (65), പാലക്കാട് മുനിസിപ്പാലിറ്റി പരിധി (14 പെൺകുട്ടി) മുടപ്പല്ലൂർ സ്വദേശിനി (18), വണ്ടിത്താവളത്ത് താമസിക്കുന്ന ഇതര സംസ്ഥാനത്ത് നിന്നുള്ള സ്ത്രീ(54), പിരായിരി സ്വദേശിനി (63), പരുതൂർ സ്വദേശി (26), കോട്ടപ്പുറം സ്വദേശി (32), പുതുക്കോട് സ്വദേശി (46), നല്ലേപ്പിള്ളി സ്വദേശി (42) എന്നിവർക്കാണ്, സമ്പർക്കത്തിലൂടെ വാളയാർ സ്വദേശി (42), ചന്ദ്രനഗർ സ്വദേശികൾ (23, 25, 23 പുരുഷന്മാർ), പരുതൂർ സ്വദേശി (11 പെൺകുട്ടി) തൃക്കടീരി സ്വദേശി (72) , ഒറ്റപ്പാലം സ്വദേശി(18) മുതുതല സ്വദേശി (26), പരുതൂർ സ്വദേശി (33), കാരാകുറിശ്ശി സ്വദേശി (60), കൽപ്പാത്തി സ്വദേശിനി (57), തെങ്കര സ്വദേശി (28), തച്ചനാട്ടുകര സ്വദേശി (28), ഒറ്റപ്പാലം സ്വദേശി (53), ചിറ്റൂർ സ്വദേശി (35), കുഴൽമന്ദം സ്വദേശിനി (42), മുതുതല സ്വദേശി (34 പുരുഷൻ) എന്നിവർക്കാണ്. പാലക്കാട് ജില്ലക്കാരായ 19 പേർ തൃശൂർ ജില്ലയിലും 10 പേർ കോഴിക്കോട് ജില്ലയിലും 2 പേർ കണ്ണൂർ ജില്ലയിലും 7 പേർ മലപ്പുറം ജില്ലയിലും 8 പേർ എറണാകുളം ജില്ലയിലും ചികിത്സയിൽ ഉണ്ട്.

റിജു ആൻഡ് പിഎസ്കെ ക്ലാസസിന്റെ ആഭിമുഖ്യത്തിൽ ആരംഭിച്ച 'നമുക്കുയരാം' ഹയർ സെക്കൻഡറി സ്കോളർഷിപ്പ് പദ്ധതിയുടെ സീസൺ മൂന്നിന്റെ ഉദ്ഘാടനം കെ. രാജൻ നിർവഹിക്കുന്നു. കോലഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ജി. ഉണ്ണികൃഷ്ണൻ, ഡയറക്റ്റർമാരായ വി. അനിൽകുമാർ, റിജു ശങ്കർ, പി. സുരേഷ്കുമാർ എന്നിവർ സമീപം.

'നമുക്കുയരാം' സ്കോളർഷിപ്പ് പദ്ധതി : സീസൺ മൂന്നിന് തുടക്കമായി

തൃശൂർ: എൻട്രൻസ് പരിശീലന മേഖലയിലെ പ്രമുഖ സ്ഥാപനമായ റിജു ആൻഡ് പിഎസ്കെ ക്ലാസസിന്റെ ആഭിമുഖ്യത്തിൽ 2018ൽ ആരംഭിച്ച 'നമുക്കുയരാം' ഹയർ സെക്കൻഡറി സ്കോളർഷിപ്പ് പദ്ധതിയുടെ സീസൺ മൂന്നിന് തുടക്കമായി. കൊവിഡ് പ്രോട്ടോക്കോൾ പാലിച്ച് കോലഴി കാമ്പസിൽ സംഘടിപ്പിച്ച പരിപാടിയിൽ കെ. രാജൻ 'നമുക്കുയരാം' ഹയർ സെക്കൻഡറി സ്കോളർഷിപ്പ് പദ്ധതി സീസൺ മൂന്നിന്റെ ഉദ്ഘാടനം നിർവഹിച്ചു. കോലഴി ഗ്രാമപഞ്ചായത്ത് പ്രസിഡന്റ് പി. ജി. ഉണ്ണികൃഷ്ണൻ അധ്യക്ഷനായിരുന്നു. റിജു ആൻഡ് പിഎസ്കെ ക്ലാസസ് ഡയറക്റ്റർമാരായ അനിൽകുമാർ വി., റിജു ശങ്കർ, പി. സുരേഷ്കുമാർ, കരിയർ കൺസൾട്ടന്റ് ഡോ. ബോബി ജോസ് വടക്കേടത്ത്, പി. ആർ. ഒ. നാരായണൻ പുറക്കാട്ട് എന്നിവർ പ്രസംഗിച്ചു.സംസ്ഥാന സിലബസിൽ പഠിച്ച് ഈ വർഷം പത്താം ക്ലാസിൽ മികച്ച വിജയം നേടി സർക്കാർ / എയിഡഡ് സ്കൂളുകളിൽ പ്ലസ് വൺ പ്രവേശനത്തിന് ശ്രമിക്കുന്ന സംസ്ഥാനത്തെ നിർധനരായ വിദ്യാർഥികൾക്ക് അപേക്ഷിക്കാം. ഓൺലൈൻ സ്ക്രീനിങ് ടെസ്റ്റിലൂടെ തെരഞ്ഞെടുക്കപ്പെടുന്ന 40 കുട്ടികൾക്കാണ് സ്കോളർഷിപ്പ് ലഭിക്കുക. തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് സൗജന്യ വിദ്യാഭ്യാസവും പഠന സാമഗ്രികൾ, ഓൺലൈൻ കോച്ചിങ് , ഫീസ്, ടാബ്, ഓൺലൈൻ ട്യൂഷൻ, യൂണിഫോം തുടങ്ങിയവ നൽകി അവരെ ഉപരിപഠനത്തിന് പ്രാപ്തരാക്കുന്നതാണ് നമുക്കുയരാം സ്കോളർഷിപ്പ് പദ്ധതി. കൊവിഡ സാഹചര്യം മൂലം തെരഞ്ഞെടുക്കപ്പെടുന്ന കുട്ടികൾക്ക് അവരവരുടെ വീടുകളിൽ താമസിച്ച് പഠിക്കാം.യോഗ്യരായ കുട്ടികൾക്ക് റിജു ആൻഡ് പിഎസ്കെ ക്ലാസസിന്റെ വെബ്സൈറ്റിലൂടെ ഓൺലൈനായി 28 വരെ അപേക്ഷിക്കാം. 15 നു നടത്തിയ സ്ക്രീനിങ് ടെസ്റ്റിൽ പങ്കെടുക്കാൻ കഴിയാത്ത കുട്ടികൾക്ക് ഓൺലൈൻ സ്ക്രീനിങ് ടെസ്റ്റ് ഒരു തവണ കൂടി നടത്തുന്നു. 28ന് ഉച്ചക്ക് ഒരു മണി വരെ അപേക്ഷ സ്വീകരിക്കുന്നു. 28ന് വൈകീട്ട് നാലിന് ഓൺലൈൻ സ്ക്രീനിങ് ടെസ്റ്റ് നടക്കും. കൂടുതൽ വിവരങ്ങൾക്ക് http://rijuandpskclasses.com/registration ഹെൽപ്പ്ലൈൻ: 9446323692

യുഎഇ കൊവിഡ് വാക്സിൻ പരീക്ഷണത്തിൽ ദേശമംഗലം സ്വദേശിയും

വടക്കാഞ്ചേരി: ലോകത്തെ ഭീതിപ്പെടുത്തിയ കൊവിഡ് മഹാമാരിയെ നേരിടുന്നതിന് യുഎഇ വികസിപ്പിക്കുന്ന പ്രതിരോധ മരുന്നു പരീക്ഷണത്തിന് സ്വന്തം ശരീരം സമർപ്പിച്ച് ദേശമംഗലം സ്വദേശിയായ യുവാവ്.പരേതനായ കാഞ്ഞിക്കുണ്ടിൽ സെയ്താലിയുടെ മകൻ സിറാജുദ്ദീൻ ആണ് കഴിഞ്ഞ ദിവസം നീണ്ട നടപടികൾക്കു ശേഷം പരീക്ഷണ വാക്സിനേഷൻ പൂർത്തിയാക്കിയത്. ചേലക്കര എംഎൽഎ. യു.ആർ പ്രദീപിന്റെ പി.എ ആയി പ്രവർത്തിക്കുന്ന ഷംസുദ്ദീന്റെ സഹോദരനാണ്.ദുബായ് ദേരയിൽ അൽ ഹബ്തൂർ മോട്ടൊഴ്സിൽ ആറു വർഷമായി ജോലി ചെയ്യുന്നു.കൊവിഡ് വാക്സിൻ വികസിപ്പിക്കുന്നതിനായി യുഎഇ നടത്തുന്ന പരീക്ഷണങ്ങളുടെ മൂന്നാംഘട്ടത്തിലാണ് മനുഷ്യരിൽ മരുന്നു കുത്തിവെക്കൽ ആരംഭിച്ചത്. രാജ്യത്തെ സ്വദേശികളും വിദേശികളുമായവരെ പരീക്ഷണ കുത്തിവെപ്പിൽ സന്നദ്ധ സേവകരായി പങ്കെടുക്കാൻ യുഎഇ സർക്കാർ ക്ഷണിച്ചിരുന്നു. പത്രങ്ങളിലും സോഷ്യൽമീഡിയയിലും അറിയിപ്പു കണ്ടാണ് പ്രഥമ രജിസ്ട്രേഷൻ പൂർത്തിയാക്കിയത്. നാം ഒരു വൈറസ് പടർത്തിയ ഭീതിയിലൂടെ കടന്നുപോകുമ്പോൾ അതിനെതിരെ നടക്കുന്ന പ്രവർത്തനങ്ങളിൽ പങ്കുചേരണ്ടതുണ്ടെന്നു തോന്നിയതായി സിറാജ് പറഞ്ഞു. ലോകചരിത്രത്തിന്റെ തന്നെ ഭാഗമാകുന്ന ഒരു പ്രവർത്തനത്തിൽ ഭാഗമാകാൻ ആഗ്രഹിച്ചു.45000 പേരിലാണ് യുഎഇ പരീക്ഷണം നടത്തുന്നത്. ലോകത്തെ 160ലധികം രാജ്യങ്ങളിലെ പൗരൻമാരിലാണ് പരീക്ഷണം നടത്തുന്നത്. വാക്സിനേഷന് ആദ്യദിവസം തന്നെ അയ്യായിരത്തിലധികം ആളുകൾ രജിസ്റ്റർ ചെയ്യാൻ സന്നദ്ധമായി രംഗത്തെത്തി. മികച്ച പ്രതികരണമാണ് ലഭിച്ചത്. എങ്കിലും നിരവധിപേർ പേടിച്ചു പിൻമാറിയവരുണ്ട്. ചെറുപ്പത്തിലേ പിതാവ് മരണപ്പെട്ട ശേഷം സഹോദരൻ ഷംസുദ്ദീന്റെ സംരക്ഷണത്തിലാണ് വളർന്നത്. മാതാവ് ആയിഷ. നാട്ടിൽ പൊതു പ്രവർത്തനത്തിലുണ്ടായിരുന്ന സിറാജ് നാട്ടുകാർക്കു വേണ്ടി പ്രവർത്തിക്കാൻ മുൻപന്തിയിലായിരുന്നു. ദുബായിലും രക്തദാനം പോലുള്ള പ്രവർത്തനങ്ങളിൽ തുടർച്ചയായി പങ്കുചേർന്നിരുന്നു.

സിറാജുദ്ദീൻ

ഓണത്തിന് കരുതിയ പച്ചക്കറികൾ കാട്ടുപന്നി നശിപ്പിച്ചു

കാരശേരി:ഓണ വിപണി ലക്ഷ്യമിട്ട് വിളയിച്ച പച്ചക്കറികൾ കാട്ടുപന്നികൾ നശിപ്പിച്ചു. ഉത്സവകാലങ്ങളിൽ വൻതോതിൽ പച്ചക്കറി തദ്ദേശസ്ഥാപനങ്ങൾക്കും മേളകൾക്കും വർഷങ്ങളായി ഉത്പാദിപ്പിച്ച് നൽകുന്ന കർഷകനായ കാരശേരി അടുക്കത്തിൽ മുഹമ്മദ് ഹാജിയുടെ കൃഷിയാണ് നശിച്ചത്. കഴിഞ്ഞദിവസം കൂടുതൽ നശിപ്പിച്ചത് മത്തൻ കൃഷിയാണ്. ആറ് ടണ്ണോളം മത്തൻ നശിപ്പിച്ചു. മണാശ്ശേരി നെല്ലിക്കുന്നിൽ ഓർഫനേജിന്റെ സ്ഥലത്ത് കൃഷി നടത്തുന്ന എട്ടേക്കറോളം സ്ഥലത്താണ് കാട്ടുപന്നിക്കൂട്ടം തുടർച്ചയായി നാശം വിതക്കുന്നത്. പച്ചക്കറിക്കുപുറമെ 600 ൽ അധികം വാഴകളും നശിപ്പിച്ചിരുന്നു.

മലമ്പാമ്പിനെ പിടികൂടി

കേച്ചേരി: ചിറനെല്ലൂരിൽ നിന്നും മലമ്പാമ്പിനെ പിടികൂടി.ചിറനെല്ലൂർ സ്വദേശിയായ സി.എസ്.ശശിയുടെ വീട്ടു പറമ്പിൽ നിന്നുമാണ് മലമ്പാമ്പിനെ പിടികൂടിയത്.തെങ്ങിന്റെ കട മാന്തുന്നതിനിടയിൽ ഊട്ടുമഠത്തിൽ ചന്ദ്രനാണ് പാമ്പിനെ ആദ്യം കണ്ടത്. വിൻസെന്റ്, രാധാകൃഷ്ണൻ എന്നിവരുടെ നേതൃത്വത്തിൽ നാട്ടുക്കാർ ചേർന്ന് ഏറെ നേരത്തെ ശ്രമത്തിനൊടുവിലാണ് പാമ്പിനെ പിടികൂടി ചാക്കിലാക്കിയത്.

വാര്യർ സമാജം സംസ്ഥാന സമ്മേളനം നടത്തി

തൃശൂർ: മുന്നോക്കക്കാരിലെ പിന്നോക്കക്കാർക്ക് 10% സംവരണം ഉന്നതവിദ്യാഭ്യാസം, തൊഴിൽ തുടങ്ങി സമസ്ത മേഖലകളിലും നടപ്പിലാക്കുക, കേരളത്തിലെ മുഴുവൻ ദേവസ്വം ബോർഡുകളിലെയും സേവന വേതന വ്യവസ്ഥകൾ ഏകീകരിക്കുക, കഴകക്കാർക്ക് പൂവ്, ദർഭ പുല്ല് എന്നിവ വിതരണം ചെയ്യുക എന്നിവ സമസ്തകേരള വാര്യർ സമാജം നാല്പത്തി രണ്ടാം സംസ്ഥാന സമ്മേളനം ആവശ്യപ്പെട്ടു. ഓൺലൈനിൽ നടന്ന സമ്മേളനം ബി.എസ്. വാരിയർ ഉദ്ഘാടനം ചെയ്തു. വാര്യർ ഒരു സംസ്കാരമാണ്, ജാതിയല്ല എന്ന് അദ്ദേഹം ഉദ്ഘാടന പ്രസംഗത്തിൽ അഭിപ്രായപ്പെട്ടു. മാറ്റങ്ങൾക്കനുസരിച്ച് മാറുന്ന വരാണ് വിജയം കൈവരിച്ചിട്ടുള്ളത് എന്നും ചൂണ്ടിക്കാട്ടി. സംസ്ഥാന പ്രസിഡന്റ് എം.ആർ.ശശി അധ്യക്ഷത വഹിച്ചു. ചൊവ്വല്ലൂർ കൃഷ്ണൻകുട്ടി മുഖ്യപ്രഭാഷണം നടത്തി. ജനറൽ സെക്രട്ടറി പി.വി. മുരളീധരൻ,പി.വി.ശങ്കരനുണ്ണി, ടി.വി.ശ്രീനിവാസ് വാരിയർ, എ.സി.സുരേഷ്,സി.ബി.എസ്.വാരിയർ,ആർ.രാജേഷ് എന്നിവർ പ്രസംഗിച്ചു. വിവിധ എൻഡോവ്മെന്റുകൾ, അവാർഡുകൾ, സഹായങ്ങൾ എന്നിവ വിതരണം ചെയ്തു. സംസ്ഥാനത്തെ മികച്ച ജില്ലയായി തിരുവനന്തപുരവും, മികച്ച യൂണിറ്റായി തലോരും(തൃശൂർ ജില്ല) തെരഞ്ഞെടുക്കപ്പെട്ടു. പുതിയ ഭാരവാഹികൾ -എം.ആർ.ശശി (പ്രസിഡന്റ്), കെ.ജി.മോഹൻകുമാർ, കെ.വി.ചന്ദ്രൻ, സി.ബാലകൃഷ്ണവാര്യർ(വൈസ് പ്രസിഡന്റുമാർ), പി.വി.മുരളീധരൻ(ജനറൽ സെക്രട്ടറി), യു.ഷിബി, ടി.ഗോപകുമാർ, പി.വി.ഉണ്ണികൃഷ്ണൻ(സെക്രട്ടറിമാർ),പി.വി. ശങ്കരനുണ്ണി(ട്രഷറർ). വനിതാവേദി - ശ്രീജാ രാജേഷ് (പ്രസിഡന്റ്), രമ ഉണ്ണികൃഷ്ണൻ(സെക്രട്ടറി), മഞ്ജുള മുരളീധരൻ(ട്രഷറർ). യുവജനവേദി - എം.പി.ജയകൃഷ്ണൻ (പ്രസിഡന്റ്), കെ.വി.ഹരീഷ്(സെക്രട്ടറി), പി.വി.ശ്രീജിത്ത്(ട്രഷറർ).

എം.ആർ. ശശി (പ്രസിഡന്റ്) പി.വി. മുരളീധരൻ (ജനറൽ സെക്രട്ടറി)

പേരാമ്പ്ര മത്സ്യ മാർക്കറ്റ് സംഘർഷം: സിപിഎമ്മിനെതിരെ സിഐടിയു

കോഴിക്കോട്: പേരാമ്പ്ര മത്സ്യ മാർക്കറ്റിലുണ്ടായ സംഘർഷവുമായി ബന്ധപ്പെട്ട് സിപിഎമ്മിനെതിരെ എസ് ടി യു വിന് പിന്നാലെ സിഐടിയുവും രംഗത്ത്. മാർക്കറ്റിനകത്ത് മത്സ്യ കച്ചവടം നടത്തുന്ന സിഐടിയു പ്രവർത്തകരാണ് സിപിഎമ്മിനെതിരെ രംഗത്ത് വന്നിരിക്കുന്നത്. സംയുക്ത മത്സ്യവിതരണ തൊഴിലാളിയൂണിയനെന്ന നിലയിൽ സിഐടിയു എസ്ടിയു പ്രവർത്തകർ യോഗം ചേർന്നു.മാർക്കറ്റിൽ ജോലിക്കായി എത്തിയ സിഐടിയു പ്രവർത്തകരും മാർക്കറ്റിലെ എസ്ടിയു പ്രവർത്തകരുമാണ് വ്യാഴാഴ്ച രാവിലെ ഏറ്റുമുട്ടിയിരുന്നത്. മത്സ്യമാർക്കറ്റ് തുറന്നുപ്രവർത്തിക്കണമെന്നും തൊഴിൽസുരക്ഷ ഉറപ്പാക്കണമെന്നും സംയുക്ത മത്സ്യവിതരണതൊഴിലാളി യൂണിയൻ യോഗം ആവശ്യപ്പെട്ടു.മത്സ്യവിൽപ്പനകേന്ദ്രത്തെ തകർക്കാനും തൊഴിൽ നഷ്ടപ്പെടുത്താനും മാർക്കറ്റിൽ വന്നവരെ നിലവിലെ തൊഴിലാളികൾ ഒരുമിച്ചാണ് തടഞ്ഞതെന്നും ഇതിൽ അഭിപ്രായ വ്യത്യാസമില്ലെന്നും ഇവർ സംയുക്ത പ്രസ്താവനയിൽ അറിയിച്ചു. 120-ൽപരം തൊഴിലാളികൾ മത്സ്യവിതരണം നടത്തുന്ന മത്സ്യമാർക്കറ്റിൽ 27 പേർ സിഐടിയു പ്രവർത്തകരാണ്.മത്സ്യമാർക്കറ്റിൽ തൊഴിൽ, ആരോഗ്യ സുരക്ഷിതത്വം ഉറപ്പാക്കേണ്ട ജനപ്രതിനിധിതന്നെ മറ്റുതൊഴിലുകളിൽ ഏർപ്പെടുന്നവരെ കൂട്ടി മാർക്കറ്റിൽ അതിക്രമിച്ചുകയറി അക്രമം നടത്തുകയായിരുന്നുവെന്ന് യോഗം ആരോപിച്ചു. എസ്ടിയു യൂണിറ്റ് പ്രസിഡന്റ് എം.കെ.സി. കുട്ട്യാലി സിഐടിയു യൂണിറ്റ് പ്രസിഡന്റ് പി.വി. മൊയ്തീൻ എന്നിവർ സംസാരിച്ചു.അക്രമവുമായി ബന്ധപ്പെട്ട് കേസുള്ള സിപിഎം നേതാവ് വി കെ പ്രമോദിനെതിരെ മാർക്കറ്റിൽ ജോലി ചെയ്യുന്ന സിഐടിയു പ്രവർത്തകർ രംഗത്തു വന്നിട്ടുണ്ട്. മത്സ്യ മാർക്കറ്റിലെ അക്രമവുമായി ബന്ധപ്പെട്ട് പൊലീസ് കേസെടുത്തതിലധികവും സിഐടിയു പ്രവർത്തകർക്കെതിരെയാണ്. ഒരാളെ അറസ്റ്റും ചെയ്തു. കോവിഡ് രോഗ വ്യാപന സാധ്യതയുള്ളതിനാൽ സംഭവ സ്ഥലത്ത് ഉണ്ടായിരുന്നവരോട് ക്വാറ്റിനിൽ പോകാൻ കലക്റ്റർ നിർദ്ദേശിച്ചിരുന്നു.

അനുശോചിച്ചു

ഇരിങ്ങാലക്കുട : മുൻ ഗ്രാമ പഞ്ചായത്ത് സെക്രട്ടറിയും കൂർക്കഞ്ചേരി എസ്എൻബിപി. യോഗം സെക്രട്ടറിയുമായ പി.കെ.ബാബുവിന്റെ അകാലനിര്യാണത്തിൽ ഫ്രണ്ട്സ് ഓഫ് പഞ്ചായത്ത്സ് അനുശോചനം രേഖപ്പെടുത്തി. സാഹിത്യകാരൻ ബക്കർ മേത്തല അധ്യക്ഷത വഹിച്ചു. ഹരി ഇരിങ്ങാലക്കുട, സി.എം. പ്രേമാനന്ദ്, സി.ജി. അശോകൻ, വി.ഭാസുരാംഗൻ, ബെന്നി ഡേവീസ്, തുടങ്ങിയവർ സംസാരിച്ചു.

ADMISSION STARTED
(UGC approved University Certification)
Bvoc Degree in
I Automobile Servicing Technology - 3 years
I Refrigeration & Air Conditioning - 3 years
Eligibility: Plus Two/ITI /VHSE/ Diploma
Skill Development Courses
I Voc. Diploma in Auto Diagnosis & Repair -1 Year
I Auto Electrician cum AC Mechanic -6 months
I Auto Body Repair Technician -6 months
I Two Wheeler Technician -6 months
Eligibility: SSLC
❖ Practical oriented class ❖ Internship Training at various authorized service centres ❖ Working employees can also apply for BVoc. program ❖ Fee in easy installments ❖ Placement assistance ❖ Hostel Facility
KUTTUKARAN INSTITUTE
Fr.Vadakkan Road, Opp. Skyline Villas, Mundupalam, Thrissur.
Ph: 0487 2421879,Mob: 9387580025, 9745926999